Issued on 10-10-2002

# PROCEEDINGS

## OF THE

## NINTH KERALA LEGISLATIVE ASSEMBLY

LIBRARY ARCHIVES Kerala Legislative Assembly

**Seventh Session**

Friday, 23rd July, 1993

## OFFICIAL REPORT

Vol. LXXXIX–No. 20

**Price: 50 P.**

©

Government of Kerala
2002

PRINTED BY THE SUPERINTENDENT OF GOVERNMENT PRESSES AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2002.

## ഉള്ളടക്കം


പേജ്

I ചോദ്യോത്തരങ്ങൾ :

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ .. 1

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ .. 24

(iii) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളും ഉത്തരങ്ങളും. .. 28

II ചരമോപചാരം :

സർവ്വശ്രീ കെ.ജി. കരുണാകരമേനോൻ, ആർ.കൃഷ്ണൻ, പി. ആർ. കൃഷ്ണൻ, ചെങ്ങാർപ്പള്ളി നാരായണൻ പോററി, കെ. എ. അച്യുതൻ എന്നിവരുടെ നിര്യാണം സംബന്ധിച്ച്. .. 82

III അടിയന്തിരപ്രമേയം :

കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രി ജീവനക്കാരുടെ ബുദ്ധിമുട്ടുകൾ—(അനുമതി നിഷേധിച്ചു) .. 85

IV ശ്രദ്ധക്ഷണിക്കൽ :

(i) കാസർകോട് ജില്ലയുടെ പിന്നോക്കാവസ്ഥ—ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) .. 88

(ii) ബാങ്കുകളിലെ നിക്ഷേപ വായ്പാ അനുപാതം ശ്രീ. സി. എഫ്. തോമസ് .. 93

V സബ്മിഷൻ :

(1) കണ്ണൂരിൽ പാരലൽ കോളേജ് വിദ്യാർത്ഥികളെ മർദ്ദിച്ച സംഭവം—ശ്രീ. ഇ. പി. ജയരാജൻ .. 97

(2) ഇടുക്കി ജില്ലയിലെ പട്ടയ വിതരണം—ശ്രീ. മാത്യു സ്ററീഫൻ .. 101

(3) സമരം ചെയ്ത കാർഷിക സർവ്വകലാശാലാ അദ്ധ്യാപകരുടെ ശമ്പളം—ശ്രീ. പിണറായി വിജയൻ .. 102

(4) തൃശ്ശൂരിൽ പെൻഷൻകാർക്കു മാത്രമായി സബ്ട്രഷറി—ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ .. 103

(5) ടെലഫോൺ വരിക്കാരുടെ ബുദ്ധിമുട്ടുകൾ—ശ്രീ. വർക്കല രാധാകൃഷ്ണൻ .. 104

(6) തൃക്കണ്ണമംഗൽ സർവ്വീസ് കോ-ഓപ്പറേററീവ് ബാങ്ക് തെരഞ്ഞെടുപ്പ്—ശ്രീ. ഇ. രാജേന്ദ്രൻ .. 106

(7) റോഡുവക്കിലെ പെട്ടിക്കടകൾ—ശ്രീ. എം. നാരായണൻ (കുഴൽമന്ദം) .. 107

(8) അടൂർ നിയോജകമണ്ഡലത്തിലെ ഏനാത്ത്പാലം—ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ .. 108

(9) ചേലക്കര നിയോജകമണ്ഡലത്തിലെ പി.ഡബ്ല്യൂ.ഡി. റോഡുകൾ—ശ്രീ. എം. പി. താമി .. 109


2/3664/94/J.

LIBRARY ARCHIVES Kerala Legislative Assembly

പേജ്

(10) മൊകേരി-കായക്കൊടി പാലോളി തൊട്ടിൽപ്പാലം റോഡിന്റെ പണി—ശ്രീ. സത്യൻ മൊകരി .. 110

(11) കൊട്ടിയൂർ ബോയിസ് ടൗൺ റോഡിന്റെ പണി—ശ്രീ. കെ രാഘവൻ മാസ്ററർ .. 111

(12) വാമനപുരം വെള്ളുമണ്ണടിപാലം—ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ .. 112

(13) ഷൊർണ്ണൂർ ഗവൺമെൻറ് പ്രസ്സിന്റെ ശോച്യാവസ്ഥ—ശ്രീ. കെ. ഇ. ഇസ്മയിൽ .. 113

(14) കുണ്ടറ ലക്ഷ്മി സ്ററാർച്ച് ഫാക്ടറി—ശ്രീമതി അൽഫോൺസാ ജോൺ 114

(15) കനോലി കനാലിൽനിന്ന് മണ്ണ് വാരുന്നത് സംബന്ധിച്ച്—ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ .. 115

(16) കൊല്ലംകോട് പലകപ്പാണ്ടി ചെക്ക്ഡാം—ശ്രീ. ടി. ചാത്തു .. 716

VI റിപ്പോർട്ട് സമർപ്പണം :

(1) 1993-ലെ കേരള ധനകാര്യ ബില്ലിനെപ്പററിയുള്ള സബ്ജക്ട് കമ്മിററി റിപ്പോർട്ടും സബ്ജക്ട് കമ്മിററി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള ബില്ലും .. 117

(2) തിരുവനന്തപുരം മാനസിക ആരോഗ്യ കേന്ദ്രത്തെക്കുറിച്ച് അന്വേഷിക്കുന്നതിന് നിയുക്തമായ നിയമസഭാ സമിതിയുടെ ഇടക്കാല റിപ്പോർട്ട് .. 118

(3) പബ്ലിക് അക്കൗണ്ട്സ് കമ്മിററിയുടെ അറുപത്തിഅഞ്ചു മുതൽ എഴുപത്തി രണ്ടുവരെയുള്ള റിപ്പോർട്ടുകൾ .. 118

VII ധനകാര്യം :

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി) .. 119

1993-94 സാമ്പത്തിക വർഷത്തേക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റേറററ്മെൻറ് മേശപ്പുറത്തു വച്ചു

VIII അനൗദ്യോഗികാംഗങ്ങളുടെകാര്യം :

(1) റിപ്പോർട്ട് പരിഗണന : .. 119

അനൗദ്യോഗിക പ്രമേയങ്ങളുംബില്ലുകളും സംബന്ധിച്ച സമിതിയുടെ പത്തൊൻപതാമത് റിപ്പോർട്ട് അംഗീകരിച്ചു.

(2) പ്രമേയങ്ങൾ :

.. (i) മയക്കുമരുന്നുവിരുദ്ധ ബോധവൽക്കരണം (1993 ജൂലായ് 9-ാം തീയതി ശ്രീ. ടി. വി. ചന്ദ്രമോഹനൻ അവതരിപ്പിച്ചത് (ചർച്ച തുടർച്ച) .. 119

.. (ii) കേന്ദ്ര വില്പന നികുതി ഭേദഗതി നിയമംമൂലം സംസ്ഥായത്തിനുണ്ടായ നഷ്ടം—ശ്രീ. കെ. ബാബു .. 135


(ചർച്ച തുടരും)

LIBRARY ARCHIVES Kerala Legislative Assembly

# കേരള നിയമസഭാ നടപടികൾ

## ഒൻപതാം കേരള നിയമസഭ

ഏഴാം സമ്മേളനം

1993 ജൂലായ് 23, വെള്ളി

വാല്യം LXXXIX] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 20

നിയമസഭ 1993 ജൂലായ്മാസം 23–ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. കെ. നാരായണ ക്കുറുപ്പിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കററിൽ കാണിച്ചിരിക്കുന്നു.)

### (i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മിസ്ററർ ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ, ഓർഡർ

ചോദ്യം നമ്പർ 231.............,

പട്ടികജാതി–പട്ടികവർഗ്ഗക്കാരുടെ ആനുകൂല്യങ്ങൾ ചൂഷണം ചെയ്യുന്നത് തടയാൻ നടപടി

* 1. [231] ശ്രീ. ജോണി നെല്ലൂർ:
ശ്രീമതി കെ.സി. റോസക്കുട്ടി:
ശ്രീ. കെ. സുധാകരൻ:
,, മാത്യു സ്ററീഫൻ:
,, പി. എം. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി—പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുവേണ്ടി ഗവൺമെൻറ് നടപ്പിലാക്കുന്ന ആനുകൂല്യങ്ങൾ ഇടത്തട്ടുകാർ ചൂഷണം ചെയ്യുന്നത് തടയാൻ എന്തെല്ലാം നിർദ്ദേശങ്ങളാണ് ഗവൺമെൻറിന്റെ പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പട്ടികജാതി പട്ടികവർഗ്ഗക്കാർക്കുള്ള ആനുകൂല്യങ്ങളെക്കുറിച്ച് ഇവരെ ബോധവൽക്കരിക്കുന്നതിനുവേണ്ടിഎന്തെല്ലാം പദ്ധതികളാണ് ഗവൺമെൻറിൻെറ പരിഗണനയിലുള്ളതെന്ന് വിശദമാക്കാമോ ;

(സി) ആദിവാസി കോളനികളിൽ ഭക്ഷണവും വൈദ്യസഹായവും എത്തിക്കുന്നതിനുള്ള ഇപ്പോഴത്തെ സംവിധാനം അപര്യാപ്തമാണെന്നും ആദിവാസികളുടെ പേരിൽ ചെലവഴിക്കപ്പെടുന്ന പണം മററ് മാർഗ്ഗങ്ങളിൽ ദുരുപയോഗപ്പെടുത്തുകയാണെന്നും സർക്കാരിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ആദിവാസി ക്ഷേമപ്രവർത്തനങ്ങളുടെ പ്രയോജനം ആദിവാസികൾക്കുതന്നെ ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും ആദിവാസി ക്ഷേമപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രി (ശ്രീ. പന്തളം സുധാകരൻ):

(എ) പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുവേണ്ടി നടപ്പിലാക്കുന്ന ആനുകൂല്യങ്ങൾ ഇടത്തട്ടുകാർ ചൂഷണം ചെയ്യാതിരിക്കാനുള്ള സംവിധാനം ഇപ്പോൾത്തന്നെ നിലവിലുണ്ട്. പട്ടികജാതിക്കാരെ സംബന്ധിച്ച് എല്ലാ ആനുകൂല്യങ്ങളും പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിൻെറ ജില്ലാ താലൂക്ക് വികസന ഓഫീസുകൾ വഴി ഗുണഭോക്താക്കൾക്ക് നേരിട്ട് വിതരണം ചെയ്യുകയാണ്. പട്ടികവർഗ്ഗക്കാരെ സംബന്ധിച്ച ആനുകൂല്യങ്ങൾ കഴിവതും സാധന-സാമഗ്രികളായി നൽകുകയാണ്. കൂടാതെ സർക്കാരിൽനിന്നും നൽകുന്ന ആനുകൂല്യങ്ങളെക്കുറിച്ച് അവരെ ബോധവൽക്കരിക്കുക, സാമ്പത്തിക സഹായം കഴിയുന്നതും ബാങ്കുകൾ വഴി നൽകുക, കൺകറൻറ് ഇവാല്യുവേഷൻ നടത്തുക, സ്ഥലപരിശോധന നടത്തുക, പട്ടികവർഗ്ഗ സർവീസ് സഹകരണസംഘങ്ങൾ രൂപീകരിച്ച് നടത്തുക എന്നീ പരിപാടികൾ നടത്തുന്നുണ്ട്. കൂടാതെ, വ്യാജമായി സർട്ടിഫിക്കററുകളിലൂടെ വിദ്യാഭ്യാസം, തൊഴിൽ തുടങ്ങിയ ആനുകൂല്യങ്ങൾ തട്ടിയെടുക്കുന്നവർക്കെതിരെ കർശന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

(ബി) 1. പട്ടികജാതി-പട്ടികവർഗ്ഗ വികസനവകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികളെക്കുറിച്ച് ഇവരെ ബോധവൽക്കരിക്കുന്നതിനുവേണ്ടി ബോധവൽക്കരണ ക്യാമ്പുകൾ, പ്രദർശനങ്ങൾ, ലഘുലേഖ വിതരണം എന്നിവ നടത്തുന്നതിനായി ഒരു പബ്ലിസിററി വിംഗ് പ്രവർത്തിക്കുന്നുണ്ട്.

2. പട്ടികവർഗ്ഗക്കാർക്കുവേണ്ടി ഏതെല്ലാം തലങ്ങളിലൂടെയാണ് പരിപാടികൾ ആസൂത്രണം ചെയ്യുന്നതെന്ന് പറഞ്ഞ് മനസ്സിലാക്കുന്നതിനായി കിർത്താഡ്സ് മുഖേന പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്.

3. ട്രൈബൽവാളണ്ടിയേഴ്സായി പരിശീലനം നൽകുന്ന അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗ യുവതീയുവാക്കൾ പട്ടികവർഗ്ഗ കേന്ദ്രങ്ങൾ സന്ദർശിച്ച് അവരുടെ പ്രശ്നങ്ങൾ പഠിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ ശ്രദ്ധയിൽപ്പെടുത്തുന്ന പരിപാടിയുമുണ്ട്.

(സി) പട്ടികവർഗ്ഗക്കാർക്ക് അവരുടെ സങ്കേതങ്ങളിൽ ഭക്ഷണമെത്തിക്കുന്ന പ്രത്യേക പരിപാടിയില്ല. എന്നാൽ ദുരിതമനുഭവപ്പെടുന്ന ഘട്ടങ്ങളിൽ സൗജന്യ റേഷനും അടിയന്തിര വൈദ്യസഹായവും നൽകുന്നുണ്ട്. കൂടാതെ മെഡിക്കൽ ക്യാമ്പുകൾ നടത്തുന്നുണ്ട്. ആദിവാസികളുടെ പേരിൽ ചെലവഴിക്കപ്പെടുന്ന പണം മററു മാർഗ്ഗങ്ങളിൽ ദുരുപയോഗപ്പെടുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അവയെപ്പററി അന്വേഷിക്കുകയും, അപ്പപ്പോൾ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മാത്യു സ്റ്റീഫൻ: പട്ടികവർഗ്ഗക്കാർക്ക് കിട്ടേണ്ട പല ആനുകൂല്യങ്ങളും അവർക്ക് ലഭിക്കുന്നില്ലെന്ന പരാതി പരക്കെ ഉയർന്നുവന്നിട്ടുണ്ട്. കൃഷിഭവനിലൂടെ പട്ടികവർഗ്ഗക്കാർക്ക് ലഭിക്കുന്ന തൈ വിത്തുകളും ആട്, കോഴി തുടങ്ങിയവയും അവർക്കുതന്നെ ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻവേണ്ടി എന്തെങ്കിലും സംവിധാനമുണ്ടാക്കാൻ ഗവൺമെൻറ് തയ്യാറായിട്ടുണ്ടോ ?

ശ്രീ. പന്തളം സുധാകരൻ: വിവിധ ഡിപ്പാർട്ടുമെൻറുകൾ വഴി പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് നൽകുന്ന ഈ സാമ്പത്തിക ആനുകൂല്യങ്ങൾ യഥാർത്ഥ ഗുണഭോക്താവിനുതന്നെ ലഭിക്കുന്നുണ്ടോയെന്ന് അറിയുന്നതിന് പ്രത്യേകം സംവിധാനമുണ്ട്. അതായത് ജില്ലാകളക്ടർ, ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരൊക്കെ ഇത് പരിശോധിക്കാറുണ്ട്. എന്നാലും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ പല വസ്തുക്കളും ഗുണഭോക്താവിനെ ഏൽപ്പിച്ചുകഴിഞ്ഞാൽ പിന്നീട് അവരുടെ സ്വന്തം ഉത്തരവാദിത്വത്തിലാണ് അത് നിലനിറുത്തുന്നതെന്നുള്ളതുകൊണ്ട് അത് പരിശോധിക്കാൻ ബുദ്ധിമുട്ടുണ്ട്. എങ്കിലും പൊതുപ്രവർത്തകരുടേയും മററും സഹായമുണ്ടെങ്കിൽ ഒരു പരിധിവരെ ഇടത്തട്ടുകാരുടെ ചൂഷണം ഒഴിവാക്കാൻ കഴിയുമെന്നാണ് ഗവൺമെൻറ് കരുതുന്നത്.

ശ്രീ. മാത്യു സ്ററീഫൻ: ഇടുക്കിപോലുള്ള പ്രദേശങ്ങളിൽ ആടിനേയും കോഴിയേയും കൊടുത്താൽ അവർ അത് വാങ്ങി വഴിയിലിറങ്ങിയിട്ട് ഏതെങ്കിലും ആളുകൾക്ക് വിൽക്കുകയാണ് ചെയ്യുന്നത്. അപ്പോൾ യഥാർത്ഥത്തിൽ അവർക്ക് പ്രയോജനം ലഭിക്കുന്നില്ല. അതുകൊണ്ട് ആട്, കോഴി തുടങ്ങിയ വളർത്തുമൃഗങ്ങൾ കൊടുക്കുന്നത് പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ കൈയ്യിലുണ്ടോയെന്ന് പരിശോധിക്കുന്നതിനുവേണ്ടി ഒരു ചെക്ക് മെഷറുണ്ടാക്കാൻ ഗവൺമെൻറ് തയ്യാറാകുമോ ?

ശ്രീ. പന്തളം സുധാകരൻ: ഇപ്പോൾത്തന്നെ ഇത് പരിശോധിക്കുന്നുണ്ട്. കൺകറൻറ് ഇവാല്യുവേഷൻ എന്ന് പറയുന്നത് അതാണ് ഉദ്ദേശിക്കുന്നത്. എങ്കിലും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ കുറേക്കൂടി ഈ സംവിധാനം ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. പി. എം. മാത്യു: പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് കൊടുക്കുന്ന ആനുകൂല്യങ്ങൾ പലപ്പോഴും അവരിൽ എത്തുന്നില്ലെന്ന പരാതിയുണ്ട്. സംസ്ഥാന ഗവൺമെൻറ് തലത്തിൽ, ഉദ്യോഗതലത്തിൽ റിവ്യൂ ചെയ്യപ്പെടുന്നുണ്ട്. ഇവാല്യുവേഷൻ ചെയ്യുന്നുണ്ടെന്നാണ് പറയുന്നത്. പക്ഷേ അത് പലപ്പോഴും പ്രായോഗികമല്ല. അതുകൊണ്ട് ജില്ലാതലത്തിൽ എം. പി. മാരും എം. എൽ. എ. മാരും അടങ്ങിയ ഒരു കമ്മിററി, ബ്ലോക്കുതലത്തിൽ എം. എൽ. എ. മാരും പഞ്ചായത്ത് പ്രസിഡൻറുമാരും അടങ്ങിയ ഒരു സമിതി ഉദ്യോഗസ്ഥൻമാരുടെ സാന്നിദ്ധ്യത്തിൽ ഇത് പരിശോധിക്കാനുള്ള ഒരു സ്ഥിരം സംവിധാനമുണ്ടാക്കാൻ ഗവൺമെൻറ് തീരുമാനമെടുക്കുമോ ?

ശ്രീ. പന്തളം സുധാകരൻ: ഇത് സ്വാഗതാർഹമായ ഒരു നിർദ്ദേശം ആണ്. തീർച്ചയായിട്ടും അതിനെക്കുറിച്ച് ആലോചിക്കുന്നതാണ്.

ശ്രീ. പി. എം. മാത്യു: പട്ടികജാതി-പട്ടികവർഗ്ഗക്കാരെപ്പോലെതന്നെ സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്ന 25 ലക്ഷത്തോളം വരുന്ന അവശക്രൈസ്തവരുണ്ട്. അവർക്കുകൂടെ ഈ സാമ്പത്തിക

LIBRARY ARCHIVES Kerala Legislative Assembly

ആനുകൂല്യം ബാധകമാക്കണമെന്ന ആവശ്യം ഈ സഭയിൽത്തന്നെ വന്നിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഹരിജനക്ഷേമ വകുപ്പുമന്ത്രിയും അതിന് അനുകൂലമായി മറുപടിയും പറഞ്ഞിട്ടുണ്ട്. സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്ന 25 ലക്ഷത്തോളം വരുന്ന അവശ ക്രൈസ്തവർക്കുകൂടെ സാമ്പത്തികാനുകൂല്യം ബാധകമാക്കുന്നതിന് ഗവൺമെൻറ് എത്രയുംവേഗം തീരുമാനമെടുത്ത് നടപ്പിൽ വരുത്തുമോ ?

ശ്രീ. പന്തളം സുധാകരൻ: കൺവർട്ടഡ് ക്രിസ്ററ്യൻ ഡെവലപ്പ്മെൻറ് കോർപ്പറേഷൻ വഴി അവർക്കാവശ്യമായ സാമ്പത്തിക സഹായം നൽകി വരുന്നുണ്ട്. അത് വിപുലപ്പെടുത്തണമെങ്കിൽ പരിശോധിച്ച് ചെയ്യുന്നതാണ്.

ശ്രീ. പി.ടി. തോമസ്: പട്ടികജാതി–പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനുവേണ്ടി ഒട്ടേറെ നടപടികൾ സർക്കാർ നടപ്പാക്കാറുണ്ട്. ഉദാഹരണത്തിന് കഴിഞ്ഞ പ്രാവശ്യം അംബേദ്കർ കോളനികളും ഈ പ്രാവശ്യം ഐ.എച്ച്.ഡി.പി. കോളനികളും അനുവദിക്കുകയുണ്ടായി. എന്നാൽ അംബേദ്കർ കോളനികളിലും ഐ.എച്ച്.ഡി.പി. കോളനികളിലുമുൾപ്പെടെ പല പ്രവർത്തനങ്ങളും ഭാഗികമായി മാത്രം നടന്നുവരികയാണ്. ഇത് സമയബന്ധിതമായി പൂർത്തിയാക്കാനും അതിലെ ക്രമക്കേടുകൾ കണ്ടുപിടിക്കാനും വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമോ ; അതിനെ സംബന്ധിച്ചിടത്തോളം ഇപ്പോൾ എന്തൊക്കെ നടപടികളാണ് സർക്കാർ എടുത്തിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ശ്രീ. പന്തളം സുധാകരൻ: ഡോക്ടർ അംബേദ്കറുടെ ജന്മശതാബ്ദി വർഷത്തിലാണ് അംബേദ്കർ ഗ്രാമപദ്ധതി ആരംഭിച്ചത്. 212 ഗ്രാമങ്ങളാണ് കേരളത്തിൽ തെരഞ്ഞെടുത്തത്. എന്നാൽ 100 ശതമാനവും പൂർത്തിയായ ഗ്രാമങ്ങൾ 39 എണ്ണമാണ്. ബാക്കി പൂർത്തിയാകാതിരിക്കുന്നതിന് കാരണം ചില മേജർ സ്കീമുകൾ ഈ കോളനികളിൽ ഉൾപ്പെടുത്തിയതുകൊണ്ടാണ്. അതായത് കോടിക്കണക്കിന് രൂപ ചെലവുവരുന്ന ചില സ്കീമുകൾ ഉൾപ്പെടുത്തിയതുകൊണ്ടാണ് അത് പൂർത്തിയാകാതെ വന്നത്. അത് പരിഹരിക്കുന്നതിനുവേണ്ടി ഈ വർഷത്തെ ബഡ്ജററിൽ 50 ലക്ഷം രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. ഏതാണ്ട് 90-95 ശതമാനം വരെ മിക്ക ഗ്രാമങ്ങളിലും പൂർത്തിയായിട്ടുണ്ട്. 100 ശതമാനം വരണമെങ്കിൽ ആ പ്ലാനിൽ പറഞ്ഞിട്ടുള്ള എല്ലാ സ്കീമുകളും നടപ്പാക്കണമെന്നുള്ള ഒരു നിഷ്കർഷ ഗവൺമെൻറ് സ്വീകരിച്ചിട്ടുണ്ട്. ചില അനോമലികൾ ഉണ്ടായിട്ടുണ്ട്. അത് നീക്കം ചെയ്ത് ഈ ഗ്രാമം പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. എ. കണാരൻ: അംബേദ്കർഗ്രാമം കഴിഞ്ഞ ഗവൺമെൻറിന്റെ കാലത്ത് കൊണ്ടുവന്നതാണ്. കുറെ സ്കീമുകൾ ഇതനുസരിച്ച് ഉണ്ടാക്കി. ആ സ്കീമുകൾ ഒട്ടുമുക്കാലും നടപ്പിലാക്കിയെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അന്ന് ആരംഭിച്ച വെള്ളം, വെളിച്ചം, റോഡ് എന്നിവയുടെ സ്കീമുകളെല്ലാം പൂർണ്ണമായി നടപ്പിൽ വരുത്താനാവശ്യമായ ഫണ്ടും മററും ഗവൺമെൻറ് കൊടുക്കുമോ ?

ശ്രീ. പന്തളം സുധാകരൻ: ഞാൻ നേരത്തേ പറഞ്ഞു, ഫണ്ടിന്റെ കുറവുകൊണ്ടല്ല ഇത് മുടങ്ങിക്കിടക്കുന്നത്. 212 ഗ്രാമങ്ങളുടെ ചെലവിനുവേണ്ടിയുള്ള എസ്ററിമേററ് കോസ്ററ് എന്നു പറയുന്നത് ഏതാണ്ട് 33.17 കോടി രൂപയാണ്. എന്നാൽ ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ പല കോളനികളിലും അൻപതും അറുപതും ലക്ഷം രൂപ ചെലവഴിക്കേണ്ട ചില സ്കീമുകളുണ്ട്. റോഡ്, ശുദ്ധജല വിതരണ പദ്ധതികൾ, വൈദ്യുതി

LIBRARY ARCHIVES Kerala Legislative Assembly

തുടങ്ങിയ വലിയ തുക ചെലവാക്കേണ്ട പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. പ്രത്യേക ഘടകപദ്ധതി പ്രകാരം ഓരോ ഡിപ്പാർട്ടുമെൻറും ചെലവഴിക്കേണ്ട തുക ചെലവഴിക്കുന്നതിൽ കാലതാമസമുണ്ടായിട്ടുണ്ടെന്നുള്ള കാര്യം ഞാൻ സമ്മതിക്കുകയാണ്. വിവിധ ഡിപ്പാർട്ടുമെൻറുകൾ എസ്. സി. പി., ടി.എസ്.പി. ഇനത്തിൽ ചെലവഴിക്കേണ്ട തുക എത്രയും വേഗം ചെലവഴിച്ചാൽ മാത്രമേ മേജർ സ്കീമുകൾ പൂർത്തിയാക്കാൻ കഴിയൂ. എൻെറ വ്യക്തിപരമായ അഭിപ്രായം, പത്തും അറുപതും ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതികൾ ഒഴിവാക്കി ആ ഗ്രാമത്തിൽ പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗത്തിന് പ്രയോജനപ്പെടുന്ന ചെറിയ സ്കീമുകൾ നടപ്പാക്കണമെന്നാണ്.

ശ്രീ. വി. വി. രാഘവൻ: കേരളത്തിൽ ഇപ്പോൾ ഡോക്ടർ അംബേദ്കറുടെ നാമധേയത്തിൽ കോളനികളുണ്ട്. ഐ. എച്ച്. ഡി. പി. പ്രോജക്ടുകളിൽപ്പെട്ട കോളനികൾക്ക് അയ്യൻകാളി കോളനി എന്നു നാമകരണം ചെയ്യാൻ ഗവൺമെൻറ് സന്നദ്ധമാകുമോ ?

ശ്രീ. പന്തളം സുധാകരൻ: കേരളത്തിൽ അവശത അനുഭവിക്കുന്ന ജനവിഭാഗങ്ങളുടെ മോചനത്തിനുവേണ്ടി പട പൊരുതിയ മഹാനായ അയ്യൻകാളിയെപ്പോലെയുള്ള നിരവധി നേതാക്കളുണ്ട്. ഡോക്ടർ അംബേദ്കർ ജൻമശതാബ്ദി വർഷത്തിലാണ് ഒരു പ്രത്യേക കാലഘട്ടം എന്നുള്ള നിലയിൽ ആ സ്മരണ നിലനിറുത്താൻവേണ്ടി ഡോക്ടർ അംബേദ്കർ ഗ്രാമം ആരംഭിച്ചത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ചർച്ച ചെയ്യേണ്ട ഒരു കാര്യമാണ്.

ശ്രീ. കെ. രാഘവൻ മാസ്ററർ: പട്ടിക വർഗ്ഗക്കാർ ഏററവും താഴെ കിടയിൽ നിൽക്കുന്ന ആൾക്കാരാണെന്ന വസ്തുത പരിഗണിച്ച് അവരുടെ ആവശ്യങ്ങൾ ഡിപ്പാർട്ടുമെൻറ് തലത്തിലും ഗവൺമെൻറിലും പറയുന്നതിനുവേണ്ടി ട്രൈബൽഗൈഡ്സിനെ നിയമിച്ചിട്ടുണ്ടായിരുന്നു. ആ ഗൈഡ്സ് വളരെയധികം പ്രയോജനം ചെയ്തതാണ്. പക്ഷേ അത് ഇപ്പോൾ നിലവിൽ ഇല്ല. ഇപ്പോൾതന്നെ മുണ്ടൂർപ്പുഴയിൽ അസുഖം വന്നു. അത് വേണ്ട സമയത്ത് ശ്രദ്ധയിൽപ്പെടുത്താനും ഡോക്ടറെ കൊണ്ടുവരാനും സാധിച്ചിട്ടില്ല, അതുകൊണ്ട് ഏററവും പാവപ്പെട്ട ആദിവാസികളുടെയിടയിൽ ട്രൈബൽ ഗൈഡ്സിൻെറ സേവനം അനിവാര്യമാണ്. ആ ട്രൈബൽ ഗൈഡ്സിനെ വീണ്ടും നിയമിക്കാൻ ദയവുണ്ടാകുമോ ?

ശ്രീ. പന്തളം സുധാകരൻ: ട്രൈബൽ വാളണ്ടിയേഴ്സിനെയാണ് ഉദ്ദേശിക്കുന്നതെങ്കിൽ താൽക്കാലികമായി നിയമിച്ചിട്ടുള്ള ഈ ട്രൈബൽ ഗൈഡ്സിനെ വീണ്ടും ഒരു വർഷത്തേക്കുകൂടി നിയമിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീ. ഇ. പി. ജയരാജൻ: പ്രത്യേക ഘടക പദ്ധതി പ്രകാരം അംബേദ്കർ കോളനികളിലേക്ക് റോഡുകൾ നിർമ്മിച്ചിട്ടുണ്ട്. പക്ഷേ ആ റോഡുകളുടെ മെയിൻറനൻസ് നടത്താൻ ഫണ്ട് അലോട്ടുമെൻറുകളോ മററ് എന്തെങ്കിലും സ്കീമുകളോ ഇല്ലാത്തതിൻെറ ഫലമായി ഇന്ന് അംബേദ്കർ കോളനികളിലേക്കുള്ള എല്ലാ റോഡുകളും ഗതാഗതയോഗ്യമല്ലാതായിത്തീർന്നിരിക്കുന്നു. നടന്നുപോകാൻതന്നെ പ്രയാസമായിരിക്കുന്നു. അതിന് എന്തെങ്കിലും ഒരു പദ്ധതി ആവിഷ്ക്കരിച്ചു നടപ്പിലാക്കുമോ? അതുപോലെ ആദിവാസി കോളനികളിലെ ആദിവാസികൾക്ക് ലഭിക്കുന്ന

ആനുകൂല്യങ്ങൾ പലപ്പോഴും ഇടത്തട്ടുകാർ തട്ടിപ്പറിക്കുകയാണ്. ആ ആനുകൂല്യങ്ങൾ കൃത്യമായി നൽകുന്നുണ്ട് എന്ന് ഉറപ്പുവരുത്താൻ എല്ലാ രാഷ്ട്രീയ കക്ഷികളും ഉൾക്കൊള്ളുന്ന ഒരു കമ്മിററിയുണ്ടാക്കാനും പ്രായോഗികമായി ഇതു നടപ്പിൽ വരുത്താനും ബഹുമാനപ്പെട്ട മന്ത്രി മുൻകൈ എടുക്കുമോ ?

ശ്രീ. പന്തളം സുധാകരൻ : അംബേദ്കർ കോളനികളിലേക്കുള്ള റോഡുകൾ റിപ്പയർ ചെയ്യുന്നതിന് ഇപ്പോൾ പ്രൊവിഷനില്ല. അതുപോലെ നമ്മുടെ റൂറൽ ഡെവലപ്മെൻറ് ഡിപ്പാർട്ടുമെൻറ് നിർമ്മിക്കുന്ന റോഡുകൾക്കും ഈ പരാതിയുണ്ട്. ജെ. ആർ. വൈ. പദ്ധതിപ്രകാരം നിർമ്മിക്കുന്ന റോഡുകൾക്കും ഈ പരാതിയുണ്ട്. ഈ റോഡുകൾക്ക് മെയിൻറനൻസിന് യാതൊരു സ്കീമുകളുമില്ല. അതൊരു അപാകതയായി എനിക്ക് തോന്നുന്നു. തീർച്ചയായും ആ കാര്യം പരിശോധിക്കുന്നതാണ്. രണ്ടാമത് പറഞ്ഞ കാര്യത്തെ സംബന്ധിച്ച് പൊതു പ്രവർത്തകർ ആത്മാർത്ഥമായി സഹകരിച്ചാൽ ഈ ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്നും പട്ടികജാതി—പട്ടികവർഗ്ഗക്കാരെ മോചിപ്പിക്കാൻ കഴിയും. പൊതു പ്രവർത്തകർ അതിനുവേണ്ടി പറയുന്ന എല്ലാ നിർദ്ദേശങ്ങളും അതിൻേറതായ ഗൗരവത്തോടുകൂടി സ്വീകരിക്കുന്നതാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : പട്ടികജാതി—പട്ടികവർഗ്ഗക്കാരുടെ ആനുകൂല്യങ്ങൾ തട്ടിയെടുക്കുന്നു എന്നാണ് ഭരണകക്ഷിയും പ്രതിപക്ഷവുമെല്ലാം പറഞ്ഞത്. മന്ത്രി വലിയ കൊട്ടും കുരവയുമായി തൈ കൊടുത്തു. ആ തൈ മേടിച്ച് പുറത്തിറങ്ങുമ്പോൾത്തന്നെ രണ്ട് രൂപയ്ക്ക് ആ തൈകൾ മേടിക്കാൻ അവിടെ ആൾക്കാർ നിൽക്കുകയാണ്. അപ്പോൾ അവരുടെ സാമ്പത്തിക ഉന്നമനത്തിനുള്ള പദ്ധതികൾക്കാണ് പ്രാധാന്യം കൊടുക്കേണ്ടത്. ഓരോ കോളനിയിലും പത്തുപേർക്ക് പണിയുണ്ടാക്കി കൊടുക്കാനുള്ള എന്തെങ്കിലും സ്കീം തയ്യാറാക്കണം. അല്ലാതെ വെറുതേ റോഡ്, തോട് എന്നൊക്കെ പറയുന്നതുകൊണ്ട് യാതൊരു പ്രയോജനവുമില്ല. ഓരോ കോളനിയിലും ഇത്ര പേർക്ക് പണി എന്ന കണക്കിൽ എന്തെങ്കിലും സ്കീം തയ്യാറാക്കാൻ, അതിനുവേണ്ടി പണം വിനിയോഗിക്കാൻ ഗവൺമെൻറ് തയ്യാറാകുമോ ?

ശ്രീ. പന്തളം സുധാകരൻ : ഈ ഐ. എച്ച്. ഡി. പി. പദ്ധതി തയ്യാറാക്കുമ്പോൾത്തന്നെ സ്വന്തമായി തൊഴിൽ മേഖല രൂപപ്പെടുത്തി മററുള്ളവർക്കും തൊഴിൽ ലഭിക്കുന്നതിനുള്ള പദ്ധതിയാണ് നടപ്പിലാക്കിയിരിക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. ബിനാമികളുണ്ട്. ബാങ്കുകൾ വഴിയായാലും മററു ധനകാര്യ സ്ഥാപനങ്ങൾ വഴിയായാലും ലോൺ കൊടുക്കുമ്പോൾ ഇതു വാങ്ങി പുറത്തുവരുമ്പോൾ ബിനാമി പ്രകാരം മററുള്ളവർ അടിച്ചുകൊണ്ടു പോകുന്നതു ശരിയാണ്. എത്ര പരിശ്രമിച്ചാലും ബിനാമിയുടെ തള്ളിക്കയററം തടയാൻ കഴിയാത്ത ഒരു ദുരവസ്ഥയുണ്ട്. അതുകൊണ്ട് ഒന്നാമത് അവരിൽത്തന്നെ ഒരു ബോധവൽക്കരണം നടത്തണം. മററുള്ളവർ തങ്ങളെ ചൂഷണം ചെയ്യാൻ പാടില്ല, ഇത് തങ്ങളുടെ നന്മയ്ക്കു വേണ്ടിയാണെന്ന ഒരു ബോധം ഗുണഭോക്താവിന് തന്നെ ഉണ്ടാകണം, അതിനുള്ള ബോധവൽക്കരണം നടത്താൻ എല്ലാവരും ഒന്നിച്ച് സഹകരിക്കണം. മറെറാന്ന് തൊഴിൽദാന പദ്ധതികൾ നടപ്പിലാക്കുന്നതിന് ഗവൺമെൻറ് ഗൗരവമായി ആലോചിക്കുന്നതാണ്.

ശ്രീ. വർക്കല രാധാകൃഷ്ണൻ : ഇപ്പോൾ കോളേജ് അഡ്മിഷൻെറ സമയമാണ്. സുധാകരൻകൂടി കേൾക്കാൻവേണ്ടിയാണ് പറയുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

പട്ടികജാതി-പട്ടിക വർഗ്ഗക്കാർ കോളേജ് അഡ്മിഷന് ചെല്ലുമ്പോൾ അവരോട് വരുമാന സർട്ടിഫിക്കററ് ഹാജരാക്കാൻ ആവശ്യപ്പെടുകയാണ്. അതുകൊണ്ട് പലയാളുകളും തഹശീൽദാരുടെ സർട്ടിഫിക്കററു വാങ്ങേണ്ടി വരുന്നു. അത് ആവശ്യമില്ലാത്ത കാരമ്യാണ്. പട്ടികജാതി—പട്ടിക വർഗ്ഗക്കാരായാലും വരുമാന സർട്ടിഫിക്കററ് ഹാജരാക്കണമെന്ന് എല്ലാ കോളേജുകളുടെയും ഫാമിൽ ഒരു കോളമുണ്ട്. അങ്ങനെ വരുമാന സർട്ടിഫിക്കററ് ഹാജരാക്കുന്ന നടപടികളിൽ നിന്നും അവരെ ഒഴിവാക്കണം. വരുമാനത്തിന്റെ അടിസ്ഥാനത്തിൽ അല്ല പട്ടികജാതി—പട്ടിക വർഗ്ഗക്കാർക്ക് ആനുകൂല്യങ്ങൾ നൽകുന്നത്. അവരുടെ വരുമാനം എന്തായാലും ആനുകൂല്യങ്ങൾക്ക് അവർ അർഹരാണ്. മററു പിന്നോക്ക സമുദായക്കാർക്കാണെങ്കിൽ മനസ്സിലാക്കാം. ഗവൺമെൻറ് ഇക്കാര്യത്തിൽ പ്രത്യേക ഉത്തരവ് പുറപ്പെടുവിച്ച് ഇതിൽനിന്നും അവരെ രക്ഷിക്കണം. ഞാൻ ഇന്നലെ പോയ സ്ഥലങ്ങളിലെല്ലാം പട്ടികജാതി-പട്ടികവർഗ്ഗക്കാർ പരാതി പറഞ്ഞു. സുധാകരൻ ഈ പദ്ധതിയുമായി നടന്നാൽ മാത്രം പോര. ഉടനെ വേണ്ട ഏർപ്പാട് ചെയ്യണം.

ശ്രീ. എം. എം. ഹസ്സൻ: സർ, ബഹുമാനപ്പെട്ട വർക്കല രാധാകൃഷ്ണൻ മന്ത്രിയെ സുധാകരൻ, സുധാകരൻ എന്നു വിളിച്ചു. ഈ സഭയിൽ പ്രായവ്യത്യാസമില്ലാതെ എല്ലാവർക്കും തുല്യ അവകാശമാണ്. മന്ത്രിയെ സുധാകരൻ, സുധാകരൻ എന്ന് ഇടയ്ക്കിടെ വിളിച്ച് ആക്ഷേപിക്കുകയാണ്. മന്ത്രിയെ ബഹുമാനപ്പെട്ട മന്ത്രി എന്നാണ് ഞങ്ങൾ ഇവിടെ സംബോധന ചെയ്യുന്നത്. "ബഹുമാനപ്പെട്ട" എന്ന് പരസ്പരം സംബോധന ചെയ്യണം. സുധാകരൻ ഒരു ഹരിജനായിപ്പോയതുകൊണ്ട് പേര് പറഞ്ഞ് വിളിക്കാമെന്നാണോ? സുധാകരൻ ഹരിജനായിപ്പോയതുകൊണ്ട് പേര് പറഞ്ഞ് വിളിച്ച് ആക്ഷേപിക്കാമെന്നാണോ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സുധാകരൻ ഒന്നാന്തരം പേരാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർമാർക്കും മന്ത്രിമാർക്കുമുള്ള ബഹുമാനം ആരും നഷ്ടപ്പെടുത്തണ്ട.

ശ്രീ. പന്തളം സുധാകരൻ: ബഹുമാനപ്പെട്ട വർക്കല രാധാകൃഷ്ണൻ എന്നെ മന്ത്രി എന്നുവിളിക്കുന്നതിനെക്കാളും എനിക്ക് ഏററവും ഇഷ്ടം സുധാകരൻ എന്ന് വിളിക്കുന്നതാണ്. കാരണം സ്നേഹം കൊണ്ടാണ് അദ്ദേഹം വിളിക്കുന്നത്. മഹാൻമാരെയും ദൈവങ്ങളെയും നമ്മൾ പേര് പറഞ്ഞാണ് വിളിക്കാറുള്ളത്. ബഹുമാനപ്പെട്ട മെമ്പർ വർക്കല പറഞ്ഞത് വളരെ ശരിയാണ്. പട്ടികജാതി—പട്ടികവർഗ്ഗക്കാരായ വിദ്യാർത്ഥികളോട് വരുമാന സർട്ടിഫിക്കററ് ഹാജരാക്കണമെന്ന് നിർബന്ധിക്കുന്ന കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ജാതി തെളിയിക്കുന്ന സർട്ടിഫിക്കററ് വേണമെന്ന കർശനമായ നിർദ്ദേശം നൽകിയിട്ടുള്ളത് വ്യാജ സർട്ടിഫിക്കററുകൾ ഹാജരാക്കി ഈ ആനുകൂല്യം തട്ടിയെടുക്കുന്നതു കൊണ്ടാണ്. വരുമാന സർട്ടിഫിക്കററിന്റെ കാര്യം ഗവൺമെൻറ് പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതാണ്.

ശ്രീ. കെ. പി. നൂറുദ്ദീൻ: പട്ടികജാതി—പട്ടികവർഗ്ഗ പുരോഗതിക്ക് കഴിഞ്ഞ കുറെക്കാലമായി നടപ്പിലാക്കിവരുന്ന സ്കീമനുസരിച്ചുള്ള പ്രവർത്തനം ആണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. എന്നാൽ ഇത്രയും കാലം അവർക്കു വേണ്ടിയുള്ള ക്ഷേമ പ്രവർത്തനങ്ങളും പദ്ധതികളും നടപ്പിലാക്കിയതിന്റെ



LIBRARY ARCHIVES Kerala Legislative Assembly

വെളിച്ചത്തിൽ വിപുലമായ തോതിൽ സർവേ നടത്തി ഓരോ കോളനിയിലേയും ഓരോ കുടുംബത്തിന്റേയും ഏററവും അത്യാവശ്യമായ കാര്യങ്ങൾ എന്താണെന്ന് കണ്ടുപിടിച്ച് അതിന്റെ അടിസ്ഥാനത്തിൽ അവർക്ക് ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള ഒരു സ്കീം തയ്യാറാക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ ?

ശ്രീ. പന്തളം സുധാകരൻ : പരമ്പരാഗതമായി നമ്മൾ നടപ്പിലാക്കിവന്ന പല സ്കീമുകളുമാണ് ഇപ്പോഴുള്ളത്. കഴിഞ്ഞ കുറെ നാളുകളായി പുതിയ തൊഴിൽ മേഖലകളിലേക്ക് ഇവരെ ആകർഷിക്കാൻ ശ്രമിക്കുന്നുണ്ട്. എന്നാലും 1991-ലെ സെൻസസ് പ്രകാരം പട്ടികജാതി—പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക്, ഇവിടെ ബഹുമാനപ്പെട്ട നൂറുദ്ദീൻ സാഹിബ് പറഞ്ഞതുപോലെയുള്ള ക്ഷേമ പ്രവർത്തനങ്ങളും മററാനുകൂല്യങ്ങളും എത്രമാത്രം പ്രയോജനപ്പെടുന്നു എന്നുള്ളത് മനസ്സിലാക്കുന്നതിനുവേണ്ടി ഒരു ഇവാല്യുവേഷൻ നടത്തി കാലാനുസൃതമായ മാററങ്ങൾ നിലവിലിരിക്കുന്ന പദ്ധതികളിൽ വരുത്തുന്നതാണ്.

ശ്രീ. വി. കേശവൻ : പട്ടികജാതി/പട്ടിക വർഗ്ഗക്കാർക്കായുള്ള ആനുകൂല്യങ്ങൾ ഇടത്തട്ടുകാർ തട്ടിയെടുക്കുന്നതിനാൽ ഇവർക്ക് ലഭിക്കാൻ അർഹതയുള്ള ആനുകൂല്യങ്ങൾ ലഭിക്കാത്ത സ്ഥിതിയുണ്ട്. അതിന് പരിഹാരം കാണാൻ നേരത്തെ ജില്ലാടിസ്ഥാനത്തിൽ കളക്ടർ ചെയർമാനായിട്ടുള്ള ഡി. എ. സി. ഉണ്ടായിരുന്നു. അതിന്റെ പ്രവർത്തനം ഇപ്പോഴില്ല. പട്ടികജാതി—പട്ടികവർഗ്ഗ പ്രതിനിധികൾക്കും എം. എൽ. എ. മാർക്കും ഉദ്യോഗസ്ഥൻമാർക്കും ഇക്കാര്യങ്ങൾ നിരന്തരമായി പരിശോധിക്കാനുള്ള സാദ്ധ്യത ഇപ്പോൾ ഇല്ലാതായിരിക്കുകയാണ്. ഇപ്പോൾ ആസൂത്രണം ചെയ്യുന്നതെല്ലാം വർക്കിംഗ് ഗ്രൂപ്പ് എന്നുപറയുന്ന ഉദ്യോഗസ്ഥൻമാർ മാത്രം അടങ്ങുന്ന ഒരു സമിതിയാണ്. അതുകൊണ്ട് ആ വർക്കിംഗ് ഗ്രൂപ്പിൽ എം. എൽ. എ. മാരെ കൂടെ ഉൾപ്പെടുത്തുകയോ ഡി. എ. സി. യുടെ പ്രവർത്തനം സജീവമാക്കുകയോ ചെയ്തുകൊണ്ട് രണ്ടുമാസത്തിലൊരിക്കൽ അതു കൂടാനുള്ള ഏർപ്പാടുകൾ ബഹുമാനപ്പെട്ട മന്ത്രി ചെയ്യുമോ ?

ശ്രീ. പന്തളം സുധാകരൻ : ഡി. എ. സി. ഇപ്പോൾതന്നെ നിലവിലുണ്ട്. അതിന്റെ പ്രവർത്തനം എന്തുകൊണ്ടാണ് തടസ്സപ്പെട്ടിരിക്കുന്നത് എന്ന് പരിശോധിക്കുന്നതാണ്. ഇപ്പോൾ ഡി. എ. സി. പ്രവർത്തിക്കുന്നില്ലെങ്കിൽ അത് ഊർജ്ജസ്വലമാക്കാൻ ശ്രമിക്കാം. മറെറാന്ന് ജില്ലാതല വർക്കിംഗ് ഗ്രൂപ്പിൽ എം. എൽ. എ. മാരെ ഉൾപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കാം. ആ പോരായ്മ മനസ്സിലാക്കിക്കൊണ്ടാണ് നമ്മൾ പുതിയതായി ഐ. എച്ച്. ഡി. പി. കോളനികൾ തെരഞ്ഞെടുക്കുന്ന ജില്ലാതല വർക്കിംഗ് ഗ്രൂപ്പിൽ എം. എൽ. എ. മാരേയും എം. പി. മാരേയും ഉൾപ്പെടുത്താൻ ഗവൺമെന്റ് ഉത്തരവായിട്ടുള്ളത്.

ശ്രീ. ലോനപ്പൻ നമ്പാടൻ : ഈ സർക്കാർ പൊതുമേഖലയിലും സ്വകാര്യമേഖലയിലും സ്കൂളുകളും കോളേജുകളും അനുവദിക്കാതെ അൺ എയ്ഡഡ് സ്കൂളുകളും കോളേജുകളും മാത്രം അനുവദിക്കുന്നതുകൊണ്ട് പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കും പിന്നോക്കക്കാർക്കും ഇന്ന് ലഭിച്ചുകൊണ്ടിരിക്കുന്ന സംവരണാനുകൂല്യങ്ങൾ നഷ്ടപ്പെടുന്നുവെന്നുള്ള വിവരം ബഹുമാനപ്പെട്ട മന്ത്രിക്കറിയാമോ? നിലവിലുള്ള അനുകൂല്യങ്ങൾ നഷ്ടപ്പെടാതിരിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ ? അവശ ക്രിസ്ത്യാനികളെ പട്ടികജാതിയിൽ ഉൾപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പന്തളം സുധാകരൻ: നിലവിലുള്ള ആനുകൂല്യങ്ങൾ ഒന്നുംതന്നെ നഷ്ടപ്പെടാതിരിക്കുന്നതിനുവേണ്ടി ഗവൺമെൻറ് ഗൗരവമായി ശ്രദ്ധിക്കുന്നതാണ്. രണ്ടാമത് പറഞ്ഞ കാര്യത്തിന് ഇപ്പോൾ മറുപടി പറയാൻ ബുദ്ധിമുട്ടാണ്.

## സീഫുഡ് പ്രോസസിംഗ് പ്ലാൻറ്

*2 [232]. ശ്രീ. യൂനുസ് കുഞ്ഞ്:
,, കെ. എം. സൂപ്പി:
,, കെ. കെ. അബു:
,, എം. ജെ. സക്കറിയ:
,, ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സീഫുഡ് പ്രോസസിംഗ് പ്ലാൻറ്സ് ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയ്ക്ക് എന്തെങ്കിലും ധനസഹായം ഗവൺമെൻറ് നൽകുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്താവശ്യത്തിലേക്കാണ് നൽകുന്നത്;

(ഡി) ധനസഹായം നൽകുന്നതിനുള്ള മാനദണ്ഡമെന്ത്;

(ഇ) കഴിഞ്ഞകൊല്ലം എന്തു തുക ധനസഹായം നൽകിയെന്ന് വെളിപ്പെടുത്താമോ?

ഫിഷറീസ് വകുപ്പുമന്ത്രി (ശ്രീമതി എം. ടി. പത്മ):

(എ) സംസ്ഥാനത്ത് മറൈൻ പ്രോഡക്ട്സ് എക്സ്പോർട്ട് ഡവലപ്മെൻറ് അതോറിററിയുടെ കീഴിൽ രജിസ്ററർ ചെയ്തിട്ടുള്ള 130 സീഫുഡ് പ്രോസസിംഗ് പ്ലാൻറുകൾ ഉണ്ട്.

(ബി) ഉണ്ട്.

(സി) എം. പി. ഇ. ഡി. എ. യുടെ അധീനതയിൽ സബ്സിഡി വ്യവസ്ഥയിൽ പല സ്കീമുകൾക്കും സാമ്പത്തികസഹായം നൽകി വരുന്നുണ്ട്. ഇനിപ്പറയുന്ന ആവശ്യങ്ങളിലേക്കാണ് സബ്സിഡി നൽകിയത്:

1. പ്ലെററ് ഐസും ചീവ് ട്യൂബ് ഐസും നിർമ്മിക്കുന്ന യന്ത്രസാമഗ്രികൾക്ക്.
2. ജനറേറർ സെററുകൾ വാങ്ങുന്നതിന്.
3. നവീനരീതിയിലുള്ള പ്ലെററ് ഫ്രീസറുകൾ സ്ഥാപിക്കുന്നതിന്.
4. ശീതീകരണ സൗകര്യമുള്ള ട്രക്കുകളും മററനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന്.
5. കോൾഡ് സ്റേറാറേജ് സൗകര്യം വർദ്ധിപ്പിക്കുന്നതിന്.
6. ഇൻഡിവിഡ്വൽ ക്വിക് ഫ്രോസൺ ഷ്രിംപ് (Individual Quick Frozen Shrimp) ഉൽപ്പാദിപ്പിക്കുന്നതിന് ആവശ്യമായ ഉപകരണം വാങ്ങുന്നതിന്.
7. ഇൻസുലേററ് ചെയ്ത മത്സ്യപ്പെട്ടികൾ വിതരണം ചെയ്യുന്നതിന്.

LIBRARY ARCHIVES,Kerala Legislative Assembly

(ഡി) എം. പി. ഇ. ഡി. എ. യുടെ നിയമവും ചട്ടങ്ങളുമനുസരിച്ച് യൂണിററുകൾ രജിസ്ററർ ചെയ്തിട്ടുണ്ടായിരിക്കണം എന്നതാണ് ഇതിനുള്ള മാനദണ്ഡം.

(ഇ) എല്ലാ ഇനത്തിലുമായി 93.48 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

ശ്രീ. കെ. എം. സൂപ്പി: സംസ്ഥാനത്തിലെ സീഫുഡ് പ്രോസസിംഗ് പ്ലാൻറുകൾക്ക് ധനസഹായം നൽകുന്നതിൽ എന്തെങ്കിലും പരാതികൾ ലഭിച്ചിരുന്നോ, എങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ?

ശ്രീമതി എം. ടി. പത്മ: അത് എം. പി. ഇ. ഡി. എ. യുടെ പരിപാടിയാണ്. ഞങ്ങൾക്ക് അത് സംബന്ധിച്ച് നേരിട്ട് ഒരു പരാതിയും ലഭിച്ചിട്ടില്ല.

ശ്രീ. കെ. എം. സൂപ്പി: നമ്മുടെ സംസ്ഥാനത്തുനിന്ന് സമുദ്രോൽപ്പന്നങ്ങൾ ഐസ് ഇട്ട് അയൽ സംസ്ഥാനങ്ങളിൽ കൊണ്ടുപോയി പ്രോസസ് ചെയ്യുന്നത് തടയാൻ ഇപ്പോൾ എന്തെങ്കിലും നിയന്ത്രണം നിലവിലുണ്ടോ ?

ശ്രീമതി എം. ടി. പത്മ; ഇപ്പോൾ അങ്ങനെയൊരു നിയന്ത്രണവും ഇല്ല.

ശ്രീ. എം. ജെ. സക്കറിയ: സർക്കാർ ഉടമയിൽ എത്ര ഐസ് പ്ലാൻറുകളും പ്രോസസിംഗ് പ്ലാൻറുകളുമുണ്ട്, അവയെല്ലാം പ്രവർത്തനക്ഷമമാണോ; അവ സ്വകാര്യ വ്യക്തികൾക്ക് കൈമാറാനുള്ള എന്തെങ്കിലും നിർദ്ദേശം ഗവൺമെൻറിൻെറ പരിഗണനയിലുണ്ടോ ?

ശ്രീമതി എം. ടി. പത്മ: സർക്കാരിൻെറ കൈവശം 5 പ്രോസസിംഗ് പ്ലാൻറുകളാണുള്ളത്. കണ്ണൂർ, വെസ്ററ്ഹിൽ, അഴീക്കോട്, കൊച്ചി, നീണ്ടകര, അതുപോലെതന്നെ ഐസ് പ്ലാൻറുകൾ 17 എണ്ണം ഗവൺമെൻറിൻെറ അധീനതയിലുണ്ട്. ഇതൊന്നും സജീവമായി പ്രവർത്തിക്കുന്നില്ലെന്നുള്ളതാണ് വസ്തുത. കൊച്ചിയിലെ പ്ലാൻറ് മാത്രം ഭാഗികമായി പ്രവർത്തിക്കുന്നുണ്ട്. മററ് പ്ലാൻറുകളൊന്നും പ്രവർത്തിക്കുന്നില്ല. പ്രവർത്തിക്കുന്നതു തന്നെ ലാഭകരമായിട്ടല്ല പ്രവർത്തിക്കുന്നതെന്നതാണ് വസ്തുത. ഇത് 1970-ൽ കെ. എഫ്. സി. യുടെ കയ്യിൽനിന്നും ഡിപ്പാർട്ടുമെൻറിലേക്ക് കൈമാറുമ്പോൾത്തന്നെ ഒന്നും പ്രവർത്തനക്ഷമമല്ലാത്ത കണ്ടീഷനിലായിരുന്നു. അത് വീണ്ടും പ്രവർത്തനക്ഷമമാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. എങ്കിലും ഇത് ലാഭകരമായി പ്രവർത്തിപ്പിക്കാൻ സാധിക്കുകയില്ലെന്നുള്ളതുകൊണ്ട് joint venture ആയി നടത്താൻ കഴിയുമോ എന്നുള്ള കാര്യം പരിശോധിച്ചുവരികയാണ്.

ശ്രീ. എം. ജെ. സക്കറിയ: സ്വകാര്യ പ്രോസസിംഗ് രംഗത്ത് ആധുനിക സംവിധാനമെന്നുള്ള രീതിയിൽ ഇൻഡിവിഡ്വൽ ഫിഷ് പ്രോസസിംഗ് സംവിധാനം വളർന്നുവന്നിട്ടുണ്ട്. നമ്മുടെ സർക്കാരുടമയിൽ പ്രത്യേകിച്ച് കൊച്ചി ഒരു മൽസ്യബന്ധന സംസ്ക്കരണ വിപണന മേഖലയായി വളർന്നിട്ടുണ്ട്. അവിടെ ഐ. ക്യു. എഫ്. എസ്.-ൻെറ പ്രോസസിംഗ് പ്ലാൻറ് സ്ഥാപിക്കാൻ ഗവൺമെൻറ് മുൻകൈയ്യെടുക്കുമോ; ആ നിർദ്ദേശം പരിഗണിക്കുമോ ?

ശ്രീമതി എം. ടി. പത്മ: അത് പരിശോധിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. സി. ഷൺമുഖദാസ്: ഇവിടെ ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞപ്പോൾ 130 ഓളം പ്രോസസിംഗ് യൂണിററുകൾ രജിസ്ററർ ചെയ്തുവെന്ന് പറഞ്ഞു. ഇതിൽ സിംഹാഭഗവും നമ്മുടെ ഉല്പാദനക്ഷമത കുറഞ്ഞുവരുന്നതുകൊണ്ട് ഉപയോഗമില്ലാത്ത സാഹചര്യത്തിലാണ് നിൽക്കുന്നത്. അതേ സമയം ചില വിദേശരാജ്യങ്ങളിലെ കുത്തക കമ്പനികൾ നമ്മുടെ സംസ്ഥാനത്ത് ഇത്തരം പ്രോസസിംഗ് യൂണിററ് ആരംഭിക്കാൻ ശ്രമിക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള പരമ്പരാഗതമായ ചില സംവിധാനങ്ങൾ തകർക്കപ്പെടുമെന്നുള്ള കാര്യത്തെ സംബന്ധിച്ചിടത്തോളം സംസ്ഥാന ഗവൺമെൻറ് പരിശോധിച്ചിട്ടുണ്ടോ; ദൂരവ്യാപകമായി മൽസ്യബന്ധന രംഗത്ത് വലിയ പ്രതിസന്ധിയുണ്ടാക്കുന്നതുകൊണ്ട് അതുസംബന്ധിച്ച് നടപടി സ്വീകരിക്കാൻ ദയവുണ്ടാകുമോ?

ശ്രീമതി എം. ടി. പത്മ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വാസ്തവമാണ്. നമ്മുടെ ഉല്പാദനക്ഷമത കൂട്ടുന്നതിന് യന്ത്രസാമഗ്രികൾ പുതുക്കേണ്ടിയിരിക്കുന്നു. ഇപ്പോൾ നമ്മുടെ കൈവശമുള്ള ഒരു യന്ത്രവും നമ്മൾ ഉദ്ദേശിക്കുന്നതരത്തിൽ ലാഭകരമായി പ്രവർത്തിപ്പിക്കാൻ കഴിയുന്നതല്ല. ഒരു ടൺ ഐസ് ഉൽപ്പാദിപ്പിക്കുന്നതിന് വേണ്ടിവരുന്ന ചെലവ് 500 രൂപയാണ്. നമുക്ക് അത് വിററാൽ കിട്ടുന്നത് 200 രൂപ മാത്രമാണ്. രണ്ടായിരട്ടിയോളം നമുക്ക് നഷ്ടമാണ്. അപ്പോൾ കൂടുതൽ ശീതീകരണ സൗകര്യമുള്ളതും, പെട്ടെന്ന് തണുക്കുന്നതും 90 മിനിട്ടിനുള്ളിൽ ഒരു ടൺ ഐസിന്റെ പ്രോസസിംഗ് പൂർത്തീകരിക്കുന്നതുമായ യന്ത്രസാമഗ്രികൾ ഉണ്ടെങ്കിൽ മാത്രമേ നമുക്ക് ഇത് ലാഭകരമായി പ്രവർത്തിപ്പിക്കാൻ കഴിയുകയുള്ളു. അത്തരത്തിലുള്ള എഫിഷ്യൻസി കൂടിയ മെഷീനുകൾ ഉണ്ടാക്കേണ്ടിയിരിക്കുന്നു. ഗവൺമെൻറ് തലത്തിൽ അത് ഉണ്ടാക്കിയെടുക്കുന്നതിന് സാമ്പത്തികമായ ബുദ്ധിമുട്ടുള്ളതുകൊണ്ടാണ് Joint venture ഐസ് പ്ലാൻറുകൾ പ്രവർത്തിപ്പിക്കുന്നതിനുവേണ്ടി ഗവൺമെൻറ് ചിന്തിച്ചുവരുന്നത്.

ശ്രീ. പി. രാജു: സീഫുഡ് പ്രോസസിംഗിൽ നമ്മൾ പ്രധാനമായും ചെയ്യുന്നത് ചെമ്മീൻ പ്രോസസിംഗാണ്. പ്രോസസ് ചെയ്യാതെ ചെമ്മീൻ വളർത്തൽ കേന്ദ്രത്തിൽ വച്ചുതന്നെ ജീവനോടെ ഐസ് ട്യൂബുകളിലാക്കി കയററി അയയ്ക്കുന്ന ഏർപ്പാട് നിലനിൽക്കുന്നുണ്ട്. നമ്മുടെ സംസ്ഥാനത്തു നിന്നും അത് കയററി അയച്ചു തുടങ്ങിയിട്ടുണ്ട്. കൂടുതൽ വിദേശനാണ്യം നേടിത്തരാൻ കഴിയുന്ന ഒരു മാർഗ്ഗമാണിത്. വിപുലമായ തോതിൽ അതിനാവശ്യമായ പദ്ധതി തയ്യാറാക്കിക്കൊണ്ട്, ചെമ്മീൻ ജീവനോടെ ഐസ് ട്യൂബുകളിലാക്കി വിദേശത്തേക്ക് കയററി അയയ്ക്കാൻ ആവശ്യമായ ഗവേഷണ പദ്ധതികൾ നടപ്പിലാക്കാനും അത് ചെയ്യുന്ന വ്യക്തികൾക്ക് പ്രോൽസാഹനമെന്നുള്ള നിലയ്ക്ക് ധനസഹായം കൊടുക്കാനും കായൽപ്രദേശങ്ങളിൽ ഇത്തരം ചെമ്മീൻ വളർത്തൽ കേന്ദ്രമുണ്ടാക്കാനും, ഐസ് ട്യൂബുകളുണ്ടാക്കാനും ആവശ്യമായ പ്രത്യേക സംവിധാനം ഏർപ്പെടുത്താമോ?

ശ്രീമതി എം. ടി. പത്മ: അത് പരിശോധിക്കാവുന്നതാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സീഫുഡ് പ്രോസസിംഗ് പ്ലാൻറുകളിൽ പീലിംഗ് ഷെഡ്ഡുകളിൽ ജോലി ചെയ്യുന്ന സ്ത്രീത്തൊഴിലാളികൾക്ക്

ഒരു ക്ഷേമപദ്ധതി കൊണ്ടുവരുന്നതിനുവേണ്ടി മുൻ ഗവൺമെൻറ് തീരുമാനിച്ച് ബഡ്ജററിൽ പ്രഖ്യാപിക്കുകയും ചെയ്തിരുന്നു. ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം അത് നടപ്പിലാക്കാൻ എന്തെങ്കിലും നടപടിയെടുത്തതായി അറിയുന്നില്ല. അവർക്ക് ഗുണം ചെയ്യുന്നതിനു വേണ്ടിയുള്ള എന്തെങ്കിലും നടപടിയെടുക്കുമോ?

ശ്രീമതി എം. ടി. പത്മ : പ്രോസസിംഗ് യൂണിററിൽ പ്രവർത്തിക്കുന്ന ആളുകളെ സംബന്ധിച്ചിടത്തോളം പീലിംഗ് ഒഴിച്ച് ബാക്കിയുള്ള പ്രോസസിംഗ് പണികൾ ചെയ്യുന്നവർക്ക് ഫാക്ടറി നിയമപ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. പീലിംഗ് തൊഴിലാളികൾക്ക് ബുദ്ധിമുട്ടുണ്ട്. അവരുടെ കാര്യം അന്വേഷിച്ച് വേണ്ട നടപടികൾ കൈക്കൊള്ളുന്നതാണ്.

ശ്രീ. പി. ടി. തോമസ് : സീഫുഡ് കയററി അയയ്ക്കുന്ന കണ്ടെയ്നറുകൾ പരിശോധിക്കരുതെന്ന് പറഞ്ഞുകൊണ്ട് ബഹളങ്ങളൊക്കെ നടക്കുകയുണ്ടായി. അടുത്തകാലത്ത് ആരംഭിച്ച സീഫുഡ് പ്രോസസിംഗ് യൂണിററുകളും കയററുമതി സ്ഥാപനങ്ങളും ആ വ്യവസായത്തിന്റെ മറവിൽ വ്യാപകമായ മയക്കുമരുന്നുകൾ കടത്തുന്നതായി ഒരു ആക്ഷേപം നമ്മുടെ സംസ്ഥാനത്ത് നിലവിലിരിക്കുന്നുണ്ട്. എന്തെല്ലാം പരിശോധന നടത്തിയതിനുശേഷമാണോ സീഫുഡ് കയററി അയയ്ക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ശ്രീമതി എം. ടി. പത്മ : അതിന് പ്രത്യേകം നോട്ടീസ് വേണം.

ശ്രീ. കെ. ഇ. ഇസ്മയിൽ : സീഫുഡ് പ്ലാൻറുകൾ സ്വകാര്യമേഖലയിൽ ലാഭത്തിലാണെന്ന് പറഞ്ഞു. ഗവൺമെൻറ് മേഖലയിലുള്ള പ്ലാൻറുകൾ ലാഭത്തിലാക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ ?

ശ്രീമതി എം. ടി. പത്മ : അതാണ് ഞാൻ ഇവിടെ സൂചിപ്പിച്ചത്. നമ്മുടെ കൈവശമുള്ള യന്ത്രങ്ങളൊക്കെ വളരെ പഴക്കമുള്ളതാണ്. അത് മാററിയതിനുശേഷം മാത്രമേ നമുക്ക് അത് ലാഭകരമായി പ്രവർത്തിപ്പിക്കുന്നതിന് കഴിയുകയുള്ളു. അതിന് കോടിക്കണക്കിന് രൂപ വേണ്ടി വരുമെന്നുള്ളതുകൊണ്ട് Joint venture-ൽ അത് ചെയ്യണമെന്നാണ് ഉദ്ദേശിച്ചിട്ടുള്ളത്.

ശ്രീമതി കെ. ആർ. ഗൗരിയമ്മ : സീഫുഡ് ഫാക്ടറികൾ സ്ഥിതി ചെയ്യുന്ന സ്ഥലങ്ങളിൽ പൊല്യൂഷൻ കൺട്രോളിനുള്ള നടപടിയെടുക്കാൻ തയ്യാറാകുമോ ?

ശ്രീമതി എം. ടി. പത്മ : ഇന്നലെ ഇവിടെ സൂചിപ്പിച്ചതുപോലെ വൃത്തിയില്ലാത്ത അന്തരീക്ഷത്തിൽ ജോലി ചെയ്യുന്ന ആളുകൾക്ക് അതുകൊണ്ടുള്ള ബുദ്ധിമുട്ടുണ്ട്. വിവിധ ഡിപ്പാർട്ടുമെൻറുകളുമായി ആലോചിച്ച് വേണ്ട നടപടികൾ കൈക്കൊള്ളുന്നതാണ്.

## പ്രകൃതിക്ഷോഭ ദുരിതാശ്വാസമായി നൽകുന്ന കേന്ദ്ര സഹായത്തിന് പരിധി ഏർപ്പെടുത്തണമെന്ന നിർദ്ദേശം

*3. [233] ശ്രീ. കെ. ബാബു :
,, ജോസഫ് എം. പുതുശ്ശേരി :
,, പി.ടി. തോമസ് :
,, ടി.കെ. രാമകൃഷ്ണൻ :
,, എം. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രകൃതിക്ഷോഭംമൂലം സംസ്ഥാനത്തിനുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് കേന്ദ്രം നൽകുന്ന ധനസഹായത്തിന് പരിധി ഏർപ്പെടുത്തണമെന്ന ഒൻപതാം ധനകാര്യ കമ്മീഷന്റെ നിർദ്ദേശം നമ്മുടെ സംസ്ഥാനത്തെ പ്രതികൂലമായി ബാധിക്കുമെന്നുള്ള വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ ശുപാർശയ്ക്കെതിരെ സർക്കാർ എന്തു നടപടി സ്വീകരിച്ചെന്ന് വെളിപ്പെടുത്താമോ ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ,

(എ) ഉണ്ട്.

(ബി) ഒൻപതാം ധനകാര്യകമ്മീഷന്റെ സംസ്ഥാനത്തിലെ ദുരിതാശ്വാസങ്ങളെ സംബന്ധിച്ച ശുപാർശയിലെ പോരായ്മകൾ പത്താം ധനകാര്യകമ്മീഷന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണാൻ ശ്രമിക്കുകയാണ്.

ശ്രീ. കെ. ബാബു : ദുരിതാശ്വാസ ഫണ്ടിൽനിന്നും തുക നൽകുന്നതിൽ ഓരോ സംസ്ഥാനത്തിനും സീലിംഗ് ഏർപ്പെടുത്തിയിട്ടുണ്ടെന്ന് പറഞ്ഞു. നമ്മുടെ സംസ്ഥാനത്തിന് അതനുസരിച്ച് 31 കോടി രൂപയാണ് സീലിംഗായി നിശ്ചയിച്ചിട്ടുള്ളത്. പ്രത്യേക സാഹചര്യത്തിൽ ഈ സീലിംഗ് വ്യവസ്ഥ മാററാൻ വ്യവസ്ഥയുണ്ടോ ; ഉണ്ടെങ്കിൽ കേരളം അതിനുവേണ്ടി എന്ത് നിലപാടെടുത്തുവെന്ന് വ്യക്തമാക്കുമോ ?

ശ്രീ. കെ.എം. മാണി : വെള്ളപ്പൊക്കവും ഡ്രൗട്ടും സൈമുൾട്ടേനിയസായിട്ട് നടക്കുന്ന സംസ്ഥാനമാണ് കേരളം. നമുക്കതുമൂലം വമ്പിച്ച നാശനഷ്ടങ്ങളുണ്ടാകുന്നുണ്ട്. ഇത് നമ്മുടെ സാമ്പത്തികശേഷിക്കപ്പുറമാണ്. അതുകൊണ്ട് ഈ സീലിംഗ് വ്യവസ്ഥ എടുത്തുകളഞ്ഞ് കൂടുതൽ തുക കിട്ടത്തക്ക ഫോർമുല കൊണ്ടുവരണമെന്നാണ് ഗവൺമെന്റിന്റെ നിലപാട്. പത്താം ധനകാര്യകമ്മീഷനിൽ ഇതുസംബന്ധിച്ച മെമ്മോറാണ്ടം ഗവൺമെന്റ് നൽകുന്നതാണ്.

ശ്രീ. കെ. ബാബു : പത്താം ധനകാര്യകമ്മീഷനിൽ മെമ്മോറാണ്ടം നൽകുമ്പോൾ വിദേശനാണ്യത്തിന്റെ പൂർണ്ണമായ ഫലം കേരളത്തിന് കിട്ടത്തക്ക ഫോർമുല സമർപ്പിക്കുമോ ?

ശ്രീ. കെ. എം. മാണി : ഇൻഡ്യയിൽ ഏററവും കൂടുതൽ വിദേശനാണ്യം നേടിത്തരുന്ന സംസ്ഥാനമെന്നുള്ള നിലയിൽ കേരളത്തിന് എല്ലാ കാര്യത്തിലും പ്രത്യേക പരിഗണന വേണം. ആ പരിഗണന ഈ കാര്യത്തിലും വേണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ് എം. പുതുശ്ശേരി : ഒൻപതാം ധനകാര്യകമ്മീഷന്റെ ശുപാർശയിൽ പ്രകൃതിക്ഷോഭത്തിന് ധനസഹായം നൽകുന്നതിൽ സീലിംഗ് ഉണ്ടെങ്കിൽത്തന്നെയും വലിയ പ്രകൃതിക്ഷോഭങ്ങൾ ദേശീയ ദുരന്തമായി കണക്കാക്കുന്ന അവസരത്തിൽ കൂടുതൽ ധനസഹായം നൽകാൻ ക്രമീകരണമുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കഴിഞ്ഞ രണ്ടു കൊല്ലത്തിനിടയിൽ നമ്മുടെ സംസ്ഥാനത്ത് വലിയ ദുരന്തങ്ങളാണുണ്ടായത്. ഇവ ദേശീയദുരന്തമായി കേന്ദ്ര ഗവൺമെന്റിനെ ബോദ്ധ്യപ്പെടുത്തി നമുക്ക് കൂടുതൽ ധനസഹായം ലഭിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചോ ? അങ്ങനെ നടപടി സ്വീകരിച്ചുവെങ്കിൽ സഹായം കിട്ടാതിരിക്കാനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കാമോ ?

ശ്രീ. കെ. എം. മാണി : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. 9-ാം ധനകാര്യകമ്മീഷൻ റിപ്പോർട്ടിന്റെ ഒരു ഭാഗത്ത് പറയുന്നുണ്ട്. The Commission has ofcourse made an observation in its report that if any region faces the calamity for such dimensions and severity as to warrant handling at the national level we are confident that the Centre will take appropriate action as the situation demands and incur the necessary expenditure. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ കേന്ദ്രം കൂടുതൽ പണം നൽകി സഹായിക്കണമെന്ന് പറഞ്ഞിട്ടുണ്ട്. നമ്മൾ കൂടുതൽ തുകയ്ക്കു വേണ്ടി പലപ്പോഴും മെമ്മോറാണ്ടം കൊടുത്തിട്ടുണ്ട്. പക്ഷേ, നമ്മുടെ ആവശ്യമനുസരിച്ചുള്ള തുക കിട്ടിയിട്ടില്ലെന്നുള്ളതാണ് ദുഃഖകരമായ സ്ഥിതി.

ശ്രീ. ജോസഫ് എം. പുതുശ്ശേരി : 9-ാം ധനകാര്യകമ്മീഷനിലെ നമുക്ക് ദ്രോഹകരമായ കാര്യങ്ങൾ ബോദ്ധ്യപ്പെടുത്തി 10-ാം ധനകാര്യ കമ്മീഷനിൽ ആവശ്യമായ ഭേദഗതി നിർദ്ദേശിക്കുമെന്ന് മന്ത്രി സൂചിപ്പിക്കുകയുണ്ടായി. ഇക്കാര്യത്തിൽ ഗവൺമെന്റ് എന്ത് നടപടിയാണ് സ്വീകരിക്കാൻപോകുന്നതെന്ന് വ്യക്തമാക്കാമോ ? കഴിഞ്ഞ പ്രകൃതി ക്ഷോഭംമൂലമുണ്ടായ നാശനഷ്ടങ്ങളുടെ അടിസ്ഥാനത്തിൽ ലോക ബാങ്കിന്റെ ധനസഹായം ലഭിക്കുന്നതിനുവേണ്ടി ഒരു പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റ് വേണ്ട ഒത്താശകൾ നൽകുമെന്ന് വ്യക്തമാക്കുകയുണ്ടായി. അതനുസരിച്ച് ഇവിടെനിന്നും ഒരു പദ്ധതി സമർപ്പിച്ചിട്ടുണ്ട്. ആ പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതിയെന്താണ് ; അതിൻമേൽ എന്ത് നടപടിയുണ്ടായി ; എന്നത്തേക്ക് ഇത് പ്രാബല്യത്തിലാക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ ?

ശ്രീ. കെ. എം. മാണി : ലോകബാങ്കിൽനിന്നും 4000-ത്തിൽപ്പരം കോടി രൂപയുടെ ധനസഹായം കിട്ടുവാൻ ഒരു പദ്ധതി സംസ്ഥാന ഗവൺമെന്റ് കേന്ദ്രഗവൺമെന്റിൽ സമർപ്പിക്കുകയുണ്ടായി. വേൾഡ്ബാങ്കിന്റെ സഹായം എന്നു പറഞ്ഞാൽ കൊടുത്താൽ ഉടനെ കിട്ടുകയില്ല. അത് കിട്ടുന്നതിനു വേണ്ടി എത്രയോ ചർച്ചകളും പ്രോസസ്സിംഗും വേണം. അത് ഡയറക്ടായിട്ട് സംസ്ഥാനഗവൺമെന്റുമായിട്ടല്ല, കേന്ദ്രഗവൺമെന്റും വേൾഡ് ബാങ്കുമായിട്ടുള്ള ചർച്ചയാണ്. അത് നെഗോഷ്യയേഷനിലും ചർച്ചയിലുമിരിക്കുകയാണ്, അന്തിമതീരുമാനമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ടി. തോമസ്: പ്രകൃതിക്ഷോഭം തുടർച്ചയായിട്ടുള്ള ഒരു പ്രോസ്സസായതുകൊണ്ടും കേന്ദ്രത്തിൽനിന്നും മററു സംഘടനകളിൽ നിന്നും കിട്ടുന്ന സഹായം തുച്ഛമായതുകൊണ്ടും ഈ സ്ഥിരം സംവിധാനത്തെ നേരിടുന്നതിനുവേണ്ടി ഒരു ഇൻഷ്വറൻസ് പദ്ധതി ആവിഷ്കരിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ; അതുസംബന്ധിച്ചുള്ള സർക്കാർ നയം വ്യക്തമാക്കുമോ ?

ശ്രീ. കെ. എം. മാണി: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വളരെ ശരിയായിട്ടുള്ള കാര്യമാണ്. ഓരോ വർഷവുമുണ്ടാകുന്ന കൃഷിനാശം, അതുപോലെ ട്രീക്രോപ്സ്നാശം ഇവയ്ക്കാവശ്യമായ നഷ്ടപരിഹാരം ഇപ്പോൾ കിട്ടുന്നില്ല. നമുക്ക് പണമില്ല. നമ്മുടെ നാഷണലൈസ്ഡ് ബാങ്കിൽ ഇഷ്ടംപോലെ രൂപ കിടക്കുന്നുണ്ട്. ആ രൂപ നമുക്ക് വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ല. കേന്ദ്രഗവൺമെൻറ് ഇത് ആലോചിക്കേണ്ട കാര്യമാണ്. നാച്വറൽ കലാമിററി എന്ന നിലയ്ക്ക് സംസ്ഥാന ഗവൺമെൻറുകൾക്ക് നൽകുന്ന തുകയിൽ കുറച്ച് മാററിവച്ചിട്ടായാലും ശരി കേന്ദ്രഗവൺമെൻറ് കുറച്ചുകൂടി പൂൾ ചെയ്തായാലും ശരി ദേശീയ നിലയിൽ എല്ലാ സംസ്ഥാനങ്ങൾക്കും കൃഷിനാശത്തിന് ഇൻഷ്വറൻസ് സ്കീം ഉണ്ടാക്കുന്നത് നല്ലതാണ്, ആവശ്യവുമാണ്. സംസ്ഥാന ഗവൺമെൻറും അതിനെക്കുറിച്ച് പര്യാലോചിക്കേണ്ടതാണ്. പലപ്പോഴും ഗവൺമെൻറിൻെറ ശ്രദ്ധയിൽ വന്നിട്ടുണ്ട്.

ശ്രീ. പി. ടി. തോമസ്: സർ, കഴിഞ്ഞ പ്രാവശ്യം പ്രകൃതിക്ഷോഭത്തിന് കിട്ടിയ അലോട്ട്മെൻറ് കുറഞ്ഞ കാര്യത്തെ സംബന്ധിച്ച് ഇന്നലെ ബഹുമാനപ്പെട്ട കെ.സി. ജോസഫിൻെറ സബ്മിഷന് മറുപടി പറഞ്ഞ അവസരത്തിൽ പഞ്ചാബിനും ഹരിയാനയ്ക്കും കൊടുത്തിരിക്കുന്ന തുകയെ സംബന്ധിച്ചും സൂചിപ്പിക്കുകയുണ്ടായി. കേന്ദ്രത്തിൽ കേരളത്തിൻെറ പൊളിററിക്കൽ ബാർഗയിനിംഗ് പവർ കുറയുന്നതുകൊണ്ടാണോ ഇങ്ങനെ ഉള്ള ആനുകൂല്യങ്ങൾ കുറയുന്നത് എന്ന് വ്യക്തമാക്കുമോ ?

ശ്രീ. കെ. എം. മാണി: കേന്ദ്രകാര്യങ്ങളെക്കുറിച്ച് എനിക്ക് വലിയ നിശ്ചയമില്ല. മററ് സംസ്ഥാനങ്ങൾക്ക് സീലിംഗ് എമൗണ്ടിന് പുറത്ത് എമൗണ്ട് കൊടുത്തുവെന്ന് എനിക്ക് വിശ്വാസമില്ല. കൊടുത്തതായിട്ട് ആധികാരികമായിട്ട് റിപ്പോർട്ടുമില്ല. അങ്ങനെ കൊടുക്കുകയാണെങ്കിൽ നമുക്കും കൂടുതൽ തരണം.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: മററ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് പ്രകൃതിക്ഷോഭംമൂലം സ്ഥിരമായി വിളകൾ നശിക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. 1000 കോടി രൂപ നാശനഷ്ടമുണ്ടായിയെന്നു പറഞ്ഞ് മെമ്മോറാണ്ടം കൊടുത്തിട്ട് 32 കോടി രൂപയാണ് കിട്ടിയത്. പ്രകൃതിക്ഷോഭത്തിന് മെമ്മോറാണ്ടം കൊടുക്കുമ്പോൾ പ്രതിപക്ഷംകൂടി പങ്കെടുത്ത് കൊടുക്കണമെന്നു പറഞ്ഞപ്പോൾ ഞങ്ങൾ പോയാൽ മതിയെന്ന് പറഞ്ഞു. നമ്മുടെ സ്റേററിൻെറ പ്രത്യേകത പരിഗണിച്ച് ഇത്തരം സംഭവം ഉണ്ടാകുന്ന സമയത്ത് പ്രതിപക്ഷത്തിൻെറ സഹായത്തോടുകൂടി ആവശ്യമായ സഹായം നേടിയെടുക്കാൻ നടപടിയെടുക്കുമോ ? ഇവിടെ മരിച്ച ആളുകളുടെ ആശ്രിതർക്കു മാത്രമാണ് എന്തെങ്കിലും കൊടുത്തിട്ടുള്ളത്. അല്ലാതെ ഭൂമിയും കൃഷിയും നശിച്ചവർക്ക് യാതൊരു സഹായവും നൽകിയിട്ടില്ല. അതുകൊണ്ട് ഇത് ഗൗരവമായി പരിഗണിക്കുമോ ?



LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി : നമ്മുടെ ഗവൺമെന്റിന് സെൻട്രലിൽ വളരെയധികം സ്വാധീനമുണ്ട്. പക്ഷേ, ധനകാര്യകമ്മീഷന്റെ ശുപാർശ മാററി പുതിയ ശുപാർശ കൊണ്ടുവരണമെങ്കിൽ വലിയ ബുദ്ധിമുട്ടാണ്. എക്സപ്ഷണൽ കേസിൽ പ്രകൃതിക്ഷോഭത്തിന് കേന്ദ്രഗവൺമെന്റ് സഹായിക്കണമെന്ന് വ്യവസ്ഥയുണ്ടെങ്കിലും ധനകാര്യകമ്മീഷനുമായിട്ട് മിക്സ് ചെയ്തു കിടക്കുന്നതുകൊണ്ട് അത് മാററുന്നതിന് സാധാരണയുള്ള നമ്മുടെ സ്വാധീനം പോരാ.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : പത്താം ധനകാര്യകമ്മീഷനിൽ എല്ലാവരുംകൂടെ യോജിച്ച് ഒരു നിർദ്ദേശം വച്ചു. ഈ പരിധി നില നിൽക്കുമ്പോൾതന്നെ മററ് സംസ്ഥാനങ്ങൾക്ക് കിട്ടി. നമ്മുടെ സംസ്ഥാനം കാണാൻ വന്ന പ്രധാനമന്ത്രി തമിഴ്നാട്ടിൽ പോയിവന്നു. തമിഴ്നാടിനും കിട്ടി, ഒറീസയ്ക്കും കിട്ടി. ആ സമയത്ത് നമുക്ക് ഒരു ചില്ലിക്കാശുപോലും കൂടുതൽ തന്നില്ല. നിങ്ങൾ എടുക്കുന്ന നിലപാട് കൊണ്ട് ഗുണം കിട്ടുകയില്ലായെന്ന് മനസ്സിലാക്കി പ്രതിപക്ഷത്തെക്കൂടെ കൂട്ടി ഇക്കാര്യത്തിൽ സംയുക്തമായ നടപടിയെടുക്കാൻ തയ്യാറാകുമോ ?

ശ്രീ. കെ. എം. മാണി : പ്രതിപക്ഷംകൂടെ ഒരുമിച്ച് പോയാൽ കൂടുതൽ ഗുണമുണ്ടാകുമെങ്കിൽ തീർച്ചയായും അങ്ങനെ ചെയ്യാം. നമ്മൾ മെമ്മോറാണ്ടം കൊടുത്തിട്ടുണ്ട്. ഇഷ്ടംപോലെ ചർച്ചയും ചെയ്തിട്ടുണ്ട്. വളരെയധികം സമ്മർദ്ദങ്ങൾ ചെലുത്തിയിട്ടുണ്ട്. പക്ഷേ, കേന്ദ്രഗവൺമെന്റ് ഇതുവരെ അനുഭാവപൂർണ്ണമായ നിലപാട് അക്കാര്യത്തിൽ എടുത്തിട്ടില്ല. ഇക്കാര്യത്തെ സംബന്ധിച്ച് ഭരണപ്രതിപക്ഷവ്യത്യാസമില്ലാതെ എല്ലാ എം.പി. മാരും ഇക്കാര്യം പാർലമെന്റിൽ പറയണം. നമുക്ക് അഭിപ്രായവ്യത്യാസം ഇല്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിന്റെ സ്പിരിററ് ഗവൺമെന്റ് സ്വീകരിക്കുകയാണ്.

ശ്രീ. എം. വിജയകുമാർ : 9-ാം ധനകാര്യകമ്മീഷൻ പരിധി നിശ്ചയിച്ചത് നമ്മുടെ സംസ്ഥാനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടെന്നാണ് അദ്ദേഹം പറഞ്ഞത്. അങ്ങനെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടെങ്കിൽ അത് പരിഹരിക്കാൻ നമ്മുടെ മുഖ്യമന്ത്രി ഒരു വാക്ക് പറഞ്ഞാൽ പോരേ ? മുഖ്യമന്ത്രി പറയുന്നത് അവർ അംഗീകരിക്കുന്നില്ലെങ്കിൽ അവരെക്കൊണ്ട് അംഗീകരിപ്പിക്കാൻ മററ് മാർഗ്ഗങ്ങളില്ലെങ്കിൽ തമിഴ്നാട് മോഡൽ ഉണ്ണാവ്രതമെടുക്കാൻ അങ്ങ് തയ്യാറാകുമോ ?

ശ്രീ. കെ. എം. മാണി : സർ, മുഖ്യമന്ത്രിക്ക് സ്വാധീനമുണ്ട്; സ്റേററിനും സ്വാധീനമുണ്ട്. പക്ഷേ 9-ാം ധനകാര്യകമ്മീഷന്റെ ശുപാർശ കേന്ദ്രഗവൺമെന്റ് മുൻപേ അംഗീകരിച്ചുപോയതുകൊണ്ട് അതിപ്പോൾ ഒരു മുഖ്യമന്ത്രിക്കു മാത്രമായിട്ട് മാററാനൊക്കുകയില്ല. എല്ലാ മുഖ്യമന്ത്രിമാരും ചർച്ചചെയ്ത് വീണ്ടുമൊരു മെമ്മോറാണ്ടമുണ്ടാക്കി കൊണ്ടുവരണം. അതിൽ തീർച്ചയായും നമ്മുടെ മുഖ്യമന്ത്രിയുടെ സ്വാധീനം ഉണ്ടാകും. പത്താം ധനകാര്യകമ്മീഷനിൽ ആ സ്വാധീനം റിഫ്ളക്ട് ചെയ്യുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

ശ്രീ. എം. വിജയകുമാർ : സർ, കഴിഞ്ഞ കാലവർഷമുണ്ടായപ്പോൾ പ്രധാനമന്ത്രി ഇവിടെയും തമിഴ്നാട്ടിലും വന്നു നോക്കിയിട്ട് പോയതിനെ തുടർന്ന് അന്ന് കേന്ദ്രഗവൺമെന്റിന്റെ ഒരു നിർദ്ദേശമുണ്ടായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിൽ പ്രകൃതിക്ഷോഭംമൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് പൂർണ്ണമായ പരിഹാരം കാണാൻ കേന്ദ്രഗവൺമെന്റിന്റെ സഹായത്തോടുകൂടി ലോകബാങ്കിൽ ഒരു സ്കീം സമർപ്പിക്കുമെന്ന് അദ്ദേഹം സൂചിപ്പിച്ചു. അങ്ങനെ ഏതെല്ലാം സെക്ടറിൽ ഇത്തരത്തിലുള്ള സ്കീമുകൾ അംഗീകരിച്ചിട്ടുണ്ട്; അതിന്റെ ടോട്ടൽ ഔട്ട്ലേ എത്രയാണ്, അത് കേന്ദ്രഗവൺമെന്റിന് എന്നാണ് സമർപ്പിച്ചത്; കേന്ദ്രഗവൺമെന്റിന്റെ നിലപാട് വ്യക്തമാക്കിയിട്ടുണ്ടോ?

ശ്രീ. കെ. മാണി : സർ, അത് 4000 കോടി രൂപയുടെ മെമ്മോറാണ്ടമാണ്. എല്ലാ ഡിപ്പാർട്ടുമെന്റിനുംകൂടി ഉള്ളതാണ്. ഇഷ്ടംപോലെ തുകയുണ്ട്. 300 കോടി രൂപ, 400 കോടി രൂപ, 500 കോടി രൂപ ഇങ്ങനെ ഓരോ ഡിപ്പാർട്ടുമെന്റിനും ഉണ്ട്. ആ നിലയ്ക്ക് തുകയിൽ കുഴപ്പമില്ല. അത് നെഗോസിയേഷനിലിരിക്കുകയാണ്. നമുക്ക് ഡയറക്ടായിട്ട് ഈ സംസ്ഥാനത്തിന് മാത്രം എന്ന് പറയാൻ കഴിയില്ല.

ശ്രീ. എം. എം. ഹസ്സൻ : സർ, പ്രകൃതിക്ഷോഭ സഹായത്തിന് പരിധി ഏർപ്പെടുത്തരുതെന്ന് ധനകാര്യ കമ്മീഷനോട് നമ്മൾ ആവശ്യപ്പെട്ടതുപോലെതന്നെ സംസ്ഥാനത്തിന് അനുവദിച്ച് കിട്ടുന്ന തുക ഓരോ സെക്ടറിലും വിനിയോഗിക്കുന്നതിന് എന്തെങ്കിലും മാനദണ്ഡം വച്ചിട്ടുണ്ടോ ; കൃഷികൾക്കുണ്ടാകുന്ന നാശം, റോഡുകൾക്കുണ്ടാകുന്ന നാശം, കടൽക്ഷോഭംമൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾ, ആളുകൾ മരിക്കുകയും വീടുകൾ നഷ്ടപ്പെടുകയും ചെയ്യുന്നത് ഇതിനൊക്കെ തുക അനുവദിക്കുന്നതിന് എന്തെങ്കിലും മാനദണ്ഡമുണ്ടോ ; ഇല്ലെങ്കിൽ പ്രത്യേകമായ മാനദണ്ഡമുണ്ടാക്കുന്നതിന് ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. കെ. എം. മാണി : സർ, ചില കൊല്ലം കടലാക്രമണമായിരിക്കും കൂടുതൽ. ചില കൊല്ലം വീടുകളായിരിക്കും കൂടുതൽ പോകുന്നത്. ചില കൊല്ലം കൃഷിയായിരിക്കും കൂടുതൽ പോകുന്നത്. അങ്ങനെ ഓരോ കൊല്ലവും ഉണ്ടാകുന്ന നാശനഷ്ടങ്ങളുടെ Dimension-ം അതിന്റെ നേച്ചറും അതിന്റെ സ്വഭാവവും മനസിലാക്കിക്കൊണ്ട് അതാത് കൊല്ലം അതാത് കാര്യത്തിന് എന്ന ഒരു നയമാണ് നമുക്ക് വേണ്ടത്. അല്ലാതെ സ്റ്റാറ്റിസ്റ്റിക്കായിട്ട് ഒരു നയം എടുക്കാനൊക്കുകയില്ല.

ശ്രീ. ഇ. കെ. നായനാർ : സർ, 9-ാം ധനകാര്യ കമ്മീഷൻ പരമാവധി 31 കോടി രൂപയാണ് അനുവദിച്ചത്. അതിന് ബഹുമാനപ്പെട്ട മാണി തന്നെയാണ് ഉത്തരവാദി. ഈ 31 കോടി ഫിക്സ് ചെയ്യാൻ കാരണം നമ്മുടെ സ്റ്റേറ്റ് മിച്ചസംസ്ഥാനമായിട്ടാണ് കാണിച്ചിരിക്കുന്നത്. ശ്രീ. മാണിയാണല്ലോ കണക്ക് കൊടുത്തത്. അതിന്റെ ഫലമായിട്ട് നമുക്ക് റെഡ്യൂസ് ചെയ്തു. യു. പി. യിലും കാശ്മീരിലും എല്ലാം വെള്ളപ്പൊക്കം വന്ന സമയത്ത് കോടിക്കണക്കിന് രൂപ കൊടുക്കുകയുണ്ടായി. കേരളത്തിന് 31 കോടി രൂപ കിട്ടിയിട്ടില്ല 2,000 കോടി രൂപയുടെ നാശനഷ്ടമുണ്ടായി. കൃഷിക്കാരുടെ ഉൽപ്പന്നങ്ങൾക്കും വീടുകൾക്കും റോഡുകൾക്കും മററും നാശം വന്നതെല്ലാംകൂടി 2,000 കോടി രൂപയുടെ നഷ്ടമുണ്ടായി. കിട്ടിയത് 25 കോടി രൂപയാണ്. ആ രൂപത്തിൽ പറഞ്ഞ് പണം വാങ്ങാൻ തന്നെ ഈ ഗവൺമെന്റ് മുതിർന്നിട്ടില്ല. പ്രത്യേകിച്ചും ഞങ്ങൾ അന്ന് ഇതിനെപ്പററി ചർച്ച ചെയ്തപ്പോൾ എല്ലാവരും പോയി സമ്മർദ്ദം ചെലുത്തണമെന്ന് പറഞ്ഞപ്പോൾ പറഞ്ഞത് വേണ്ട കരുണാകരൻ മാത്രം പോയാൽമതി, അദ്ദേഹം വർക്കിംഗ് കമ്മിററി മെമ്പറല്ലേ പൈസ കിട്ടുമെന്നാണ്. അവസാനം 25 കോടി രൂപയിൽ കൊണ്ടുനിർത്തി. ആ തരത്തിൽ ഈ സമ്പ്രദായം മാററി തങ്ങൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

ഇഷ്ടമുള്ള സ്റേറററുകൾക്ക് 100 കണക്കിന് കോടി രൂപ കൊടുക്കുകയും നമുക്ക് തരാതിരിക്കുകയും ചെയ്യുന്ന ഈ സമ്പ്രദായം മാററാൻ ഈ ഗവൺമെൻറ് എല്ലാ കക്ഷികളുടെയും സഹായസഹകരണം തേടി പ്രവർത്തിക്കുമോ ?

ശ്രീ. കെ. എം. മാണി : സർ, 9-ാം ധനകാര്യ കമ്മീഷൻെറ 31 കോടി രൂപയുടെ നോംസ് ഞാനാണുണ്ടാക്കിയതെന്നാണ് ബഹുമാനപ്പെട്ട നായനാർ പറയുന്നത്. അങ്ങ് മുഖ്യമന്ത്രിയായിരുന്നപ്പോൾ 1990-ലാണ് 9-ാം ധനകാര്യ കമ്മീഷൻെറ റിപ്പോർട്ട് വന്നത്. ഈ 31 കോടി രൂപയുടെ സീലിംഗ് ഞങ്ങൾ എന്ത് ചെയ്യാനാണ്. അതുകൊണ്ട് ഈ സീലിംഗുമായിട്ടാണ് ഞങ്ങൾ അധികാരത്തിൽ വന്നത്. ബഹുമാനപ്പെട്ട അന്നത്തെ മുഖ്യമന്ത്രി അത് നോക്കേണ്ടതായിരുന്നു. ബഹുമാനപ്പെട്ട നായനാരുടെ കാലഘട്ടത്തിൽ ആ ചർച്ചകളൊക്കെ നടന്നതാണ്. ആ ചർച്ച ഉരുത്തിരിഞ്ഞത് ആ കാലഘട്ടത്തിലാണ്. ഇവിടെ ബഹുമാനപ്പെട്ട നായനാർ പറഞ്ഞത് ഇൻഡ്യയിലെ മററ് സംസ്ഥാനങ്ങൾക്ക് സീലിംഗിന് പുറത്ത് തുക കിട്ടി എന്നാണ്. അങ്ങനെ സീലിംഗിന് പുറത്ത് തുക കിട്ടി എന്ന് ഗവൺമെൻറിനറിയില്ല. അങ്ങനെ കൊടുക്കാൻ ന്യായമില്ല. കൊടുത്തിട്ടുണ്ടെങ്കിൽ അഡ്വാൻസായിട്ടായിരിക്കും കേരളത്തിന് അഡ്വാൻസ് നൽകിയതുപോലെ മററ് സംസ്ഥാനങ്ങൾക്കും കൊടുത്തത് അഡ്വാൻസ് ഇനത്തിൽ ആയിരിക്കും.

ശ്രീ. വി. വി. രാഘവൻ : സർ, എല്ലാ വിളകളേയും ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു ഇൻഷ്വറൻസ് നിയമമുണ്ടാക്കണമെന്ന് എം. എസ്. കെ. രാമസ്വാമി കമ്മീഷൻ റിപ്പോർട്ട് ചെയ്യുകയും അതിൻെറ അടിസ്ഥാനത്തിൽ ഒരു ഡ്രാഫ്ററ് ബിൽ ഉണ്ടാക്കാൻ ശ്രമം നടത്തുകയും ചെയ്തു. നമുക്ക് ഇവിടെ എല്ലാ വിളകളേയും ഉൾക്കൊള്ളിച്ചുകൊണ്ട് സംസ്ഥാനത്ത് ഇൻഷ്വറൻസ് നിയമം നടപ്പാക്കാമോ എന്നുള്ളതിനെ സംബന്ധിച്ച് ഒരു വലിയ തർക്കം വന്നു. ആ തർക്കത്തെ സംബന്ധിച്ച് എം. എസ്. കെ. രാമസ്വാമി കമ്മീഷൻ അന്വേഷിച്ച് സംസ്ഥാനത്ത് അങ്ങനെ ഒരു വിള ഇൻഷ്വറൻസ് നിയമമുണ്ടാക്കാമെന്ന് റിപ്പോർട്ട് നൽകുകയും അതിൻെറ അടിസ്ഥാനത്തിൽ പ്രവർത്തിക്കുകയും ചെയ്തിരുന്നു. പിന്നീട് അതിനെക്കുറിച്ചൊന്നും കേട്ടില്ല. അത് സംബന്ധിച്ച് അന്വേഷിക്കുമോ ?

ശ്രീ. കെ. എം. മാണി : പല കാലഘട്ടങ്ങളിലും നമ്മളെല്ലാവരും വളരെ ആത്മാർത്ഥമായി ചില എളിയ ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. ഒന്നും ഫലപ്രാപ്തിയിലായിട്ടില്ല. ആ റിപ്പോർട്ടുണ്ട്. അതുപോലെ പല റിപ്പോർട്ടുകളും കാണും. പല അഭിപ്രായങ്ങളും കാണും. ഒരു റിപ്പോർട്ടുമില്ലെങ്കിൽപ്പോലും ഈ വിളകൾക്കെല്ലാം ഇൻഷ്വറൻസ് ഏർപ്പെടുത്താവുന്നതാണ്, ഏർപ്പെടുത്തേണ്ടതാണ്. അടിയന്തിരമായി കേന്ദ്ര ഗവൺമെൻറും ആ കാര്യത്തെപററി ചിന്തിക്കണമെന്നുള്ളത് ഞങ്ങളുടെ അഭിപ്രായമാണ്. നമുക്ക് അതിനെക്കുറിച്ച് ആലോചിക്കാം.

ശ്രീ. എ. സി. ഷൺമുഖദാസ് : 9-ാം ധനകാര്യ കമ്മീഷൻ സീലിംഗ് ഏർപ്പെടുത്തി. പ്രകൃതിക്ഷോഭത്തിന് സീലിംഗ് ഇല്ല. ആര് വിചാരിച്ചാലും പ്രകൃതിക്ഷോഭത്തിന് സീലിംഗ് വയ്ക്കാൻ പററില്ല. അപ്പോൾ പ്രകൃതിക്ഷോഭത്തിന് സീലിംഗ് ഇല്ലാത്തിടത്തോളം കാലം പ്രകൃതിക്ഷോഭത്തിന് കൊടുക്കുന്ന സഹായത്തിന് സീലിംഗ് എന്ന് പറയുന്നത് ശരിയാണോ ; ഇത് സംബന്ധിച്ച് നയപരമായ ഒരു പൊളിച്ചെഴുത്ത് വേണമെന്ന ശക്തമായ നിലപാട് ഈ ഗവൺമെൻറ് എടുക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി : പ്രകൃതിക്ഷോഭത്തിന് സീലിംഗ് ഇല്ലെങ്കിലും ഇൻഡ്യാ ഗവൺമെൻറിൻേറയും സംസ്ഥാന ഗവൺമെൻറിൻേറയും വിഭവങ്ങൾക്ക് പരിധിയുമുണ്ട്, സീലിംഗുമുണ്ട്. അതുകൊണ്ട് നമ്മൾ പറയുന്നതുപോലെ എല്ലാ കാര്യങ്ങൾക്കും തുക കൊണ്ടുവരാനൊക്കുമോ ? ഈ സീലിംഗ് എങ്ങനെയാണ് നിശ്ചയിക്കുന്നത് ? 1990-ന് പുറകോട്ടുള്ള പത്ത് വർഷത്തെ ഇൻഡ്യാ ഗവൺമെൻറ് നൽകിയ തുകയുടെ ശരാശരിയാണ്. ഓരോ സംസ്ഥാനങ്ങൾക്കുണ്ടായ നഷ്ടത്തിൻേറ ശരാശരിയല്ല. കൊടുത്ത മെമ്മോറാണ്ടത്തിലെ കണക്കിൻെറ ശരാശരിയുമല്ല. ഇൻഡ്യാ ഗവൺമെൻറ് നൽകിയ പണത്തിൻെറ ശരാശരിയാണ് എടുത്തത്. അതനുസരിച്ചാണ് നമുക്ക് 31 കോടി രൂപ അനുവദിച്ചത്. നമുക്കുണ്ടായ നഷ്ടമാണെങ്കിൽ അതിൻെറ ശരാശരി എടുത്താൽ ഇതിനേക്കാൾ കൂടുതൽ തുക വരും. അതുകൊണ്ട് നോംസിനെ സംബന്ധിച്ചിടത്തോളം 9-ാം ധനകാര്യ കമ്മീഷനെടുത്ത നോംസ് ശാസ്ത്രീയമല്ല. ശാസ്ത്രീയമായ നോംസുണ്ടാക്കണമെന്നുള്ളതിൽ അഭിപ്രായ വ്യത്യാസമില്ല.

ശ്രീ. എം. സി. ചെറിയാൻ : സർ, കേരളത്തെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ വർഷത്തെ പ്രളയക്കെടുതിയിൽ വീടുകൾ നഷ്ടപ്പെട്ടവർക്കുവേണ്ടി അധിക തുകയായി 40 കോടിയോ, 44 കോടിയോ നമ്മുടെ സംസ്ഥാനത്തിന് തന്നിട്ടുണ്ട്. എന്ന് പറഞ്ഞാൽ കഴിഞ്ഞ വർഷമുണ്ടായ പ്രളയം അത്ര ഭീകരമായിരുന്നുവെന്നും കേരളത്തിൽ കൂടുതൽ നഷ്ടമുണ്ടായിട്ടുണ്ടെന്നും കേന്ദ്ര ഗവൺമെൻറ് അംഗീകരിച്ചിരിക്കുകയാണ്. അതുകൊണ്ട് മററ് മേഖലകളിൽക്കൂടി ആ ആനുകൂല്യം കിട്ടുന്നതിനുള്ള സമ്മർദ്ദം ചെലുത്തുമോ ; അതുപോലെതന്നെ സംസ്ഥാന ഗവൺമെൻറിന് ലഭിച്ച ഈ 31 കോടി രൂപയിൽ സംസ്ഥാന വിഹിതം വല്ലതുമുണ്ടോ ; ഉണ്ടെങ്കിൽ ആ വിഹിതം കൂടി കേന്ദ്രത്തിൽനിന്ന് കിട്ടുന്നതിനുവേണ്ടിയുള്ള സമ്മർദ്ദം ചെലുത്തുമോ ?

ശ്രീ. കെ. എം. മാണി : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് നല്ല ഒരു പുതിയ പോയിൻറാണ്. ഈ 31 കോടി രൂപയിൽ നാലിൽമൂന്ന് കേന്ദ്രം നോൺപ്ലാൻ ഗ്രാൻറായി തരികയാണ്. നാലിലൊന്ന് എന്ന് പറയുന്ന ആറേഴുകോടി രൂപ നമ്മളുണ്ടാക്കണം. കഴിഞ്ഞ ഗവൺമെൻറിൻെറ കാലഘട്ടത്തിൽ ബഡ്ജററിൽ അഞ്ച് ലക്ഷം രൂപയാണ് ഇതിനുവേണ്ടി ഉൾക്കൊള്ളിച്ചിരുന്നത്. അതിൻെറ സ്ഥാനത്ത് ഇപ്പോൾ നമ്മൾ ഏഴ് കോടി രൂപ ഉണ്ടാക്കണം. ഈ നോംസാണ് നിലനിൽക്കുന്നതെങ്കിൽ ഈ 31 കോടി രൂപയും കേന്ദ്ര ഗവൺമെൻറ് നൽകേണ്ടതാണ്. ഈ 31 കോടി രൂപയും കേന്ദ്ര ഗവൺമെൻറ് നോൺ പ്ലാൻ ഗ്രാൻറായി നൽകുന്നുവെങ്കിൽ അത്രയും ആശ്വാസം നമുക്കുണ്ടാകുന്നതാണ്. പത്താം ധനകാര്യ കമ്മീഷനുമായി ചർച്ച ചെയ്യുമ്പോൾ ഈ വിഷയം കൊണ്ടുവരാം. 9-ാം ധനകാര്യ കമ്മീഷൻെറ ചർച്ചയിൽ ഈ വിഷയം ഉണ്ടായതാണ്. അത് അക്സപ്ററ് ചെയ്തില്ല. വീണ്ടും പത്താം ധനകാര്യ കമ്മീഷൻെറ ചർച്ചയിൽ ഈ 31 കോടി രൂപയും കേന്ദ്രഗവൺമെൻറ് നൽകണമെന്നുള്ള അഭിപ്രായം നമുക്ക് കൊണ്ടുവരാവുന്നതാണ്.

ശ്രീ. ബേബി ജോൺ : കഴിഞ്ഞ പ്രാവശ്യമുണ്ടായ പ്രകൃതിക്ഷോഭം അസാധാരണമായ ഒരു സംഭവമായിരുന്നു. നമ്മുടെ പ്രധാനമന്ത്രി തമിഴ്നാടും കർണ്ണാടകവും കേരളവും സന്ദർശിക്കുകയും ചെയ്തു. തമിഴ്നാടിന് പ്രത്യേകമായ സഹായം നൽകിയെന്ന് പത്രത്തിലുണ്ടായിരുന്നു, മററ് സംസ്ഥാനങ്ങൾക്കും നൽകുന്നുണ്ടെന്നാണ് ഞങ്ങളുടെ അറിവ്. ഗവൺമെൻറ് ആ കാര്യത്തെക്കുറിച്ച് പരിശോധിക്കണം. ഇത് നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തിന്റെ പ്രശ്നമാണ്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി തന്നെ പറയുമ്പോൾ വാക്കുകൾ വളരെ അളന്ന് തൂക്കിയാണ് പറയുന്നത്. കാരണം, നമ്മുടെ പ്രത്യേകമായ ഗ്രാൻറ്, പ്രത്യേകമായ സഹായം അഡ്ജസ്റ്റ്മെൻറ് ഒഴികെ, വായ്പ ഒഴികെ, അടുത്ത വർഷം കിട്ടാനുള്ളത് അഡ്വാൻസായി തന്നതൊഴികെ യാതൊന്നും കിട്ടിയിട്ടില്ല. പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിൽനിന്നും ചെറിയൊരു തുകയിൽ കവിഞ്ഞ് യാതൊന്നും ഗ്രാൻറായിട്ട് കിട്ടിയിട്ടില്ല. നമുക്ക് അർഹതപ്പെട്ടത് അടുത്തവർഷം കിട്ടാനുള്ളത് ഇങ്ങോട്ട് അഡ്ജസ്റ്റ് ചെയ്തതിൽ കവിഞ്ഞ് ഒന്നും കിട്ടിയിട്ടില്ല. അതുപോലെതന്നെ Ways and Means-നുള്ള അഡ്വാൻസ് പലിശയോടുകൂടി തിരിച്ച് കൊടുക്കും. ആ സ്ഥിതിയിൽ മാററം വരുത്താൻ മററ് സംസ്ഥാനങ്ങളിൽ കിട്ടിയെന്ന് ഞങ്ങൾ ആത്മാർത്ഥമായി വിശ്വസിക്കുന്നു. ഇതു പത്രങ്ങളിൽവന്ന വാർത്തയാണ്, അത് കണക്കിലെടുത്തുകൊണ്ട് ഒന്നുമില്ലെങ്കിൽ അവർക്ക് കിട്ടിയതുപോലെയെങ്കിലുമുള്ള സഹായം വാങ്ങുന്നതിനുള്ള പരിശ്രമം നടത്തിക്കൂടേ ?

ശ്രീ. കെ. എം. മാണി : ബഹുമാനപ്പെട്ട ബേബി ജോൺ, ഞാൻ വളരെ അളന്ന് തൂക്കിയാണ് വാക്കുകൾ പറഞ്ഞിരിക്കുന്നതെന്ന് പറഞ്ഞു. ഞങ്ങൾ ആത്മാർത്ഥമായി വിശ്വസിക്കുന്നു. ആർക്ക് കൊടുത്തുവെന്ന് പ്രതിപക്ഷത്തിനുപോലും ഖണ്ഡിതമായി പറയാൻ സാധിക്കുകയില്ല.

ശ്രീ. ബേബി ജോൺ : ഹിന്ദു പത്രത്തിൽ വന്ന വാർത്ത ഈ സഭയിൽ വായിച്ചതാണ്. അന്ന് ആരും നിഷേധിച്ചതുമില്ല. തമിഴ്നാട് ഗവൺമെൻറിന് പ്രത്യേക സഹായം നൽകിയെന്ന് പത്രത്തിൽ വാർത്ത ഉണ്ടായിരുന്നു.

ശ്രീ. കെ. എം. മാണി : ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഉപദേശവും കൂടി സ്വീകരിച്ചുകൊണ്ട് പറയുകയാണ്. ഒരു സംസ്ഥാനത്തിനും സീലിംഗിന് അപ്പുറത്തേക്ക് തുക കൊടുത്തിട്ടില്ല. അങ്ങനെ കൊടുത്തിട്ടുണ്ടെങ്കിൽ കേരളത്തിന് തന്നിട്ടുള്ളതുപോലെ അഡ്വാൻസായി കൊടുത്തിരിക്കും.

ശ്രീ. സി. പി. ബാലൻ വൈദ്യർ : ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി, നമ്മുടെ സംസ്ഥാന ഗവൺമെൻറിന് കേന്ദ്രത്തിൽ അതിയായ സ്വാധീനമുണ്ടെന്ന് സൂചിപ്പിക്കുകയുണ്ടായി. ആ സ്വാധീനത്തിന്റെ ഫലമായി എന്ത് പ്രത്യേക ആനുകൂല്യമാണ് നമ്മുടെ സംസ്ഥാനത്തിന് നേടിയെടുക്കാൻ കഴിഞ്ഞതെന്ന് പറയുമോ; കേന്ദ്രം എന്ത് തെററ് ചെയ്താലും നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കരുണാകർജി അതിനെയെല്ലാം ന്യായീകരിക്കുന്ന ഒരു സ്ഥിതിയുള്ളതുകൊണ്ട് ഇവിടെ ഒന്നും തന്നിട്ടില്ലെങ്കിലും കുഴപ്പമില്ലെന്നുള്ള ധാരണയല്ലേ കേന്ദ്രഗവൺമെൻറിനുള്ളത് ?

ശ്രീ. കെ.എം.മാണി : ഡിമാൻഡ്സ് ഫോർ ഗ്രാൻറ്സിന്റെ ചർച്ച മുഴുവൻ ഇന്നലെയാണ് കഴിഞ്ഞത്. കേന്ദ്രം നൽകിയതിന്റെ കണക്കുകളൊക്കെ പറഞ്ഞിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തിന്റെ ചരിത്രത്തിൽ വളരെയധികം അഭിമാനകരമായ നിക്ഷേപങ്ങൾ കേരള സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം കേരളത്തിൽ കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. അതാണ് നമ്മുടെ സ്വാധീനം. ആ നിലയ്ക്കാണ് കാണേണ്ടത്. ബഹുമാനപ്പെട്ട മെമ്പർ തന്നെ കാടടച്ച് ഒന്നും കിട്ടിയിട്ടില്ലെന്ന് പറയുന്നതുകൊണ്ട് അർത്ഥമൊന്നുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. എസ്. അച്യുതാനന്ദൻ: ബഹുമാനപ്പെട്ട റവന്യൂവകുപ്പു മന്ത്രിയുടെ മറുപടി ചോദ്യത്തിന് പ്രധാനമായും ആധാരമായ പ്രശ്നത്തിൽനിന്ന് ഗതിമാറി പോകുന്നുണ്ടോയെന്നാണ് എന്റെ സംശയം. സീലിംഗ് അനുസരിച്ച് തന്നിട്ടുണ്ട്. സീലിംഗിന് വിധേയമായി മാത്രമേ മററ് സംസ്ഥാനങ്ങളിൽ കൊടുത്തിട്ടുള്ളുവെന്ന് വാദിച്ച് പ്രധാന പ്രശ്നത്തിൽനിന്നും വിട്ടുപോകാൻ ഇടയാകുന്നുവെന്നാണ് ഞാൻ ന്യായമായി സംശയിക്കുന്നത്. പ്രധാന പ്രശ്നം എന്തെന്ന് പറഞ്ഞാൽ, രണ്ട് സന്ദർഭങ്ങളിലായി നടന്ന നമ്മുടെ ദുരന്തം—നമ്മുടെ പ്രകൃതിദത്തമായിട്ടുള്ള ദുരന്തം—അസാധാരണമായിരുന്നു. നമ്മുടെ സംസ്ഥാനത്തിനുള്ളിൽ നിൽക്കുന്നതിനേക്കാൾ അതീതമായിട്ടുള്ള ഒരു ദേശീയദുരന്തമായിരുന്നു. ആ ദേശീയ ദുരന്തത്തിന്റെ ഫലമായി രണ്ടായിരത്തിൽപ്പരം കോടി രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ടെന്നാണ് അങ്ങ് തന്നെ ഇവിടെ പറഞ്ഞിട്ടുള്ളത്. ആ ദേശീയ ദുരന്തത്തിന് അർഹമായിട്ടുള്ളതരത്തിൽ സഹായം നമുക്ക് കിട്ടിയോ, കിട്ടിയില്ലെങ്കിൽ അത് വാങ്ങുന്നതിനുള്ള നിലപാടെടുക്കണ്ടേ. പരിധിക്കകത്താണ് തമിഴ്നാട്ടിലും ഒറീസയിലുമൊക്കെ കൊടുത്തിട്ടുള്ളതെന്ന് പറഞ്ഞ് ന്യായീകരിച്ചാൽ മതിയോ, ഈ കാര്യത്തിൽ നമ്മുടെ അവകാശം നിഷേധിക്കപ്പെടില്ലേ?

ശ്രീ. കെ. എം. മാണി: ഈ കാര്യത്തിൽ നമുക്ക് രണ്ടുപേർക്കും യാതൊരു അഭിപ്രായ വ്യത്യാസവുമില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ ആത്മാർത്ഥമായ സമീപനം ഞാൻ ബഹുമാനിക്കുന്നു. ഞങ്ങൾക്കും ആ സമീപനം തന്നെയാണ്. കാരണം നമുക്കുണ്ടായ ദുരന്തം ഒരു ദേശീയ ദുരന്തം പോലെയാണ്. നമുക്ക് അർഹമായതും ആവശ്യമായതും കേന്ദ്രത്തിൽനിന്നും ലഭിച്ചിട്ടില്ല. കേന്ദ്രം നമ്മോട് കനിയേണ്ടതാണ്. കേന്ദ്രം നമുക്ക് കാര്യമായ സഹായം നൽകേണ്ടതാണ്. യാതൊരു അഭിപ്രായ വ്യത്യാസവും ഈ കാര്യത്തെ സംബന്ധിച്ചില്ല. എപ്പോഴും നിയമസഭയിൽ ഇത് പറഞ്ഞിട്ടുള്ളതാണ്. അതുകൊണ്ട് തീർച്ചയായും ആ കാര്യത്തെ സംബന്ധിച്ച് ശ്രമിക്കാം. ധനകാര്യ കമ്മീഷന്റെ ഈ കടമ്പ കടക്കാതെ നമുക്ക് നിർവാഹമില്ല. അങ്ങനെയുള്ള ബുദ്ധിമുട്ടാണ് ഇതിന്റെ പിന്നിലുള്ളതെന്നുള്ളത് മനസിലാക്കണമെന്നുള്ളത് മാത്രമേയുള്ളു.

ശ്രീ. സത്യൻ മൊകേരി: വേൾഡ് ബാങ്കിന്റെ സഹായം ലഭിക്കാൻ സംസ്ഥാന ഗവൺമെന്റ് 4,000 കോടി രൂപയുടെ പദ്ധതി തയ്യാറാക്കി കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചുവെന്നു പറഞ്ഞു. കേന്ദ്രഗവൺമെന്റ് ഈ പദ്ധതി ലോക ബാങ്കിന് സമർപ്പിച്ചിട്ടുണ്ടോ? ഇതുവരെ സമർപ്പിച്ചിട്ടില്ലായെന്ന പത്രവാർത്ത വന്നത് ശരിയാണോ, എന്തുകൊണ്ടാണ് സമർപ്പിക്കാൻ വൈകിയത്. ഇനിയെങ്കിലും സമർപ്പിച്ചില്ലെങ്കിൽ ലോക ബാങ്കിന് സമർപ്പിച്ച് സംസ്ഥാനത്തിന് അർഹതപ്പെട്ട ആനുകൂല്യങ്ങൾ വാങ്ങിക്കുന്നതിന് ശ്രമം നടത്തുമോ?

ശ്രീ. കെ. എം. മാണി: തീർച്ചയായിട്ടും ഇത് ഊർജ്ജിതപ്പെടുത്താൻ ശ്രമിക്കാം. അത് നമ്മുടെ കൈയിൽ മാത്രം നിൽക്കുന്നതല്ല. അത് വേൾഡ് ബാങ്കുമായിട്ട് നെഗോഷിയേററ് ചെയ്യേണ്ടതാണ്. വേൾഡ് ബാങ്കിന്റെ നെഗോഷിയേഷനിലിരിക്കുകയാണ്. കൂടുതലായിട്ടൊന്നും എനിക്ക് അതിനെ കുറിച്ച് പറയാനില്ല. ഏതായാലും കേന്ദ്രഗവൺമെന്റുമായിട്ട് സമ്മർദ്ദം ചെലുത്തിക്കൊണ്ട് ഇതിന്റെ ചർച്ച ത്വരിതപ്പെടുത്താൻ നടപടികൾ സ്വീകരിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി അമ്മ: കഴിഞ്ഞ വെള്ളപ്പൊക്കക്കാലത്ത് ചെയ്തുതീർത്ത റോഡ് വർക്കുകൾ, ചെയ്ത് തീർത്ത ഇറിഗേഷൻ വർക്കുകൾ, വീട് പോയതായ കേസുകൾ, കഴിഞ്ഞ വർഷം കൃഷിക്കുവേണ്ടി കൊടുക്കാനുള്ളത്, പി.ഡബ്ല്യു.ഡി. വർക്കുകൾ, വീട് നഷ്ടപ്പെട്ടവരുടെ കണക്ക് ഇവ എടുത്തിട്ടുണ്ടെന്ന് പറഞ്ഞു, ഇതിനൊക്കെ ഓരോ സ്ഥലത്ത് എത്ര കൊടുത്തുതീർക്കാനുണ്ട്. കൃഷിക്ക് കൊടുക്കാനുള്ള ലിസ്റ്റ് പ്രസിദ്ധീകരിച്ചതിൽ ബാക്കി എത്ര കൊടുക്കാനുണ്ടെന്നും വ്യക്തമാക്കാമോ?

ശ്രീ. കെ. എം. മാണി: ധനകാര്യ കമ്മീഷന്റെ സഹായപരിധിയെ സംബന്ധിച്ചുള്ള ചോദ്യമാണ്. എത്ര തുകകൾ ഓരോ സ്ഥലത്തും കൊടുത്ത് തീർക്കാനുണ്ടെന്നുള്ളത് പ്രത്യേക ചോദ്യമാണ്. അതിന് പിന്നീട് ഞാൻ ഉത്തരം പറയാം.

## പ്രമാണത്തിൽ വില കുറച്ച് കാണിക്കുന്നവർക്കെതിരെ നടപടി

* 4. [234] ശ്രീ. എ. സുജനപാൽ:
ശ്രീമതി കെ.സി.റോസക്കുട്ടി:
ശ്രീ. കെ. സുധാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ഥലം വിൽപ്പന നടത്തുമ്പോൾ പ്രമാണത്തിൽ വില കുറച്ച് കാണിച്ച് രജിസ്റ്റർ ചെയ്യുന്നവർക്കെതിരെ ഗവൺമെന്റ് സ്വീകരിക്കുന്ന നടപടി എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇത്തരത്തിലുള്ള എത്ര കേസ്സുകൾ ഉണ്ടായിട്ടുണ്ടെന്നും പിഴ ഇനത്തിൽ എന്ത് തുക ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടെന്നും വെളിപ്പെടുത്താമോ;

(സി) പ്രമാണത്തിൽ വില കുറച്ച് കാണിക്കുന്നവർക്കെതിരെയുള്ള ശിക്ഷണ നടപടികൾ കൂടുതൽ കർശനമാക്കാനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

ഫിഷറീസ് വകുപ്പുമന്ത്രി (ശ്രീമതി എം. ടി. പത്മ): (എ) ആധാരം രജിസ്റ്റർ ചെയ്യുന്ന അവസരത്തിൽ വസ്തുവിന്റെ യഥാർത്ഥ വില/പ്രതിഫലം ആധാരത്തിൽ കാണിച്ചിട്ടില്ലെന്ന് രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥന് ബോദ്ധ്യപ്പെടുന്നപക്ഷം 1959-ലെ കേരള മുദ്രപ്പത്ര നിയമം 45 ബി (1) വകുപ്പുപ്രകാരം ബന്ധപ്പെട്ട ജില്ലാരജിസ്ട്രാർക്ക് റിപ്പോർട്ട് ചെയ്യുകയും ജില്ലാരജിസ്ട്രാർ 45 ബി (2) വകുപ്പ് പ്രകാരം ഉള്ള നടപടികൾ സ്വീകരിച്ച് കുറവ് മുദ്രവിലയും ഫീസും ഈടാക്കുകയും ചെയ്യും. 1967-ലെ കേരള മുദ്രപ്പത്ര (ഭേദഗതി) നിയമപ്രകാരമാണ് ഈ നടപടി സ്വീകരിച്ചുവരുന്നത്. കൂടാതെ ആധാരം രജിസ്റ്റർ ചെയ്തതിനുശേഷം രണ്ടുവർഷത്തിനകം 45 ബി (3) വകുപ്പുപ്രകാരം ജില്ലാ രജിസ്ട്രാർക്ക് സ്വമേധയാ നടപടി സ്വീകരിക്കാനുള്ള അധികാരവുമുണ്ട്.

(ബി) 1991-92, 1992-93 എന്നീ വർഷങ്ങളിൽ 29382 കേസുകൾ തീർപ്പാക്കുകയും 1.89 കോടി രൂപ മുദ്രവിലയിനത്തിലും 24.88 ലക്ഷം രൂപ രജിസ്ട്രേഷൻ ഫീസിനത്തിലും ഈടാക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇല്ല.

(ഡി) ഉദിക്കുന്നില്ല.

ശ്രീ. എ. സുജനപാൽ : ആധാരം രജിസ്ററർ ചെയ്യുന്നതിൽ വൻപിച്ച തുക ഗവൺമെൻറിന് നഷ്ടപ്പെടുന്നുണ്ട്. ഓരോ പ്രദേശത്തിന്റെയും മാർക്കററ് വിലയിലും വളരെ താഴ്ന്ന വാല്യൂവേഷനാണ് രജിസ്ട്രേഷനിൽ കാണിക്കുന്നത്. അതിന് ഗവൺമെൻറിന്റെതായ നിർദ്ദേശം ഉള്ളത് ഗവൺമെൻറ് ഈ സ്ഥലം വാല്യൂ ചെയ്യുകയെന്നുള്ളതാണ്. പക്ഷേ, വാല്യൂവേഷൻ എല്ലാ വർഷവും നടക്കുന്നില്ല. 5 വർഷത്തിലൊരിക്കലാണ് നടക്കുന്നത്. അതുകൊണ്ട് എല്ലാ വർഷവും ലാൻറ് വാല്യൂവേഷൻ ഗവൺമെൻറ് നടത്തി അതിന് അനുയോജ്യമായ രൂപത്തിലുള്ള വില രജിസ്ട്രേഷനിൽ കാണിക്കാവുന്ന രൂപത്തിൽ സംവിധാനം ഗവൺമെൻറ് നടപ്പിലാക്കാൻ തയ്യാറാകുമോ ?

ശ്രീമതി എം. ടി. പത്മ : ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതു പോലെ യഥാർത്ഥ വില ഒരിക്കലും മുദ്രപ്പത്രത്തിൽ കാണിക്കാറില്ല എന്നുള്ളതാണ് വസ്തുത. പാർട്ടിയും ഡോക്യുമെൻറ് റൈററും തീരുമാനിക്കുന്ന വിലയാണ് കൊടുക്കുന്നത്. യഥാർത്ഥ വാല്യൂ കാണിക്കുന്നതിനുവേണ്ടിയുള്ള സംവിധാനം ഈ ഗവൺമെൻറിന്റെ പരിഗണനയിലുണ്ട്. അത് ഫിക്സ് ചെയ്യുന്നതിന് ക്യാബിനററ് കമ്മിററി ഫോം ചെയ്തിട്ടുണ്ട്. ആ കമ്മിററിയുടെ ചർച്ചയുടെ അടിസ്ഥാനത്തിൽ തീരുമാനം എടുക്കുന്നതാണ്.

ശ്രീ. എ. സുജനപാൽ : കഴിഞ്ഞ രണ്ടുവർഷമായി ഇത്തരം കേസുകളിൽ ഗവൺമെൻറിന് എത്ര വരുമാനം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ശ്രീമതി എം. ടി. പത്മ : അണ്ടർ വാല്യൂവേഷൻ കേസുകളുടെ വകയിൽ 1991-92-ൽ ഫീസ് ഇനത്തിൽ 9,15,363 രൂപയും മുദ്രവിലയിൽ 68,51,131 രൂപയും ലഭിച്ചിട്ടുണ്ട്. അതേവകയിൽ 1992-93-ൽ 1,21,05,404 രൂപ മുദ്രവിലയിനത്തിലും 15,73,554.50 രൂപ ഫീസ് ഇനത്തിലും നമുക്ക് ലഭ്യമായിട്ടുണ്ട്.

ശ്രീ. കെ. സുധാകരൻ : ഇന്ന് ഭൂമിയുടെ പ്രമാണത്തിൽ രജിസ്ററർ ചെയ്യുന്ന വിലയും നമ്മുടെ നാട്ടിൽ ഇന്ന് നിലനിൽക്കുന്ന വിലയും തമ്മിൽ വളരെയേറെ വ്യത്യാസമുണ്ടെന്ന് നമുക്ക് എല്ലാവർക്കുമറിയാം. വ്യത്യാസം നിലനിർത്തിക്കൊണ്ടുതന്നെ ഭൂമി രജിസ്ററർ ചെയ്യുന്ന ആളുകൾ വില കുറച്ച് കാണിക്കുന്നതുനിമിത്തം സർക്കാരിന്റെ ഖജനാവിലേക്ക് ഭീമമായ സംഖ്യ നഷ്ടപ്പെടുകയും ചെയ്യുന്നുണ്ട്. ഇത് ബോധപൂർവ്വം ചെയ്യുന്ന ആളുകൾക്കെതിരെ നിയമാനുസൃതമായ നടപടികൾ കർശനമാക്കാൻ ഗവൺമെൻറിന് വല്ല നിർദ്ദേശവും പരിഗണനയിലുണ്ടോ ?

ശ്രീമതി എം. ടി. പത്മ : യഥാർത്ഥ വിലയല്ല കാണിച്ചതെന്ന് സബ് രജിസ്ട്രാർക്ക് ബോദ്ധ്യപ്പെട്ടാൽ അത് ജില്ലാ രജിസ്ട്രാറെ എഴുതി അറിയിക്കുകയും യഥാർത്ഥത്തിൽ എത്ര വ്യത്യാസം വരുന്നുവെന്നുള്ളത് മനസിലാക്കി അത് പിടിക്കുന്നതിന് നടപടികളെടുത്തുവരികയും ചെയ്യുന്നുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

## (ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### മത്സ്യബന്ധന റിസർച്ച്

*5 [235] ശ്രീ. പി. വി. മുഹമ്മദ് :
,, ഇസഹാക് കുരിക്കൾ :
,, കെ. കുട്ടി അഹമ്മദ് കുട്ടി :
,, ചെർക്കളം അബ്ദുള്ള :
,, കല്ലടി മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മത്സ്യ ബന്ധനത്തെക്കുറിച്ച് റിസർച്ച് നടത്താനുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ ഗവൺമെന്റ് വന്നതിനുശേഷം പ്രസ്തുത മേഖലയിൽ കൈവരിച്ച നേട്ടങ്ങളെന്ത് ;

(സി) സെൻട്രൽ ഇൻസ്റ്റിററ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി ഈ മേഖലയിൽ കൈവരിച്ച നേട്ടങ്ങളെന്താണെന്ന് അറിയാമോ ;

(ഡി) എങ്കിൽ വ്യക്തമാക്കാമോ ?

ഫിഷറീസ് വകുപ്പുമന്ത്രി (ശ്രീമതി എം. ടി. പത്മ) :

(എ) സംസ്ഥാനത്ത് മത്സ്യബന്ധന മേഖലയിൽ ഗവേഷണം നടത്തുന്നത് കേന്ദ്ര ഗവൺമെന്റ് സ്ഥാപനങ്ങളായ സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിററ്യൂട്ട് (സി. എം. എഫ്. ആർ. ഐ.) സെൻട്രൽ ഇൻസ്റ്റിററ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (സി. ഐ. എഫ്. ററി.), നാഷണൽ ഇൻസ്റ്റിററ്യൂട്ട് ഓഫ് ഓഷ്യാനോഗ്രാഫി (എൻ. ഐ. ഒ.), ഇൻറഗ്രേററഡ് ഫിഷറീസ് പ്രോജക്ട് കേരള സർവ്വകലാശാല, കേരള കാർഷിക സർവ്വകലാശാല, കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല എന്നിവയാണ്.

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഈ മേഖലയിൽ കൈവരിച്ച നേട്ടങ്ങൾ ഇനി പറയുന്നവയാണ്. ശുദ്ധജല ചെമ്മീൻ വിത്തുകൾ ഉൽപ്പാദിപ്പിക്കാനുള്ള പുതിയ സാങ്കേതിക ജ്ഞാനം, നഴ്സറി കുളങ്ങൾ ഉപയോഗിക്കുന്നതിന് പകരം കരയ്ക്ക് വച്ചിട്ടുള്ള പ്ലാസ്ററിക് പൂളുകളിൽ നിയന്ത്രിത സാഹചര്യങ്ങളിൽ കാർപ്പു മത്സ്യ കുഞ്ഞുങ്ങളെ പരിപാലിച്ചു വളർത്തുന്ന രീതി, ഇന്ധനക്ഷമതയുള്ള ബോട്ടുകളിൽ ഘടിപ്പിക്കുന്ന പ്രൊപ്പല്ലർ സിസ്ററം വികസിപ്പിച്ചെടുത്തത്, മത്സ്യ സംരക്ഷണത്തിന് ഉതകുന്നരീതിയിലുള്ള ട്രോൾ വലകളുടെ കോട്എൻറ് വികസിപ്പിച്ചെടുത്ത്, ശീതീകരിച്ച കണവ മത്സ്യം കൂടുതൽ കാലം കേടുകൂടാതിരിക്കുന്നതിനുള്ള സാങ്കേതികവിദ്യ വികസിപ്പിച്ചെടുത്തത്, മത്സ്യം ഉണക്കുന്നത് ഒരു കുടിൽ വ്യവസായം ആയി മാററുന്നതിനുവേണ്ടി 50 കിലോ കപ്പാസിററിയുള്ള ഒരു യന്ത്രം വികസിപ്പിച്ചെടുത്തത്. നൈലോൺ നൂലിന് പകരം മററ് കൃത്രിമ നാര് ഉപയോഗിച്ചുകൊണ്ടുള്ള ഒഴുക്കു വലകൾ, ചെമ്മീനോടൊപ്പം മററു മത്സ്യങ്ങളെക്കൂടി പിടിക്കുന്നതിന് ഉതകുന്ന തരത്തിലുള്ള ട്രോൾ വലകൾ തുടങ്ങിയവയാണ്;

LIBRARY ARCHIVES Kerala Legislative Assembly

(സി ആൻറ് ഡി) അറിയാം. പ്രധാന നേട്ടങ്ങൾ ഇവയാണ്. ഇന്ധന ക്ഷമതയുള്ള ബോട്ടുകളിൽ ഘടിപ്പിക്കുന്ന പ്രൊപ്പല്ലർ സിസ്ററം വികസിപ്പിച്ചെടുത്തു. മത്സ്യ സംരക്ഷണത്തിന് ഉതകുന്ന രീതിയിലുള്ള ട്രോൾ വലകളുടെ കോട് എൻട് വികസിപ്പിച്ചെടുത്തു. ശീതീകരിച്ച കണവ മത്സ്യം കൂടുതൽ കാലം കേടുകൂടാതിരിക്കുന്നതിനുള്ള സാങ്കേതിക വിദ്യ വികസിപ്പിച്ചെടുത്തു. മത്സ്യം ഉണക്കുന്നത് ഒരു കുടിൽ വ്യവസായം ആയി മാററുന്നതിനുവേണ്ടി 50 കിലോ കപ്പാസിററിയുള്ള ഒരു യന്ത്രം വികസിപ്പിച്ചെടുത്തു. നൈലോൺ നൂലിനു പകരം മററു കൃത്രിമ നാര് ഉപയോഗിച്ചുകൊണ്ടുള്ള ഒഴുക്കു വലകൾ, ചെമ്മീനോടൊപ്പം മററ് മത്സ്യങ്ങളെക്കൂടി പിടിക്കുന്നതിന് ഉതകുന്ന തരത്തിലുള്ള ട്രോൾ വലകൾ എന്നിവ വികസിപ്പിച്ചെടുത്തു.

## പഞ്ചായത്ത് ധനകാര്യ കോർപ്പറേഷൻെറ രൂപീകരണം

*6. [236] ശ്രീ. പാച്ചേനി കുഞ്ഞിരാമൻ :
,, ടി. കെ. രാമകൃഷ്ണൻ :
,, സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡൽഹിയിൽ നടന്ന തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിമാരുടെ യോഗത്തിൽവച്ച് പഞ്ചായത്തുകളുടെ ധനാഗമ മാർഗ്ഗത്തെക്കുറിച്ച് എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ ;

(ബി) എങ്കിൽ എന്താണെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത യോഗത്തിൽ സംസ്ഥാനത്തെ പഞ്ചായത്തുകൾക്കായി ധനകാര്യ കോർപ്പറേഷൻ രൂപീകരിക്കണമെന്ന നിർദ്ദേശമുണ്ടായോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. സി. ററി. അഹമ്മദ് അലി) :

(എ ആൻറ് ബി) പഞ്ചായത്ത്രാജ് സംബന്ധിച്ച ഭരണഘടനാ ഭേദഗതി അനുസരിച്ച് സംസ്ഥാന നിയമങ്ങൾ ഭേദഗതി ചെയ്യുന്ന കാര്യവും പഞ്ചായത്ത് രാജ് സംവിധാനം ഫലപ്രദമായി രാജ്യമൊട്ടാകെ നടപ്പാക്കുന്ന കാര്യവുമാണ് യോഗത്തിൽ പ്രധാനമായി ചർച്ച ചെയ്യപ്പെട്ടത്. പഞ്ചായത്തുകൾക്കുവേണ്ടി ധനകാര്യ കമ്മീഷൻ രൂപീകരിക്കണമെന്ന ഭരണഘടന വ്യവസ്ഥയും യോഗത്തിൽ പരാമർശിക്കപ്പെട്ടു.

(സി) പഞ്ചായത്തുകൾക്കുവേണ്ടി ധനകാര്യ കമ്മീഷൻ രൂപീകരിക്കണമെന്ന് നിർദ്ദേശമുണ്ടായി. ധനകാര്യ കോർപ്പറേഷൻ രൂപീകരിക്കണമെന്ന നിർദ്ദേശം ചർച്ചചെയ്യപ്പെട്ടില്ല.

## പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുള്ള സംവരണം

*7. [237] ശ്രീ. എ. കണാരൻ :
,, സി. പി. ബാലൻവൈദ്യർ :
,, ഇ. ശങ്കരൻ :
,, എ. സുജനപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുള്ള സംവരണം ജനസംഖ്യാ വർദ്ധനവിനനുസരിച്ച് വർദ്ധിപ്പിക്കുവാനുള്ള എന്തെങ്കിലും നിർദ്ദേശം സർക്കാരിൻെറ പരിഗണനയിലുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതു സംബന്ധിച്ച് എന്തെങ്കിലും നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു;

(സി) പട്ടികജാതിക്കാർക്കുള്ള ഉപസംവരണം പിൻകാല പ്രാബല്യത്തോടെ നടപ്പിലാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഇതു സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് നിയമാനുസൃതമായ സംവരണം നൽകുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് എന്ത് സംവിധാനമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) സംസ്ഥാനത്ത് ഏതെങ്കിലും പൊതുമേഖലാ സ്ഥാപനത്തിൽ സംവരണം പാലിക്കപ്പെടാത്തതായി ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രി (ശ്രീ. പന്തളം സുധാകരൻ):

(എ) ഇപ്പോൾ ഇല്ല.

(ബി) ഉണ്ട്. രണ്ടു നിവേദനങ്ങൾ കിട്ടിയിരുന്നു. വിവിധ വിഭാഗങ്ങൾക്കുള്ള സംവരണ തോതിൽ മാററം വരുത്തുന്നത് ആശാസ്യമല്ല എന്ന് മറുപടി നൽകിയിട്ടുണ്ട്.

(സി) ഇതു സംബന്ധിച്ച് നിർദ്ദേശമൊന്നും പരിഗണനയിലില്ല.

(ഡി) എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുള്ള പ്രാതിനിധ്യം സംബന്ധിച്ച റിപ്പോർട്ടുകൾ വരുത്തി അതിൻെറ അടിസ്ഥാനത്തിൽ ത്രൈമാസിക അവലോകന റിപ്പോർട്ടുകൾ പ്ലാനിംഗ് (ബി. പി. ഇ.) വകുപ്പു തയ്യാറാക്കുന്നുണ്ട്. കൂടാതെ മുഖ്യമന്ത്രി അദ്ധ്യക്ഷനും എം. എൽ. എ. മാർ അംഗങ്ങളുമായുള്ള റിവ്യൂ കമ്മിററിയും വാർഷിക അവലോകനയോഗം ചേർന്ന് ഇക്കാര്യം പരിശോധിക്കാറുണ്ട്.

(ഇ) ചില പൊതുമേഖലാ സ്ഥാപനങ്ങളിൽ എല്ലാ കാററഗറിയിലുംപെട്ട തസ്തികകളിലും നിർദ്ദിഷ്ട സംവരണ ശതമാനം പട്ടികജാതി-പട്ടികവർഗ്ഗവിഭാഗക്കാർക്ക് പൂർണ്ണമായി പാലിക്കപ്പെട്ടിട്ടില്ല എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 31-12-1992-ലെ സ്ഥിതിവിവര കണക്കനുസരിച്ച് 49 പൊതുമേഖലാ സ്ഥാപനങ്ങളിലായി എക്സിക്യൂട്ടീവ് തലത്തിൽ പട്ടികജാതിക്കാർക്ക് 206-ഉം (ഇരുന്നൂററി ആറും) 64-ഉം (അറുപത്തിനാലും), ലോവർ ലവലിൽ 86 പൊതുമേഖലാ സ്ഥാപനങ്ങളിലായി പട്ടികജാതിക്കാർക്ക് 81-ഉം (എൺപത്തിയൊന്നും) പട്ടിക വർഗ്ഗക്കാർക്ക് 37-ഉം (മുപ്പത്തിയേഴും), വർക്കർ തസ്തികയിൽ 56 പൊതുമേഖലാ സ്ഥാപനങ്ങളിലായി പട്ടികജാതിക്കാർക്ക് 64-ഉം പട്ടികവർഗ്ഗക്കാർക്ക് 30-ഉം തസ്തികകൾ കൂടി ലഭിക്കേണ്ടതുണ്ടെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## നഗരപ്രദേശങ്ങളിലുള്ള പൊതു നിരത്തുകളുടേയും മാർക്കറ്റുകളുടേയും മലിനീകരണം ഒഴിവാക്കുന്നതിന് നടപടി

* 8. [238] ശ്രീ. ജോണി നെല്ലൂർ :
,, പി. എം. മാത്യു :
,, മാത്യു സ്റ്റീഫൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നഗരപ്രദേശങ്ങളിലുള്ള പൊതു നിരത്തുകളും മാർക്കറ്റുകളും വളരെ മലീമസമായിരിക്കുന്നതായി സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു പരിഹരിക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) പല രോഗങ്ങൾക്കും കാരണമായേക്കാവുന്ന മലിനീകരണ സാഹചര്യങ്ങൾ ഒഴിവാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. സി. ടി. അഹമ്മദ് അലി) :

(എ) ഉണ്ട്. നഗരസഭാ പ്രദേശങ്ങളിലുള്ള മാലിന്യങ്ങൾ നീക്കം ചെയ്യേണ്ടത് നഗരസഭകളുടെ പ്രധാന കർത്തവ്യങ്ങളിൽ ഒന്നാണ്. എന്നാൽ സാമ്പത്തിക പരാധീനതകൊണ്ടും ആവശ്യത്തിന് വാഹനങ്ങൾ ഇല്ലാത്തതുകൊണ്ടും ചില നഗരസഭകളിൽ ശുചീകരണ പ്രവർത്തനം യഥായോഗ്യം നടപ്പിലാക്കാൻ ബുദ്ധിമുട്ട് ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ശുചീകരണ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകണമെന്ന് സർക്കാർ നഗരസഭാ കമ്മീഷണർമാർക്ക് നിർദ്ദേശം അപ്പപ്പോൾ നൽകിവരുന്നുണ്ട്.

(സി) ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കാൻ കമ്മീഷണർമാർക്ക് നിർദ്ദേശം നൽകിവരുന്നുണ്ട്.

## തീരക്കടലിലെ പട്രോളിംഗ് ശക്തമാക്കുന്നതിന് നടപടി

* 9. [239] ശ്രീ. കെ. എം. സൂപ്പി :
,, കല്ലടി മുഹമ്മദ് :
,, പി. വി. മുഹമ്മദ് :
,, ചെർക്കളം അബ്ദുള്ള :
,, എം. ജെ. സക്കറിയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തീരക്കടലിലെ പട്രോളിംഗ് ശക്തമാക്കുന്നതിന് കടലിൽ രക്ഷാപ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനും ഗവൺമെൻറ് എടുത്ത നടപടി വ്യക്തമാക്കുമോ ;

(ബി) പുതിയ എത്ര പട്രോളിംഗ് ബോട്ടുകളാണ് നിർമ്മിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഫിഷറീസ് വകുപ്പുമന്ത്രി (ശ്രീമതി എം. ടി. പത്മ) :

(എ) ഇക്കാര്യത്തിൽ ഗവൺമെന്റ് സ്വീകരിച്ച് നടപ്പാക്കിവരുന്ന നടപടികൾ ഇവയാണ്.

1. കേരളാ കടൽ മൽസ്യ ബന്ധന നിയന്ത്രണ നിയമം ലംഘിക്കുന്ന ബോട്ടുകളെ പിടിച്ചെടുക്കുന്നതിന് വേണ്ടി ചുമതലപ്പെടുത്തിയിരുന്ന ഉദ്യോഗസ്ഥൻമാരുടെ എണ്ണം 29-ൽനിന്നും 45 ആയി വർദ്ധിപ്പിച്ചു.

2. ഉപയോഗിച്ചുകൊണ്ടിരിക്കുന്ന 32½ അടി ബോട്ടുകൾ മൺസൂൺ കാലത്ത് പ്രക്ഷുബ്ധമായ കടലിൽ തൃപ്തികരമായി പട്രോളിംഗ് നടത്തുന്നതിന് പര്യാപ്തമല്ലാത്ത സാഹചര്യത്തിൽ മൂന്ന് പുതിയ 43 അടി ബോട്ടുകൾ നിർമ്മിക്കാൻ നടപടി സ്വീകരിച്ചു. അതിൽ ഒരെണ്ണം പണി പൂർത്തിയാക്കി. ഇപ്പോൾ നീണ്ടകര ബേസിൽ ഉപയോഗിക്കുന്നു. ബാക്കി രണ്ടെണ്ണത്തിന്റെ പണി ആരംഭിച്ചിട്ടുണ്ട്.

3. തമിഴ്നാട്ടിൽനിന്നു. രണ്ടു വലിയ 43 അടി ബോട്ട് വാടകയ്ക്കെടുത്ത് നീണ്ടകരയിൽ ഉപയോഗിച്ചു.

4. തുമ്പ സ്പേസ് സെന്ററിന്റെ ആധുനിക സജ്ജീകരണങ്ങളുള്ള 'കമൽ' എന്ന ബോട്ട് ഒരു വർഷത്തേക്ക് പട്രോളിംഗിനായി ഉപയോഗിക്കാൻ അനുവദിച്ചു.

5. നീണ്ടകരയിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ഒരു ഡെപ്യൂട്ടി ഡയറക്ടറെ കൂടി സ്പെഷ്യൽ ഡ്യൂട്ടിയിൽ നിയമിച്ചു.

6. പട്രോൾ ബോട്ടും കരയ്ക്കുള്ള ബേസ് സ്റ്റേഷനുമായി ബന്ധിപ്പിച്ചുകൊണ്ട് വയർലസ് സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിച്ചു.

7. പുതിയ 5 വലിയ പട്രോൾ ബോട്ടുകൾ വാങ്ങാൻ അനുമതിനൽകി.

8. രക്ഷാപ്രവർത്തനത്തിന്റെ കാര്യത്തിൽ കൂടുതൽ കാര്യക്ഷമതയും പൊതു ജനപങ്കാളിത്തവും ഉറപ്പാക്കാൻവേണ്ടി മൽസ്യബന്ധനരംഗത്ത് പ്രവർത്തിക്കുന്ന യുവാക്കളെ പ്രതിഫലം നൽകി വർഷകാലത്തു മാത്രം ഉപയോഗിക്കുന്നതിനുള്ള ഒരു പരിപാടിക്ക് അന്തിമരൂപം കൊടുത്തുവരുന്നു.

(ബി) പുതിയ 5 വലിയ പട്രോൾ ബോട്ടുകൾ വാങ്ങാൻ അനുമതി നൽകി.

## (iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളും ഉത്തരങ്ങളും

### ആദിവാസികളുടെ പുനരധിവാസം

1. [3101] ശ്രീ. എ. സുജനപാൽ :
ശ്രീമതി കെ. സി. റോസക്കുട്ടി :
ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ ആദിവാസികളുടെ പുനരധിവാസ പദ്ധതികൾ പ്രകാരം ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര കുടുംബങ്ങൾക്ക് പ്രയോജനമുണ്ടായിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ?

93 കുടുംബങ്ങൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

## തീവ്രസങ്കേത വികസന പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ

2. [3102] ശ്രീ. എ. കണാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി–പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പട്ടികജാതി പട്ടികവർഗ്ഗ കോളനികൾക്കുവേണ്ടി ആവിഷ്ക്കരിക്കപ്പെട്ട തീവ്ര സങ്കേത വികസന പരിപാടിയിൽ എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് നടത്തുവാൻ പ്ലാൻ ചെയ്തിട്ടുള്ളത്;

(ബി) 1993-94 സാമ്പത്തിക വർഷം എത്ര എസ്. സി./എസ് ററി. കോളനികളാണ് ഇതിലേക്ക് തെരഞ്ഞെടുത്തിട്ടുള്ളത്; ഇതിനുവേണ്ടി അനുവദിച്ച തുക എത്ര;

(സി) ഇവ സംബന്ധിച്ച് ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ;

(ഡി) അനുവദിക്കപ്പെട്ടിട്ടുള്ള ഫണ്ട് ഏതൊക്കെ വകുപ്പുകളിൽ നിന്നും എത്രവീതം ലഭ്യമാക്കുമെന്ന് വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) തീവ്ര സങ്കേത വികസന പരിപാടിയനുസരിച്ച് തെരഞ്ഞെടുക്കപ്പെടുന്ന ഓരോ സങ്കേതത്തിലേയും ആവശ്യങ്ങൾ വിശദമായ സർവേയിലൂടെ തിട്ടപ്പെടുത്തിയശേഷം ഓരോ സങ്കേതത്തിന്റെയും സമഗ്ര വികസനത്തിനായുള്ള പരിപാടികളാണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നത്. ഇവയിൽ പ്രാഥമികാവശ്യങ്ങളായ ശുദ്ധജലവിതരണം, ഭവന നിർമ്മാണം, ആരോഗ്യ സംരക്ഷണം, വൈദ്യുതി, മററനുബന്ധ സൗകര്യങ്ങൾ മുതലായവ ഉൾപ്പെടും, കൃഷി, മൃഗസംരക്ഷണം, വ്യവസായം, മൽസ്യം വളർത്തൽ, ഗ്രാമവികസനം വിദ്യാഭ്യാസം തുടങ്ങിയ സെക്ടറൽ വകുപ്പുകളുടെ വികസന പ്രവർത്തനങ്ങളും കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ സാമ്പത്തിക ഉന്നമന പ്രവർത്തനങ്ങളും തെരഞ്ഞെടുക്കപ്പെടുന്ന സങ്കേതങ്ങളിൽ നടപ്പാക്കുന്നു.

(ബി) ആൻറ് (സി) 1993-94-ൽ 324 പട്ടികജാതി സങ്കേതങ്ങളും 36 പട്ടികവർഗ്ഗ സങ്കേതങ്ങളുമാണ് സംസ്ഥാനത്ത് തെരഞ്ഞെടുക്കേണ്ടത്. ഇതുവരെ കോട്ടയം ജില്ലയിൽ 15 പട്ടികജാതി സങ്കേതങ്ങളും 2 പട്ടികവർഗ്ഗ സങ്കേതങ്ങളും കാസർകോട് ജില്ലയിൽ 9 പട്ടികജാതി സങ്കേതങ്ങളും 3 പട്ടികവർഗ്ഗ സങ്കേതങ്ങളും തെരഞ്ഞെടുത്തിട്ടുണ്ട്. മററുള്ള ജില്ലകളിൽ സങ്കേതങ്ങൾ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

പ്രത്യേക ഘടക പദ്ധതി, ഗിരിവർഗ്ഗ ഉപപദ്ധതി, ജവഹർ റോസ്ഗാർ യോജന, ഇന്ദിര ആവാസ് യോജന മുതലായ പദ്ധതികളനുസരിച്ചു ലഭ്യമാകുന്നതും സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ഡി. ആർ. ഡി. എ. എന്നീ ഏജൻസികളിൽനിന്നും ലഭ്യമാകുന്നതും ആയ തുകയാണ് ഐ. എച്ച്. ഡി. പി. സങ്കേതങ്ങളിൽ ചെലവഴിക്കുന്നത്. ഇതിനുപരിയായി പട്ടികജാതി സങ്കേതങ്ങൾക്ക് സംസ്ഥാന ബഡ്ജററിൽ രണ്ട് കോടി രൂപയും പ്രത്യേക കേന്ദ്ര സഹായമായി 80·22 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പട്ടികവർഗ്ഗ സങ്കേതങ്ങൾക്ക് 31.40 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 6. 60 ലക്ഷം രൂപ ആവശ്യാനുസരണം വിതരണം ചെയ്യുന്നതിനായി നീക്കി വച്ചിട്ടുമുണ്ട്.

(ഡി) പട്ടികജാതി വികസന വകുപ്പ് രണ്ടു കോടി രൂപയും പട്ടികവർഗ്ഗ വികസന വകുപ്പ് 38 ലക്ഷം രൂപയും ലഭ്യമാക്കും. കൂടാതെ പ്രത്യേക കേന്ദ്ര സഹായമായി പട്ടികജാതി സങ്കേതങ്ങൾക്ക് അനുവദിച്ച 80.22 ലക്ഷം രൂപയും ലഭ്യമാക്കും. മററു വകുപ്പുകൾ ലഭ്യമാക്കുന്ന തുകയുടെ വിവരം തെരഞ്ഞെടുക്കപ്പെടുന്ന ഗ്രാമങ്ങളിൽ വിവിധ പദ്ധതികൾ ഏറെറടുക്കുന്ന മുറയ്ക്കു മാത്രമേ അറിയുവാൻ നിർവാഹമുള്ളൂ.

## വിദ്യാഭ്യാസാനുകൂല്യത്തിന് ജാതി സർട്ടിഫിക്കററ് നൽകണമെന്ന വ്യവസ്ഥ

3. [3103] ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് ജാതി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കററ് നൽകണമെന്ന വ്യവസ്ഥ നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ജാതി സ്ഥിതി (Caste Status) അടിസ്ഥാനപ്പെടുത്തി മാത്രമാണ് വിദ്യാഭ്യാസാനുകൂല്യങ്ങൾ അവകാശപ്പെടുന്നതെങ്കിൽ പ്രസ്തുത ജാതി സ്ഥിതി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കററ് ഹാജരാക്കണമെന്ന വ്യവസ്ഥ നിലവിലുണ്ട്.

## പട്ടികജാതി-പട്ടിക വർഗ്ഗ കോളനികളുടെ വികസനം

4. [3105] ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
,, ഇ. ശങ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി-പട്ടികവർഗ്ഗ കോളനികളുടെ വികസനത്തിനായി എന്തെല്ലാം പരിപാടികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്;

(ബി) പട്ടികജാതി-പട്ടികവർഗ്ഗ കോളനികളുടെ വികസനത്തിനായി 1991-92, 1992-93 എന്നീ വർഷങ്ങളിൽ എന്തുതുക വീതം ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പാക്കുന്ന പദ്ധതികളിൽ നേരിടുന്ന കാലതാമസം ഒഴിവാക്കുന്നതിനായി എന്തെങ്കിലും പുതിയ പരിപാടി ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ എന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ പട്ടികജാതി കോളനികളുടെ വികസനത്തിനായി റോഡുസൗകര്യം ഏർപ്പെടുത്തുക, വൈദ്യുതി എത്തിക്കുക, ശുദ്ധജലം നൽകുക വീടില്ലാത്തവർക്ക് വീട് നൽകുക, കക്കൂസ്, കുളിമുറി, കമ്മ്യൂണിററിഹാൾ,

LIBRARY ARCHIVES Kerala Legislative Assembly

മുതലായവ നിർമ്മിക്കുക, കാർഷിക വികസനം മണ്ണു സംരക്ഷണം എന്നീ പരിപാടികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കി വരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിൽ—

1. തീവ്ര വികസന സങ്കേത പരിപാടിയിൽ (ഐ. എച്ച്. ഡി. പി.) പട്ടികവർഗ്ഗ സങ്കേതങ്ങൾ തെരഞ്ഞെടുത്ത് എല്ലാ അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കുന്നു.

2. കുഗ്രാമ വികസന പരിപാടിയിൽ പട്ടികവർഗ്ഗ സങ്കേതത്തിൽ അത്യാവശ്യം വേണ്ട റോഡ്, നടപ്പാത, കിണർ മുതലായവ നിർമ്മിച്ചു നൽകുന്നു.

3. കോളനൈസേഷൻ പദ്ധതിയിൽ വീട് വയറിംഗ്, കക്കൂസ്, കുളിമുറി നിർമ്മാണം, മേൽക്കൂര ബലപ്പെടുത്തി ഓടിടുക എന്നിവയ്ക്ക് ധനസഹായം നൽകുന്നു. ശുദ്ധജല ദൗർലഭ്യം അനുഭവപ്പെടുന്ന കോളനികളിൽ കിണറുകളും നിർമ്മിച്ചു വരുന്നു.

4. കൂടാതെ മററു വകുപ്പുകളുടെ പട്ടികവർഗ്ഗ ഉപ പദ്ധതിയിൽ ഇലക്ട്രിസിററി ബോർഡു സങ്കേതങ്ങൾ വൈദ്യുതീകരിക്കുന്നതിനും വാട്ടർ അതോറിററി ശുദ്ധജല വിതരണം നടപ്പിലാക്കുന്നതിനും പൊതുമരാമത്തു റോഡ് നിർമ്മാണത്തിനും പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ബി) പട്ടികജാതി വികസന വകുപ്പിൽ 1991-92-ൽ 195.001 ലക്ഷം രൂപയും 1992-93-ൽ 96.568 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. മററു വകുപ്പുകളിലെ ചെലവ് ശേഖരിച്ചു നൽകുന്നതാണ്. പട്ടികവർഗ്ഗ വികസന വകുപ്പിൽ 1991-92-ൽ 68.542 ലക്ഷം രൂപയും 1992-93-ൽ 53.066 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

(സി & ഡി) ഉണ്ട്. പട്ടികജാതി വികസന വകുപ്പ് നടപ്പാക്കി വരുന്ന പദ്ധതികളിൽ കാലതാമസം ഒഴിവാക്കുന്നതിനായി കൂടുതൽ അധികാരങ്ങൾ ജില്ലാ താലൂക്ക് തലങ്ങളിലേക്ക് വികേന്ദ്രീകരിച്ചു നൽകിയിട്ടുണ്ട്. ഓരോ മാസവും ജില്ലാ ഓഫീസറൻമാരുടെ യോഗം വിളിച്ചുകൂട്ടി പദ്ധതിയുടെ നടത്തിപ്പു അവലോകനം ചെയ്യുകയും കാലതാമസം ഉണ്ടാകുന്നതിന്റെ കാരണം മനസ്സിലാക്കി അവ കഴിയുന്നത്ര വേഗത്തിൽ നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

പട്ടിക വർഗ്ഗ വികസന വകുപ്പു മുഖേന നടപ്പിലാക്കുന്ന പദ്ധതികളിൽ കാല താമസം ഉണ്ടാകാതിരിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ജില്ലാതല വർക്കിംഗ് ഗ്രൂപ്പാണ് പദ്ധതികൾക്ക് അനുമതി നൽകുന്നത്. സാമ്പത്തികവർഷം ആദ്യംതന്നെ പദ്ധതികൾ തയ്യാറാക്കി വർക്കിംഗ് ഗ്രൂപ്പിനു സമർപ്പിച്ചു അംഗീകാരം വാങ്ങി നടപ്പിലാക്കണമെന്ന് പ്രോജക്ട് ഓഫീസർ, ട്രൈബൽ ഡവലപ്പുമെൻറ് ആഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## പട്ടികജാതിക്കാർക്കുവേണ്ടിയുള്ള പുനരധിവാസ ഭവന നിർമ്മാണ പദ്ധതി

5. (3106) ശ്രീ. ടി. നാണു മാസ്ററർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂമിയും വീടും ഇല്ലാത്ത പട്ടികജാതിക്കാർക്കു വേണ്ടിയുള്ള പുനരധിവാസ ഭവന നിർമ്മാണ പദ്ധതി പ്രകാരം ഭൂമിയും വീടും ലഭ്യമാക്കാൻ എന്തു തുകയാണ് ഗ്രാൻറായി അനുവദിക്കുന്നത് ;



LIBRARY ARCHIVES Kerala Legislative Assembly

(ബി) അനുവദിക്കുന്ന തുക 4 സെൻറ് ഭൂമി പോലും വാങ്ങാൻ മതിയാകില്ല എന്നത് സർക്കാരിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഈ പദ്ധതി ഭവന നിർമ്മാണ ഗ്രാൻറ് അനുവദിക്കുന്ന പദ്ധതിയുമായി സമന്വയിപ്പിച്ച് നടപ്പാക്കുവാനും അപ്രകാരം കൂടുതൽ തുക അനുവദിക്കാനും ഉള്ള നടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ) 17,000 രൂപ.

(ബി) സാധാരണ 10 കുടുംബങ്ങാക്ക് വീട് വയ്ക്കാവുന്ന വിധത്തിൽ ബ്ലോക്കായാണ് സ്ഥലം വാങ്ങുന്നത്. അനുവദിക്കുന്ന തുകകൊണ്ട് സ്ഥലം വാങ്ങുന്നുണ്ട്.

(സി) ഇവ രണ്ടും പ്രത്യേക പദ്ധതികളാണ്. ഇവ തമ്മിൽ സമന്വയിപ്പിക്കുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല.

### പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമത്തിനുള്ള കേന്ദ്രസഹായം

6. [3107] ശ്രീ. സത്യൻ മൊകേരി :
,, കെ. പ്രകാശ് ബാബു :
,, കൃഷ്ണൻ-കണിയാംപറമ്പിൽ :
,, എൻ. രാജൻ :
,, കെ. ഇ. ഇസ്മയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) കഴിഞ്ഞ സാമ്പത്തിക വർഷം 100% കേന്ദ്ര സഹായ പദ്ധതി ഇനത്തിലും 50% കേന്ദ്രസഹായ പദ്ധതി ഇനത്തിലുമായി വകയിരുത്തിയിരുന്ന തുകയുടെ എത്ര ശതമാനം ചെലവാക്കിയിട്ടുണ്ട് ;

(ബി) യഥാസമയം ധനകാര്യ വകുപ്പിൽ നിന്നുള്ള അംഗീകാരം ലഭിക്കാതിരിക്കുന്നത് പദ്ധതി നടത്തിപ്പിൽ പുരോഗതി കൈവരിക്കുന്നതിന് തടസ്സമായി നിൽക്കുന്നു എന്ന കാര്യം സർക്കാരിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കഴിഞ്ഞ വർഷം 100%, 50% കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കീഴിൽ ചെലവാക്കിയ തുകയുടെ ശതമാനം വകുപ്പ് തിരിച്ച് താഴെ

| കൊടുക്കുന്ന വകുപ്പ് | ചെലവ്—ശതമാനത്തിൽ |
|---|---|
| പട്ടികജാതി വികസനം | |
| 100% കേന്ദ്രാവിഷ്കൃത പദ്ധതി | 109.16% |
| 50% കേന്ദ്രാവിഷ്കൃത പദ്ധതി | 108.27% |

LIBRARY ARCHIVES Kerala Legislative Assembly

പട്ടികവർഗ്ഗ വികസനം

| | |
|---|---|
| 100% കേന്ദ്രാവിഷ്കൃത പദ്ധതി | 100.27% |
| 50% കേന്ദ്രാവിഷ്കൃത പദ്ധതി | 83.00% |

(ആശ്രമ സ്കൂൾ 'കെട്ടിട നിർമ്മാണത്തിന് 50% കേന്ദ്രാവിഷ്കൃത പദ്ധതിപ്രകാരം കിട്ടിയ തുകയുടെ വിനിയോഗ കാലാവധി 2 വർഷമാണ്. കെട്ടിട നിർമ്മാണം പുരോഗതിയിലാണ്.)

കിർത്താഡ്സ്

| | |
|---|---|
| 50% കേന്ദ്രാവിഷ്കൃത പദ്ധതി | 80.05% |

സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ

| | |
|---|---|
| മൂലധനനിക്ഷേപം | 143.35% |
| തോട്ടപ്പണിക്കാരുടെ പുനരധിവാസ പദ്ധതി | 6.00% |

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

## അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് പ്രദേശത്തുനിന്ന് ഗിരിജനങ്ങളെ മാററി താമസിപ്പിക്കുന്ന നടപടി

7. [3109] പ്രൊഫസർ മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടൂരിലെ നിർദ്ദിഷ്ട അഗസ്ത്യവന ബയോളജിക്കൽ പാർക്ക് പദ്ധതിപ്രദേശത്ത് താമസിക്കുന്ന ഗിരിജനങ്ങളെ മാററി പാർപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) നിർദ്ദിഷ്ട അഗസ്ത്യവന ബയോളജിക്കൽ പാർക്കിനുവേണ്ടിയുള്ള കുടിയൊഴിപ്പിക്കൽ സംബന്ധിച്ച് പട്ടികവർഗ്ഗ വികസന വകുപ്പിന് വനംവകുപ്പ് വിവരങ്ങൾ നൽകിയിരുന്നുവോ ;

(സി) ഈ പദ്ധതി പ്രദേശത്ത് താമസിക്കുന്ന ആദിവാസികളെ കുടിയൊഴിപ്പിക്കുന്നത് സംബന്ധിച്ച് പട്ടികവർഗ്ഗ വികസന വകുപ്പുമായി വനംവകുപ്പ് കൂടിയാലോചനകൾ നടത്തിയിരുന്നുവോ ; എങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്താമോ ;

(ഡി) ഈ പ്രദേശത്ത് താമസിക്കുന്ന ഗിരിജനങ്ങളെ മാററിപ്പാർപ്പിക്കുന്നതിനു വേണ്ടി എന്തെങ്കിലും പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പ് തയ്യാറാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ ;

(ഇ) എത്ര ആദിവാസി കുടുംബങ്ങൾ ഈ പദ്ധതി പ്രദേശത്ത് താമസിക്കുന്നുണ്ട് ; ഓരോ കുടുംബത്തിനും എത്ര ഏക്കർ വീതം കൃഷിഭൂമിയുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇക്കാര്യം തീരുമാനമായിട്ടില്ല.

(ബി ആൻറ് സി) ആദിവാസികളെ പുനരധിവസിപ്പിക്കേണ്ടി വരികയാണെങ്കിൽ ആവശ്യമായി വരാനിടയുള്ള നടപടികളെക്കുറിച്ച് ചില ചർച്ചകൾ നടത്തിയിട്ടുണ്ട്.

(ഡി) മാററിപ്പാർപ്പിക്കേണ്ടിവരികയാണെങ്കിൽ സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് ഒരു കരടു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. അതിന് അന്തിമ രൂപം ആയിട്ടില്ല.

(ഇ) ഈ പദ്ധതി പ്രദേശത്ത് ആകെ 51 ആദിവാസി കുടുംബങ്ങൾ ആണ് താമസിക്കുന്നത്. അവരുടെ കൈവശഭൂമി കൃത്യമായി അളന്നു തിട്ടപ്പെടുത്തിയിട്ടില്ല.

## കുശവൻ, കുംഭാരൻ എന്നിവരെ പട്ടികജാതിയിൽ ഉൾപ്പെടുത്താൻ നടപടി

8. [3110] ശ്രീ. സി. എം. സുന്ദരം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി–പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിലെ മൺപാത്ര നിർമ്മാണം കുലത്തൊഴിലായി സ്വീകരിച്ചിട്ടുള്ള കുശവൻ, കുംഭാരൻ എന്നിവരെ പട്ടികജാതിയിലോ പിന്നോക്ക ജാതിയിലോ ഉൾപ്പെടുത്താൻ ഉദ്ദേശമുണ്ടോ ;

(ബി) ഇപ്പോൾ ഇവർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് സർക്കാർ നൽകി വരുന്നത് ?

ഉത്തരം

(എ ആൻറ്ബി) കേരളത്തിലെ കുശവൻ, കുംഭാരൻ സമുദായക്കാരെ ഉദ്യോഗ സംവരണത്തിനും വിദ്യാഭ്യാസാനുകൂല്യത്തിനുമുള്ള മററു പിന്നോക്ക സമുദായ (ഒ.ബി.സി.) ലിസ്ററുകളിലും, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സീററ് സംവരണത്തിനുള്ള സാമൂഹ്യമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന സമുദായങ്ങളുടെ ലിസ്ററിലും (എസ്. ഇ. ബി സി.), പട്ടികജാതിക്കാർക്ക് സാധാരണ ഗതിയിൽ ലഭ്യമായ വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനായി മററർഹസമുദായ (ഒ. ഇ. സി.) ലിസ്ററിലും ചേർത്തിട്ടുണ്ട്. കോട്ടയം കേന്ദ്രമായി പ്രവർത്തിക്കുന്ന പരിവർത്തിത ക്രൈസ്തവ–ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻെറ ഗുണഭോക്തൃ ലിസ്ററിലും ഈ വിഭാഗക്കാരെ ഉൾപ്പെടുത്തിയിട്ടുണ്ട്.

## കറസ്പോണ്ടൻസ് കോഴ്സുകൾക്ക് പഠിക്കുന്ന എസ്. സി./എസ്. ടി. വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ

9. [3112] ശ്രീ. ടി. നാണു മാസ്ററർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി–പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കറസ്പോണ്ടൻസ് കോഴ്സുകൾക്കു പഠിക്കുന്ന എസ്.സി./എസ്. ടി. വിദ്യാർത്ഥികൾക്ക് പുതുതായി പ്രഖ്യാപിച്ച വിദ്യാഭ്യാസ ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവർക്ക് നൽകുന്ന സാമ്പത്തികാനുകൂല്യങ്ങളുടെ എത്ര ശതമാനം കേന്ദ്ര സർക്കാർ വഹിക്കും; സംസ്ഥാന സർക്കാരിന്റെ ബാദ്ധ്യത എത്ര ശതമാനമാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കറസ്പോണ്ടൻസ് കോഴ്സിന് പഠിക്കുന്ന എസ്.സി./എസ്. ടി. വിദ്യാർത്ഥികൾക്ക് നോൺ റീഫണ്ടബിൾ ഫീസ് ആനുകൂല്യം അനുവദിച്ചിട്ടുണ്ട്.

(ബി) പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങളുടെ 100% വും സംസ്ഥാന സർക്കാരിന്റെ ബാദ്ധ്യതയാണ്. എന്നാൽ പ്രതിമാസം 2,000 രൂപയിൽ കുറവ് വരുമാനമുള്ള പട്ടികവർഗ്ഗ കുടുംബങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾക്ക് കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള മുഴുവൻ തുകയും കേന്ദ്ര സർക്കാർ വഹിക്കും. കേരള സർക്കാർ നൽകുന്ന വിദ്യാഭ്യാസാനുകൂല്യങ്ങൾ കേന്ദ്ര സർക്കാർ നൽകുന്നതിനേക്കാൾ കൂടുതലായതിനാൽ ടി വിദ്യാർത്ഥികൾക്ക് കൂടുതലായി നൽകുന്ന തുകയും, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാർ നൽകുന്ന വിദ്യാഭ്യാസാനുകൂല്യങ്ങൾക്ക് വരുമാന പരിധിയില്ലാത്തതിനാൽ 2,000 രൂപയിൽ കൂടുതൽ വരുമാനമുള്ള കുടുംബങ്ങളിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾക്കായി വേണ്ടിവരുന്ന മുഴുവൻ തുകയും സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്.

## ബാബു വിജയനാഥ് കമ്മീഷൻ ശുപാർശ

10. [3113] ശ്രീ. ടി. നാണു മാസ്ററർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടിക വർഗ്ഗ വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജീവിത നിലവാര സൂചികയുടെ അടിസ്ഥാനത്തിൽ മൂന്ന് വർഷം ഇടവിട്ട് എസ്. സി./എസ്. ടി. വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കണമെന്ന "ബാബു വിജയനാഥ് കമ്മീഷൻ" ശുപാർശ അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതനുസരിച്ച് ഏററവും അവസാനം വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവു പുറപ്പെടുവിച്ചത് എന്നാണ്;

(സി) ഇനി എന്നു മുതൽ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നഴ്സറി മുതൽ 4-ാം ക്ലാസ് വരെയുള്ള കുട്ടികളുടെ ലംപ്സം ഗ്രാൻറ് വർദ്ധിപ്പിച്ച് ഉത്തരവായത് 23-3-1992-ലും മററുള്ളവർക്കുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ച് ഉത്തരവായത് 5-4-1989-ലും ആണ്.

(സി) ഇക്കാര്യം പരിശോധനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പട്ടികവിഭാഗം വിദ്യാർത്ഥികൾക്കുവേണ്ടി സന്നദ്ധ സംഘടനകൾ നടത്തുന്ന ഹോസ്റ്റലുകൾക്ക് അംഗീകാരം

11. [3116] ശ്രീ. ടി. നാണു മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവിഭാഗം വിദ്യാർത്ഥികൾക്കുവേണ്ടി സന്നദ്ധ സംഘടനകൾ നടത്തുന്ന ഹോസ്റ്റലുകൾക്ക് അംഗീകാരം നൽകുന്ന പദ്ധതി നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അപ്രകാരമുള്ള പുതിയ സംഘടനകൾക്ക് അംഗീകാരം നൽകുമോ ;

(സി) ഇത്തരം ഹോസ്റ്റലുകൾ നടത്തുന്ന സംഘടനയ്ക്കും ഹോസ്റ്റലിലെ അന്തേവാസികൾക്കും എന്തെല്ലാം സാമ്പത്തിക സഹായങ്ങളാണ് സർക്കാർ അനുവദിച്ചു വരുന്നത് എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പുതിയ സംഘടനകളുടെ അംഗീകാരത്തിനുള്ള അപേക്ഷകൾ പരിശോധിച്ച് ആവശ്യമായ നടപടികളെടുക്കാവുന്നതാണ്.

(സി) സന്നദ്ധ സംഘടനകൾ നടത്തുന്ന ഹോസ്റ്റലുകളിലെ പട്ടികജാതി-പട്ടികവർഗ്ഗ അന്തേവാസികൾക്ക് പ്രതിമാസം 200 രൂപ നിരക്കിൽ പത്തു മാസത്തേക്ക് ബോർഡിംഗ് ഗ്രാൻറും ഓരോ വർഷവും രണ്ടുജോഡി ഡ്രസ്സ് വാങ്ങുന്നതിന് 125 രൂപ വീതവും നൽകിവരുന്നു.

പൂച്ചടിവിളയിലെ അംബേദ്കർ മെമ്മോറിയൽ ഹോസ്റ്റൽ കോംപ്ലക്സ്

12. [3117] ശ്രീ. ടി. നാണു മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ പെൺകുട്ടികൾക്കായി പ്രവർത്തിക്കുന്നു ;

(ബി) ഇതിൽ സർക്കാർ വക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലുകൾ എത്രയാണ് ;

(സി) ഓരോ ഹോസ്റ്റലിലും എത്ര വിദ്യാർത്ഥിനികളെ ഓരോ വർഷവും അഡ്മിററ് ചെയ്യുന്നു ;

(ഡി) 1990-ൽ തിരുവനന്തപുരത്ത് പൂച്ചടിവിളയിൽ സ്ഥാപിക്കുവാൻ തീരുമാനിച്ച അംബേദ്കർ മെമ്മോറിയൽ ഹോസ്റ്റൽ കോംപ്ലക്സിന്റെ പണി പൂർത്തിയായോ ; ഇല്ലെങ്കിൽ എന്നു പൂർത്തിയാകും ; എത്ര വിദ്യാർത്ഥിനികൾക്ക് ഇതിൽ പ്രവേശനം നൽകാമെന്നാണ് കണക്കാക്കിയിട്ടുള്ളത് ?

ഉത്തരം

(എ) പട്ടികജാതി–പട്ടികവർഗ്ഗത്തിൽപ്പെട്ട പെൺകുട്ടികൾക്കായി സംസ്ഥാനത്ത് 6 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) മേൽപ്പറഞ്ഞ ഹോസ്റ്റലുകളെല്ലാം വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്.

(സി) ഹോസ്റ്റൽ പ്രവർത്തിക്കുന്ന വാടക കെട്ടിടങ്ങളുടെ സ്ഥല സൗകര്യപരിമിതികൾക്കും അഡ്മിഷനുള്ള അപേക്ഷകളുടെ എണ്ണത്തിനും വിധേയമായി പരമാവധി ഒരു ഹോസ്റ്റലിൽ 60 കുട്ടികൾക്ക് പ്രവേശനം നൽകാൻ കഴിയും.

(ഡി) പൂച്ചപ്പടിവിളയിലെ ഹോസ്റ്റൽ കോംപ്ലക്സിന്റെ നിർമ്മാണം പൂർത്തിയായിട്ടില്ല. 1994-ൽ അതിന്റെ പണി പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ആ ഹോസ്റ്റലിൽ 150 വിദ്യാർത്ഥിനികൾക്ക് പ്രവേശനം നൽകുവാൻ കഴിയും.

നാടുകാണി ട്രൈബൽ ഹോസ്റ്റലിൽ ശുദ്ധജലം ലഭിക്കുന്നില്ല എന്ന പരാതി

13. [3118] ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി–പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിലെ തൊടുപുഴ താലൂക്കിൽ പ്രവർത്തിക്കുന്ന നാടുകാണി ട്രൈബൽ ഹോസ്റ്റലിൽ ശുദ്ധജലം ലഭ്യമല്ലാത്തതിനാൽ വേനൽ കാലങ്ങളിൽ കുട്ടികൾ വളരെയധികം കഷ്ടപ്പെടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ഹോസ്റ്റലിൽ ശുദ്ധജലം എത്തിക്കുന്നതിനും മറ്റ് പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുമോ ?

ഉത്തരം

(എ) നാടുകാണി പ്രീ–മെട്രിക് ഹോസ്റ്റലിൽ വേനൽക്കാലത്ത് ശുദ്ധജല ദൗർലഭ്യം അനുഭവപ്പെടുന്നുണ്ട്.

(ബി) സ്വീകരിക്കുന്നതാണ്.

വെള്ളിയാമററം, നാളിയാനി ട്രൈബൽ ഹോസ്റ്റലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

14. [3119] ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി–പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിലെ തൊടുപുഴ താലൂക്കിൽ വെള്ളിയാമററം, നാളിയാനി എന്നിവിടങ്ങളിലെ ട്രൈബൽ ഹൈസ്ക്കൂളുകളോടനുബന്ധിച്ച് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഹോസ്റ്റലുകളിൽ എത്ര കുട്ടികൾ വീതം ഉണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത ഹോസ്റ്റലുകളുടെ പ്രവർത്തനം വളരെ ശോചനീയരീതിയിലാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ) വെള്ളിയാമററം പഞ്ചായത്തിൽ പൂമാല ഗവൺമെൻറ് ട്രൈബൽ ഹൈസ്കൂളിനോടനുബന്ധിച്ച് പ്രവർത്തിക്കുന്ന നാളിയാനി പ്രീ-മെട്രിക് ഹോസ്ററലിൽ 40 കുട്ടികൾക്ക് പ്രവേശനം നൽകിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) ഹോസ്ററലിന്റെ സുഗമമായ നടത്തിപ്പിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

വിതുര പഞ്ചായത്തിലെ ആദിവാസികളുടെ പാർപ്പിടപ്രശ്നം പരിഹരിക്കാൻ നടപടി

15. [3120] ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ വിതുര പഞ്ചായത്തിലെ കൊമ്പിരാൻ കല്ല്, അല്ലാത്താര, പെരുമ്പാറയടി, ചാരുപാറ, വെണ്ണക്കരപ്പാറ, ഈട്ടിമൂട്, ഇടിമടങ്ങ് എന്നീ സ്ഥലങ്ങളിലെ ആദിവാസികൾക്ക് വാസയോഗ്യമായ വീടുകൾ നിർമ്മിച്ചു കൊടുക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇവർക്ക് വീടുകൾ നിർമ്മിച്ചു നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പട്ടികവർഗ്ഗ വികസനവകുപ്പിൽ നിന്നും വീടുകൾ അനുവദിച്ചിട്ടില്ല.

(ബി) ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പ്രസ്തുത സങ്കേതങ്ങളിലെ പട്ടികവർഗ്ഗക്കാർക്ക് വീടുകൾ നിർമ്മിച്ചു നൽകുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്കായി ചെലവഴിച്ച തുക

16. [3121] ശ്രീ. ടി. നാണു മാസ്ററർ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 1991, 1992, 1993 വർഷങ്ങളിൽ പ്രീ-മെട്രിക്, പോസ്ററ് മെട്രിക് തലങ്ങളിലെ വിദ്യാഭ്യാസാനുകൂല്യങ്ങളുടെ വിതരണത്തിന് വകകൊള്ളിച്ചിട്ടുള്ള തുക എത്രയാണ് ; ഇതിൽ ഓരോ വർഷവും ചെലവഴിച്ച തുക എത്രയാണെന്നു വെളിപ്പെടുത്തുമോ ?

ഉത്തരം

വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു †

† അനുബന്ധം നമ്പർ I

LIBRARY ARCHIVES Kerala Legislative Assembly

## ആനക്കല്ല് സ്കൂളിലെ ആദിവാസി വിദ്യാർത്ഥികൾക്ക് ഹോസ്ററൽ പണിയാൻ നടപടി

17. [3122] ശ്രീ. സി.എം. സുന്ദരം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1983-84-ലെ ഹാംലെററ് പദ്ധതി പ്രകാരം മലമ്പുഴ ഒന്നാം വില്ലേജിലെ അകമലവാരത്തെ ആനക്കല്ല് സ്കൂളിലെ ആദിവാസി വിദ്യാർത്ഥികളുടെ താമസത്തിനായി ഹോസ്ററൽ നിർമ്മിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) എങ്കിൽ ഹോസ്ററലിന്റെ നിർമ്മാണം എന്നു പുർത്തിയാകും എന്നു വ്യക്തമാക്കുമോ ?

### ഉത്തരം

(എ) ഹാംലെററ് ഡവലപ്മെൻറ് പദ്ധതിപ്രകാരം പട്ടികവർഗ്ഗ കോളനി/സങ്കേതങ്ങളുടെ വികസന പരിപാടികളാണ് നടപ്പാക്കുന്നത്. ഹോസ്ററൽ കെട്ടിട നിർമ്മാണം അതിലുൾപ്പെടുന്നില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

## വിദ്യാഭ്യാസത്തിന് സ്പോർട്സ് ക്വാട്ടായിലുള്ള സംവരണം

18. [3123] ശ്രീ. ടി. ശിവദാസമേനോൻ ;
,, പി. രാഘവൻ :
,, സി.പി. നാരായണൻ :
,, ടി.കെ. ഹംസ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് 1991-നു ശേഷം ഏതെങ്കിലും ഡിഗ്രി, പോസ്ററ് ഗ്രാജുവേററ്, പ്രൊഫഷണൽ കോഴ്സുകളിലേക്ക് സ്പോർട്സ് ക്വാട്ടായിൽ ആളില്ലാതെ വന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ കാരണം വ്യക്തമാക്കുമോ ?

### ഉത്തരം

സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുന്ന തരത്തിലുള്ള പരാതി ലഭിച്ചതായിക്കാണുന്നില്ല, എന്നാൽ 1991-നുശേഷം സ്പോർട്സ് ക്വാട്ടായിൽ പാർട്ട്ടൈം എൻജിനീയറിംഗിനും, ബി.എച്ച്.എം.എസ്. ഗ്രെയിഡഡ് കോഴ്സിനും ആളില്ലാതെ വന്നിട്ടുണ്ട്. അംഗീകൃത മാനദണ്ഡമനുസരിച്ചുള്ള കായികനേട്ടങ്ങൾ ഉള്ള അപേക്ഷകർ ഇല്ലാതിരുന്നതിനാലാണ് പ്രസ്തുത കോഴ്സുകൾക്ക് സ്പോർട്സ് ക്വാട്ടായിൽ ആളില്ലാതെ വന്നത്.



LIBRARY ARCHIVES Kerala Legislative Assembly

## സ്പോർട്സ് ഉപകരണങ്ങളുടെ വില വർദ്ധനവ്

19. [3124] ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്പോർട്സ് ഉപകരണങ്ങളുടെ വിലവർദ്ധനവു കാരണം സ്പോർട്സിൽ താൽപ്പര്യമുള്ളവർക്ക് പരിശീലനം നടത്താൻ കഴിയില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത്തരക്കാർക്ക് സ്പോർട്സ് ഉപകരണങ്ങൾ നൽകാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഈ സാമ്പത്തിക വർഷം എത്ര പേർക്ക് സ്പോർട്സ് ഉപകരണങ്ങൾ നൽകി ; ഇതിനായി ചെലവഴിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ ആൻറ് ബി) ഉണ്ട്.

(സി) ഫുട്ബോൾ, വോളീബാൾ, ബാസ്ക്കററ് ബാൾ, ടേബിൾ ടെന്നീസ്, ഷട്ടിൽ, ബാഡ്മിൻറൺ എന്നീ ഇനങ്ങളിൽ സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെയും ജില്ലാ സ്പോർട്സ് കൗൺസിലിന്റെയും കീഴിൽ പ്രവർത്തിക്കുന്ന കോച്ചിംഗ് സെൻററുകളിൽ നടത്തുന്ന പരിശീലനാവശ്യത്തിന് ആണ് ഉപകരണങ്ങൾ വിതരണം ചെയ്യുന്നത്. വ്യക്തികൾക്കല്ല. ഇതിനായി ഈ വർഷം 2 ലക്ഷം രൂപ ചെലവായി.

കൂടാതെ, ഗ്രാമീണ തലത്തിൽ സ്പോർട്സിന്റെ ഉയർച്ച ലക്ഷ്യമാക്കി, സംസ്ഥാന യുവജനക്ഷേമ ബോർഡ് എല്ലാ വർഷവും തെരഞ്ഞെടുക്കപ്പെട്ട 760 സ്പോർട്സ് ക്ലബുകൾക്ക് ഫുട്ബാൾ, വോളീബോൾ, ബാഡ്മിൻറൺ എന്നിവയ്ക്കുള്ള ഉപകരണങ്ങൾ നൽകാറുണ്ട്. ഈ ഇനത്തിൽ ഓരോ വർഷവും 9 ലക്ഷം രൂപ ചെലവാക്കുന്നുണ്ട്.

## സ്റേറഡിയങ്ങളിൽ സിന്തററിക് ട്രാക്കുകൾ നിർമ്മിക്കാൻ നടപടി

20. [3125] ശ്രീ. മാത്യു സ്ററീഫൻ :

,, പി.എം. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയതായി നിർമ്മിക്കുന്ന അന്താരാഷ്ട്ര നിലവാരമുള്ള സ്റേറഡിയങ്ങളിൽ സിന്തററിക് ട്രാക്കുകൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) സ്റേറഡിയം നിർമ്മാണത്തിന് ഏതൊക്കെ ഏജൻസികളിൽ നിന്നും സഹായം ലഭിക്കുമെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ ആൻറ് ബി) പരിശോധിക്കുന്നതാണ്. കേന്ദ്ര-സംസ്ഥാന സർക്കാരിൽ നിന്നും മററ് പൊതു ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ധനസഹായം നേടുക എന്നതാണ് ഉദ്ദേശമെന്ന് ജി.സി.ഡി.എ. യിൽ നിന്നും അറിയുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## സ്പോർട്സ് ഡിവിഷനുകൾ

21. [3126] ശ്രീ. പി. രാജു :
,, പി.എസ്. ശ്രീനിവാസൻ :
,, എം. നാരായണൻ (ഹോസ്ദുർഗ്ഗ്) :
,, കെ. പ്രകാശ് ബാബു :
,, സത്യൻ മൊകേരി :
,, കെ.കെ. തോമസ് :
,, ഇ.എം. അഗസ്തി :
,, പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര സ്പോർട്സ് ഡിവിഷനുകൾ പ്രവർത്തിക്കുന്നു ; ഇവയിലെല്ലാംകൂടി എത്ര വിദ്യാർത്ഥികൾക്ക് പരിശീലനം നൽകിവരുന്നു ;

(ബി) സംസ്ഥാനത്തെ സ്പോർട്സ് ഡിവിഷനുകളിൽ ഓരോ വർഷവും എത്ര വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്നുണ്ട് ;

(സി) ഏതെല്ലാം സ്പോർട്സ് വിഭാഗങ്ങളിലാണ് ഇവർക്ക് പരിശീലനം നൽകുന്നത് ;

(ഡി) സംസ്ഥാനത്തെ സ്കൂളുകളിൽ സ്പോർട്സ് ഡിവിഷനുകൾ ആരംഭിച്ചശേഷം എത്ര കുട്ടികൾ ഇവിടെനിന്നും ദേശീയ നിലവാരത്തിലെത്തിയിട്ടുണ്ട് ;

(ഇ) സ്പോർട്സ് ഡിവിഷനുകളിൽ പഠിക്കുന്ന സമർത്ഥരായ കായികതാരങ്ങൾക്ക് വിദഗ്ദ്ധ പരിശീലനം ലഭ്യമാക്കുന്നതിനായി വിദേശ രാജ്യങ്ങളിലേക്ക് അയയ്ക്കാറുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

(ജി) ഈ സാമ്പത്തികവർഷം പുതിയ സ്പോർട്സ് ഡിവിഷനുകൾ ആരംഭിക്കുവാൻ ഉദ്ദേശമുണ്ടോ ; ഉണ്ടെങ്കിൽ എവിടെയൊക്കെ ;

(എച്ച്) സ്പോർട്സ് ഡിവിഷനുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) നാല് സ്പോർട്സ് ഡിവിഷനുകൾ പ്രവർത്തിക്കുന്നു. ഇവയിലെല്ലാം കൂടി ഏതാണ്ട് 220 വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്ക് പരിശീലനം നൽകിവരുന്നു.

(ബി) ജി.വി. രാജാ സ്പോർട്സ് സ്കൂളിലും കണ്ണൂർ ഗവൺമെന്റ് സ്കൂളിലുമുള്ള സ്പോർട്സ് ഡിവിഷനുകളിൽ ഓരോ വർഷവും 30 വിദ്യാർത്ഥിനികൾക്കും മററു രണ്ടു ഡിവിഷനുകളിൽ ഒഴിവുകളനുസരിച്ച് ആകെ 20 കുട്ടികൾ കൂടാത്ത വിധത്തിൽ നീന്തൽ, വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്കും പ്രവേശനം നൽകിവരുന്നു.

(സി) ഫുട്ബോൾ, അത്ലററിക്സ്, ബാസ്ക്കററ്ബോൾ, വോളിബോൾ, ഹോക്കി, സ്വിമ്മിംഗ് എന്നീ വിഭാഗങ്ങളിലാണ് ഇവർക്ക് പരിശീലനം നൽകിവരുന്നത്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) ഇല്ല.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

(ജി) തൃശൂരിൽ ഒരു സ്വിമ്മിംഗ് സ്പോർട്സ് ഡിവിഷൻ ആരംഭിക്കുവാൻ ഉദ്ദേശമുണ്ട്.

(എച്ച്) സ്പോർട്സ് ഡിവിഷനുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ ഓരോ ഡിവിഷനുകൾക്കും ഒരു ഉപദേശകസമിതിക്കും ഒരു മെസ്സ് കമ്മിററിക്കും രൂപം നൽകിയിട്ടുണ്ട്. അതോടൊപ്പം അവർക്ക് വേണ്ടത്ര കായിക ഉപകരണങ്ങൾ നൽകുവാനും താമസസൗകര്യം മെച്ചപ്പെടുത്തുവാനും നല്ലരീതിയിൽ പരിശീലനം നൽകുവാനും നടപടികൾ സ്വീകരിച്ചുവരുന്നു.

## സ്പോർട്സ് ഹോസ്ററലുകൾ

22. [3127] ശ്രീ. എ. സുജനപാൽ :

,, കെ. സുധാകരൻ :

ശ്രീമതി കെ. സി. റോസക്കുട്ടി : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് ഇപ്പോൾ എത്ര സ്പോർട്സ് ഹോസ്ററലുകളുണ്ടെന്നും അവയുടെ നടത്തിപ്പ് എപ്രകാരമാണെന്നും വിശദമാക്കാമോ ?

### ഉത്തരം

സംസ്ഥാനത്ത് ഇപ്പോൾ 24 സ്പോർട്സ് ഹോസ്ററലുകൾ നിലവിലുണ്ട്. തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് അതാത് കോളേജുകളിൽ സംവിധാനം ചെയ്തിട്ടുള്ള ഹോസ്ററലുകളിൽ താമസവും ക്ഷേണവും സ്പോർട്സ് കൗൺസിലിന്റെ ചിലവിൽ നൽകുന്നു. ഇതിനായി പ്രതിമാസം ഒരു വിദ്യാർത്ഥിക്ക് 600 രൂപ ക്രമത്തിൽ നൽകിവരുന്നു. കൂടാതെ അതാത് സ്പോർട്സ് ഇനങ്ങളിൽ കുട്ടികൾക്ക് ദിവസവും രാവിലേയും വൈകുന്നേരവും സ്പോർട്സ് കൗൺസിൽ പരിശീലകരെ കൊണ്ട് പരിശീലനം നൽകുന്നു. കൗൺസിൽ നൽകിയിട്ടുള്ള മെനു അനുസരിച്ചുള്ള ഭക്ഷണം അതാത് കോളേജ് പ്രിൻസിപ്പാളിന്റെ മേൽനോട്ടത്തിൽ കുട്ടികൾക്ക് നൽകുന്നു. ഇത് കൂടാതെ സ്പോർട്സ് അതോറിററി ഓഫ് ഇൻഡ്യ സ്ഥാപിച്ച ഒരു സ്പോർട്സ് ഹോസ്ററൽ കോഴിക്കോട് പ്രവർത്തിക്കുന്നുണ്ട്. ഈ ഹോസ്ററലിന് താമസ സൗകര്യങ്ങൾ സ്പോർട്സ് ഡയറക്ടറേററ് മുഖേന നൽകിവരുന്നു. സ്പോർട്സ് അതോറിററി ഓഫ് ഇൻഡ്യയുടെ ചെലവിലാണ് ഈ ഹോസ്ററൽ പ്രവർത്തിക്കുന്നത്. ഈ ഹോസ്ററലിലേക്കുള്ള തെരഞ്ഞെടുപ്പ് സംസ്ഥാന കായികവകുപ്പും സ്പോർട്സ് അതോറിററി ഓഫ് ഇൻഡ്യയും ചേർന്നാണ് നടത്തുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സ്പോർട്സ് കൗൺസിലിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ

23. [3128] ശ്രീ. സി.കെ. ചന്ദ്രപ്പൻ :
,, പി.എസ്. ശ്രീനിവാസൻ :
,, സത്യൻ മൊകേരി :
,, പി. രാജു :
,, എം. നാരായണൻ (ഹോസ്ദുർഗ്ഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്പോർട്സ് കൗൺസിലിന്റെ മുഴുവൻ സമയ പ്രസിഡന്റ് സ്ഥാനവും സെക്രട്ടറി സ്ഥാനവും ഒഴിഞ്ഞുകിടക്കുകയാണോ ; എങ്കിൽ എന്നുമുതൽ ;

(ബി) ദീർഘനാളായി ഈ സ്ഥാനങ്ങൾ ഒഴിഞ്ഞുകിടക്കുന്നതിനുണ്ടായ കാരണങ്ങൾ വ്യക്തമാക്കുമോ ; ഇതിനു ഉത്തരവാദികൾ ആരാണ് ;

(സി) ഇത് നിമിത്തം സ്പോർട്സ് കൗൺസിലിന്റെ പ്രവർത്തനങ്ങൾ സ്തംഭനാവസ്ഥയിലായിട്ടുണ്ടോ ;

(ഡി) ഈ തസ്തികകൾ എത്രയുംവേഗം നികത്തി സ്പോർട്സ് കൗൺസിലിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി, സി, ഡി) ഉദിക്കുന്നില്ല.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിമാരുടെ യോഗതീരുമാനം

24. [3129] ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ :
,, സി.കെ. ചന്ദ്രപ്പൻ ;
,, കെ.ഇ. ഇസ്മയിൽ :
,, ടി.കെ. ഹംസ :
,, വി.ജെ. തങ്കപ്പൻ :
,, എ. കണാരൻ :
,, പിണറായി വിജയൻ :
,, ഇ. ജയരാജൻ :
പ്രൊഫസർ മീനാക്ഷി തമ്പാൻ :
ശ്രീ. സത്യൻ മൊകേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രധാനമന്ത്രി വിളിച്ചുകൂട്ടിയ സംസ്ഥാനങ്ങളിലെ തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിമാരുടെ യോഗത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുളള തെരഞ്ഞെടുപ്പുകളെക്കുറിച്ച് തീരുമാനം എന്തെങ്കിലും എടുത്തിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(സി) ഇതനുസരിച്ച് കേന്ദ്ര ഗവൺമെന്റ് തയ്യാറാക്കിയ പഞ്ചായത്ത്

നഗരപാലികാ ബില്ലിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് നിയമം പാസ്സാക്കേണ്ടതെപ്പോഴാണെന്ന് പറയാമോ ;

(ഡി) ഇതിനായി സംസ്ഥാനതലത്തിൽ തെരഞ്ഞെടുപ്പു കമ്മീഷൻ രൂപീകരിക്കണമെന്ന് കേന്ദ്രം നിർദ്ദേശിച്ചിട്ടുണ്ടോ ;

(ഇ) പഞ്ചായത്ത്‌രാജ്-നഗരപാലികാ നിയമം പ്രാബല്യത്തിൽ വരുത്തുന്നതിന് ഏതെങ്കിലും തീയതി കേന്ദ്രം നിർദ്ദേശിച്ചിട്ടുണ്ടോ ; ഇതിനായി എന്തെല്ലാം നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട് ;

(എഫ്) ഈ നിയമം നടപ്പിലായി വരുമ്പോൾ ഇപ്പോഴുള്ള ജില്ലാ കൗൺസിലുകൾക്ക് മാററം വരുത്തുന്നതിന് ഉദ്ദേശമുണ്ടോ ; ഉണ്ടെങ്കിൽ പകരം ജില്ലാതലത്തിൽ ഏതുതരത്തിലുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ;

(ജി) നഗരപാലികാ നിയമം സംസ്ഥാനത്ത് നടപ്പാക്കുമ്പോൾ പഞ്ചായത്ത്, നഗരസഭ, ജില്ലാ കൗൺസിൽ നിയമങ്ങൾക്കുവേണ്ട മാററങ്ങളെ കുറിച്ചു പഠിക്കാൻ കമ്മീഷനെ നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) എടുത്തു.

(ബി) ഭരണഘടനാഭേദഗതി നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം 5 കൊല്ലത്തിലൊരിക്കൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുപ്പ് നടത്തുന്നതിനും തെരഞ്ഞെടുപ്പിന്റെ മേൽനോട്ടം വഹിക്കുന്നതിന് സംസ്ഥാനതലത്തിൽ തെരഞ്ഞെടുപ്പു കമ്മീഷനെ നിയമിക്കുന്നതിനും തീരുമാനിച്ചു.

(സി) സംസ്ഥാന പഞ്ചായത്ത് നിയമങ്ങളിലെ ഭേദഗതി 23-4-1994-നു മുൻപായും മുനിസിപ്പൽ നിയമങ്ങളിലെ ഭേദഗതി 31-5-1994-നു മുൻപായും നിലവിൽ വരേണ്ടതുണ്ട്.

(ഡി) സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷനെ നിയമിക്കണമെന്ന് ഭരണഘടനാ ഭേദഗതി നിയമങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ഇ) പഞ്ചായത്തിരാജ്-നഗരപാലിക സംബന്ധിച്ച ഭരണഘടനാ ഭേദഗതി നിയമങ്ങൾ പ്രാബല്യത്തിൽ വന്നുകഴിഞ്ഞു. ഭരണഘടനാ ഭേദഗതികളുടെ അടിസ്ഥാനത്തിൽ സംസ്ഥാന പഞ്ചായത്തു നിയമങ്ങളിലെ ഭേദഗതി 23-4-1994-നു മുൻപും മുനിസിപ്പൽ നിയമങ്ങളിലെ ഭേദഗതി 31-5-1994-നു മുൻപും നിലവിൽ വരേണ്ടതാണ്. നിയമങ്ങളിൽ ഭേദഗതി വരുത്തുന്നതു സംബന്ധിച്ച് മേയർമാർ, മുനിസിപ്പൽ ചെയർമാൻമാരുടെ പ്രതിനിധികൾ, പഞ്ചായത്ത് അസോസിയേഷൻ പ്രതിനിധികൾ എന്നിവരുമായി പ്രാഥമിക ചർച്ചകൾ നടത്തുകയുണ്ടായി. ഭേദഗതി നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥതലത്തിൽ പരിശോധിച്ചുവരുന്നു.

(എഫ്) തീരുമാനമെടുത്തിട്ടില്ല.

(ജി) കമ്മീഷനെ നിയമിക്കുന്ന കാര്യം ആലോചിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## മലയോര വികസന അതോറിററി രൂപീകരിക്കാൻ നടപടി

25. [3130] ശ്രീ. ടി. ചാത്തു :

,, സി. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലയോര വികസന അതോറിററി രൂപീകരിക്കുന്ന നടപടി ഏത് സ്റേറജിലിരിക്കുന്നു ;

(ബി) ഇത് സംബന്ധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ നിയോഗിച്ച സ്പെഷ്യൽ ഓഫീസറുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ, ബി & സി) മലയോര വികസന അതോറിററി രൂപീകരിക്കുന്നതു സംബന്ധിച്ച സ്പെഷ്യൽ ആഫീസറുടെ റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്.

## കോർപ്പറേഷനുകളുടെ സമഗ്ര വികസനത്തിനായുള്ള പാക്കേജ് പദ്ധതി

26. [3131] ശ്രീ. കെ. ബാബു :

,, ജോസഫ് എം. പുതുശ്ശേരി :

,, പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോകബാങ്ക് സംസ്ഥാനത്തെ മൂന്നു കോർപ്പറേഷനുകളുടെ സമഗ്രവികസനത്തിനായി 400 കോടി രൂപയുടെ പാക്കേജ് പദ്ധതിക്ക് സഹായം വാഗ്ദാനം ചെയ്തിട്ടുണ്ടോ ;

(ബി) ഈ വികസന പദ്ധതിയുടെ നിർദ്ദേശങ്ങൾ ആവിഷ്ക്കരിക്കാൻ വൻകിട കൺസൾട്ടൻസി കമ്പനികളെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ;

(സി) ഈ കമ്പനികൾക്ക് നൽകേണ്ട കൺസൾട്ടൻസി ഫീസ് നിശ്ചയിച്ചിട്ടുണ്ടോ ?

### ഉത്തരം

(എ) ലോകബാങ്കിന്റെ സഹായത്തോടുകൂടി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ ശുദ്ധജല വിതരണം, റോഡ് വികസനം, മലിനജല നിർമ്മാർജ്ജനം പരിസര ശുചീകരണം എന്നിവയ്ക്കായി 835 കോടി രൂപയുടെ പുതുക്കിയ ഒരു പദ്ധതി സംസ്ഥാന ഗവൺമെൻറ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. പ്രസ്തുത പദ്ധതി തയ്യാറാക്കുന്നതിന് ലോകബാങ്ക് സഹകരിച്ചുവരുന്നുണ്ട്. ധനസഹായത്തെ സംബന്ധിച്ച് അന്തിമമായ വാഗ്ദാനം ഇതുവരെ ലഭിച്ചിട്ടില്ല.

(ബി) പദ്ധതിയുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിനുവേണ്ടി കൺസൾട്ടൻറ് കമ്പനികളെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) ഉണ്ട്.

"കോർപ്പറേഷൻ-മുനിസിപ്പൽ പ്രദേശങ്ങളിലെ റോഡ് പുറമ്പോക്കുകളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിന് നടപടി"

27. [3132] ശ്രീ. എ. സുജനപാൽ :
,, കെ. സുധാകരൻ :
ശ്രീമതി കെ. സി. റോസക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കോർപ്പറേഷൻ-മുനിസിപ്പൽ പ്രദേശങ്ങളിലെ റോഡു പുറമ്പോക്കുകളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടി എന്തെല്ലാം പദ്ധതികളാണ് ഗവൺമെൻറിൻെറ പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിക്കുവേണ്ടി ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(സി) സംസ്ഥാനത്ത് ഇത്തരം പുറമ്പോക്കുകളിൽ താമസിക്കുന്ന കുടുംബങ്ങൾ എത്രയുണ്ടെന്ന് വിശദമാക്കാമോ ;

(ഡി) പ്രസ്തുത കുടുംബങ്ങളിൽ പട്ടികജാതി-പട്ടികവർഗ്ഗത്തിൽ പെട്ടവർ എത്രയുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കോർപ്പറേഷൻ മുനിസിപ്പൽ പ്രദേശങ്ങളിലെ റോഡുപുറംപോക്കുകളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിനായി ഒരു പദ്ധതി രൂപകൽപ്പന ചെയ്ത് അംഗീകാരത്തിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(ബി) ഈ പദ്ധതി നടപ്പിലാക്കുന്നതിനായി തുകയൊന്നും ചെലവഴിച്ചിട്ടില്ല.

(സി) 11142 കുടുംബങ്ങൾ.

(ഡി) പട്ടികജാതി-പട്ടികവർഗ്ഗക്കാർ എത്രയുണ്ടെന്ന് കണക്കാക്കിയിട്ടില്ല.

പഞ്ചായത്തുകളെ വില്ലേജടിസ്ഥാനത്തിൽ പുനഃസംഘടിപ്പിക്കാൻ നടപടി

28. [3134] ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്തുകളെ വില്ലേജടിസ്ഥാനത്തിൽ വിഭജനം നടത്തി പുനഃസംഘടിപ്പിക്കാൻ സർക്കാരിന് ഉദ്ദേശമുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ പഞ്ചായത്തുകളെയാണ് ഇങ്ങനെ വിഭജിച്ച് പുനഃസംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ, ബി) പഞ്ചായത്തുകളെ വില്ലേജടിസ്ഥാനത്തിൽ വിഭജിക്കാൻ തൽക്കാലം ഉദ്ദേശമില്ല. എന്നാൽ സംസ്ഥാനത്തെ ചില വലിയ പഞ്ചായത്തുകളെ വിഭജിച്ച് പുതിയ പഞ്ചായത്തുകൾ രൂപീകരിക്കാനുള്ള നിർദ്ദേശം പരിഗണനയിലുണ്ട്. അന്തിമതീരുമാനം എടുത്തിട്ടില്ല.

## കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷന്റെ ജനറൽ കൗൺസിൽ യോഗം

29. [3135] ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷന്റെ ജനറൽ കൗൺസിൽ യോഗം വർഷത്തിൽ എത്ര തവണ കൂടണമെന്നാണ് വ്യവസ്ഥ ;

(ബി) 1992–93 വർഷത്തിൽ ജനറൽ കൗൺസിൽ യോഗം കൂടുന്നതിൽ വീഴ്ച വന്നിട്ടുണ്ടോ ;

(സി) വീഴ്ച വന്നിട്ടുണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) മൂന്നു തവണ.

(ബി) 1992–93-ൽ ജനറൽ കൗൺസിൽ മീററിംഗിന്റെ ഒരു യോഗം ചേർന്നിട്ടുണ്ട്.

(സി) വാർഷിക കണക്കുകളും, വാർഷിക റിപ്പോർട്ടും ബഡ്ജററും പരിഗണിക്കുന്നതിനും അംഗീകരിക്കുന്നതിനും വേണ്ടി വാർഷിക പൊതുയോഗം കൂടിയ സാഹചര്യത്തിലും മററു പ്രധാന വിഷയങ്ങൾ ചർച്ച ചെയ്യേണ്ട സാഹചര്യം ഇല്ലാതിരുന്നതിനാലും ഇൻസ്റ്റിറ്റ്യൂട്ടിനു ഒരു ഫുൾടൈം ഡയറക്ടർ ഇല്ലാതിരുന്നതിനാലും ഒന്നിലധികം യോഗങ്ങൾ കൂടാൻ കഴിഞ്ഞില്ല. ഇതുമൂലം ഭരണപരമായ വീഴ്ചകളൊന്നും സംഭവിച്ചിട്ടില്ല.

## അഴിയൂർ പഞ്ചായത്ത് പാട്ടത്തിന് നൽകിയ ഭൂമി

30. [3136] ശ്രീ. വർക്കല രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് അഴിയൂർ പഞ്ചായത്തിന്റെ വടകര ചോമ്പാൽ ദേശത്തെ റി. സ. 28/1-ൽ 145 സെന്റ് സ്ഥലം എപ്പോഴെങ്കിലും ഏതെങ്കിലും വ്യക്തിക്ക് ലീസിന് നൽകിയിട്ടുണ്ടായിരുന്നോ ; എങ്കിൽ എപ്പോൾ, എത്ര കാലത്തേക്ക്, ലീസിന്റെ കാലാവധി അവസാനിച്ചതെന്നാണ് ;

(ബി) പഞ്ചായത്ത് പ്രസ്തുത സ്ഥലം മററെന്തെങ്കിലും ആവശ്യത്തിന് പ്രയോജനപ്പെടുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്താവശ്യത്തിന് ;

(സി) ബാക്കി സ്ഥലം ഉണ്ടെങ്കിൽ അത് ഏത് ആവശ്യത്തിനായി വിനിയോഗിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ ; പ്രസ്തുത സ്ഥലത്തിന്റെ അവകാശം സംബന്ധിച്ച തർക്കം നിലവിലുണ്ടോ ; ഉണ്ടെങ്കിൽ എന്താണ് ;



LIBRARY ARCHIVES Kerala Legislative Assembly

(ഡി) തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും ഇതു സംബന്ധമായി നടക്കുന്ന ഹിയറിംഗിന് പഞ്ചായത്ത് ഭരണ സമിതിയെ പ്രതിനിധീകരിച്ച് ആരെയെങ്കിലും വിളിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ടി സ്ഥലം 1968 മുതൽ ഡോ. സലീം എന്നയാൾക്ക് ഓരോ വർഷവും ലീസിന് നൽകി വന്നിരുന്നു. 31-3-1988-ന് ടി ലീസിന്റെ കാലാവധി അവസാനിച്ചു.

(ബി) സ്ഥലത്തിന്റെ ഒരു ഭാഗം പ്രൈമറി ഹെൽത്ത് സെന്ററിന്റെ നിർമ്മാണത്തിനുവേണ്ടി ഉപയോഗിച്ചിട്ടുണ്ട് ;

(സി) ബാക്കിയുള്ള സ്ഥലം പ്രയോജനപ്പെടുത്തുന്നതു സംബന്ധിച്ച് പഞ്ചായത്ത് തീരുമാനം എടുത്തിട്ടില്ല. ടി സ്ഥലം സംബന്ധിച്ച് അവകാശതർക്കം നിലവിലുണ്ട്. ഹൈക്കോടതിയിൽ കേസ് നിലനിൽക്കുകയും ചെയ്യുന്നു. പ്രസ്തുത സ്ഥലം സ്ഥിരമായി പതിച്ചുകിട്ടുന്നതിനുവേണ്ടി ഡോക്ടർ സലിമിന്റെ ഭാര്യ ശ്രീമതി സുഹറാബീവിയാണ് കേസ് ഫയൽ ചെയ്തിട്ടുള്ളത്.

(ഡി) പഞ്ചായത്ത് സമിതിയെ പ്രതിനിധീകരിച്ച് ആരെയും വിളിച്ചിരുന്നില്ല. എന്നാൽ പഞ്ചായത്ത് എക്സിക്യൂട്ടീവ് ഓഫീസറെ വിളിച്ചിരുന്നു.

ലോകോസ്ററ് സാനിട്ടേഷൻ പദ്ധതി

31. [3137] ശ്രീ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോകബാങ്കിന്റെ സഹായത്തോടെ ആരംഭിച്ച ലോകോസ്ററ് സാനിട്ടേഷൻ പദ്ധതി പ്രകാരം പഞ്ചായത്ത് മുനിസിപ്പൽ പ്രദേശങ്ങളിൽ എത്ര താഴ്ന്ന വരുമാനക്കാർക്ക് കക്കൂസുകൾ നിർമ്മിക്കാനുള്ള ധനസഹായം കൊടുത്തിട്ടുണ്ടെന്ന് അറിയിക്കാമോ ;

(ബി) മേൽപ്പറഞ്ഞ പദ്ധതി പ്രകാരം ഒരാൾക്ക് കൊടുക്കാവുന്ന പരമാവധി വായ്പയും ഗ്രാൻറും എത്രയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 16,000 കക്കൂസുകൾ പഞ്ചായത്തുകളിലും 11,131 കക്കൂസുകൾ മുനിസിപ്പാലിററികളിലും നിർമ്മിക്കാനുള്ള ധനസഹായമാണ് നൽകിയിട്ടുള്ളത്.

(ബി) ഈ പദ്ധതി പ്രകാരം ഒരു കക്കൂസ് നിർമ്മിക്കുന്നതിന് മുനിസിപ്പാലിററിയിൽ 4,000 രൂപയും പഞ്ചായത്തിൽ 3,500 രൂപയും എന്ന തോതിലാണ് ഇപ്പോൾ നിശ്ചയിച്ചിട്ടുള്ളത്. പ്രസ്തുത തുക മുനിസിപ്പാലിററികളിൽ 50% വായ്പയായിട്ടും 50% ഗ്രാൻറായിട്ടുമാണ് നൽകുന്നത്. ഇത് പഞ്ചായത്തു പ്രദേശങ്ങളിൽ 25% വായ്പയായും 75% ഗ്രാൻറായും കണക്കാക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

## വാണിയംകുളത്ത് പ്രൈമറി ഹെൽത്ത് സെൻററിന് സ്ഥലം അനുവദിക്കാൻ നടപടി

32. [3138] ശ്രീ. വി. സി. കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒററപ്പാലം നിയോജക മണ്ഡലത്തിലെ വാണിയംകുളം പഞ്ചായത്തിൽ പ്രൈമറി ഹെൽത്ത് സെൻറർ ആരംഭിക്കുന്നതിന് പഞ്ചായത്തിൻെറ കൈവശമുള്ള ചന്ത മൈതാനിയിലെ സ്ഥലം വിട്ടു കൊടുക്കുന്നതിന് അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ അപേക്ഷ എന്നാണ് കിട്ടിയത്;

(സി) ഈ അപേക്ഷയിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) അപേക്ഷ പഞ്ചായത്ത് ഡയറക്ടറേററിൽ ലഭിച്ചിട്ടുണ്ട്.

(ബ) 24-2-1992-ൽ ഇക്കാര്യത്തിലുള്ള പഞ്ചായത്ത് തീരുമാനം പഞ്ചായത്ത് ഡയറക്ടറേററിൽ ലഭിച്ചു. എന്നാൽ സ്ഥലത്തിൻെറ സ്കെച്ചും മററ് അനുബന്ധ രേഖകളും 11-2-1993-നാണ് ലഭിച്ചത്.

(സി) അപേക്ഷയോടൊപ്പം ടി സ്ഥലം പ്രാഥമികാരോഗ്യകേന്ദ്രം സ്ഥാപിക്കുവാൻ അനുയോജ്യമാണെന്നുള്ള ആരോഗ്യ വകുപ്പിൻെറ സർട്ടിഫിക്കററ് ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കാൻ 20-5-1993-ൽ പഞ്ചായത്തിനോട് ആവശ്യപ്പെട്ടിരിക്കയാണ്. ആയതിന് ഇതുവരെ മറുപടി ലഭിച്ചിട്ടില്ല.

## "കാഞ്ഞിരപ്പള്ളി പഞ്ചായത്ത് സമിതിയുടെ കാലാവധി സംബന്ധിച്ചുള്ള കേസ്"

33. [3139] ശ്രീ. ജോർജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി പഞ്ചായത്ത് സമിതിയുടെ കാലാവധി ചുരുക്കിയ ഉത്തരവിനെ സംബന്ധിച്ച് ഹൈക്കോടതിയിൽ വന്ന കേസിൽ നിയമവകുപ്പ് നിസ്സഹകരിച്ചിട്ടുണ്ടോ;

(ബി) ഹൈക്കോടതിയിൽ മാസങ്ങളോളം എതിർ സത്യവാങ്മൂലം ഫയൽ ചെയ്യാൻ വൈകിയതിനാൽ സർക്കാർ ഉത്തരവിന് ഹൈക്കോടതി സ്റേറ നൽകിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥൻമാരുടെ പേരിൽ മാതൃകാപരമായ നടപടി എടുക്കുമോ?

### ഉത്തരം

(എ) ഇല്ല.

(ബി) കേസിൽ എതിർ സത്യവാങ്മൂലം ഫയൽ ചെയ്യുന്നതിൽ കാലതാമസമുണ്ടായിട്ടില്ല. ഹൈക്കോടതി സ്റേറ ഇപ്പോൾ നിലവിലില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

കോഴിക്കോട് ബസ് സ്റ്റാൻഡിനു സമീപമുള്ള
ശ്മശാനം മാററി സ്ഥാപിക്കുന്നതിനു നടപടി

34. [3140] ശ്രീ. എ. സുജനപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് നഗരത്തിൽ ഇന്ദിരാഗാന്ധി റോഡിലെ മൊഫ്യൂസിൽ ബസ് സ്റ്റാൻഡിനു സമീപമുള്ള ശ്മശാനം മാററുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ ;

(ബി) നഗരത്തിൽ വൈദ്യുതി ശ്മശാനം സ്ഥാപിക്കുന്നതിനു വേണ്ടി കോർപ്പറേഷൻ എന്തെങ്കിലും നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) 35 ലക്ഷം രൂപ (മുപ്പത്തഞ്ചു ലക്ഷം രൂപ) ചെലവു വരുന്ന പ്രോജക്ട് റിപ്പോർട്ട് കൗൺസിലിലേക്ക് സമർപ്പിച്ചിട്ടുണ്ട്. കൗൺസിൽ ഇതുവരെ ഇക്കാര്യത്തിൽ തീരുമാനം എടുത്തിട്ടില്ല.

നിയമവിരുദ്ധമായ കെട്ടിട നിർമ്മാണം

35. [3141] ശ്രീമതി കെ. സി. റോസക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ഉള്ളൂർ വില്ലേജിൽപ്പെട്ട മണ്ണന്തല ജെ. ജെ. നഗറിൽ ശ്രീ. ബാബുജി പോത്തൻ വക സ്ഥലത്തിനോട് ചേർന്ന് അനധികൃതമായി കെട്ടിടം നിർമ്മിക്കുന്നുവെന്ന പരാതി ഗവൺമെൻറിന് ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ആരാണ് കെട്ടിടം നിർമ്മിക്കുന്നത് ;

(സി) ഈ പരാതിയിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ഡി) അനധികൃതമായ കെട്ടിട നിർമ്മാണം നിർത്തി വയ്പ്പിക്കുവാൻ നടപടി എടുക്കുമോ ?

ഉത്തരം

(എ) ഉള്ളൂർ പഞ്ചായത്താഫീസിൽ പരാതി ലഭിച്ചിട്ടുണ്ട്.

(ബി) പി. ജെ. സൈമൺ, പുളിയേലിൽ വീട്, ജെ. ജെ. നഗർ, നാലാഞ്ചിറ പി. ഒ., തിരുവനന്തപുരം എന്നയാളാണ് കെട്ടിടം നിർമ്മിക്കുന്നത്.

(സി) പരാതി ലഭിച്ച ഉടനെ കെട്ടിടം പൊളിച്ചു മാററാൻ കക്ഷിക്ക് 18-6-1993-ൽ നോട്ടീസ് നൽകി.

(ഡി) മേൽപ്പറയുന്ന പൊളിച്ചുമാററൽ നോട്ടീസിനെതിരെ ശ്രീ. സൈമൺ സമർപ്പിച്ച ഹർജിയിൽ നടപടി രണ്ടു മാസത്തേക്ക് തടഞ്ഞിരിക്കയാണ്. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

## കാട്ടൂർ പഞ്ചായത്തിന് ഓഫീസ് കെട്ടിടം പണിയുന്നതിന് നടപടി

36. [3142] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തൃശ്ശൂർ ജില്ലയിലെ കാട്ടൂർ പഞ്ചായത്തിന് സ്വന്തമായി ഓഫീസ് കെട്ടിടം പണിയുന്നതിന് ഗവൺമെൻറിൽ നിന്നും എന്തെല്ലാം സഹായങ്ങൾ ചെയ്തുകൊടുക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

### ഉത്തരം

കാട്ടൂർ പഞ്ചായത്ത് ധനസഹായം ലഭിക്കുന്നതിനുവേണ്ടി അപേക്ഷ സമർപ്പിക്കുമ്പോൾ ധനലഭ്യതയനുസരിച്ച് പരിഗണിക്കുന്നതാണ്.

## ഇടുക്കി ആനക്കുഴി പഞ്ചായത്തിലെ സ്റേറഡിയ നിർമ്മാണം

37. [3143] ശ്രീ. പി. ററി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിലെ തൊടുപുഴ താലൂക്കിൽ വണ്ണപ്പുറം പഞ്ചായത്തിലെ ആനക്കുഴിയിൽ പണി തീർത്തിരിക്കുന്ന സ്റേറഡിയത്തിന് ആകെ എത്ര സെൻറ് സ്ഥലമാണുള്ളത് ;

(ബി) പ്രസ്തുത സ്റേറഡിയത്തിൻെറ പണിയെക്കുറിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ ;

(സി) ഇതിൻെറ താഴ്ന്നഭാഗം കെട്ടി ഉയർത്തിയപ്പോൾ ലഭിച്ച അധിക സ്ഥലം കൈയേറിയിട്ടുണ്ടോ ;

(ഡി) സ്റേറഡിയം കെട്ടി ഉയർത്തുന്നതിനായി എന്ത് തുക ചെലവായിട്ടുണ്ട് ;

(ഇ) സ്റേറഡിയം നിർമ്മാണത്തിൽ ക്രമക്കേടുള്ളതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ അതേപ്പററി അന്വേഷിച്ച് കുററക്കാരുടെമേൽ നടപടി സ്വീകരിക്കുമോ ; പ്രസ്തുത സ്ഥലത്തെ കൈയേററക്കാരെ ഒഴിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) 50 സെൻറ് സ്ഥലം.

(ബി, സി) ഉണ്ട്.

(ഡി) 1,12,000 രൂപ.

(ഇ) ഉണ്ട്.

(എഫ്) അന്വേഷണ റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ കുററക്കാർക്കെതിരായി നടപടി സ്വീകരിക്കാനും അനധികൃത കയ്യേററക്കാരെ ഒഴിപ്പിക്കുവാനും നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

## കോഴിക്കോട് നഗരത്തിൽ തെരുവ് വിളക്കുകൾ കത്തിക്കുന്നതിന് നടപടി

38. [3144] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിൽ തെരുവു വിളക്കുകൾ കത്തിക്കുന്നതിനു വേണ്ടി കോർപ്പറേഷൻ പ്രതിവർഷം എന്തു തുക ചിലവഴിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) തെരുവു വിളക്കുകൾ കത്തുന്നതു സംബന്ധിച്ച് കോർപ്പറേഷൻ എന്തെങ്കിലും പരാതി ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

### ഉത്തരം

(എ) ഏകദേശം 26.5 ലക്ഷം രൂപ.

(ബി ആൻറ് സി) ഇലക്ട്രിസിററിബോർഡ് ഗുണനിലവാരം കുറഞ്ഞ ബൾബുകൾ ഉപയോഗിക്കുന്നതായും 70-80 ശതമാനത്തോളം ലൈററുകൾ കത്താറില്ലെന്നും നഗരസഭയ്ക്ക് പരാതിയുണ്ട്, തെരുവ് വിളക്കുകൾ കത്തിക്കുന്നതിനു നഗരസഭ പ്രത്യേക സഹായം നൽകണമെന്നും ആവശ്യപ്പെടുകയുണ്ടായി.

## വൈദ്യുതി വിളക്കുകൾ പ്രവർത്തിപ്പിക്കുവാൻ നടപടി

39. [3145] ശ്രീ. സി.എം. സുന്ദരം: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് അകമലവാരത്തിൽ വെള്ളഴുത്താൻ പൊററയിൽ മാസങ്ങളായി പ്രവർത്തനരഹിതമായ വൈദ്യുതി വിളക്കുകൾ പ്രവർത്തിക്കാൻ ഗവൺമെൻറ് നടപടി സ്വീകരിക്കുമോ?

### ഉത്തരം

നടപടിയെടുക്കുകയും വൈദ്യുതി വിളക്കുകൾ പ്രവർത്തനക്ഷമമാക്കുകയും ചെയ്തിട്ടുണ്ട്.

## നഗരവികസന ഏജൻസി വഴി പുനലൂർ മുനിസിപ്പാലിററിക്കു ലഭിച്ച സഹായം

40. [3146] ശ്രീ. പുനലൂർ മധു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരവികസന ഏജൻസിവഴി പുനലൂർ മുനിസിപ്പാലിററിക്ക് എത്ര രൂപയുടെ സഹായം ലഭിച്ചിട്ടുണ്ട്;

(ബി) ഇത് ഏതൊക്കെ കാലയളവിൽ എന്തൊക്കെ ആവശ്യത്തിനാണ് അനുവദിച്ചിട്ടുള്ളത്;

(സി) ഇതിൽ എത്ര രൂപ ചെലവാക്കിയിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നഗരവികസന ഏജൻസി വഴി പുനലൂർ മുനിസിപ്പാലിററിക്ക് ധനസഹായമൊന്നും ലഭിച്ചിട്ടില്ല.

(ബി ആൻറ് സി) ചോദ്യം ഉദിക്കുന്നില്ല.

## നെയ്യാററിൻകര മുനിസിപ്പാലിററിയിൽ നിന്നും പിരിച്ചുവിടപ്പെട്ട സി.എൽ.ആർ. ജീവനക്കാരെ തിരിച്ചെടുക്കാൻ നടപടി

41. [3147] ശ്രീ. എം. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെയ്യാററിൻകര മുനിസിപ്പാലിററിയിൽനിന്നും പിരിച്ചുവിടപ്പെട്ട സി.എൽ.ആർ. ജീവനക്കാരെ തിരിച്ച് എടുക്കണമെന്ന ഹൈക്കോടതി വിധി നടപ്പാക്കാൻ എന്ത് നടപടി കൈക്കൊണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത വിധിപ്രകാരം എത്ര പേരെ ഇതിനകം തിരിച്ചെടുത്തു ;

(സി) ശേഷിക്കുന്നവരെ ഉടൻ തിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നെയ്യാററിൻകര മുനിസിപ്പാലിററിയിൽ നിന്നും പിരിച്ചുവിടപ്പെട്ട സി.എൽ.ആർ. ജീവനക്കാരെ തിരിച്ചെടുക്കണമെന്ന് ഹൈക്കോടതി വിധി ഉണ്ടായിട്ടില്ല.

(ബി ആൻറ് സി) ഉദിക്കുന്നില്ല.

## കേരള ഇൻസ്ററിററ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനിൽ സ്പെഷ്യൽ പേ നൽകുന്നതു നിർത്തലാക്കാൻ നടപടി

42. [3148] ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഡെപ്യൂട്ടേഷൻ അലവൻസ് നിർത്തലാക്കിയിട്ടും കേരള ഇൻസ്ററിററ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനിൽ തത്തുല്യമായ നിരക്കിൽ സ്പെഷ്യൽ പേ നൽകുന്നത് ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് നിർത്തലാക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) ഗവൺമെൻറിൻെറ മുൻകൂർ അനുവാദം കൂടാതെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ പ്രസ്തുത സ്ഥാപനത്തിൽ എത്ര ജീവനക്കാർ ഇപ്പോഴും ജോലിയിൽ തുടരുന്നു ;

(സി) ഇപ്രകാരമുള്ള ഡെപ്യൂട്ടേഷൻ നിർത്തലാക്കാൻവേണ്ട നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥൻമാർക്കും പരിശീലനം നൽകി വരുന്ന ഒരു പരിശീലന സ്ഥാപനമാണ് 'കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ'. പരിശീലനാർത്ഥികൾക്ക് താമസിച്ച് പരിശീലനം നേടുവാനുള്ള സൗകര്യങ്ങൾ ഇവിടെയുണ്ട്. പരിശീലനത്തിന്റെ പ്രത്യേകത അനുസരിച്ച് സാധാരണ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും വിഭിന്നമായ പ്രവർത്തി സമയം പാലിക്കേണ്ടതായി വരാറുണ്ട്. ഈ പ്രത്യേകത കണക്കിലെടുത്തുകൊണ്ടും പല ട്രെയിനിംഗ് സ്ഥാപനങ്ങളിലും നൽകി വരുന്ന ട്രെയിനിംഗ് അലവൻസ് നിലവിൽ ഇപ്പോൾ ഇല്ലാത്തതുകൊണ്ടും ആണ് സ്പെഷ്യൽ പേ നൽകുന്നത്.

(ബി) ഗവൺമെന്റിന്റെ മുൻകൂർ അനുവാദം ആവശ്യമുള്ള തസ്തികകളിലേക്കൊന്നും തന്നെ ഗവൺമെന്റിന്റെ അനുവാദമില്ലാതെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നടത്തിയിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

## റിട്ടയർ ചെയ്ത ജീവനക്കാരന്റെ ഹയർഗ്രേഡ് പ്രൊമോഷന്റെ റീ ഓപ്ഷൻ

43. [3150] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 25 കൊല്ലം സർവീസ് പൂർത്തീകരിച്ചു റിട്ടയർ ചെയ്ത എക്സിക്യൂട്ടീവ് ആഫീസർ ശ്രീ. പി. ഐ. ചന്ദ്രന് ഹയർഗ്രേഡ് പ്രൊമോഷൻ 1-7-1988 മുതൽ അനുവദിച്ചത് 1-8-1988 ആയി റീ-ഓപ്ഷൻ നടത്തുന്നതിന് അനുവാദം നൽകാമോ എന്ന് ആരാഞ്ഞുകൊണ്ട് പഞ്ചായത്ത് ഡയറക്ടർ 4-6-1993-ൽ ഇ 1-46396/92 പ്രകാരം ഗവൺമെന്റിലേക്ക് എഴുതിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

## തെരുവ് വിളക്കുകൾ സ്ഥാപിക്കാൻ നടപടി

44. [3151] ശ്രീമതി ശോഭനാ ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയിൽ ഒന്നാം വാർഡിൽ മാത്രപ്പുഴക്കടവ് മുതൽ കുറിക്കാട്ടുപടിവരെ സ്ട്രീറ്റ്ലൈറ്റ് സംവിധാനം ഇല്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ സ്ഥലത്ത് ലൈൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നഗരസഭയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നഗരസഭ ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

സിനിമാ തിയേററുകൾ

45. [3152] ശ്രീ. പുനലൂർ മധു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര എയർകണ്ടീഷൻഡ് സിനിമാ തിയേററുകളുണ്ട്;

(ബി) കേരളത്തിലെ സിനിമാ തിയേററുകളിൽ ടിക്കററ് ചാർജുകൾ ഏകീകരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) സിനിമാ തിയേററുകളിൽനിന്നും വിനോദ നികുതിയിനത്തിൽ പ്രതിദിനം എത്രരൂപ ഗവൺമെൻറിന് ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) തിയേററുകളിൽ നടക്കുന്ന നികുതിവെട്ടിപ്പുകൾ കണ്ടുപിടിക്കാൻ എന്തെങ്കിലും പ്രത്യേക സംവിധാനം വകുപ്പിനുണ്ടോ; ഉണ്ടെങ്കിൽ എന്താണ്?

ഉത്തരം

(എ) ലഭ്യമായ കണക്കുകൾ പ്രകാരം കേരളത്തിൽ 53 എയർ കണ്ടിഷൻഡ് തിയേററുകളുണ്ട്.

(ബി) സിനിമാ തിയേററുകളിലെ അടിസ്ഥാന ടിക്കററ് നിരക്ക് നിശ്ചയിക്കുന്നതു അതാത് ടിക്കററ് ലൈസൻസി തന്നെയാണ്. വിനോദ നികുതികൂടി ഉൾപ്പെടുത്തി ടിക്കററ് നിരക്ക് അംഗീകരിക്കുക മാത്രമാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ചെയ്യുന്നത്. ഓരോ തിയേററിലെയും സൗകര്യങ്ങൾ വ്യത്യസ്തമായിരിക്കുമെന്നതിനാൽ ഗവൺമെൻറ് ഇടപെട്ട് ടിക്കററ് ചാർജുകൾ ഏകീകരിക്കുക എന്നത് പ്രായോഗികം അല്ല.

(സി) വിനോദ നികുതി ലഭിക്കുന്നത് ഗവൺമെൻറിനല്ല, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. എല്ലാ നഗരസഭകൾക്കുംകൂടി പ്രതിദിനം ശരാശരി 4,39,478 രൂപയും പഞ്ചായത്തുകൾക്ക് പ്രതിദിനം ശരാശരി 1,42,950 രൂപയും വിനോദ നികുതിയായി ലഭിക്കുന്നുണ്ട്.

(ഡി) നികുതിവെട്ടിപ്പുകൾ കണ്ടുപിടിക്കുവാൻ ഇടയ്ക്കിടെ തിയേററുകളിൽ ആകസ്മിക പരിശോധന നടത്താറുണ്ട്. ഇതിനായി പ്രത്യേക സ്ക്വാഡുകളും പ്രവർത്തിക്കുന്നുണ്ട്. വിജിലൻസ് വകുപ്പിൽ ലഭിക്കുന്ന പരാതികളിൻമേൽ പ്രസ്തുത വകുപ്പും അന്വേഷണം നടത്തി നടപടികളെടുക്കാറുണ്ട്.

ലൈബ്രറി സെസ്സ് ഇനത്തിൽ അടയ്ക്കാനുള്ള തുക

46. [3153] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കോർപ്പറേഷൻ ലൈബ്രറി സെസ്സ് കുടിശ്ശിക വരുത്തിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;



LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ കുടിശ്ശിക എത്രയുണ്ടെന്നും ആയത് കൃത്യ സമയത്ത് അടയ്ക്കാതിരിക്കാൻ കാരണമെന്താണെന്നും വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത തുക അടച്ചു തീർക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1990-91-ൽ 2,81,859 രൂപയും 1991-92-ൽ 8,80,000 രൂപയും കുടിശ്ശികയായുണ്ട്. 1992-93 വർഷത്തെ ഡി.സി.ബി. കണക്കുകൾ പൂർത്തിയായിട്ടില്ല. 1992-93-ൽ ഏകദേശം 10 ലക്ഷം രൂപ കുടിശ്ശികയുണ്ടാകുമെന്ന് കരുതുന്നു. കോർപ്പറേഷന്റെ സാമ്പത്തിക സ്ഥിതി വളരെ മോശമായതിനാലാണ് തുക ഒടുക്കുവാൻ വീഴ്ച വന്നിട്ടുള്ളത്.

(സി) കുടിശ്ശിക വന്നിട്ടുള്ള തുകകൾ തുല്യഗഡുക്കളായി അടച്ചു തീർക്കുന്നതിന് തീരുമാനിക്കുകയും അപ്രകാരം ഗഡുക്കളായി തുക അടച്ചുകൊണ്ടിരിക്കുകയുമാണെന്ന് കമ്മീഷണർ അറിയിച്ചിരിക്കുന്നു.

പറളി—കമ്പ—എൻ.സി.സി. റോഡ് നിർമ്മാണം

47. [3154] ശ്രീ. സി.എം. സുന്ദരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് താലൂക്കിലെ പറളി പഞ്ചായത്തിലെ പറളി—കമ്പ—എൻ.സി.സി. റോഡ് നിർമ്മിക്കുന്നതിന് റെയിൽവേയുടെ കൈവശമുള്ള സ്ഥലം പറളി പഞ്ചായത്തിന് കൈമാറാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര സ്ഥലം എന്ത് വിലയ്ക്ക് കൈമാറാനാണ് ഉദ്ദേശിച്ചിട്ടുള്ളത്;

(സി) ഈ റോഡ് പണിയുടെ പുരോഗതി എത്രത്തോളമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) റോഡ് നിർമ്മാണത്തിന് റെയിൽവേയുടെ കൈവശമുള്ള സ്ഥലം നാട്ടുകാരുടെ കമ്മിറ്റിക്ക് (ബെനിഫിഷ്യറി കമ്മിറ്റി) കൈമാറാൻ റെയിൽവേ അധികൃതർ തീരുമാനിച്ചിട്ടുണ്ട്.

(ബി) 32 സെന്റ് സ്ഥലം 16,000 രൂപയ്ക്ക് കൈമാറാനാണ് ഉദ്ദേശിക്കുന്നത്.

(സി) സ്ഥലം കൈവശം കിട്ടാത്തതുകൊണ്ട് പ്രവർത്തി തുടങ്ങിയിട്ടില്ല.

പാലക്കാട് വികസന അതോറിറ്റിയുടെ 14-6-1993-ലെ എക്സിക്യൂട്ടീവ് യോഗം

48. [3155] ശ്രീ. സി. എം. സുന്ദരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് വികസന അതോറിറ്റിയുടെ എക്സിക്യൂട്ടീവ് യോഗം 14-6-1993-ൽ കൂടിയിരുന്നുവോ;

(ബി) അജണ്ടയിലെ ഇനം 6, എ.പി. 18/93/പി.ഡി.എ. ചർച്ച ചെയ്തുവോ; എന്തു തീരുമാനം എടുത്തു; പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ & ബി) പാലക്കാട് വികസന അതോറിററിയുടെ എക്സിക്യൂട്ടീവ് കമ്മിററി 14-6-1993-ൽ യോഗം ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിൽ അജണ്ടയിലെ ഇനം 6, എ.പി.18/93/പി.ഡി.എ. ചർച്ചയ്ക്കെടുക്കുകയും അപ്പീൽ പൊററിഷൻ ശുപാർശ ചെയ്യുന്നതിന് എക്സിക്യൂട്ടീവ് കമ്മിററി തീരുമാനിക്കുകയും ചെയ്തു.

പാലക്കാട് വികസന അതോറിററി നഗരാതിർത്തിയിൽ വീടുകൾ വയ്ക്കാൻ അനുമതി

49. [3156] ശ്രീ. സി. എം. സുന്ദരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് വികസന അതോറിററി നഗരാതിർത്തിയിൽ വീടുവയ്ക്കാൻ അർഹരായ അപേക്ഷകർക്ക് അനുമതി നൽകുന്നില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത്തരം അപേക്ഷകളിൻമേൽ സത്വര നടപടി കൈക്കൊള്ളാൻ വേണ്ട നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഇല്ല.
(ബി) ചോദ്യം ഉദിക്കുന്നില്ല.

പീടിക മുറികൾ പണിയുന്നതിനുള്ള ശ്രീ. ആർ. കണ്ണന്റെ അപേക്ഷ

50. [3157] ശ്രീ. സി. എം. സുന്ദരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് നഗരാതിർത്തിയിൽ കല്പാത്തി, ചാത്തപ്പുരത്ത് നമ്പർ-1218/2, വാർഡ്-1, ബ്ലോക്ക് 33-ൽ 44 പീടിക മുറികൾ പണിയുന്നതിനുള്ള ശ്രീ. ആർ. കണ്ണന്റെ അപേക്ഷ പാലക്കാട് വികസന അതോററിയുടെ 14-6-1993-ലെ എക്സിക്യൂട്ടീവ് കമ്മിററി യോഗം പരിഗണിച്ചുവോ;

(ബി) എങ്കിൽ എന്തു തീരുമാനമാണ് എടുത്തിട്ടുള്ളത്; അപേക്ഷയിൻമേൽ സ്കെച്ചും പ്ലാനും സ്ഥല പരിശോധനയും നടത്തിയിട്ടുണ്ടോ;

(സി) ഇതേ സ്ഥലത്ത് വേറെ കെട്ടിടങ്ങൾ പണിതിട്ടുണ്ടോ;

(ഡി) ഇവിടെ ഭൂമി കയ്യേററങ്ങൾ എന്തെങ്കിലും നടന്നിട്ടുണ്ടോ?

ഉത്തരം

(എ) പരിഗണിച്ചു.

(ബി) അപ്പീൽ അപേക്ഷ ശുപാർശ ചെയ്യാൻ തീരുമാനിച്ചു. പരിശോധന നടത്തിയിട്ടുണ്ട്.

(സി & ഡി) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

## റോഡ് ഗതാഗതയോഗ്യമാക്കാൻ നടപടി

51. [3158] ശ്രീ. വി.ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിൽ ആർ. സി. പള്ളി മുതൽ കെ.എസ്.ആർ.റ്റി.സി. ഗാരേജിന്റെ പുറകുവശം വരെയുള്ള റോഡ് ഗതാഗത യോഗ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ?

### ഉത്തരം

പ്രസ്തുത റോഡ് ടാർ ചെയ്തതാണ്, എന്നാലും അറ്റകുറ്റപ്പണി നടത്തുന്ന കാര്യം പരിശോധിച്ച് നഗരസഭ നടപടി സ്വീകരിക്കുന്നതാണ്.

## കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനിലെ തസ്തികകൾ

52. [3160] ശ്രീ. പി.ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനിൽ എത്ര സ്ഥിരം തസ്തികകൾ ഉണ്ട്.

(ബി) ഏതെങ്കിലും തസ്തികയിൽ നിയമനം നടത്താൻ എന്തെങ്കിലും തടസ്സമുണ്ടോ ;

(സി) ഉണ്ടെങ്കിൽ അവ പരിഹരിക്കാൻ നടപടി എടുക്കുമോ ;

(ഡി) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനിലെ സ്ഥിരം തസ്തികയിൽ നിയമിക്കപ്പെട്ട ഖലാസിമാരുടെ ജോലി സമയം എത്ര മണിക്കൂറായാണ് നിശ്ചയിച്ചിട്ടുള്ളത് ;

(ഇ) ഖലാസിമാർ 24 മണിക്കൂർ തുടർച്ചയായി അധികവേതനമോ കോമ്പൻസേറ്ററി ഓഫോ കൂടാതെ ജോലി ചെയ്യാൻ ഡയറക്ടർ നിർബന്ധിത നിർദ്ദേശം നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) ദിവസം 8 മണിക്കൂർ ജോലി എന്ന സർക്കാർ നയത്തിന് വിരുദ്ധമായ ഈ നടപടി അവസാനിപ്പിക്കാൻ വേണ്ട നിർദ്ദേശം നൽകുമോ ;

(ജി) ഈ സ്ഥാപനത്തിലെ വാഹനങ്ങൾ ഉദ്യോഗസ്ഥരുടെ അനൗദ്യോഗിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് സംബന്ധിച്ച് പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

### ഉത്തരം

(എ) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനിൽ ഡയറക്ടർ ഉൾപ്പെടെ 65 തസ്തികകൾ ഉണ്ട്. ഇതിൽ സ്ഥിരം തസ്തികകളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല.

(ബി) ഇല്ല.

(സി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഖലാസിമാർക്കായി പ്രത്യേക ജോലി സമയം നിശ്ചയിച്ചിട്ടില്ല.

(ഇ) 24 മണിക്കൂർ തുടർച്ചയായി ജോലി ചെയ്യാനുള്ള നിർദ്ദേശം ഡയറക്ടർ ഖലാസിമാർക്ക് നൽകിയിട്ടില്ല.

(എഫ്) 'ഇ' യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ജി) ഇല്ല.

## പ്രകൃതിക്ഷോഭം നേരിടാൻ ദീർഘകാല പദ്ധതി

53. [3161] ശ്രീ. പിണറായി വിജയൻ :
,, എം. വിജയകുമാർ :
,, ടി. കെ. രാമകൃഷ്ണൻ :
,, ബി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ കാലവർഷക്കെടുതികൾക്കുശേഷം സംസ്ഥാനം സന്ദർശിച്ച കേന്ദ്ര വിദഗ്ദ്ധ സംഘത്തിന്റെയും പ്രധാനമന്ത്രിയുടേയും നിർദ്ദേശമനുസരിച്ച് പ്രകൃതിക്ഷോഭം നേരിടാൻ ദീർഘകാല പദ്ധതികൾ തയ്യാറാക്കി കേന്ദ്രത്തിനും ലോകബാങ്കിനും സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ ;

(ബി) ഈ നിർദ്ദേശങ്ങൾ എന്നാണ് കേന്ദ്രത്തിന് സമർപ്പിച്ചത് ; അതിൻമേൽ കേന്ദ്ര സർക്കാരിന്റെ നിലപാട് എന്താണ് ;

(സി) ഈ പദ്ധതികൾക്കുള്ള ചിലവ് കേന്ദ്രസർക്കാരിൽ നിന്ന് ലഭിക്കുമോ ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

### ഉത്തരം

(എ) പ്രകൃതിക്ഷോഭം നേരിടാൻ പദ്ധതി തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിനു സമർപ്പിച്ചത് അംഗീകാരത്തിനുശേഷം ലോകബാങ്കിന്റെ പരിഗണനയ്ക്കായി അയച്ചിട്ടുണ്ട്. പദ്ധതിയുടെ വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

ഈ പദ്ധതി 9-2-1993-ന് കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ നിലപാട് അറിവായിട്ടില്ല.

(സി) കേന്ദ്രസർക്കാരിൽ നിന്നും ഇതിനെ സംബന്ധിച്ച വിവരമൊന്നും ലഭിച്ചിട്ടില്ല.

† അനുബന്ധം—II

LIBRARY ARCHIVES Kerala Legislative Assembly

ഭൂമി കൈമാററം ചെയ്യുന്നതിലെ ടൊറൻസ് സമ്പ്രദായം

54. [3162] ശ്രീ. കെ. ബാബു :
,, പി. ടി. തോമസ് :
,, ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഭൂമി കൈമാററം ചെയ്യുന്ന കാര്യത്തിൽ നടപ്പിലാക്കുന്ന ടൊറൻസ് സമ്പ്രദായത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വെളിപ്പെടുത്താമോ ;

(ബി) ഏതെങ്കിലും ജില്ലകളിൽ ഇപ്പോൾ ഈ സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ടോ ?

ഉത്തരം

(എ) ഇതിനുവേണ്ടി ബന്ധപ്പെട്ട നിയമത്തിലും ചട്ടങ്ങളിലും ആവശ്യമായ ഭേദഗതി വരുത്തേണ്ടതുണ്ട്. അതിനുള്ള നടപടികളെടുത്തു വരികയാണ്.

(ബി) ഇല്ല.

റീ സർവെ നടത്താൻ വേണ്ടിവന്ന തുക

55. [3163] ശ്രീ. പാച്ചേനി കുഞ്ഞിരാമൻ :
,, വർക്കല രാധാകൃഷ്ണൻ :
ശ്രീമതി എൻ. കെ. രാധ :
ശ്രീ. വി. കേശവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റീ സർവെ നടത്താൻ ചെലവഴിച്ച തുക എത്ര എന്ന് വെളിപ്പെടുത്തുമോ ;

(ബി) റീ സർവേ പൂർത്തിയാക്കണമെങ്കിൽ ഇനി എന്തു തുക വേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത് ;

(സി) റീ സർവെ ആരംഭിച്ച അവസരത്തിൽ ഇതിനുവേണ്ടി കണക്കാക്കിയിരുന്ന തുക എത്രയായിരുന്നു ?

ഉത്തരം

(എ) 1993 മേയ് 31 വരെ 11394.85 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

(ബി) ഇനി ഉദ്ദേശം 51.34 ലക്ഷം രൂപ വേണ്ടിവരുമെന്ന് കണക്കാക്കുന്നു ;

(സി) 1966-ൽ റീ സർവേ ആരംഭിച്ചപ്പോൾ ഇതിനുവേണ്ടി 1578 ലക്ഷം രൂപ ആയിരുന്നു കണക്കാക്കിയിരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## വാസ്തുശില്പ രചനാ മത്സരം

56. [3166] ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) താലൂക്ക് തലത്തിലുള്ള റവന്യൂ ടവേഴ്സിന്റെ ഡിസൈനു വേണ്ടി ഭവനനിർമ്മാണ ബോർഡ് വാസ്തുശില്പ രചനാ മത്സരം നടത്തുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത ഡിസൈൻ രചനാ മത്സര ചുമതല ആരെയാണ് ഏല്പിച്ചിട്ടുള്ളത് ; ഇതിൽ ഭവനനിർമ്മാണ ബോർഡിന് എന്തെങ്കിലും പങ്കുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത വിഭാഗത്തിനെ ഏല്പിച്ചിട്ടുള്ള ചുമതലകൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ ;

(സി) ഈ രചനാ മത്സരത്തിന് വാസ്തു ശില്പ ഇൻസ്റ്റിറ്റ്യൂട്ടിന്റെ അംഗീകാരം ആവശ്യം ഉണ്ടോ ; ഉണ്ടെങ്കിൽ അത് ലഭിച്ചുവോ ?

### ഉത്തരം

(എ) ഇല്ല.

(ബി) റവന്യൂ ടവറിന്റെ നിർമ്മാണം കേരള ഭവനനിർമ്മാണ ബോർഡിനെയാണ് ഏല്പിച്ചിരിക്കുന്നത്. രൂപകല്പന ചെയ്യുന്നതിൽ വൈദഗ്ദ്ധ്യമുള്ള ആർക്കിടെക്റ്റുകളുടെ ഒരു പാനൽ ഉണ്ടാക്കുന്നതുവേണ്ടി ബോർഡ് ഒരു പരസ്യം പത്രത്തിൽ പ്രസിദ്ധപ്പെടുത്തുകയുണ്ടായി. അനുയോജ്യമായ രൂപകല്പനയും അയച്ചുതരണമെന്ന് പരസ്യത്തിൽ വ്യക്തമാക്കിയിരുന്നു. ഇതനുസരിച്ച് ലഭ്യമായ രൂപകല്പനയിൽനിന്നും റവന്യൂ ടവറിന് പാറ്റിയവ തെരഞ്ഞെടുക്കുന്നതാണ്. യോജിച്ച രൂപകല്പന തെരഞ്ഞെടുക്കുന്നതിന് ഒരു കമ്മിറ്റിയെ ബോർഡ് നിയോഗിച്ചിട്ടുണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

## തൃശ്ശൂർ ജില്ലയിൽ ഗിരിജൻ സെറ്റിൽമെന്റ് നിവാസികൾക്ക് പട്ടയം

57. [3172] ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിൽ നടത്തറ പഞ്ചായത്തിലെ മുളയം ഞാറക്കുറ ഗിരിജൻ സെറ്റിൽമെന്റ് നിവാസികൾക്ക് പട്ടയം നൽകിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത സെറ്റിൽമെന്റ് നിവാസികൾക്ക് പട്ടയം നൽകുന്നതിനുള്ള സത്വര നടപടി സ്വീകരിക്കാമോ ?

### ഉത്തരം

(എ) മുളയം ഞാറക്കുറ ഗിരിജൻ സെറ്റിൽമെന്റ് കോളനിയിലെ യോഗ്യത നിർണ്ണയിക്കപ്പെട്ട നിവാസികൾക്ക് പട്ടയം ഇതിനകം കൊടുത്തിട്ടുണ്ട്.

(ബി) സാങ്കേതിക തടസങ്ങളാൽ ചില അപേക്ഷകർക്ക് പട്ടയം നൽകാൻ കഴിഞ്ഞിട്ടില്ല. അവർക്ക് പട്ടയം നൽകാൻ ഊർജ്ജിത നടപടി സ്വീകരിച്ചു വരുന്നു.

ഒററപ്പാലം നിയോജകമണ്ഡലത്തിലെ പരോടിലെ

താമസക്കാർക്ക് പട്ടയം നൽകാൻ നടപടി

58. [3175] ശ്രീ. വി. സി. കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒററപ്പാലം നിയോജകമണ്ഡലത്തിലെ പരോടിൽ താമസിക്കുന്ന പുത്തൻ പീടികയിൽ മൊയ്തു മുതൽ 34 പേർക്ക് (സർവെ നമ്പർ 1/1-ൽ) ഇതുവരെ പട്ടയം നൽകിയിട്ടില്ല എന്ന പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) കഴിഞ്ഞ 30 വർഷമായി ഇവർ ഈ സർവ്വെ നമ്പരിൽ താമസിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇവർക്ക് പട്ടയം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 1993 മാർച്ച് മാസത്തെ താലൂക്ക് സഭയിൽ അങ്ങനെയൊരു അപേക്ഷ ലഭിച്ചിട്ടുണ്ട്.

(ബി & സി) കൈവശം നിക്ഷിപ്ത വനഭൂമിയിലാകയാൽ നിലവിലുള്ള ചട്ടങ്ങൾക്കു വിധേയമായി അർഹത നിശ്ചയിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

മംഗലംഡാം-കിഴക്കഞ്ചേരി വില്ലേജുകളിൽ കൈവശഭൂമിക്ക്

ക്രയവിക്രയാവകാശം നൽകുന്നതിന് നടപടി

59. [3176] ശ്രീ. എ. വി. ഗോപിനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മംഗലംഡാം-കിഴക്കഞ്ചേരി വില്ലേജുകളിൽപ്പെട്ട 561/3, 1/1 എ എന്നീ സർവേ നമ്പരുകളിൽ ഉള്ള ഭൂമി കൈവശം വച്ചു വരുന്ന കർഷകർക്ക് ക്രയവിക്രയാവകാശം അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് നൽകിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഉടൻ ഉത്തരവ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) പ്രസ്തുത ഭൂമി ഉൾപ്പെട്ട സീലിംഗ് കേസ് താലൂക്ക് ലാൻറ് ബോർഡിൻെറ പുനർ വിചാരണയിലിരിക്കുകയാണ്. ഇവിടെ ഭൂമി ക്രയവിക്രയം നടത്തുന്നതിന് കെ. എൽ. ആർ. ആക്ടിലെ 120 എ എന്ന വകുപ്പ് അനുസരിച്ച് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. നിയന്ത്രണം പിൻവലിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

കണ്ണൂർ ജില്ലയിലെ മിച്ചഭൂമി

60. [3179] ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം കണ്ണൂർ ജില്ലയിൽ എത്ര ഏക്കർ മിച്ചഭൂമി ഏറെറടുത്തു ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇനി എത്ര ഏക്കർ ഏറ്റെടുക്കാനുണ്ട്;

(സി) ഏറ്റെടുത്ത മിച്ചഭൂമിയിൽ വിതരണം ചെയ്തത് എത്രയാണെന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നശേഷം കണ്ണൂർ ജില്ലയിൽ 31-5-1993 വരെ (1-6-1991 മുതൽ 31-5-1993 വരെ) 269 ഏക്കർ മിച്ചഭൂമി ഏറ്റെടുക്കുകയുണ്ടായി.

(ബി) 31-5-1993-ലെ കണക്കനുസരിച്ച് കോടതി സ്റ്റേ, അന്യ കൈവശം നിക്ഷിപ്തവനം മുതലായ തടസ്സങ്ങളൊന്നും ഇല്ലാത്തതായി 23 ഏക്കർ മിച്ചഭൂമി ഏറ്റെടുക്കുവാനുണ്ട്.

(സി) ഈ ഗവൺമെൻറിൻെറ കാലയളവിൽ 1-6-1991 മുതൽ 31-5-1993 വരെ 214 ഏക്കർ മിച്ചഭൂമി വിതരണം ചെയ്തിട്ടുണ്ട്.

പാലക്കാട് ജില്ലയിലെ മുട്ടിക്കുളങ്ങര മിച്ചഭൂമി വിതരണം ചെയ്യാൻ നടപടി

61. [3181] ശ്രീ. എ. കണാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിൽ പുതുപ്പരിയാരം പഞ്ചായത്തിൽ 533 എക്കർ വരുന്ന മുട്ടിക്കുളങ്ങര മിച്ചഭൂമി ഗവൺമെൻറ് ഏറ്റെടുത്ത് കഴിഞ്ഞോ;

(ബി) ഏറ്റെടുത്ത് കഴിഞ്ഞെങ്കിൽ എന്തുകൊണ്ടാണ് കാർഷിക ഭൂപരിഷ്കരണ നിയമത്തിലെ മിച്ചഭൂമി ഏറ്റെടുക്കലും വിതരണം ചെയ്യലും വ്യവസ്ഥകൾക്ക് വിധേയമായി വിതരണം ചെയ്യാത്തത് ?

ഉത്തരം

(എ) പാലക്കാട് ജില്ലയിൽ പുതുപ്പരിയാരം പഞ്ചായത്തിൽ മുട്ടിക്കുളങ്ങരയിൽ ശ്രീ. കെ. വേലായുധനിൽ നിന്നും 67.66 ഏക്കർ മിച്ചഭൂമി സർക്കാർ ഏറ്റെടുത്തുകഴിഞ്ഞു.

(ബി) ഏറ്റെടുത്ത് കഴിഞ്ഞ ഭൂമിയിൽ കുറെ ഭാഗം നിക്ഷിപ്ത വനഭൂമിയാണെന്ന് വനം വകുപ്പ് അവകാശപ്പെട്ടിട്ടുണ്ട്. കൂടാതെ ഈ ഭൂമിയിൽ അവകാശം സ്ഥാപിച്ച് കിട്ടാനായി ഹൈക്കോടതിയിൽനിന്നും ചില വ്യക്തികൾ ഉത്തരവ് നേടിയിട്ടുണ്ട്. വനം വകുപ്പിൻെറയും മററ് ചില വ്യക്തികളുടെയും അവകാശവാദങ്ങൾ താലൂക്ക് ലാൻറ് ബോർഡ് പരിശോധിച്ച് വരികയാണ്. ഏറ്റെടുത്ത 67.66 ഏക്കർ ഭൂമിയിൽനിന്നും 31.96 ഏക്കർ ഭൂമി 533 ആളുകൾക്ക് പതിച്ചു നൽകുന്നതിന് ജില്ലാ കളക്ടർ ഓർഡർ നൽകിയിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## കൊയിലാണ്ടി താലൂക്കിൽ കടലാക്രമണം മൂലം വീട് നഷ്ടപ്പെട്ടവരുടെ പുനരധിവാസം

62. [3184] ശ്രീ. എ. കണാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ കൊയിലാണ്ടി താലൂക്കിൽ ചെമഞ്ചേരി കണ്ണൻകടവ് അഴീക്കൽ കടപ്പുറം പുറംപോക്കു ഭൂമിയിൽ കടലാക്രമണത്തിന്റെ ഫലമായി വീട് നഷ്ടപ്പെട്ട 41 കുടുംബങ്ങളെ പുനരധിവസിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ & ബി) കൊയിലാണ്ടി താലൂക്കിലെ ചെമഞ്ചേരി കണ്ണൻകടവ് അഴീക്കൽ എന്നീ സ്ഥലങ്ങളിൽ കടലാക്രമണംമൂലം വീട് നഷ്ടപ്പെട്ട 53 കുടുംബങ്ങളിൽ ഇപ്പോഴും കൊയിലാണ്ടി ദുരിതാശ്വാസ കേന്ദ്രത്തിൽ കഴിയുന്ന 14 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് പഞ്ചായത്ത് സ്ഥലം കണ്ടുപിടിക്കുന്ന ശ്രമത്തിലാണ്. സ്ഥലം കിട്ടുമ്പോൾ ഫിഷറീസ് സ്കീമിൽ ഉൾപ്പെടുത്തി അവർക്ക് വീട് വച്ചു കൊടുക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്.

## ഗ്രാമീണ റോഡുകളുടെ പുനർനിർമ്മാണം

63. [3185] ശ്രീ. എ. കണാരൻ:
,, ഇ. ശങ്കരൻ:
,, എസ്. ശർമ്മ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും വെള്ളപ്പൊക്ക ദുരിതാശ്വാസത്തിലുൾപ്പെടുത്തി എത്ര കിലോമീറ്റർ ഗ്രാമീണ റോഡുകളുടെ പുനർനിർമ്മാണത്തിനുവേണ്ടി എത്ര രൂപ ചെലവഴിക്കുകയുണ്ടായി;

(ബി) ഇതു സംബന്ധിച്ച ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ?

### ഉത്തരം

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

## മണിയൂർ വില്ലേജാഫീസിന് കെട്ടിടം നിർമ്മിക്കാൻ നടപടി

64. [3187] ശ്രീ. എ. കണാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ വില്ലേജ് ഓഫീസുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്രയെണ്ണമുണ്ട്; ഏതെല്ലാം വില്ലേജാഫീസുകളാണ് എന്ന് വ്യക്തമാക്കുമോ;

(സി) സ്ഥലം സൗജന്യമായി നൽകിയാൽ വില്ലേജ് ഓഫീസുകളുടെ കെട്ടിടം സർക്കാർ നിർമ്മിക്കുമെന്ന വ്യവസ്ഥ നിലവിലുണ്ടോ;

(ഡി) ഉണ്ടെങ്കിൽ മണിയൂർ വില്ലേജാഫീസിനുവേണ്ടി സ്ഥലം സൗജന്യമായി നൽകിയിട്ടും കെട്ടിടം നിർമ്മിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 34 എണ്ണം. ചെറോട്, തിരുവള്ളൂർ, വിലങ്ങാട്, തിരൂർ കക്കോടി, കുമാരനല്ലൂർ, രാരോത്ത്, ഫറോക്ക്, പെരുവയൽ, നീലേശ്വരം, ചേവായൂർ, പെരുമണ്ണ, നരിക്കുനി, വെങ്ങേരി, ചെലവൂർ, കോട്ടൂളി പന്തീരൻകാവ്, കുററിക്കാട്ടൂർ, കരുവൻതുരുത്തി, പുതിയങ്ങാടി, വളയനാട്, നെല്ലിപ്പൊയിൽ, കൊടുവള്ളി, കടലുണ്ടി, മൂടാടി, കൊഴുക്കല്ലൂർ, അത്തോളി, കിണാലൂർ, ഉണ്ണിക്കുളം, കാന്തലാട്, കൂത്താളി, ചെറുവണ്ണൂർ, ഇരിങ്ങല്ലൂർ കൂരാച്ചുണ്ട്,

(സി), (ഡി) സ്ഥലം ലഭ്യമായിട്ടുള്ളിടങ്ങളിൽ, സർക്കാരിന്റെ സാമ്പത്തിക സ്ഥിതിക്കനുസൃതമായി, വില്ലേജാഫീസുകൾക്കുള്ള കെട്ടിട നിർമ്മാണപദ്ധതി ഘട്ടംഘട്ടമായി നടപ്പിലാക്കിവരുന്നുണ്ട്.

കാസർഗോഡ് ജില്ലയിൽ കാലവർഷക്കെടുതിക്കിരയായവർക്ക് നഷ്ടപരിഹാരം

65. [3188] ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്): താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഇക്കഴിഞ്ഞ കാലവർഷക്കെടുതിയിൽ എത്ര ലക്ഷം രൂപയുടെ നാശനഷ്ടം സംഭവിച്ചിട്ടുണ്ടെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; എവിടെയെല്ലാം;

(ബി) നാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. കാസർഗോഡ് ജില്ലയിൽ താഴെ പറയുന്ന മുപ്പത്തിയാറ് വില്ലേജുകളിലായി 20 ലക്ഷം രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.

1. കുഞ്ഞത്തൂർ
2. മീൻജ
3. ബൊാപ്രാന
4. കോയിപ്പടി
5. പാത്രേ
6. നീർച്ചാൽ
7. ബെല്ലാ
8. മാധുർ
9. കാസർഗോഡ്

LIBRARY ARCHIVES Kerala Legislative Assembly

10. തലങ്ങര
11. കുടല്ലു
12. കൽനാട്
13. ബനംഡ്ക്ക
14. മുളിയാർ
15. അദൂർ
16. നീലേശ്വരം
17. പിറോം
18. കാഞ്ഞങ്ങാട്
19. മടിക്കൈ
20. അമ്പലത്തറ
21. ഉദുമ
22. പള്ളിക്കര
23. ചിത്താരി
24. ബെള്ളൂർ
25. മാലോത്ത്
26. പനത്തടി
27. ഹോസ്ദുർഗ്
28. കരിന്തളം
29. പരപ്പ
30. പടിഞ്ഞാറെ എളരി
31. പാലവയൽ
32. കയ്യൂർ
33. ചെറുവത്തൂർ
34. പത്നി
35. തൃക്കരിപ്പൂർ വടക്ക്
36. പിലിക്കോട്

(ബി) നടപടികൾ സ്വീകരിച്ചുവരുന്നു.

## വെള്ളത്തോട് അംബേദ്കർ ഗ്രാമത്തിലേക്ക് റോഡ് നിർമ്മിക്കുന്നതിനെതിരെയുള്ള കേസ്

66. [3192] ശ്രീ. സി. എം. സുന്ദരം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ല മണ്ണാർക്കാട് താലൂക്കിലെ വെള്ളത്തോട് അംബേദ്കർ ഗ്രാമത്തിലേക്ക് റോഡ് നിർമ്മിക്കുന്നതിനെതിരെ ഒറ്റപ്പാലം സബ്കോടതിയിൽ ഒ.എസ്. 52/91-ാം നമ്പർ കേസ് നിലവിലുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ കേസ് തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

### ഉത്തരം

(എ) ഉണ്ട്.

(ബി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## ഗോവിന്ദരാജപുരം ജി. വി. പത്മനാഭന് ജൻമി പെൻഷൻ

67. [3193] ശ്രീ. സി. എം. സുന്ദരം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് താലൂക്ക്, പുത്തൂർ അംശം ഗോവിന്ദരാജപുരം ഗ്രാമത്തിൽ 2/310-ാം നമ്പർ വീട്ടിൽ താമസിക്കുന്ന ജി. വി. പത്മനാഭന് ജൻമി പെൻഷൻ നാളിതുവരെ നൽകാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) ഈ പെൻഷൻ നൽകാൻ നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ, ബി) കേരള ഭൂപരിഷ്കരണ നിയമം നടപ്പാക്കിയതുമൂലം അവശത അനുഭവിക്കുന്ന മുൻ ജൻമിമാർക്ക് പെൻഷൻ അനുവദിക്കുന്ന പദ്ധതി പ്രകാരമുള്ള പെൻഷന് ശ്രീ. ജി. വി. പത്മനാഭൻ അപേക്ഷിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിത്തുടങ്ങിയിട്ടില്ലാത്തതിനാലാണ് പെൻഷൻ നൽകാൻ സാധിക്കാത്തത്.

## സുപ്രീം കോടതി വിധിക്കെതിരെ റിവ്യൂ പെററിഷൻ

68. [3195] ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃപ്പൂണിത്തുറയിലെ ഒരു കെട്ടിടനിർമ്മാണം സംബന്ധിച്ച് സംസ്ഥാന ഗവൺമെൻറ് ഫയൽ ചെയ്ത കേസിൽ സുപ്രീംകോടതിയിൽ അപ്പീൽ പോകാൻ കാരണക്കാരായവരുടെ ശമ്പളത്തിൽ നിന്നും തുക ഈടാക്കാൻ സുപ്രീം കോടതി നൽകിയ വിധിക്കെതിരെ സംസ്ഥാന ഗവൺമെൻറ് റിവ്യൂ പെററിഷൻ നൽകിയോ ;

(ബി) എങ്കിൽ ഈ റിവ്യൂ പെററിഷൻ സുപ്രീം കോടതി പരിഗണനയ്ക്ക് എടുത്തോ ;

(സി) പരിഗണനയ്ക്ക് എടുത്തെങ്കിൽ സുപ്രീം കോടതി അതിൻമേൽ എന്ത് തീരുമാനം എടുത്തു ? ;

### ഉത്തരം

(എ) നൽകി.

(ബി) ഇല്ല.

(സി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## ലക്ഷം വീടുകളുടെ അററകുററപ്പണികൾ

69. [3199] ശ്രീ. സി.കെ. ചന്ദ്രപ്പൻ :
,, കെ.ഇ. ഇസ്മയിൽ :
,, വി.വി. രാഘവൻ :
,, കെ. പ്രകാശ് ബാബു :
,, എൻ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലക്ഷംവീട് പദ്ധതിയുടെ ഭാഗമായി പണിതീർത്ത വീടുകളുടെ അററകുററപ്പണികൾ നടത്തേണ്ടത് ആരാണ് എന്ന് നിശ്ചയിച്ചിട്ടുണ്ടോ ;

(ബി) ഈ അററകുററപ്പണികൾക്കായി എന്തു തുക ചെലവാകുമെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അത് എത്രയെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ലക്ഷംവീടുകളുടെ അററകുററപ്പണികൾ നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

### ഉത്തരം

(എ) രാജീവ് ദശലക്ഷ പാർപ്പിടപദ്ധതിയിൽ ലക്ഷം വീടുകളുടെ അററകുററപ്പണികൾ നടത്തുന്നതിനുള്ള ഒരു ഉപപദ്ധതി ഉൾപ്പെടുത്തി നടപ്പാക്കി വരുന്നുണ്ട്. പഞ്ചായത്തുകൾ മുഖേന ജില്ലാ കളക്ടർമാരാണ് ഈ ഉപപദ്ധതി നടപ്പാക്കുന്നത്.

(ബി, സി) 60000 വീടുകളുടെ പുനരുദ്ധാരണത്തിന് മൊത്തം 24 കോടി രൂപയുടെ ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(ഡി) സ്വീകരിച്ചിട്ടുണ്ട്.

## മത്സ്യരോഗംമൂലം വംശനാശം സംഭവിക്കുന്ന മത്സ്യങ്ങൾ

70. [3205] ശ്രീ. എം. കെ. മുനീർ :
,, യൂനുസ് കുഞ്ഞ് :
,, യൂ.എ. ബീരാൻ :
,, കെ. കുട്ടി അഹമ്മദ് കുട്ടി :
,, എ.വി. അബ്ദുറഹിമാൻ ഹാജി :
,, എ. പത്മകുമാർ :
ശ്രീമതി എൻ.കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ മത്സ്യരോഗം നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാം ;

(സി) ഈ രോഗത്തിനാധാരമായ കാരണങ്ങളെന്താണെന്ന് കൃത്യമായി കണ്ടുപിടിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ ;

(ഡി) ഇതിനുള്ള പ്രതിവിധി എന്താണെന്ന് കണ്ടുപിടിച്ചിട്ടുണ്ടോ ; എങ്കിൽ അത് വിശദമാക്കാമോ ;

(ഇ) ഈ രോഗംമൂലം സംസ്ഥാനത്ത് ഏതെങ്കിലും ഇനം മത്സ്യത്തിന്റെ വംശനാശം സംഭവിക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(എഫ്) എങ്കിൽ അത് ഏതു മത്സ്യത്തിന്റേതാണെന്ന് വ്യക്തം ആക്കാമോ ?

ഉത്തരം

(എ) ഇപ്പോൾ രോഗം നിലവിലുള്ളതായി റിപ്പോർട്ടുകളൊന്നും ലഭിച്ചിട്ടില്ല.

(ബി) ഉദിക്കുന്നില്ല.

(സി) ഇല്ല.

(ഡി) ഈ രോഗത്തിന് അന്തിമമായി പ്രതിവിധി കണ്ടുപിടിച്ചിട്ടില്ല. രോഗകാരണങ്ങളെയും നിയന്ത്രണമാർഗ്ഗങ്ങളേയുംപറ്റി കേന്ദ്ര സംസ്ഥാന ഗവേഷണ സ്ഥാപനങ്ങൾ വിശദമായ പഠനം നടത്തിക്കൊണ്ടിരിക്കുകയാണ്.

(ഇ) ഇല്ല.

(എഫ്) ഉദിക്കുന്നില്ല.

മത്സ്യഫെഡിന്റെ ട്രോളറുകൾ

71. [3208] ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ :
,, സി. കെ. ചന്ദ്രപ്പൻ :
,, കെ. ഇ. ഇസ്മയിൽ :
പ്രൊഫസർ മീനാക്ഷി തമ്പാൻ :
ശ്രീ. ഇ. രാജേന്ദ്രൻ :
,, പി. എസ്. ശ്രീനിവാസൻ :
,, വി. വി. രാഘവൻ :
,, പി. രാജു :
,, സത്യൻ മൊകേരി :
,, എം. നാരായണൻ (ഹോസ്ദുർഗ്ഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ

(എ) മൽസ്യഫെഡിന്റേതായി വിശാഖപട്ടണത്ത് എത്ര ട്രോളറുകൾ ഉണ്ട് ;

(ബി) കഴിഞ്ഞവർഷം ഇവയിലൂടെ എന്തുലാഭം കിട്ടിയെന്ന് വെളിപ്പെടുത്താമോ ;

(സി) ഈ ട്രോളറുകളുടെ ചുമതല ഏത് ഉദ്യോഗസ്ഥനാണ് ;

(ഡി) ഈ ട്രോളറുകളുടെ ചുമതലക്കാരനായ ഉദ്യോഗസ്ഥനെ മാററിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ പകരം ആരെയാണ് ട്രോളറുകളുടെ ചുമതല ഏൽപ്പിച്ചിരിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇങ്ങനെ ഒരു മാററം വരുത്തുവാൻ ഇടയാക്കിയ കാരണം വെളിപ്പെടുത്തുമോ ;

(എഫ്) മത്സ്യഫെഡിൽ പ്രവർത്തനയോഗ്യമായ എത്ര കാറുകളുണ്ട് ; അവ ഏതെല്ലാമെന്ന് നമ്പർസഹിതം വെളിപ്പെടുത്തുമോ ;

(ജി) മത്സ്യഫെഡിൽ നോമിനേററ് ചെയ്യപ്പെട്ട ഇപ്പോഴത്തെ ചെയർമാൻ ചാർജ്ജ് എടുത്തതിനുശേഷം പുതിയ കാറ് വാങ്ങിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആരുടെ ആവശ്യത്തിനുവേണ്ടിയാണ് ഈ കാർ വാങ്ങിയത് ;

(എച്ച്) മത്സ്യഫെഡിൽ സ്ഥിരമായി നിയമിക്കപ്പെട്ടിട്ടുള്ള എത്ര ഡ്രൈവർമാർ ഉണ്ട് ; ഇവരെക്കൂടാതെ താൽക്കാലികാടിസ്ഥാനത്തിൽ ഡ്രൈവർമാരെ നിയമിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രപേരെ നിയമിച്ചിട്ടുണ്ട് ;

(ഐ) താൽക്കാലികാടിസ്ഥാനത്തിൽ നിയമനം നടത്തുവാനിടയായ സാഹചര്യങ്ങൾ എന്തെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) നാലു ട്രോളറുകളുണ്ട്.

(ബി) കഴിഞ്ഞവർഷം ലാഭം ഉണ്ടായിട്ടില്ല.

(സി) ഒരു ജൂനിയർ എക്സിക്യൂട്ടീവി (മാർക്കററിംഗ്) നെ ഫ്ളീററ് മാനേജരായി നിയമിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. ഇപ്പോൾ ശ്രീ. മോഹനൻ ജൂനിയർ എക്സിക്യൂട്ടീവ് (മാർക്കററിംഗ്) നാണ് ചുമതല.

(ഇ) ഭരണപരമായ കാരണങ്ങളാൽ മാററി.

(എഫ്) 7 കാറുകൾ ഉണ്ട്.

1. കെ.ആർ.ററി. 9370 അംബാസഡർ
2. കെ.ആർ.വി. 293 ,,
3. കെ.ആർ.വി.9899 ,,
4. കെ.ആർ.എഫ്. 6341 ,,
5. കെ.ഇ.ഇ. 1316 ,,
6. കെ.എൽ.01.സി. 379 ,,
7. കെ.എൽ.01 5282 മാരുതി വാൻ

(ജി) ഇപ്പോഴത്തെ ചെയർമാൻ ചാർജ്ജ് എടുത്തതിനുശേഷം ഒരു പുതിയ അംബാസഡർ നോവ ഡീസൽ കാർ വാങ്ങിയിട്ടുണ്ട്. ഈ വാഹനം ചെയർമാന്റെ ഉപയോഗത്തിൽ ഇരിക്കുകയാണ്.

(എച്ച്) മത്സ്യഫെഡിൽ സ്ഥിരമായി നിയമിക്കപ്പെട്ട 29 ഡ്രൈവർമാർ ഉണ്ട്. ദിവസക്കൂലിയടിസ്ഥാനത്തിൽ നാലു ഡ്രൈവർമാരെ നിയമിച്ചിട്ടുണ്ട്.

(ഐ) ദീർഘകാല അവധിയിലോ അല്ലെങ്കിൽ ഏതാനും ദിവസത്തെ അവധിയിലോ ഡ്രൈവർമാർ പോകുമ്പോൾ താൽക്കാലികമായി ദിവസക്കൂലിയടിസ്ഥാനത്തിൽ ഡ്രൈവർമാരെ നിയമിക്കാറുണ്ട്.

LIBRARY ARCHIVES,Kerala Legislative Assembly

## മത്സ്യബന്ധനത്തിന് ഡീസൽ വിതരണത്തിൽ സൗജന്യം

72. [3212] ശ്രീ. എം. കെ. മുനീർ :
,, നാലകത്തു സൂപ്പി :
,, യു. എ. ബീരാൻ :
,, എ. വി. അബ്ദുറഹിമാൻഹാജി :
,, പി. എം. അബൂബക്കർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുറംകടലിൽ മത്സ്യബന്ധനത്തിനു പോകുന്നവർക്ക് ഡീസൽ വിതരണത്തിൽ സൗജന്യം അനുവദിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്രയാണ് ;

(സി) അതിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) ഉണ്ട്. 20 മീറ്ററിന് താഴെ നീളമുള്ള യന്ത്രവൽകൃത മത്സ്യബന്ധന ബോട്ടുകൾക്ക് ഡീസൽ സബ്സിഡി അനുവദിക്കാറുണ്ട്.

(ബി) കിലോമീറ്ററിന് 347 രൂപ സബ്സിഡിയായി അനുവദിക്കാറുണ്ട്. (ലിറ്ററിന് 0.347 രൂപ)

(സി) 20 മീറ്ററിന് താഴെ നീളമുള്ള രജിസ്ട്രേഷനും ലൈസൻസുമുള്ള മത്സ്യബന്ധന ബോട്ടുകൾക്ക് മാത്രമേ ഈ ആനുകൂല്യം നൽകുന്നുള്ളു. പദ്ധതി അനുസരിച്ച് പൊതുമേഖലാ സ്ഥാപനങ്ങളുടെ ബങ്കുകളിൽനിന്നോ സഹകരണ സംഘങ്ങളുടെ ബങ്കുകളിൽനിന്നോ ഡീസൽ അടിക്കുന്ന ബോട്ടുകൾക്ക് മാത്രമേ സബ്സിഡി അനുവദിക്കാറുള്ളു. ഇപ്പോൾ മത്സ്യഫെഡിന്റെ ബങ്കിൽ നിന്നുമാത്രമേ നൽകുന്നുള്ളു.

## കേരളത്തിലെ ഫിഷ് ഹാച്ചറീസ്

73. [3214] ശ്രീ. നാലകത്ത് സൂപ്പി :
,, യു. എ. ബീരാൻ :
,, എ. വി. അബ്ദു റഹിമാൻ ഹാജി :
,, പി. എം. അബൂബക്കർ :
,, കെ. എം. സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ എത്ര ഫിഷ് ഹാച്ചറീസ് ഉണ്ട് ;

(ബി) എത്രയെണ്ണത്തിന്റെ പണി പൂർത്തിയായി ;

(സി) നിർമ്മാണത്തിലിരിക്കുന്നവ എത്രയാണ് ;

(ഡി) നിർമ്മാണത്തിലിരിക്കുന്ന ഹാച്ചറികളുടെ പണി എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് പറയാമോ ?

### ഉത്തരം

(എ) രണ്ട്.

(ബി) രണ്ട്.

(സി) ഒന്നും നിർമ്മാണഘട്ടത്തിലില്ല.

(ഡി) ഉദിക്കുന്നില്ല.



LIBRARY ARCHIVES Kerala Legislative Assembly

## മൽസ്യക്കൃഷിക്കാർക്ക് പരിശീലനം നൽകുവാൻ നടപടി

74. [3215] ശ്രീ. പിണറായി വിജയൻ :
,, പി. രാഘവൻ :
,, ബി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൽസ്യക്കൃഷിയിലും മൽസ്യക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കുന്നതിലും മൽസ്യക്കൃഷിയുമായി ബന്ധപ്പെട്ടവർക്ക് പരിശീലനം നൽകുന്നതിന് സംസ്ഥാനത്ത് എന്തെല്ലാം സൗകര്യങ്ങളാണുള്ളത് ;

(ബി) സ്വകാര്യ വ്യക്തികൾക്ക് മൽസ്യക്കൃഷി നടത്തുന്നതിന് പരിശീലനം നൽകുന്നതിനും സാമ്പത്തികസഹായം, മൽസ്യക്കുഞ്ഞുങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനും സർക്കാരിന് എന്തെങ്കിലും പദ്ധതികളുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

### ഉത്തരം

(എ) ജില്ലയിൽ ഓരോന്നെന്ന കണക്കിൽ പതിനാല് ജില്ലകളിലും പ്രവർത്തിച്ചുവരുന്ന ശുദ്ധജല മൽസ്യകർഷക വികസന ഏജൻസികളും കേരള സർവകലാശാലയും കേരള കാർഷിക സർവകലാശാലയും ഇക്കാര്യത്തിൽ പരിശീലനം നൽകുന്നു.

(ബി) ഉണ്ട്. എല്ലാ ജില്ലകളിലും ഇതിനുവേണ്ടി മൽസ്യ കർഷക വികസന ഏജൻസികൾ പ്രവർത്തിച്ചുവരുന്നു. ഈ ഏജൻസികൾ മൽസ്യ കർഷകർക്ക് ഹെക്ടർ ഒന്നിന് 48,000 രൂപ വരെ വായ്പ ലഭ്യമാക്കുകയും മേൽപ്പടി തുകയിൽ 25% അധികരിക്കാത്ത തുക അതായത് 12,000 രൂപവരെ സഹായധനം നൽകുന്നതിനും ന്യായമായ വിലയ്ക്ക് മൽസ്യക്കുഞ്ഞുങ്ങളെ ലഭ്യമാക്കുന്നതിനും ഹ്രസ്വകാല/ദീർഘകാല പരിശീലനം നൽകുന്നതിനുമുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. പരിശീലന വേളയിൽ പ്രതിദിനം 25 രൂപ തോതിലും ഫീൽഡ് ട്രിപ്പുള്ള ദിവസം 40 രൂപ തോതിലും ദിനബത്ത നൽകിവരുന്നു.

## മൽസ്യത്തൊഴിലാളി പെൻഷൻ

75. [3218] ശ്രീ. കെ.കെ. അബു :
,, എ. യൂനസ് കുഞ്ഞ് :
,, എം.ജെ. സക്കറിയ :
,, ഇസ്ഹാക്ക് കുരിക്കൾ :
,, കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മത്സ്യത്തൊഴിലാളി പെൻഷനുവേണ്ടിയുള്ള എത്ര അപേക്ഷകളിൽ തീരുമാനമെടുക്കാതെ കെട്ടിക്കിടപ്പുണ്ടെന്ന് വ്യക്തമാക്കാമോ ?

### ഉത്തരം

ഇക്കാല്ലം മൻസ്യത്തൊഴിലാളി പെൻഷനുവേണ്ടി സമർപ്പിക്കപ്പെട്ട അപേക്ഷകളിൽ 647 എണ്ണത്തിൻമേൽ തീർപ്പ് കൽപ്പിക്കുവാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഫിഷിംഗ് ഹാർബറുകളുടെ പണി

76. [3219] ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
,, ചെർക്കളം അബ്ദുള്ള :
,, പി.വി. മുഹമ്മദ് :
,, കല്ലടി മുഹമ്മദ് :
,, എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ഫിഷിംഗ് ഹാർബറുകളുടെ പണികൾ നടന്നുകൊണ്ടിരിക്കുന്നു ;

(ബി) അതിന്റെ പുരോഗതി ഏത് ഘട്ടത്തിലിരിക്കുന്നു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) വിഴിഞ്ഞം, തങ്കശ്ശേരി, നീണ്ടകര, മുനമ്പം, പുതിയാപ്പ, ചോംപാൽ, മാപ്പിളബേ എന്നീ ഫിഷിംഗ് ഹാർബറുകളുടെ പണികൾ നടന്നുകൊണ്ടിരിക്കുന്നു.

(ബി) വിഴിഞ്ഞം തുറമുഖത്തിന്റെ ഒന്നാംഘട്ടം 1980-ൽ പൂർത്തിയാക്കി. രണ്ടും മൂന്നും ഘട്ടങ്ങളുടെ പണി നടന്നുകൊണ്ടിരിക്കുന്നു. പുലിമുട്ടുകളുടെ നിർമ്മാണം, ക്വാർട്ടേഴ്സ് എന്നിവ പൂർത്തിയായി. വാർഫ്, ലേലപ്പുര എന്നിവയ്ക്കുവേണ്ട കുറച്ച് സ്ഥലം ഇനിയും ലഭിച്ചിട്ടില്ല. സ്ഥലം ലഭിച്ചുകഴിഞ്ഞാൽ നിർമ്മാണം തുടങ്ങുന്നതാണ്. നിർമ്മാണ വസ്തുക്കളുടെ വിലവർദ്ധന കണക്കിലെടുത്ത് 1100 ലക്ഷം രൂപ അടങ്കൽ വരുന്ന പുതുക്കിയ രൂപരേഖ കേന്ദ്ര സർക്കാരിന്റെ ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

തങ്കശ്ശേരി പദ്ധതിയുടെ പ്രധാന പുലിമുട്ടിന്റെ നിർമ്മാണം 560 മീറ്റർ പൂർത്തിയായി. പ്രധാന പുലിമുട്ടിന്റെ നീളം 2100 മീറ്ററായി വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള പുതുക്കിയ രൂപരേഖയും എസ്റ്റിമേറ്റും കേന്ദ്രാനുമതിക്കായി അയച്ചുകൊടുത്തിരിക്കുകയാണ്.

നീണ്ടകരയുടെ നിർമ്മാണം ഏകദേശം പൂർത്തിയാകുകയും 1988-ൽ കമ്മീഷൻ ചെയ്യുകയും ചെയ്തു. ശക്തികുളങ്ങര ഭാഗത്ത് 100 മീറ്റർ വാർഫിന്റെ നിർമ്മാണം സ്ഥലം ലഭ്യമല്ലാത്തതിനാൽ ആരംഭിച്ചിട്ടില്ല.

മുനമ്പം പദ്ധതിയുടെ പുലിമുട്ടുകളുടെ നിർമ്മാണം പുരോഗമിച്ചു വരുന്നു. വാർഫ്, മറ്റനുബന്ധ ഘടകങ്ങൾ എന്നിവയുടെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. രണ്ട് വേയ് ബ്രിഡ്ജുകളുടെ പണി പൂർത്തിയായിട്ടുണ്ട്.

പുതിയാപ്പയുടെ പുലിമുട്ടുകളുടെ സിംഹഭാഗവും പൂർത്തിയായി. ആഫീസ് കെട്ടിടം, ഗേററ് ഹൗസ്, കടകൾ, കാന്റീൻ, ഡോർമറ്ററി സ്റ്റോർ മുതലായവയുടെ പണി പൂർത്തിയായി. വാർഫ്, ലേലപ്പുര, വാട്ടർടാങ്ക് എന്നിവയുടെ പണി പുരോഗമിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മാപ്പിളബേയിൽ പുലിമുട്ടുകൾ നിർമ്മിക്കുന്നതിനുള്ള പുനർ ദർഘാസുകൾ വിളിച്ചിട്ടുണ്ട്. കല്ലുതൂക്കുന്നതിനായിട്ടുള്ള രണ്ട് വേയ് ബ്രിഡ്ജുകളിൽ ഒന്നിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

ചോമ്പാൽ പദ്ധതിക്കാവശ്യമായ സ്ഥലത്തിൽ ഏറിയപങ്കും ഏറ്റെടുത്തു. പുലിമുട്ട് നിർമ്മാണത്തിനായി യോഗ്യതാ നിർണ്ണയ ദർഘാസുകൾ ക്ഷണിക്കുകയും അതനുസരിച്ച് കരാറുകാരെ തെരഞ്ഞെടുക്കുകയും ചെയ്തു. വേയ്ബ്രിഡ്ജ് നിർമ്മാണം ആരംഭിച്ചു.

## ചെറുകിട പരിമിത കർഷകർക്ക് നൽകുന്ന ലോൺ

77. [3220] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട പരിമിത കർഷകർക്ക് ജലസേചന സൗകര്യം ഏർപ്പെടുത്തുന്നതിന് കിണർ കുഴിക്കുന്നതിനും പമ്പുസെറ്റ് വാങ്ങുന്നതിനും ബ്ലോക്കാഫീസുകൾ വഴി സബ്സിഡിയടക്കം ലോൺ കൊടുത്തിരുന്ന സെൻട്രലി സ്പോൺസേഡ് സ്കീം ഈ സർക്കാർ നിർത്തലാക്കിയോ;

(ബി) ഇല്ലെങ്കിൽ ഈ പദ്ധതി തുടർന്ന് നടപ്പിലാക്കുന്നതിന് ഓരോ ഡി.ആർ.ഡി.എ.കളിലേക്കും അടുത്ത സാമ്പത്തിക വർഷത്തിലേക്ക് നീക്കി വച്ചിരിക്കുന്ന തുക എത്ര വീതമെന്ന് വ്യക്തമാക്കാമോ;

(സി) കഴിഞ്ഞ സാമ്പത്തികവർഷം ഓരോ ഡി. ആർ. ഡി. എ. കളിലും ചെലവാക്കിയ തുക എന്തുവീതമാണെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) 1-4-1991 മുതൽ കേന്ദ്ര സർക്കാർ നൽകിവന്നിരുന്ന 50% സഹായം നിറുത്തലാക്കി. അതിനാൽ സംസ്ഥാന സർക്കാർ ഈ പദ്ധതി തുടർന്ന് നടത്തുന്നില്ല.

(ബി) ചോദ്യം പ്രസക്തമല്ല.

(സി) 1992-93 സാമ്പത്തികവർഷത്തിൽ ഓരോ ജില്ലയിലും ചെലവഴിച്ച തുക ചുവടെ ചേർക്കുന്നു.

| | ജില്ല | | ലക്ഷത്തിൽ രൂപ |
|---|---|---|---|
| 1. | തിരുവനന്തപുരം | — | 8.07 |
| 2. | കൊല്ലം | — | 6.94 |
| 3. | പത്തനംതിട്ട | — | 11.63 |
| 4. | ആലപ്പുഴ | — | 12.61 |
| 5. | കോട്ടയം | — | 2.39 |
| 6. | ഇടുക്കി | | .... |
| 7. | എറണാകുളം | — | 8.71 |
| 8. | തൃശൂർ | — | 33.29 |
| 9. | പാലക്കാട് | — | 25.83 |
| 10. | മലപ്പുറം | — | 6.84 |
| 11. | കോഴിക്കോട് | — | 16.18 |
| 12. | വയനാട് | — | 1.37 |
| 13. | കണ്ണൂർ | — | 6.40 |
| 14. | കാസർഗോഡ് | — | 0.26 |

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## മൽസ്യഫെഡിലേക്ക് മാററപ്പെട്ട ജീവനക്കാർക്ക് ശമ്പളപരിഷ്ക്കരണം നടപ്പാക്കാൻ നടപടി

78. [3224] ശ്രീമതി അൽഫോൺസാ ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം. മറുപടി നൽകുമോ :

(എ) ലിക്വിഡേററ് ചെയ്യപ്പെട്ട മൂന്ന് ഫിഷറീസ് കോർപ്പറേഷനുകളിൽ നിന്നും മൽസ്യഫെഡിലേക്ക് മാററപ്പെട്ട ജീവനക്കാർക്ക് ശമ്പള പരിഷ്ക്കരണത്തോടനുബന്ധിച്ചുള്ള ശമ്പള വർദ്ധനവോ ഗ്രേഡ് ആനുകൂല്യങ്ങളോ നൽകിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) ഇവർക്ക് പരിഷ്ക്കരിച്ച നിരക്കിലുള്ള ശമ്പളവും ഗ്രേഡ് ആനുകൂല്യങ്ങളും നൽകാൻ നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) മൂന്ന് ഫിഷറീസ് കോർപ്പറേഷനുകളിൽ നിന്നും മൽസ്യഫെഡിലേക്ക് മാററപ്പെട്ട ജീവനക്കാർക്ക് ശമ്പള പരിഷ്ക്കരണത്തോടനുബന്ധിച്ചുള്ള ശമ്പളവർദ്ധനവ് നൽകിയിട്ടുണ്ട്. എന്നാൽ കേരള ഫിഷറീസ് കോർപ്പറേഷനിലെയും കേരള ഇൻലാൻറ് ഫിഷറീസ് ഡെവലപ്മെൻറ് കോർപ്പറേഷനിലെയും ജീവനക്കാർക്ക് ഗ്രേഡ് ആനുകൂല്യം നൽകിയിട്ടില്ല.

(ബി) കേരള ഫിഷറീസ് കോർപ്പറേഷൻ കേരള ഇൻലാൻറ് ഫിഷറീസ് ഡെവലപ്മെൻറ് കോർപ്പറേഷൻ ഇവ മൽസ്യഫെഡിലേക്ക് ലയിപ്പിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിൽ ഈ കോർപ്പറേഷനിലെ ജീവനക്കാരുടെ സേവനകാലം ഹയർഗ്രേഡ് അനുവദിക്കുന്നതിന് കണക്കാക്കേണ്ടതില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതുകാരണം ഈ ജീവനക്കാർക്ക് ഗ്രേഡ് ആനുകൂല്യം നൽകിയിട്ടില്ല.

(സി) ഇവർക്ക് പരിഷ്ക്കരിച്ച നിരക്കിലുള്ള ശമ്പളം നൽകിയിട്ടുണ്ട്. ഗ്രേഡ് ആനുകൂല്യത്തിന്റെ കാര്യം പരിശോധിച്ചുവരുന്നു.

## ജെ.ആർ.വൈ. ഫണ്ടുപയോഗിച്ച് നടത്തുന്ന പദ്ധതികൾക്കുള്ള നിബന്ധന

78. [3225] ശ്രീ. സി.എം.സുന്ദരം :
,, ബി. രാഘവൻ :
,, ഇ. ശങ്കരൻ :
ശ്രീമതി എൻ.കെ.രാധ :
ശ്രീ. കെ.കെ. തോമസ് :
,, പി.ജെ. ജോയി :
,, ഇ.എം. അഗസ്തി :
,, ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജെ.ആർ.വൈ. ഫണ്ടുപയോഗിച്ചു നടത്തുന്ന പദ്ധതികൾ ഐ. ആർ. ഡി. പി. ലിസ്ററിൽ ഉൾപ്പെടുത്തപ്പെട്ടിട്ടുള്ളവർക്ക് മാത്രം പ്രയോജനപ്പെടണമെന്ന നിബന്ധന ഇപ്പോഴും നിലവിലുണ്ടോ ;

(ബി) എങ്കിൽ ഈ നിബന്ധന പാലിക്കപ്പെടുന്നില്ലായെന്ന പരാതി ലഭിച്ചിട്ടുണ്ടോ ;

(സി) ഈ നിബന്ധന പാലിക്കാത്ത പഞ്ചായത്തുകളുടെയും ബ്ലോക്ക് ഓഫീസുകളുടെയും പേരിൽ നടപടി സ്വീകരിക്കുമോ ;

(ഡി) ജെ. ആർ. വൈ. ഫണ്ടിന് ട്രഷറി നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ഇ) ജെ. ആർ. വൈ. ഫണ്ട് യഥാസമയം അനുവദിക്കാത്തതുകൊണ്ട് നിശ്ചിത കാലാവധിക്കുള്ളിൽ പണികൾ പൂർത്തീകരിക്കാൻ കഴിയുന്നില്ല എന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) ജെ. ആർ. വൈ. സ്കീമിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് എത്ര വീടുകൾ നിർമ്മിച്ചു കൊടുത്തിട്ടുണ്ട് ;

(ജി) ബ്ലോക്ക് അടിസ്ഥാനത്തിലുള്ള കണക്ക് വ്യക്തമാക്കുമോ ; ഇത് ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ ;

(എച്ച്) ലക്ഷ്യം കൈവരിക്കാത്ത ബ്ലോക്കുകളിൽ എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദവിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ജെ. ആർ. വൈ. ഫണ്ടുപയോഗിച്ച് നടത്തുന്ന വ്യക്തിഗത പദ്ധതികൾ ഐ. ആർ. ഡി. പി. സർവെ ലിസ്ററിൽ ഉൾപ്പെടുത്തപ്പെട്ടവർക്കുമാത്രം നൽകണമെന്ന നിബന്ധന ഉണ്ട്.

(ബി) ഇല്ല.

(സി) ചോദ്യം പ്രസക്തമല്ല.

(ഡി) ഇപ്പോൾ ട്രഷറി നിയന്ത്രണം നിലവിലില്ല.

(ഇ) ട്രഷറി നിയന്ത്രണങ്ങൾ നിലവിലില്ലെങ്കിലും മുൻപ് ചില സമയങ്ങളിൽ അനുഭവപ്പെട്ടിരുന്ന നിയന്ത്രണങ്ങൾമൂലം ചില ജില്ലകളിൽ ജെ. ആർ. വൈ. പണികൾക്ക് താൽക്കാലികമായ തടസ്സം നേരിട്ടിരുന്നു.

(എഫ്, ജി ആൻറ് എച്ച്) വിവരം ശേഖരിച്ച് ഉടനെ നൽകുന്നതാണ്.

## ഒററപ്പാലം പാർലമെൻറ് മണ്ഡലത്തിലെ ഡി. ആർ. ഡി. എ. യുടെ പ്രവർത്തനം

80. [3226] ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒററപ്പാലം പാർലമെൻറ് തെരഞ്ഞെടുപ്പ് മാററിയതിനെ തുടർന്ന് പാലക്കാട് ജില്ലയിലെ നാല് അസംബ്ലി മണ്ഡലങ്ങളിൽ ഡി. ആർ. ഡി. എ. പ്രവർത്തനങ്ങൾ നടക്കുന്നില്ലെന്ന വിവരം സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതുസംബന്ധിച്ച് നാല് മണ്ഡലങ്ങളിലെയും ബ്ലോക്കുകളുടെ 1993–94 വർഷത്തെ ആക്ഷൻപ്ലാൻ അംഗീകരിക്കണമെന്ന് ആവശ്യപ്പെട്ട് വല്ല നിവേദനമോ പ്രമേയമോ ലഭിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉടനെ ആക്ഷൻപ്ലാൻ അംഗീകരിച്ച് നടപ്പിലാക്കിയില്ലെങ്കിൽ അടുത്ത വർഷത്തെ പ്ലാൻ വിഹിതം ഗണ്യമായി കുറയുമെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ പ്രസ്തുത ബ്ലോക്കുകളുടെ 1993-94 വർഷത്തെ ആക്ഷൻപ്ലാൻ അംഗീകരിക്കുന്നതിന് അധികൃതർക്ക് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ, ബി, സി) ഉണ്ട്.

(ഡി) ഒറ്റപ്പാലം പാർലമെൻറ് നിയോജകമണ്ഡലത്തിലുംപ്പെട്ട വാർഷിക കർമ്മപദ്ധതികൾ ചില നിബന്ധനകൾക്ക് വിധേയമായി, അംഗീകരിക്കുന്നതിന് ഇലക്ഷൻ കമ്മീഷണർ അനുവദിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ വാർഷിക കർമ്മ പദ്ധതികൾ അംഗീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ പാലക്കാട് ജില്ലാ കളക്ടർക്കും ഡി. ആർ. ഡി. എ. പ്രോജക്ട് ഓഫീസർക്കും വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.

## കാഞ്ഞിരപ്പുഴ പഞ്ചായത്തിൽ ഐ. ആർ. ഡി. പി. ലിസ്റ്റിൽ ഉൾപ്പെട്ടവർ

81. [3227] ശ്രീ. സി. എം. സുന്ദരം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണ്ണാർക്കാട് താലൂക്ക് കാഞ്ഞിരപ്പുഴ പഞ്ചായത്തിലെ ഓരോ വാർഡിലും എത്ര ആൾക്കാരെ വീതം പുതിയ ഐ. ആർ. ഡി. പി. ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട് ;

(ബി) വാർഡ് തിരിച്ചുള്ള ലിസ്റ്റ് നൽകുമോ ?

ഉത്തരം

(എ) ഐ. ആർ. ഡി. പി. സർവേ ലിസ്റ്റിൽ ഓരോ വാർഡിലും ഉൾപ്പെടുത്തപ്പെട്ടവരുടെ കണക്ക് താഴെ കൊടുക്കുന്നു.

| വാർഡ് നമ്പർ | കുടുംബങ്ങൾ |
|---|---|
| 1 | 250 |
| 2 | 191 |
| 3 | 252 |
| 4 | 189 |
| 5 | 503 |
| 6 | 303 |
| 7 | 227 |
| 8 | 283 |
| 9 | 180 |
| 10 | 202 |

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു. †

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## ബാലവാടി ജീവനക്കാരുടെ അലവൻസ്

82. [3228] ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ബാലവാടി ജീവനക്കാർക്ക് ഇപ്പോൾ ഓരോ മാസവും എത്ര രൂപ അലവൻസാണ് സർക്കാർ നൽകുന്നത് ;

(ബി) ഇവരുടെ അലവൻസ് വർദ്ധിപ്പിക്കുന്നതു സംബന്ധിച്ച് സർക്കാർ എന്തെങ്കിലും നടപടി ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ വർദ്ധനവ് എത്രയാണെന്ന് വ്യക്തമാക്കാമോ ?

### ഉത്തരം

(എ) ബാലവാടി ജീവനക്കാർക്ക് 1-10-1991 മുതൽ ഓരോ മാസവും നൽകുന്ന അലവൻസ് താഴെ പറയും പ്രകാരമാണ്.

1. ബാലവാടി അദ്ധ്യാപികമാർ (മെട്രിക്കുലേററ്)

| | |
|---|---|
| 10 വർഷവും അതിൽ കൂടുതലും ഹോണററി സർവ്വീസുള്ളവർ | .. 350 രൂപ |
| 5 വർഷവും അതിൽ കൂടുതലോ ഹോണററി സർവീസുള്ളവർ | .. 325 രൂപ |
| 5 വർഷത്തിൽ കുറഞ്ഞ സർവീസുള്ളവർ | .. 300 രൂപ |

2. ബാലവാടി അദ്ധ്യാപികമാർ (നോൺ മെട്രിക്കുലേററ്)

| | |
|---|---|
| 10 വർഷമോ അതിൽ കൂടുതലോ ഹോണററി സർവീസുള്ളവർ | .. 300 രൂപ |
| 5 വർഷമോ അതിൽ കൂടുതലോ ഹോണററി സർവീസുള്ളവർ | .. 275 രൂപ |
| 5 വർഷത്തിൽ കുറഞ്ഞ ഹോണററി സർവീസുള്ളവർ | .. 250 രൂപ |
| ബാലവാടി ഹെൽപ്പേഴ്സ് | .. 135 രൂപ |

(ബി & സി) പരിശോധിച്ചു വരുന്നതേയുള്ളു.

## വി. ഇ. ഒ. മാരുടെ ഗ്രഡേഷൻ ലിസ്ററ് പ്രസിദ്ധീകരിക്കുന്നതിന് നടപടി

83. [3229] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമവികസന വകുപ്പിലെ വില്ലേജ് എക്സ്ററൻഷൻ ഓഫീസർമാരുടെ ഗ്രഡേഷൻ ലിസ്ററ് പ്രസിദ്ധീകരിച്ചുവോ ;

(ബി) ഇല്ലെങ്കിൽ എന്നത്തേക്ക് പ്രസിദ്ധീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) വി. ഇ. ഒ. മാരുടെ ഗ്രഡേഷൻ ലിസ്ററ് ഇതിന് മുൻപ് പ്രസിദ്ധീകരിച്ചത് ഏത് വർഷമാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പുതിയ ലിസ്ററ് പ്രസിദ്ധീകരിക്കാൻ വൈകുന്നതിനുള്ള കാരണമെന്താണ്;

(ഇ) ജില്ലാതലത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഇവരുടെ ഗ്രേഡേഷൻ ലിസ്ററ് ജില്ലാതലത്തിൽ തന്നെ പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ജില്ലാതലത്തിൽ നിയമിച്ചിട്ടുള്ള വി. ഇ. ഒ. മാരുടെ ഗ്രേഡേഷൻ ലിസ്ററ് പ്രസിദ്ധീകരിച്ചിട്ടില്ല.

(ബി) ഒട്ടും വൈകാതെ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) 1987-ൽ.

(ഡി & ഇ) താല്ക്കാലിക ഗ്രേഡേഷൻ ലിസ്ററ് സംബന്ധിച്ചുള്ള ആക്ഷേപങ്ങളും പരാതികളും സസൂക്ഷ്മം പരിശോധിച്ചു പരിഹരിക്കേണ്ടിയിരുന്നു. കൂടാതെ സംസ്ഥാനാടിസ്ഥാനത്തിൽ തയ്യാറാക്കിയ ലിസ്ററ് സംബന്ധിച്ച് ജീവനക്കാർക്കിടയിൽ ഭിന്നാഭിപ്രായം ഉണ്ട്. ഇതു പരിഹരിച്ച് തീരുമാനം വൈകാതെ കൈക്കൊള്ളുന്നതാണ്.

## വില്ലേജ് എക്സ്റ്റൻഷൻ ഓഫീസുകൾ

84. [3230] ശ്രീ. ഇ. എം. അഗസ്തി :
,, ജോണി നെല്ലൂർ :
,, പി. ജെ. ജോയി :
,, കെ. കെ. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര വില്ലേജ് എക്സ്റ്റൻഷൻ ഓഫീസുകളുണ്ട്; ഇവയുടെ ബ്ലോക്ക് തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(ബി) ഇവയിൽ എത്ര വില്ലേജ് എക്സ്റ്റൻഷൻ ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം ഉണ്ട് ;

(സി) സ്വന്തമായി കെട്ടിടമില്ലാത്ത വി. ഇ. ഒ. ഓഫീസുകൾക്ക് കെട്ടിടം നിർമ്മിക്കാൻ പദ്ധതിയുണ്ടോ ;

(ഡി) സംസ്ഥാനത്ത് എത്ര വികസന ബ്ലോക്കുകൾ സ്വന്തമായുള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നു.



LIBRARY ARCHIVES Kerala Legislative Assembly

(ഇ) വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന വികസന ബ്ലോക്ക് ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ പരിപാടിയുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) സംസ്ഥാനത്ത് ആകെയുള്ള വി. ഇ. ഒ. ഓഫീസുകളുടെ ബ്ലോക്ക് തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട് †

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) സ്വന്തമായി കെട്ടിടമില്ലാത്ത വി. ഇ. ഒ. ഓഫീസുകൾക്ക് കെട്ടിടം നിർമ്മിക്കുവാൻ സംസ്ഥാന ബഡ്ജററിൽ ഈ വർഷം തുക വകയിരുത്തിയിട്ടില്ല. എന്നാൽ ഐ. ആർ. ഡി. പി. യുടെ പലിശ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് വി. ഇ. ഒ. മാരുടെ ഓഫീസ് കെട്ടിടം നിർമ്മിക്കുവാൻ നിർദ്ദേശമുണ്ട്.

(ഡി) 136

(ഇ) ഘട്ടംഘട്ടമായി ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പരിഗണിക്കുന്നതാണ്. പന്തലായനി, ശ്രീകൃഷ്ണപുരം ബ്ലോക്കുകളുടെ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

## ഗ്രാമീണ വനിതാ-ശിശു വികസന പരിപാടി

85. [3231] ശ്രീ. മാത്യു സ്ററീഫൻ :
,, ജോണി നെല്ലൂർ :
,, പി. എം. മാത്യു :
,, പാലോട് രവി :
,, തമ്പാനൂർ രവി :
,, എം. എം. ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമീണ വനിതാ ശിശു വികസന പരിപാടിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) ഇപ്പോൾ ഏതൊക്കെ ജില്ലകളിൽ ഈ പരിപാടി നടപ്പിലാക്കിയിട്ടുണ്ടെന്നു വ്യക്തമാക്കുമോ ;

(സി) ഈ പരിപാടിക്ക് ഏതൊക്കെ ഏജൻസികളുടെ സാമ്പത്തിക സഹായം ലഭിക്കുന്നുണ്ട് ;

(ഡി) സംസ്ഥാനത്ത് നടപ്പാക്കിവരുന്ന ഗ്രാമീണ വനിതാ ശിശു വികസന പരിപാടിയനുസരിച്ച് കഴിഞ്ഞ സാമ്പത്തിക വർഷം തിരുവനന്തപുരം ജില്ലയിൽ എത്രപേർക്ക് സഹായം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഈ സാമ്പത്തികവർഷം ഈയിനത്തിൽ എന്തു തുക തിരുവനന്തപുരം ജില്ലയിൽ വിതരണം ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഗ്രാമ പ്രദേശങ്ങളിലെ ദരിദ്രരായ സ്ത്രീകളുടെയും കുട്ടികളുടെയും സാമ്പത്തികവും സാമൂഹികവുമായ ഉന്നമനത്തിനായി ദരിദ്രരായ ഗ്രാമീണ സ്ത്രീകളെ സംഘടിപ്പിച്ച് 10 മുതൽ 15 വരെ അംഗങ്ങളടങ്ങുന്ന ഗ്രൂപ്പുകൾ രൂപീകരിച്ച് ഓരോ ഗ്രൂപ്പും ഓരോ ലീഡറുടെ നേതൃത്വത്തിൽ വികസന വകുപ്പ് ഉദ്യോഗസ്ഥന്മാരുടെ സഹായത്തോടെ വരുമാനദായകമായ സാമ്പത്തിക സംരംഭങ്ങൾ ആരംഭിക്കുന്നു. ഇതിന് ഐ. ആർ. ഡി. പി. മാതൃകയിൽ ബാങ്കിൽ നിന്ന് ലോണും സർക്കാർ സബ്സിഡിയും നൽകുന്നു. ഇപ്രകാരം ആരംഭിക്കുന്ന ഉൽപ്പാദന യൂണിററുകൾക്ക് പ്രവർത്തനത്തിനായി 15,000 രൂപ വരെ റിവോൾവിംഗ് ഫണ്ട് സംസ്ഥാന-കേന്ദ്ര സർക്കാരുകളും യൂണിസെഫും കൂടി നൽകുന്നു. കൂടാതെ ഗ്രൂപ്പ് ലീഡർക്കുള്ള പ്രതിവർഷ അലവൻസായ 200 രൂപ സംസ്ഥാന കേന്ദ്ര സർക്കാരുകൾ തുല്യമായി നൽകുന്നു. അംഗങ്ങൾക്കു ലഭിക്കുന്ന ബാങ്ക് വായ്പകൾ ഏകോപിപ്പിച്ച് യൂണിററുകൾ പദ്ധതികൾ നടപ്പിലാക്കുന്നു. ഇങ്ങനെ സംഭരിക്കുന്ന വായ്പാമൂലധനത്തിന്റെ 50% സർക്കാർ ടി യൂണിററുകൾക്ക് സഹായധനമായി നൽകിവരുന്നു. യൂണിററുകൾ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെടുത്തുന്നതിനും യൂണിററംഗങ്ങൾക്ക് വേണ്ട തൊഴിൽ പരിചയം നൽകുന്നതിനും വികസന വകുപ്പ് സഹായിക്കുന്നു.

(ബി) പാലക്കാട്, കോഴിക്കോട്, മലപ്പുറം, കണ്ണൂർ, വയനാട്, ഇടുക്കി, ആലപ്പുഴ, തിരുവനന്തപുരം എന്നീ ജില്ലകളിൽ നടപ്പിലാക്കിയിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ 1993-94 മുതൽ പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, യൂണിസെഫ്, ബാങ്കുകൾ എന്നിവയിൽ നിന്ന്.

(ഡി) 270 പേർക്ക്.

(ഇ) ഈ സാമ്പത്തിക വർഷം തുടങ്ങാൻ ഉദ്ദേശിക്കുന്ന 25 യൂണിററുകൾക്ക് സബ്സിഡിയിനത്തിൽ ഏകദേശം 8.33 ലക്ഷം രൂപയും വായ്പയിനത്തിൽ 16.67 ലക്ഷം രൂപയുമുൾപ്പെടെ 25 ലക്ഷം രൂപയും റിവോൾവിംഗ് ഫണ്ടായി 3,80,000 രൂപയും വിതരണം ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ചോദ്യോത്തര സമയം കഴിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly

## II ചരമോപചാരം

### സർവ്വശ്രീ കെ. ജി. കരുണാകരമേനോൻ, ആർ. കൃഷ്ണൻ, പി. ആർ. കൃഷ്ണൻ, ചെങ്ങാരപ്പള്ളി നാരായണൻ പോററി, കെ. എം. അച്യുതൻ എന്നിവരുടെ നിര്യാണം സംബന്ധിച്ച്

9.30 A.M.]

മി. ഡെപ്യൂട്ടി സ്പീക്കർ: കേരള നിയമസഭാംഗങ്ങളായിരുന്ന ശ്രീ. കെ. ജി. കരുണാകരമേനോൻ, ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്) ശ്രീ. പി. ആർ. കൃഷ്ണൻ, തിരുകൊച്ചി നിയമസഭാംഗങ്ങളായിരുന്ന സർവ്വശ്രീ ചെങ്ങാരപ്പള്ളി നാരായണൻപോററി, കെ. എ. അച്യുതൻ എന്നിവർ നിര്യാതരായ വിവരം ബഹുമാനപ്പെട്ട അംഗങ്ങൾ അറിഞ്ഞിരിക്കുമല്ലോ ?

മദ്രാസ് ലോ കോളേജിൽ നിന്നും നിയമ ബിരുദം നേടിയ ശ്രീ. മേനോൻ കോൺഗ്രസ് പ്രസ്ഥാനത്തിൽ ആകൃഷ്ടനായാണ് രാഷ്ട്രീയ രംഗത്തേക്കു വന്നത്. തന്റെ കർമ്മനിരതമായ പ്രവർത്തനം കൊണ്ടും അർപ്പണബോധം കൊണ്ടും കോൺഗ്രസിന്റെ ഉന്നത നേതാക്കളിൽ ഒരാളായി മാറാൻ അദ്ദേഹത്തിനു കഴിഞ്ഞു. കെ. പി. സി. സി. അംഗം, പാലക്കാട് ഡി. സി. സി. പ്രസിഡൻറ് എന്നീ സ്ഥാനങ്ങൾ വഹിച്ചുകൊണ്ട് കോൺഗ്രസിന്റെ വളർച്ചയ്ക്ക് ഗണ്യമായ സംഭാവന അദ്ദേഹം നൽകിയിട്ടുണ്ട്. 1960-ൽ ഗുരുവായൂർ നിയോജകമണ്ഡലത്തിൽ നിന്നും കേരള നിയമ സഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ശ്രീ. മേനോൻ കോൺഗ്രസ് പാർലമെൻററി പാർട്ടിയുടെ ഉപനേതാവായിരുന്നു. ദീർഘകാലം ആററുപുറം പഞ്ചായത്തു പ്രസിഡൻറായും അദ്ദേഹം സേവനം അനുഷ്ഠിച്ചിട്ടുണ്ട്. സാമൂഹ്യ-രാഷ്ട്രീയ രംഗങ്ങളിൽ സജീവ പ്രവർത്തകനായിരുന്ന ശ്രീ. മേനോൻ കലാകായിക രംഗത്തും തന്റെ പ്രാഗത്ഭ്യം തെളിയിച്ചുകൊണ്ട് നിരവധി സമ്മാനങ്ങൾക്ക് അർഹനായിട്ടുണ്ട്. വന്നേരി വിദ്യാഭ്യാസ സൊസൈററി പ്രസിഡൻറ്, കോൾകർഷക സഹകരണസംഘം പ്രസിഡൻറ് പാലക്കാട് ജില്ലാ സഹകരണ ബാങ്ക് എക്സിക്യൂട്ടീവ് കമ്മിററി അംഗം തുടങ്ങി നിരവധി സഹകരണ സ്ഥാപനങ്ങളുടെ സാരഥ്യം വഹിച്ചുകൊണ്ട് സഹകരണ പ്രസ്ഥാനത്തിന് അദ്ദേഹം നല്കിയ സംഭാവന നിസ്തുലമാണ്. പാലക്കാട് ജില്ലാ ഭാരത് സേവക് സമാജിന്റെ ചെയർമാനായും അദ്ദേഹം സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ട്രേഡ് യൂണിയൻ രംഗത്തും ശ്രീ. മേനോൻ തന്റെ ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നു. ഒരു നല്ല നിയമസഭാ സാമാജികൻ, സമർത്ഥനായ സഹകാരി, സത്യസന്ധനായ പൊതുപ്രവർത്തകൻ, ട്രേഡ് യൂണിയൻ നേതാവ് എന്നീ വിവിധ നിലകളിൽ നിസ്തുലമായ സേവനം കാഴ്ചവെച്ച ശ്രീ. മേനോന്റെ നിര്യാണം നമുക്ക് അപരിഹാര്യമായ നഷ്ടമാണ് വരുത്തിയിട്ടുള്ളത്.

ടി. ബി. ടി. ബസ് കമ്പനിയിൽ ജീവനക്കാരനായി ജീവിതം ആരംഭിച്ച ശ്രീ. കൃഷ്ണൻ കമ്മ്യൂണിസ്ററ് പാർട്ടിയിലൂടെയാണ് രാഷ്ട്രീയ രംഗത്തേക്ക് വന്നത്. ആദർശനിഷ്ഠമായ പൊതുപ്രവർത്തനത്തിന്റെ ഉത്തമ മാതൃകയായിരുന്നു ശ്രീ. കൃഷ്ണന്റെ ജീവിതം. മലബാറിൽ കമ്മ്യൂണിസ്ററ് പാർട്ടിയും ട്രേഡ് യൂണിയൻ പ്രസ്ഥാനവും കെട്ടിപ്പടുക്കുന്നതിൽ നിർണ്ണായകമായ പങ്കു വഹിച്ച ശ്രീ. കൃഷ്ണന്റെ അചഞ്ചലമായ പാർട്ടി പ്രവർത്തനം ഏറെ ശ്രദ്ധേയമാണ്. മാർക്സിസ്ററു കമ്മ്യൂണിസ്ററ് പാർട്ടിയുടെ താലൂക്ക് സെക്രട്ടറി, ഏരിയാ കമ്മിററി സെക്രട്ടറി, ജില്ലാ കമ്മിററി അംഗം എന്നീ സ്ഥാനങ്ങൾ അദ്ദേഹം

LIBRARY ARCHIVES Kerala Legislative Assembly

വഹിച്ചിരുന്നു. കർഷക തൊഴിലാളി പ്രസ്ഥാനത്തിന്റെ മുന്നിൽ നിന്ന് പ്രവർത്തിച്ച ശ്രീ. കൃഷ്ണൻ കർഷകത്തൊഴിലാളികളുടെ ഉന്നമനത്തിനായി നിരന്തരം പോരാടിയിരുന്നു. ദീർഘകാലം പാലക്കാട് മുനിസിപ്പൽ കൗൺസിലറായി സേവനമനുഷ്ഠിച്ചിരുന്ന അദ്ദേഹം 1967-ലും 1970-ലും പാലക്കാട് നിയോജകമണ്ഡലത്തിൽ നിന്നും കേരളനിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. നിയമസഭയുടെ സബോർഡിനേററ് ലെജിസ്ലേഷൻ കമ്മിററിയിലും അദ്ദേഹം അംഗമായിരുന്നിട്ടുണ്ട്. ലാളിത്യവും ത്യാഗസന്നദ്ധതയുംകൊണ്ട് ഏവരുടേയും സ്നേഹാദരങ്ങൾ പിടിച്ചുപററിയ ഒരു പൊതു പ്രവർത്തകനായിരുന്നു ശ്രീ. കൃഷ്ണൻ. നിയമസഭാ സാമാജികൻ, ട്രേഡ്യൂണിയൻ നേതാവ് എന്നീ നിലകളിൽ പ്രവർത്തിച്ചിരുന്ന ശ്രീ. കൃഷ്ണന്റെ നിര്യാണം കേരളത്തിന്റെ രാഷ്ട്രീയരംഗത്തിനും കമ്മ്യൂണിസ്ററ് പ്രസ്ഥാനത്തിനും കനത്ത ആഘാതമാണ് വരുത്തിവച്ചിട്ടുള്ളത്.

1937-ൽ കോൺഗ്രസ്സിൽ ചേർന്ന ശ്രീ. പി. ആർ. കൃഷ്ണൻ ദേശീയ പ്രസ്ഥാനത്തിൽ പങ്കെടുത്തുകൊണ്ടാണ് പൊതുരംഗത്തേക്കു പ്രവേശിച്ചത്. അതിനുമുമ്പ് അദ്ധ്യാപകനായിരുന്ന ശ്രീ. കൃഷ്ണനെ ക്വിററിന്ത്യാ സമരത്തിൽ പങ്കെടുത്തതിന്റെ പേരിൽ ജോലിയിൽ നിന്നും പിരിച്ചുവിടുകയുണ്ടായി. തുടർന്ന് സജീവ രാഷ്ട്രീയത്തിൽ പ്രവേശിച്ച അദ്ദേഹം കൊച്ചി പ്രജാമണ്ഡലത്തിന്റെ ജനറൽ സെക്രട്ടറിയായി. കൊച്ചി കോൺഗ്രസ്സ് കമ്മിററി സെക്രട്ടറി, തൃശൂർ ഡി. സി. സി. സെക്രട്ടറി, കെ. പി സി. സി. നിർവാഹക സമിതി അംഗം എന്നീ ഔദ്യോഗിക സ്ഥാനങ്ങൾ അദ്ദേഹം അലങ്കരിച്ചിരുന്നു. കിസാൻ കോൺഗ്രസ്സിന്റെ സെക്രട്ടറി സ്ഥാനം വഹിച്ചിരുന്ന അദ്ദേഹം പാട്ടബാക്കിക്ക് കൈവശ ഭൂമി നഷ്ടപ്പെടുന്ന നിയമത്തിനെതിരെ കർഷകരെ സംഘടിപ്പിക്കുന്നതിൽ മുൻകൈഎടുത്ത് പ്രവർത്തിച്ചിട്ടുണ്ട്. 1954-ൽ ഒല്ലൂർ നിയോജകമണ്ഡലത്തിൽനിന്ന് തിരു-കൊച്ചി നിയമസഭയിലേക്കും 1960-ൽ കുന്നംകുളം നിയോജകമണ്ഡലത്തിൽ നിന്ന് കേരള നിയമസഭയിലേക്കും അദ്ദേഹം തെരഞ്ഞെടുക്കപ്പെടുകയുണ്ടായി. ആദർശശുദ്ധിയും ലളിതജീവിതവും കൊണ്ട് തികഞ്ഞ ഒരു ഗാന്ധിയനായിരുന്നു ശ്രീ. കൃഷ്ണൻ. കൊച്ചി ഖാദി ട്രസ്ററ്, കേരള ഖാദി ആൻറ് വില്ലേജ് ഇൻഡസ്ട്രീസ് അസോസിയേഷൻ എന്നിവയുടെ സ്ഥാപകാംഗം, ഖാദിബോർഡ് അഡ്വൈസറി കമ്മിററി ചെയർമാൻ എന്നീ സ്ഥാനങ്ങൾ അലങ്കരിച്ച അദ്ദേഹത്തിന്റെ ഖാദി പ്രചാരണരംഗത്തെ പ്രവർത്തനം പ്രശംസനീയമായിരുന്നു. നാഷണൽ കോ-ഓപ്പറേററീവ് യൂണിയൻ അംഗം, തൃശ്ശൂർ മൊത്തവ്യാപാര സഹകരണസ്റേറാർ പ്രസിഡൻറ്, നടത്തറ ഫാർമേഴ്സ് ബാങ്ക് പ്രസിഡൻറ്, സർക്കിൾ സഹകരണയൂണിയൻ ചെയർമാൻ, ഭൂപണയബാങ്ക് ബോർഡ് അംഗം തുടങ്ങി നിരവധി സഹകരണ സ്ഥാപനങ്ങളുടെ സാരഥ്യം വഹിച്ചുകൊണ്ട് സഹകരണ രംഗത്ത് ശ്ലാഘനീയമായ രീതിയിൽ പ്രവർത്തിച്ചിരുന്ന ശ്രീ. കൃഷ്ണൻ മികച്ച സഹകാരിയെന്ന ഖ്യാതി നേടി. അഞ്ചു പതിററാണ്ടുകാലം കേരള രാഷ്ട്രീയ-സാമൂഹ്യ-സഹകരണ രംഗത്ത് നിറഞ്ഞുനിന്ന വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു ശ്രീ. പി. ആർ. കൃഷ്ണൻ. സജീവ രാഷ്ട്രീയം വിട്ട് വിശ്രമജീവിതം നയിച്ചുവരവേയാണ് അദ്ദേഹം നമ്മെ വിട്ടുപിരിഞ്ഞത്. സംശുദ്ധമായ പൊതു പ്രവർത്തനം കാഴ്ച വച്ച ശ്രീ. കൃഷ്ണന്റെ നിര്യാണം കേരളത്തിലെ സാമൂഹ്യ-സഹകരണ രംഗങ്ങൾക്കും കോൺഗ്രസ്സ് പ്രസ്ഥാനത്തിനും അപരിഹാര്യമായ നഷ്ടമാണ് വരുത്തിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ സ്വാതന്ത്ര്യസമരത്തിൽ ആകൃഷ്ടനായാണ് ശ്രീ. ചെങ്ങാരപ്പള്ളി പൊതു രംഗത്തേക്കു വന്നത്. സ്റ്റേറ്റ് കോൺഗ്രസ്സിന്റെ മുന്നണി പോരാളിയായിരുന്ന ശ്രീ. പോററിക്ക് സ്വാതന്ത്ര്യസമര പ്രസ്ഥാനത്തോടനുബന്ധിച്ച് ഏറെക്കാലം ജയിൽവാസം അനുഭവിക്കേണ്ടി വന്നിട്ടുണ്ട്. ബി. എ. ഓണേഴ്സ് ഒന്നാം റാങ്കോടെ പാസ്സായ ശ്രീ. പോററി നിയമബിരുദം നേടിയശേഷം അദ്ധ്യാപക വൃത്തിയിലേർപ്പെട്ടു. യൂണിവേഴ്സിററി കോളേജിലും, ആർട്ട്സ് കോളേജിലും മലയാള അദ്ധ്യാപകനായി സേവനമനുഷ്ഠിച്ച ശ്രീ. പോററി പ്രഗത്ഭനായ അദ്ധ്യാപകനെന്ന നിലയിൽ ശ്ലാഘനീയമായ പ്രവർത്തനം കാഴ്ചവെച്ചു. ആർ. എസ്. പി. യുടെ സ്ഥാപക നേതാക്കളിൽ ഒരാളായിരുന്ന ശ്രീ. പോററി പാർട്ടി കെട്ടിപ്പടുക്കുന്നതിൽ മുന്നിൽ നിന്ന് പ്രവർത്തിച്ചിട്ടുണ്ട്. 1952-ൽ തകഴി നിയോജകമണ്ഡലത്തെയും, 1954-ൽ ഹരിപ്പാട് നിയോജകമണ്ഡലത്തേയും പ്രതിനിധീകരിച്ച് തിരു-കൊച്ചി നിയമസഭയിൽ അദ്ദേഹം അംഗമായിരുന്നു. കേരളപ്പിറവിക്കുശേഷം സജീവരാഷ്ട്രീയത്തിൽനിന്നും വിരമിച്ച ശ്രീ. പോററി സാഹിത്യപ്രവർത്തനരംഗത്ത് തന്റെ ശ്രദ്ധ കേന്ദ്രീകരിച്ചു. ''കരുണ'', ''ആട്ടക്കഥ'', ''സാഹിത്യസർവ്വസ്വം'' തുടങ്ങി നിരവധി ഗ്രന്ഥങ്ങളുടെ രചയിതാവായിരുന്ന ശ്രീ. പോററിക്ക് 1992-ലെ സി. വി. കുമാർ അവാർഡ് ലഭിക്കുകയുണ്ടായി. പത്രപ്രവർത്തനരംഗത്തും ഗണ്യമായ സംഭാവനകൾ നൽകിയ ശ്രീ. പോററി ദേശബന്ധു, മലയാളി, കേരളഭൂഷണം എന്നിവയുടെ പത്രാധിപരായും സേവനം അനുഷ്ഠിച്ചുകൊണ്ട് പത്രപ്രവർത്തനരംഗത്ത് തനതായ ശൈലിക്ക് രൂപം നൽകിയിരുന്നു. ഒട്ടേറെ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച ശ്രീ. പോററി കഥകളിയിൽ ഏററവും കൂടുതൽ പഠനം നടത്തിയിട്ടുള്ളവരിൽ ഒരാളായിരുന്നു. കേരളത്തിന്റെ രാഷ്ട്രീയ-സാമൂഹ്യ-സാഹിത്യ രംഗങ്ങളിൽ നിറഞ്ഞു നിന്ന വ്യക്തിത്വത്തിന് ഉടമയായിരുന്ന ശ്രീ. പോററിയുടെ നിര്യാണം കേരളത്തിന് കനത്ത നഷ്ടമാണ്.

ചൊവ്വായി രാമവർമ്മ സ്കൂൾ, പള്ളിപ്പുറം എസ്. എസ്. സ്കൂൾ എന്നിവയുടെ ഹെഡ്മാസ്ററായിരുന്ന ശ്രീ. കെ. എ. അച്യുതൻമാസ്ററർ കോൺഗ്രസിന്റെ സജീവപ്രവർത്തകനായിരുന്നു. പിന്നീട് ആർ. എസ്. പി. യിൽ ചേർന്ന അദ്ദേഹം കുറഞ്ഞൊരു കാലംകൊണ്ട് അതിന്റെ നേതൃനിരയിലെത്തി. സാമൂഹ്യപരിഷ്ക്കാര രംഗങ്ങളിൽ ധീവരരുടെ ഉന്നമനത്തിനായി അദ്ദേഹം അക്ഷീണം പ്രവർത്തിച്ചിട്ടുണ്ട്. 1948-ൽ ധീവരരുടെ പ്രതിനിധിയായി കൊച്ചി നിയമസഭയിലേക്ക് നോമിനേററ് ചെയ്യപ്പെട്ട അദ്ദേഹം തുടർന്ന് 1951 വരെ തിരു-കൊച്ചി നിയമസഭയിലും അംഗമായിരുന്നു. അഖിലകേരള ധീവര സഭയുടെ സ്ഥാപകപ്രസിഡൻറ്, ഐക്യകേരള നാവികത്തൊഴിലാളി യൂണിയൻ പ്രസിഡൻറ്, അഖിലകേരള മത്സ്യത്തൊഴിലാളി ഫെഡറേഷൻ വൈസ് പ്രസിഡൻറ്, തൊഴിലാളി ക്ഷേമനിധി ബോർഡംഗം എന്നീ നിലകളിൽ ശ്ലാഘനീയമായി പ്രവർത്തിച്ചിട്ടുള്ള ശ്രീ. അച്യുതൻ ട്രേഡ് യൂണിയൻ രംഗത്ത് നൽകിയിട്ടുള്ള സംഭാവനകൾ എന്നും സ്മരിക്കപ്പെടും.

(പരേതരോടുള്ള ബഹുമാനസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേററുനിന്ന് മൗനമാചരിച്ചു.)

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## III അടിയന്തിരപ്രമേയം

### കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രി ജീവനക്കാരുടെ ബുദ്ധിമുട്ടുകൾ

മിസ്റ്റർ ഡെപ്യൂട്ടി സ്പീക്കർ : കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രി, ഐ. എം. സി. എച്ച്. ചെസ്റ്റ് ആശുപത്രി എന്നിവിടങ്ങളിൽ നിരവധി കൊല്ലങ്ങളായി ജോലിചെയ്തുവന്നിരുന്ന ഗ്രേഡ് ഒന്ന്, ഗ്രേഡ് രണ്ട്, നേഴ്സിംഗ് അസിസ്റ്റന്റുമാർ, സ്റ്റാഫ് നഴ്സുമാർ, അറ്റൻഡർമാർ ലബോറട്ടറി ടെക്നീഷ്യൻമാർ, ക്ളാർക്കുമാർ എന്നീ വിഭാഗങ്ങളിൽ 360-ഓളം ജീവനക്കാർ ഒരു മാസമായി ശമ്പളം കിട്ടാത്തതുമൂലം സമരത്തിലായതുകൊണ്ട് 6 ജില്ലയിലെ ജനങ്ങൾക്കുള്ള ഏക മെഡിക്കൽ കോളേജ് ആശുപത്രിയുടെ പ്രവർത്തനം സ്തംഭനത്തിലെത്തിയ ഗുരുതരമായ പ്രശ്നത്തെപ്പററി റൂൾ 50 പ്രകാരം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർവശ്രീ സി. പി. ബാലൻ വൈദ്യർ, എ. സി. ഷൺമുഖദാസ്, കെ. ചന്ദ്രശേഖരൻ, കെ. ഇ. ഇസ്മയിൽ, ടി. നാണുമാസ്റ്റർ എന്നിവർ നോട്ടീസ് നൽകിയിട്ടുണ്ട്.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. ആർ. രാമചന്ദ്രൻ നായർ) : സർ, കോഴിക്കോട് ജില്ലയിലെ മെഡിക്കൽ കോളേജ്, I. M. C. H. Chest Hospital—ഇങ്ങനെയുള്ള ആശുപത്രികളിലെയും അല്ലാത്ത കുറെ ആശുപത്രികളിലെയും കുറെ ജീവനക്കാർക്ക്, അതായത് ഗ്രേഡ് II നേഴ്സസ് അതുപോലെയുള്ള ആളുകൾക്ക് തുടർസാംഗ്ഷൻ ഇല്ലാത്തതുകൊണ്ട് ഈ മാസത്തെ ശമ്പളം കൊടുക്കാതിരുന്നു. തുടർസാംഗ്ഷൻ കൊടുക്കണമെന്നുള്ള റിക്വസ്ററ് കിട്ടി. അതനുസരിച്ച് 270 പേർക്ക് 21-ാം തീയതി ശമ്പളം കൊടുക്കാനുള്ള തുടർ സാംഗ്ഷൻ കൊടുത്തിട്ടുണ്ട്. ഇന്നലെ, ഏതാനും പേർക്കുകൂടി കിട്ടിയില്ല എന്ന് അറിഞ്ഞതുകൊണ്ട്, അവർക്ക് കൂടി ശമ്പളം കൊടുക്കാനുള്ള നിർദ്ദേശങ്ങളും തുടർസാംഗ്ഷൻ കൊടുക്കാനുള്ള നിർദ്ദേശവും ഗവൺമെന്റ് കൊടുത്തിട്ടുണ്ട്. അതുകൊണ്ട് അവിടെ അടിയന്തിരാവസ്ഥ ഒന്നുമില്ല. അവർക്കെല്ലാം ശമ്പളം കൊടുക്കാനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. 21-ാം തീയതി തന്നെ 270 പേർക്ക് ശമ്പളം കൊടുക്കാനുള്ള നിർദ്ദേശം ടെലിപ്രിന്റർ മെസേജ് മുഖാന്തിരം കൊടുത്തിട്ടുണ്ട്. അടിയന്തിരാവസ്ഥയൊന്നും അവിടെയില്ല. അതുകൊണ്ട് ഈ സഭ നിർത്തിവച്ച് ഇത് ചർച്ചചെയ്യേണ്ടതായി ഞാൻ കരുതുന്നില്ല.

ശ്രീ. സി. പി. ബാലൻ വൈദ്യർ : സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത്, അടിയന്തര പ്രമേയത്തിന്റെ നോട്ടീസ് ഇന്നലെ വൈകുന്നേരമാണ് കൊടുത്തത്, അതിനുശേഷം ടെലിപ്രിന്റർ മെസേജ് കൊടുത്തു എന്നാണ്. അങ്ങ് ഈ വിധത്തിലാണ് പറയുന്നതെങ്കിൽ അത് പരിശോധിക്കേണ്ടതാണ്. ഇന്നലേയും ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് പറഞ്ഞു. മെഡിക്കൽ കോളേജിലെ സൂപ്രണ്ട് രണ്ട് ദിവസം ഇവിടെ ഉണ്ടായിരുന്നു. ആശുപത്രി നടത്തിക്കൊണ്ടുപോകാൻ ബുദ്ധിമുട്ടാണെന്ന് മെഡിക്കൽ കോളേജ് സൂപ്രണ്ട് ബഹുമാനപ്പെട്ട മന്ത്രിയോട് പറഞ്ഞു. കണ്ട മററ് പല ആളുകളോടും പറഞ്ഞു. ആ ഓർഡറിന്റെ കോപ്പി അപ്പോൾ അദ്ദേഹത്തിന്റെ കൈയിൽ കൊടുത്തിരുന്നെങ്കിൽ ഈ പ്രശ്നം വരില്ലായിരുന്നു. അങ്ങ് പറഞ്ഞത് സത്യമാണ് എന്നു കരുതാം. കാരണം നിയമസഭയിലല്ലേ പറയുന്നത്. ഈ പ്രശ്നം

വന്ന ഉടനെതന്നെ, ജൂലൈ ആദ്യത്തെ ആഴ്ചയിൽത്തന്നെ ബഹുമാനപ്പെട്ട മന്ത്രിയോട് ഈ പ്രശ്നം പറഞ്ഞു. മെഡിക്കൽ കോളേജിലെ 360 ജീവനക്കാർ സമരത്തിലേക്ക് വരുന്നു എന്നു പറഞ്ഞാൽ മെഡിക്കൽ കോളേജിന്റെ പ്രവർത്തനം സ്തംഭിക്കുകയെന്നാണ് അതിന്റെ അർത്ഥം. ആ ഒരു സാഹചര്യം ഒഴിവാക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയോട് പറഞ്ഞിട്ട് വലിയ ഗുണമുണ്ടാകുകയില്ല എന്നു കണ്ടിട്ട് ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയോട് പറഞ്ഞു. അപ്പോൾ ധനകാര്യമന്ത്രി പറഞ്ഞത് ഹെൽത്ത് ഡിപ്പാർട്ട്മെന്റിൽനിന്നും ഒരു കടലാസും എനിക്ക് ഇതുവരെ കിട്ടിയിട്ടില്ല, കിട്ടിയാൽ ഉടനെ ആവശ്യമായ നടപടികൾ എടുക്കാം എന്നാണ്. അതാണ് സ്ഥിതി. ബഹുമാനപ്പെട്ട മന്ത്രി ആവശ്യമായ നടപടിയെടുക്കാമെന്ന് ഇവിടെ ഉറപ്പു പറഞ്ഞതനുസരിച്ച് സമരത്തിലേക്ക് പോകണ്ടാ എന്ന് ഞാൻ അവരെ അറിയിച്ചു, സൂപ്രണ്ടിനെ അറിയിച്ചു. സമരം നിർത്തിവയ്ക്കണമെന്ന് ജീവനക്കാരോട് സൂപ്രണ്ട് പറഞ്ഞു. അതനുസരിച്ച് അവർ സമരം മാററിവച്ചു. പക്ഷേ, ആഴ്ചകൾ കഴിഞ്ഞിട്ടും ഇവിടെനിന്നും ഒരു കടലാസോ നിർദ്ദേശമോ അവർക്ക് കിട്ടിയിട്ടില്ല. ഓർഡർ അങ്ങ് ഈ സഭയിൽ വയ്ക്കാൻ തയ്യാറുണ്ടോ ? അങ്ങ് പറയുന്നത് വിശ്വസിക്കാൻ വിഷമമുണ്ട്. അതിന്റെ ഭാഗമായി അവർ സമരത്തിലേക്ക് പോയതാണ്. അങ്ങ് എനിക്ക് ഒരു നിയമസഭാ അംഗം എന്ന നിലയിൽ തന്ന ഉറപ്പ് യഥാർത്ഥത്തിൽ-ചെയർ തെററിദ്ധരിക്കരുത്-ആ ഉറപ്പ് കുറുപ്പിന്റെ ഉറപ്പുപോലെയായി മാറി. അതുകൊണ്ടാണ് അവർ സമരരംഗത്തേക്ക് പോയത്.

മിസ്ററർ ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ, ഓർഡർ, ഒരു സംശയം ചോദിക്കുകയാണ്. കുറുപ്പിന്റെ ഉറപ്പിന്റെ പ്രത്യേകത എന്താണെന്ന് അറിയാമോ ?

ശ്രീ. സി. പി. ബാലൻ വൈദ്യർ: സർ, പറയുന്ന ഒരു ശൈലി പറഞ്ഞുപോയതാണ്. അങ്ങ് ചെയറിലിരിക്കുന്നതുകൊണ്ട് ഞാൻ അത് പിൻവലിച്ചു. ഞാൻ പറയുന്നത്, ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി പറയുന്നത് വിശ്വസിക്കാൻ കഴിയില്ല. മെഡിക്കൽ കോളേജ് ആശുപത്രി, I. M. C. H. Chest Hospital ഇവിടങ്ങളിലായി പത്തും പതിനഞ്ചും കൊല്ലങ്ങളായി ജോലിചെയ്തുവരുന്നവരാണ് അവർ. അവർക്ക് രണ്ടും മൂന്നും കൊല്ലം കൂടുമ്പോൾ സാംഗ്ഷൻ നീട്ടിക്കൊടുക്കാറുണ്ട്. തുടർസാംഗ്ഷൻ കിട്ടിയിട്ട് മാസങ്ങളായി. എന്തുകൊണ്ടാണ് തുടർസാംഗ്ഷൻ കൊടുക്കാത്തത്. സാംഗ്ഷൻ കൊടുക്കാത്തതുകാരണം മെഡിക്കൽ കോളേജ് ജീവനക്കാരുടെയിടയിൽ ഒരുപാട് പ്രശ്നങ്ങളുണ്ട്. സ്ററാഫ് നേഴ്സുമാർ, നേഴ്സിംഗ് അസിസ്ററൻറുമാർ-ഗ്രേഡ് ഒന്ന്, ഗ്രേഡ്-രണ്ട്, ലബോറട്ടറി ടെക്നീഷ്യൻസ്, ക്ളാർക്കുമാർ, അററൻറർമാർ ഇവരെല്ലാം കൂടി ഒരു ആശുപത്രിയിൽ പണിമുടക്കുക എന്ന് പറഞ്ഞാൽ അവർക്ക് ഇന്ന് ശമ്പളം കിട്ടുന്നില്ലായെങ്കിൽ നാളെ മുതൽക്ക് ഈ മുഴുവൻ ജീവനക്കാരും പണിമുടക്കും. മററ് ജീവനക്കാരും അവരോടൊപ്പം പണിമുടക്കിൽ ചേരുമെന്ന് നോട്ടീസ് കൊടുത്തിരിക്കുകയാണ്. അങ്ങനെ നാളെ പണിമുടക്കാണ് വരുന്നതെങ്കിൽ ആറ് ജില്ലകളിലായി ഒരു ആശുപത്രിയാണ് ഉള്ളത്. പഴയ മലബാർ പ്രദേശം ഉൾക്കൊള്ളുന്ന പ്രദേശത്ത് ഒരു കോടിയിലധികം വരുന്ന ജനങ്ങൾക്ക് ഏക ആശ്രയമായ ആശുപത്രിയാണ്, വിദഗ്ദ്ധ ചികിൽസാകേന്ദ്രമാണ്. ആ ആശുപത്രി ഇങ്ങനെ അനാഥമാക്കിയാൽ, ഇത്തരത്തിൽ അരാജകത്വത്തിലേക്ക്, അങ്ങയുടെ പിടിപ്പുകേടിന്റെ ഫലമായി, അങ്ങയുടെ ഡിപ്പാർട്ടുമെൻറിന്റെ കൊള്ളരുതായ്മയുടെ ഭാഗമായി, സമരത്തിലേക്ക് പോയാൽ എന്താണ് സ്ഥിതി

LIBRARY ARCHIVES Kerala Legislative Assembly

എന്ന് അങ്ങേക്ക് ആലോചിക്കാൻ കഴിയില്ലേ ? മൂന്ന് ആഴ്ച അങ്ങയുടെ പിറകേ നടന്ന് ഞാൻ പറഞ്ഞതാണ്. എന്താണ് മൂന്നാഴ്ച ഇതിന് താമസം എടുത്തത് ? എത്ര കൊല്ലങ്ങളായി അവിടത്തെ ജീവനക്കാർ പറയുന്നതാണ്. ജീവനക്കാർ പറയുന്നത് അവർ വരിയിട്ട് 'പിന്നിൽ കൂടി' വന്നാലേ ഇതിന്റെ തുടർ സാംഗ്ഷൻ കിട്ടുകയുള്ളൂ എന്നാണ്. അതാണോ ശരി ? എങ്കിൽ അത് പറയണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ പറയുന്നത് അങ്ങ് ഇത് ശ്രദ്ധിക്കണം എന്നാണ്. ആശുപത്രി രംഗത്ത് ഇന്ന് എന്താണ് നടക്കുന്നത് ? ഞങ്ങൾ പറയുന്നത് വിശ്വാസമില്ലായെങ്കിൽ അങ്ങയുടെ മരുമകൻ ഒരു ഡോക്ടർ അല്ലേ ? ആശുപത്രി രംഗത്ത് എന്ത് നടക്കുന്നുവെന്ന് അങ്ങയുടെ മരുമകനിൽ കൂടി ഡോക്ടർമാരിൽ നിന്നുള്ള അഭിപ്രായം അങ്ങ് പരിശോധിച്ച് മനസ്സിലാക്കണം. ഇത്രയും കൊള്ളരുതാത്ത, ഒരു നാറിയ ഡിപ്പാർട്ടുമെന്റിന്റെ തലപ്പത്താണ് അങ്ങ് ഇരിക്കുന്നത് എന്ന് മനസ്സിലാക്കണം. കോഴിക്കോട് മെഡിക്കൽ കോളേജിനെക്കുറിച്ച് നിരവധി പരാതി ഈ നിയമസഭയിൽ വന്നതാണ്. അവിടെ ഉപകരണങ്ങളില്ല, ഉള്ള ഉപകരണങ്ങൾ പ്രവർത്തിക്കുന്നില്ല, ഡോക്ടർമാരില്ല, കൂടാതെ ആറ് ജില്ലകൾക്കും കൂടിയുള്ള ഒരേ ഒരു വിദഗ്ദ്ധ ചികിത്സാ കേന്ദ്രമാണ്. പാവപ്പെട്ട ആളുകൾക്ക് അമേരിക്കയിലും ലണ്ടനിലും പോയി ചികിൽസിപ്പിക്കാൻ കഴിയുമോ ? അവർക്ക് ആശ്രയം ഈ ആശുപത്രിയാണ്. അത്തരത്തിലുള്ള ഒരു സ്ഥിതിയിലേക്കാണ് ഈ ആശുപത്രി പോകുന്നത്. നിരവധി തവണ ഈ സഭയ്ക്കകത്ത് പറഞ്ഞിട്ടുള്ളതാണ്. അതുകൊണ്ട് ഗുരുതരമായ ഒരു സ്ഥിതി വിശേഷം ആശുപത്രിക്കകത്ത് ഉണ്ട്. അത് ഒഴിവാക്കാൻ മന്ത്രി പറഞ്ഞിട്ടുള്ള ഓർഡറിന്റെ കോപ്പി ഇവിടെ, സഭയിൽ തരണം. ബഹു. ചെയർ ഓർഡറിന്റെ കോപ്പി വാങ്ങണം. അല്ലാതെ വിശ്വസിക്കാൻ കഴിയില്ല. അതുകൊണ്ടാണ് പറയുന്നത്. ഗുരുതരമായ സ്ഥിതി കോഴിക്കോട് മെഡിക്കൽ കോളേജിൽ ഉണ്ട്. ഒരു കോടിയോളം വരുന്ന ജനങ്ങളുടെ ആരോഗ്യസ്ഥിതിയുമായി ബന്ധപ്പെട്ടതാണ്. അതുകൊണ്ട് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. ആർ. രാമചന്ദ്രൻ നായർ : സർ, ബാലൻ വൈദ്യർക്ക് ഒന്നും വിശ്വാസമില്ലാതിരുന്നാൽ എനിക്ക് ഒന്നും ചെയ്യാൻ ഒക്കുകയില്ല. ഈ ഗവൺമെന്റ് ഓർഡർ ഇറക്കിയിട്ടുണ്ട്. ആ ഓർഡർ ശ്രീ. ബാലൻ വൈദ്യർക്ക് ആവശ്യമുണ്ടെങ്കിൽ സ്പീക്കറെ കാണിക്കാം. അല്ലെങ്കിൽ മേശപ്പുറത്ത് വയ്ക്കാം. വിരോധമില്ല. ബാക്കിയുള്ളതിനെ പററിയൊന്നും ഞാൻ ഇപ്പോൾ ഉത്തരം പറയേണ്ട കാര്യമില്ല. അടിയന്തിരപ്രമേയത്തിൽ ഉള്ള കാര്യങ്ങൾക്കുമാത്രം, ആ പ്രമേയത്തോട് ബന്ധപ്പെട്ടതിന് മാത്രമേ ഉത്തരം പറയേണ്ട കാര്യമുള്ളൂ. ബാക്കിയുള്ള ആരോപണങ്ങൾ അദ്ദേഹത്തിന്റെ ഭാവനയിലുള്ളതാണ്. അതിനും ഞാൻ ഉത്തരം പറയേണ്ട കാര്യമില്ല.

മിസ്ററർ ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പ് മന്ത്രിയുടെ മാറുപടിയുടെ വെളിച്ചത്തിൽ സഭാനടപടികൾ നിർത്തി വച്ച് ചർച്ച ചെയ്യേണ്ടതായ സ്ഥിതിവിശേഷം നിലവിലില്ലാ എന്ന് കാണുന്നതിനാൽ അടിയന്തിര പ്രമേയത്തിന് അനുമതി നിഷേധിക്കുന്നു.



LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. എസ്. അച്യുതാനന്ദൻ : സർ, അടിയന്തിര പ്രമേയത്തെ അതിന്റെ യഥാർത്ഥ സ്പിരിററിൽ എടുക്കുന്നതിന് പല മന്ത്രിമാർക്കും വിഷമമുണ്ട് എന്ന് തോന്നുന്നു. എന്തുകൊണ്ടെന്നാൽ അടിയന്തിര പ്രമേയത്തെ അടിയന്തിരാവസ്ഥ എന്നുള്ള തരത്തിൽ ദുർവ്യാഖ്യാനിക്കുന്നത് അങ്ങും കേട്ടിരുന്നു എന്ന് ഞാൻ മനസ്സിലാക്കുന്നു. അങ്ങ് അത് നിയന്ത്രിക്കാതിരുന്നത്, ശരിയല്ല എന്ന് പറയാതിരുന്നത് എന്തുകൊണ്ടാണ് എന്ന് എനിക്ക് മനസ്സിലായില്ല. അടിയന്തിര പ്രമേയം പോലെയുള്ള പ്രമേയങ്ങൾ പ്രതിപക്ഷത്തിന്റെ ഒരു ന്യായമായ അവകാശമാണ്. ആ അവകാശം ഉപയോഗിച്ചാണ് നാട്ടിൽ ഉണ്ടാകുന്ന സ്ഥിതിഗതികളെ സംബന്ധിച്ച് അംഗങ്ങൾ ഉന്നയിക്കുന്നത്. അതിനെ പരിഹാസജനകമായിട്ടുള്ള നിലയിൽ "അടിയന്തിരാവസ്ഥ അടിയന്തിരാവസ്ഥ" എന്ന് പറഞ്ഞ് സംബോധനചെയ്യുന്ന സമ്പ്രദായം ശരിയാണോ ?

മിസ്ററർ ഡെപ്യൂട്ടി സ്പീക്കർ : അതിന്റെ അടിയന്തിര പ്രാധാന്യം കണക്കാക്കിയിട്ടാണ ല്ലോ അടിയന്തിര പ്രമേയം അവതരിപ്പിക്കാനുള്ള അനുമതി ചോദിക്കാനുള്ള അവസരം അനുവദിച്ചുകൊടുത്തത്. അപ്പോൾ തന്നെ അത് അറിയാമല്ലോ. തീർച്ചയായും ചെയർ അതിന്റെ അടിയന്തിര പ്രാധാന്യം മനസ്സിലാക്കികൊണ്ടാണ് അനുമതി ചോദിക്കാൻ അവസരം അനുവദിച്ചുകൊടുത്തത്. മററുള്ള ആളുകൾ പറയുന്നത് ആവശ്യമില്ലാത്ത കാര്യങ്ങളാണ്. അത് അനുവദിക്കേണ്ട കാര്യമില്ല.

ശ്രീ. വി. എസ്. അച്യുതാനന്ദൻ : സർ, അങ്ങ് ഇതിനോട് എടുത്ത സമീപനത്തെ സംബന്ധിച്ച് അടിയന്തിര പ്രമേയം അംഗീകരിക്കാതിരുന്നു എന്നുള്ള നിലയിൽ ഞാൻ സംസാരിച്ചിട്ടില്ല. അതിനുള്ള മന്ത്രിയുടെ മറുപടിയിലെ ദുസ്സൂചനയെ സംബന്ധിച്ചാണ് അങ്ങയുടെ ശ്രദ്ധയിൽ പെടുത്തിയത്. "അടിയന്തിരാവസ്ഥ" എന്നുള്ള നിലയിൽ അതിനെ ദുർവ്യാഖ്യാനം ചെയ്ത് അവഹേളിച്ചതിനെ സംബന്ധിച്ചാണ് ഞാൻ പറയുന്നത്. അത് ശരിയാണോ ഇല്ലയോ എന്നാണ് എനിക്ക് അറിയേണ്ടത് ?

ശ്രീ. ആർ. രാമചന്ദ്രൻ നായർ : സർ, അതിൽ ഒരു ദുസ്സൂചനയുമില്ല. സഭ നിർത്തിവച്ച് ഇത് ചർച്ച ചെയ്യേണ്ട ഗുരുതരാവസ്ഥയൊന്നും അവിടെയില്ല എന്നുള്ള അർത്ഥത്തിൽ തന്നെയാണ് ഞാൻ പറഞ്ഞത്. "അടിയന്തിരാവസ്ഥ" എന്ന് ഞാൻ പറഞ്ഞത് പ്രതിപക്ഷ നേതാവ് തെററായി ധരിക്കേണ്ട. അവിടെ ഗുരുതരാവസ്ഥ ഇല്ലാ എന്നുള്ള അർത്ഥത്തിലാണ് പറഞ്ഞത്.

# IV ശ്രദ്ധക്ഷണിക്കൽ

## കാസർകോട് ജില്ലയുടെ പിന്നോക്കാവസ്ഥ

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) : സർ, വികസനമേഖലയിൽ ഏറെ പരിമിതികളുള്ള ഒരു ജില്ലയാണ് കാസർകോട്. വികസനത്തിന്റെയും, പുരോഗതിയുടേയും കാര്യത്തിൽ ആരോഗ്യം, വിദ്യാഭ്യാസം, കാർഷികം വ്യാവസായികം, ഗതാഗതം, വൈദ്യുതി തുടങ്ങിയ മേഖലകളിൽ അടിസ്ഥാനസൗകര്യങ്ങളുടെ അപര്യാപ്തത നിലനിൽക്കവെ തന്നെ നിലവിലുള്ള വികസന സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താൻ

LIBRARY ARCHIVES Kerala Legislative Assembly

കാസർകോട് ജില്ലയ്ക്ക് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കണം എന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും സർക്കാരിന്റെയും മുമ്പിൽ ശ്രദ്ധക്ഷണിക്കലിലൂടെ ഉന്നയിക്കുന്നത്.

1984 മേയ് 24-ന് കാസർകോട് ജില്ല രൂപീകരിച്ചു. രൂപീകരണം കഴിഞ്ഞ് ഒൻപതുവർഷം കഴിഞ്ഞിട്ടും നാളിതുവരെ ജില്ലയുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് മാറിമാറി വന്ന സർക്കാരുകൾ തികഞ്ഞ അവഗണനയാണ് ജില്ലയോട് കാട്ടുന്നത്. അവഗണന വെറും കെട്ടുകഥയല്ല. ജില്ലയിലെ പതിനൊന്ന് ലക്ഷത്തോളം വരുന്ന ജനങ്ങളുടെ വികാരമാണ് ഞാനിവിടെ പ്രകടിപ്പിക്കുന്നത്. ജില്ല രൂപംകൊണ്ടതുതന്നെ മുഴുവൻ ജനങ്ങളും ഒരുമനസ്സോടെ അണിനിരന്നു നടത്തിയ ഉജ്ജ്വലമായ പോരാട്ടത്തിന്റെ ഫലമായിട്ടായിരുന്നു. ജില്ല രൂപീകരിക്കപ്പെട്ടാൽ പിന്നോക്കാവസ്ഥയ്ക്ക് പരിഹാരം കാണാൻ സാധിക്കുമെന്ന പ്രതീക്ഷയിലായിരുന്നു ജനങ്ങളാകെ. എന്നാൽ ജില്ലയിലെ ജനങ്ങൾ ഇന്ന് കടുത്ത നിരാശയിലാണ്.

കേരളത്തിലെ മററു മേഖലകളിൽ നിന്നും വ്യത്യസ്തമായി വിവിധ തലങ്ങളിൽ വളരെയേറെ പിന്നോക്കം കിടക്കുന്ന പ്രദേശത്തിന്റെ സമഗ്ര വികസനത്തിന് ജില്ലാ രൂപീകരണം വഴിവെയ്ക്കുമെന്ന വിശ്വാസം ജില്ലയിലെ ജനങ്ങൾക്കുണ്ടായിരുന്നു. എന്നാൽ രൂപീകരണാഘോഷങ്ങളോടെ അവസാനിക്കുകയായിരുന്നു, ആ പ്രതീക്ഷ. ഈ വടക്കൻ മേഖലയെ അവഗണിക്കുകയെന്ന പഴയ സമീപനം മാററാൻ ഭരണാധികാരികൾ തയ്യാറായിരുന്നില്ല. കേരളത്തിലെ മററു ജില്ലകളെ അപേക്ഷിച്ച് പിന്നോക്കം നിൽക്കുന്ന കാസർകോട് ജില്ലയുടെ വികസനത്തിന് പ്രത്യേക പരിഗണന നൽകേണ്ടത് ഒരു നീതി മാത്രമാണ്. എന്നാൽ സർക്കാരിൽ നിന്നും അതുണ്ടായില്ല എന്നുമാത്രമല്ല വിവിധ മേഖലകളിലെ വികസന സംരംഭങ്ങളിൽ നിന്നെല്ലാം കാസർകോട് ജില്ലയെ ഒഴിവാക്കുകയോ, നാമമാത്രമാക്കി ഒതുക്കി നിർത്തുകയോ ചെയ്തിരുന്നു. ഒരുതരം ചിററമ്മനയമാണ് സർക്കാർ ആ ജില്ലയോട് പുലർത്തിവരുന്നത്. വ്യാവസായികം, കാർഷികം, വിദ്യാഭ്യാസം, ആരോഗ്യം, വൈദ്യുതി, ഗതാഗതം തുടങ്ങിയ വിവിധ മേഖലകളിൽ കാസർകോട് ജില്ല പഴയ നിലയിൽ നിന്നും പറയത്തക്ക യാതൊരു പുരോഗതിയും ഇല്ലാതെ തുടരുകയാണ് എന്നത് ഒരു വസ്തുതയാണ്. വൈദ്യുതിക്ഷാമം ജില്ലയുടെ ഒരു തീരാശാപമാണ് വൈദ്യുതി ഏതുപ്രദേശത്തിന്റെയും വികസനത്തിന് അത്യന്താപേക്ഷിതമാണ്. വൈദ്യുതിയുടെ കാര്യത്തിൽ വളരെയേറെ പിന്നോക്കം നിൽക്കുന്ന കാസർകോട്, ഹോസ്ദുർഗ്ഗ് താലൂക്കുകളിൽ ഇത് പരിഹരിക്കാൻ പ്രത്യേക പരിഗണന നൽകണമെന്ന് ചന്ദ്രഭാനു കമ്മിഷൻ റിപ്പോർട്ടിൽ തന്നെ സൂചിപ്പിച്ചതാണ്. എന്നാൽ ഫലപ്രദമായ നടപടികളൊന്നും ഉണ്ടായിട്ടില്ല. ജില്ലയുടെ വികസനത്തിന് ഏററവും വലിയ തടസ്സമായി നിൽക്കുന്നത് വൈദ്യുതിയുടെ പോരായ്മയാണ്. വോൾട്ടേജ് കമ്മി ജനങ്ങളെ പൊറുതിമുട്ടിക്കുന്നു. ജില്ലയിൽ ഇന്ന് വൈദ്യുതി വിതരണത്തിനുള്ള സൗകര്യം മാവുങ്കൽ, കാസർകോട്, ഉപ്പളയിലെ കഞ്ചത്തൂർ എന്നിവിടങ്ങളിലുള്ള 110 കെ. വി. സബ്സ്റേറഷനുകൾ മാത്രമാണ്. മഞ്ചേശ്വരത്തും മുള്ളേരിയിലും പുതുതായി ആരംഭിക്കുന്ന 110 കെ. വി. സബ്സ്റേറഷന്റെ പണി മന്ദഗതിയിലാണ്. വളരെ വേഗം അത് പൂർത്തീകരിക്കേണ്ടതുണ്ട്. വൈദ്യുതിയുടെ കാര്യത്തിൽ സർക്കാർ മലബാറിനോട് കടുത്ത അവഗണന തന്നെയാണ് കാട്ടുന്നത്. സംസ്ഥാനത്ത് വൈദ്യുതി പ്രസരണം ചെയ്യുന്ന പത്ത് ജനറേററുകളിൽ ഒന്നുമാത്രമാണ് മലബാറിലുള്ളത്. അത് സ്ഥിതിചെയ്യുന്നത് കുററിയാടിയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

അവിടെ നിന്നും വൈദ്യുതി ഒഴുകി കാസർകോട്ടേയ്ക്ക് വരുമ്പോഴേക്കും പ്രസരണശേഷി നഷ്ടപ്പെടുന്നു. ഈ അവസ്ഥയ്ക്ക് പരിഹാരം കാണാൻ ഉദുമയ്ക്ക് അടുത്ത മൈലാട്ടിയിൽ 220 കെ. വി. സബ്സ്റ്റേഷൻ തുടങ്ങാൻ ആലോചന തുടങ്ങിയിട്ട് നാളുകളേറെയായെങ്കിലും പ്രാഥമിക പ്രവർത്തനം പോലും ആരംഭിച്ചിട്ടില്ല. അതുകൊണ്ട് അടിയന്തിരമായി മൈലാട്ടിയിലെ 220 കെ. വി. സബ്സ്റ്റേഷന്റെ പ്രവർത്തനം ആരംഭിക്കേണ്ടതാണ്. അതുപോലെതന്നെ കർണ്ണാടകയിൽ നിർമ്മാണത്തിലുള്ള കേന്ദ്ര പദ്ധതികളിൽ നിന്നും ജില്ലയിൽ നല്ലൊരു ശതമാനം ജനങ്ങൾക്കും വൈദ്യുതി ലഭിക്കാൻ സാദ്ധ്യതയുണ്ട്. എന്നാൽ 220 കെ. വി. സബ്സ്റ്റേഷൻ ഇല്ലാത്തതുകൊണ്ട് അത് നഷ്ടപ്പെടുവാൻ പോകുന്നു. അതുകൊണ്ട് അടിയന്തിരമായും മൈലാട്ടിയിലെ 220 കെ. വി. സബ്സ്റ്റേഷൻ ആരംഭിക്കേണ്ടതുണ്ട്.

കാസർകോട് ജില്ല ഒരു വ്യവസായരഹിത ജില്ല തന്നെയാണെന്നു പറയാം. കഴിഞ്ഞ ഇടതുപക്ഷ സർക്കാർ ആരംഭിച്ച 'കെൽ' ഫാക്ടറി തന്നെയാണ് ജില്ലയിലെ ഏക വ്യവസായസംരംഭം. അസംസ്കൃത വസ്തുക്കളുടെ കാര്യത്തിൽ സമ്പന്നമായ ഈ ജില്ലയിലെ വിഭവങ്ങൾ ഉപയോഗിക്കപ്പെടാതെ പോവുകയാണ്. ബോക്സൈറ്റ്, കശുവണ്ടി, റബ്ബർ, കളിമണ്ണ്, ചൈനാക്ലേ, നീററുകക്ക, നാളികേരം, അടയ്ക്ക തുടങ്ങിയ അസംസ്കൃത സാധനങ്ങൾ ഉപയോഗിച്ചുകൊണ്ട് വൻവ്യവസായങ്ങൾ ആരംഭിക്കാൻ കഴിയും. എന്നാൽ ഇത്തരം സാദ്ധ്യതകളെല്ലാം സർക്കാരിന്റെ അവഗണന കൊണ്ടുതന്നെ ഉപയോഗശൂന്യമായി നിലകൊള്ളുന്നു. ഉദുമയിൽ സ്പിന്നിംഗ് മിൽ തുടങ്ങുന്നതിനുള്ള പ്രാരംഭപ്രവർത്തനങ്ങൾ സ്വീകരിച്ചിരുന്നുവെങ്കിലും വർഷങ്ങൾ കഴിഞ്ഞിട്ടും അത് ആരംഭിച്ചിട്ടില്ല.

സംസ്ഥാനത്തൊട്ടാകെയുള്ള നാല്പത്തിനാല് പുഴകളിൽ പന്ത്രണ്ടു പുഴകളും ഒഴുകുന്നത് ഈ ജില്ലയിലാണ്. കാർഷികരംഗം ജലസേചന സൗകര്യങ്ങളുടെ അഭാവത്തിലാണ് മുരടിച്ചുനിൽക്കുന്നത്. ചന്ദ്രഭാനു കമ്മിഷൻ റിപ്പോർട്ടിലുള്ള ചന്ദ്രഗിരി, മൂന്നാംകടവ്, പറശ്ശിനി എന്നീ ജലസേചന പദ്ധതികൾ ആരംഭിച്ചാൽ കാസർകോട് ജില്ല ഇന്ന് അനുഭവിക്കുന്ന ശുദ്ധജല ക്ഷാമവും ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തതയും പരിഹരിക്കാൻ കഴിയും.

മറെറാരു പ്രധാനപ്പെട്ട കാര്യംകൂടി പറയാനുണ്ട്. അടിയന്തിര പ്രമേയത്തിന്റെ ചർച്ചയിലും വന്നതാണ്; ഈ സഭയിൽതന്നെ പലതവണ ഉന്നയിച്ചതുമാണ്. ജില്ലയിലെ ആരോഗ്യരംഗത്തെ സ്ഥിതി പരിതാപകരമാണ്. പതിനൊന്നു ലക്ഷത്തോളം ജനങ്ങളുടെ ആരോഗ്യം സംരക്ഷിക്കാൻ ഒരു ജില്ലാശുപത്രിയും മൂന്ന് കമ്മ്യൂണിററി ഹെൽത്ത് സെൻററും രണ്ട് ഹോസ്പിററലും 44 പി. എച്ച്. സെൻററും കാസർകോട് ജില്ലയിൽ പ്രവർത്തിക്കുന്നുണ്ട്. ജില്ലാശുപത്രിയുടെ സ്ഥിതിയെക്കുറിച്ച് എത്രയോ തവണ ഇവിടെ ഉന്നയിച്ചതാണ്. അവിടെ അത്യാഹിതവിഭാഗം ഇല്ല. ഗൈനക്കോളജിസ്ററ് ഇല്ല. ആകെയുള്ളത് ഒരു ഡോക്ടർ മാത്രമാണ്. ആ ഡോക്ടറാകട്ടെ ഇരുപത്തിനാലു മണിക്കൂറും അവിടെ സേവനം നടത്തുന്നുണ്ട്. ജില്ലാശുപത്രിയുടെ ശോചനീയാവസ്ഥ പരിഹരിക്കാൻ അത്യാഹിതവിഭാഗം ഉൾപ്പെടെ വിദഗ്ദ്ധ ഡോക്ടർമാരെ ഉൾപ്പെടെ ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസത്തിന്റെ ദുഃസ്ഥിതിയെക്കുറിച്ച് ഞാനൊന്നും പറയുന്നില്ല. ആകെ നാലു കോളേജുകളാണ് ആ ജില്ലയിലുള്ളത്. വളരെ പ്രധാനപ്പെട്ട ഒരുകാര്യം സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാനാഗ്രഹിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് ഗസറ്റുകൾ കാസർകോട് ജില്ലയിൽ വരുന്നത്, വിവിധ ഡിപ്പാർട്ടുമെന്റുകളിൽ നിയമനങ്ങൾക്ക് അപേക്ഷ ക്ഷണിക്കുന്ന നോട്ടിഫിക്കേഷനുകൾ പലപ്പോഴും ഭാഗികമായി നശിപ്പിച്ചോ അതല്ലെങ്കിൽ ആ ജില്ലയിലേക്കുള്ള ഗസറ്റുവാർത്തകൾ പൂർണ്ണമായും ഒഴിവാക്കിക്കൊണ്ടോ ആണ്. ഇക്കാര്യം ആധികാരികമായി സൂചിപ്പിക്കാൻ എന്റെ കൈയിൽ വ്യക്തമായ രേഖകളുണ്ട്. വളരെ വൈകിയാണ് പലപ്പോഴും ഗസറ്റ് എത്തുന്നത്. ഇത് കാസർകോട് ജില്ലയോടുള്ള ഏറ്റവും വലിയ അവഗണനയായിട്ടാണ് കാണുന്നത്. സംസ്ഥാനത്തെ അഭ്യസ്തവിദ്യരായ യുവാക്കൾക്ക് തൊഴിലവസരം അറിയാനുതകുന്ന നോട്ടിഫിക്കേഷനുകൾ പലപ്പോഴും ഭാഗികമായും ചിലപ്പോൾ പൂർണ്ണമായും ബോധപൂർവ്വം ഗസറ്റിൽ നിന്ന് ഒഴിവാക്കിക്കൊണ്ടാണ് അത് കാസർകോട് ജില്ലയിൽ എത്തിക്കുന്നത്.

സംസ്ഥാനത്തെ വിവിധ ഡിപ്പാർട്ടുമെന്റുകളിലെ കുറ്റവാളികൾക്കും അഴിമതിക്കാർക്കും ദുർനടപ്പുകാർക്കുമൊക്കെയുള്ള ഒരു താവളമായിട്ടാണ് പലപ്പോഴും കാസർകോട്, ഇടുക്കി, വയനാട് തുടങ്ങിയ ജില്ലകളെ ഗവൺമെന്റ് ഉപയോഗപ്പെടുത്തുന്നത്. സ്ഥലം മാറ്റിക്കൊണ്ടാണ് ഇത്തരം ജില്ലകളിൽ ഇവരെ സ്ഥാപിക്കുന്നത്. ആ അവസ്ഥ മാറ്റിയെടുക്കണം.

ജില്ല രൂപീകരിക്കപ്പെട്ട് ഒമ്പതുവർഷം കഴിഞ്ഞിട്ടും ജില്ലയോടുള്ള അവഗണനയും പിന്നോക്കാവസ്ഥയും തുടരുകയാണ്. ഇതവസാനിപ്പിക്കാൻ ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതോടൊപ്പം കാസർകോട് ജില്ല കേരളത്തിന്റെ ഭാഗമാണെന്നും കാസർകോട് ജില്ലയിലെ ജനങ്ങൾ സംസ്ഥാനത്തിന്റെ പൊതുഖജനാവിലേക്ക് നികുതി അടയ്ക്കുന്ന നികുതിദായകരാണെന്ന് ബോധം ഉണ്ടാവുകയും വേണം. മാറിമാറിവരുന്ന ഗവൺമെന്റുകൾ ഇതിനനുകൂലമായ സമീപനം സ്വീകരിക്കുന്നില്ല എന്നുള്ളതുകൊണ്ടാണ് ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കണമെന്ന് ശ്രദ്ധക്ഷണിക്കൽ പ്രമേയത്തിലൂടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും സർക്കാരിനോടും ആവശ്യപ്പെടുന്നത്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ഈ സംസ്ഥാനത്ത് പിന്നോക്കം നിൽക്കുന്ന ജില്ലകളെ ഉദ്ധരിക്കുന്നതിനുവേണ്ടിയാണ് ഭരണപരമായ സംവിധാനങ്ങൾ വരെ സ്വീകരിക്കാൻ ഗവൺമെന്റ്

10 A. M.] തീരുമാനമുണ്ടായത്. അതിന്റെ അടിസ്ഥാനത്തിലാണ് ഇവിടെ സൂചിപ്പിച്ചതുപോലെ കാസർകോട് ജില്ലതന്നെ ഉണ്ടാക്കിയത്. വളരെക്കാലമായി വളരെ പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളെ സംബന്ധിച്ചിടത്തോളം മറ്റ് പ്രദേശങ്ങളിലുള്ള സൗകര്യങ്ങളിലേക്ക് നയിക്കണമെങ്കിൽ നമ്മൾ കുറെയധികം പ്രയാസപ്പെടേണ്ടതുണ്ട്. ബഹുമാനപ്പെട്ട മെമ്പർക്കും ഈ സഭയ്ക്കും അറിയാവുന്നതുപോലെ ഏതെങ്കിലും പ്രത്യേക പ്രദേശത്തിന്റെ പുരോഗതിക്ക് മാത്രമായി ഒരു വലിയ തുക മാറ്റിവയ്ക്കാൻ സാധ്യമല്ല, പ്രയാസമുണ്ട് എങ്കിൽ പോലും അത് അംഗീകരിച്ചുകൊണ്ടാണ് കാസർകോട് പിന്നോക്ക പ്രദേശമായി അംഗീകരിച്ചുകൊണ്ട് 1992-93-ലെ ബഡ്ജറ്റിൽ അൻപത്തിമൂന്നുലക്ഷം രൂപ നീക്കിവച്ചത്. ഈ ബഡ്ജറ്റിൽ അത് അൻപതു ലക്ഷമായിട്ട് നിജപ്പെടുത്തിയിരിക്കുകയാണ്. ഇതെല്ലാം ചെറുകിട ജലസേചനം, റോഡ് നിർമ്മാണം, വൈദ്യുതീകരണം എന്നീ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി ചെലവാക്കാനാണ് നീക്കിവച്ചിട്ടുള്ളത്. ഈ ആനുകൂല്യം 8-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് മുഴുവൻ കൊടുക്കണമെന്നാണ് ഗവൺമെന്റിന്റെ സമീപനം. എല്ലാ വർഷങ്ങളിലും ഇതോടടുത്തുള്ള സംഖ്യ നീക്കിവയ്ക്കും. വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥയുടെ കാര്യം ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചത് ശരിയാണ്.

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ട് ഗവൺമെൻറ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കുമ്പോൾ കാസർകോട് ജില്ലയ്ക്ക് ചില പരിഗണന കൊടുക്കാറുണ്ട്. കാസർകോട്, മലപ്പുറം, ഇടുക്കി, വയനാട് ഇവയൊക്കെ ഭരണപരമായ മെച്ചപ്പെടുത്തലിനുവേണ്ടി ഉണ്ടാക്കിയ ജില്ലകൾ എന്നുള്ള നിലയിൽ ഇവയ്ക്ക് പ്രത്യേകമായ പരിഗണന കൊടുത്തുവരികയാണ്. വിദ്യാഭ്യാസ പരമായിട്ട് നോക്കിയാൽ കാസർകോഡ് ജില്ലയിൽ തന്നെ 7 പോക്കററുകൾ ഉണ്ട്. അത് വളരെ പിന്നോക്കമാണ്. അങ്ങനെയുള്ള സ്ഥലങ്ങളിൽ, വിദ്യാഭ്യാസ ജില്ലയുടെ പിന്നോക്കാവസ്ഥ, പ്രത്യേക പോക്കററിന്റെ പിന്നോക്കാവസ്ഥ പരിഹരിക്കാൻ വേണ്ടി തീവ്ര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈയിടെ സെൽഫ് ഫിനാൻസിംഗ് എൻജിനീയറിംഗ് കോളേജ് കാസർകോട്ട് തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ട്. അത് ഉടനെ തന്നെ ആരംഭിക്കുന്നതാണ്. ആരോഗ്യ രംഗത്താണെങ്കിലും മൂന്ന് ആശുപത്രികൾക്ക് പുറമെ 48 പ്രൈമറി ഹെൽത്ത് സെൻററുകൾ അവിടെയുണ്ട്. മൂന്ന് കമ്മ്യൂണിററി ഹെൽത്ത് സെൻറർ, രണ്ട് കുഷ്ഠരോഗ നിയന്ത്രണ യൂണിററുകളും ഒരു ക്ഷയരോഗ നിവാരണ ക്ലിനിക്കും ഉണ്ട്. അതു കൂടാതെ 5 ആയുർവേദ ആശുപത്രികളും 29 ആയുർവേദ ഡിസ്പെൻസറികളും ഈ ജില്ലയിൽ പ്രവർത്തിക്കുന്നുണ്ട്. 1993-94-ൽ തുടങ്ങാൻ ഉദ്ദേശിക്കുന്ന 5 ബ്ലഡ് ബാങ്കുകളിൽ ഒരെണ്ണം കാസർകോട് ജില്ലയ്ക്ക് നീക്കിവയ്ക്കുകയാണ്. അതുപോലെതന്നെ 50 ശതമാനം കേന്ദ്രസഹായം ലഭിക്കുന്ന പദ്ധതിയിൽ കാസർകോട് ജില്ലയിലെ ബേക്കൽകോട്ടയുടെ വിനോദസഞ്ചാര വികസനത്തിനായി ഈ വർഷം തന്നെ 190 ലക്ഷം രൂപ ചെലവാക്കാനായി നീക്കിവച്ചിട്ടുണ്ട്. ആ പദ്ധതി അംഗീകരിച്ചുകഴിഞ്ഞു, അത് വികസിക്കുന്നതോടുകൂടി എന്തൊക്കെ പറഞ്ഞാലും കാസർകോട് ജില്ലയുടെ വികസനം വളരെവേഗം മുന്നോട്ടുവരും എന്ന കാര്യത്തിൽ സംശയമില്ല. ഭവന നിർമ്മാണ ബോർഡിന് പ്രത്യേക നിർദ്ദേശം കൊടുത്തിട്ടുണ്ട്. അടിയന്തിരമായി 121.32 ലക്ഷം രൂപ ഉപയോഗിച്ച് ഫ്ളാററ് പണിയാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അതുപോലെതന്നെ ഇലക്ട്രിസിററിയെക്കുറിച്ച് ഇവിടെ പറഞ്ഞു. ഓയിൽ ബേസ്ഡ് പവർ പ്രൊഡക്ഷൻ ഇപ്പോൾ ഒന്ന് കാസർകോട്ട് ആണ് അനുവദിച്ചിട്ടുള്ളത്. അത് 60 മെഗാവാട്ടാണ്. ഇപ്പോൾതന്നെ വർക്ക് തുടങ്ങാൻ സാംഗ്ഷനായി. പൊതുവായിട്ടുള്ള കാർഷികവികസനത്തിന് ഒരു പദ്ധതി കാർഷികവകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. സാക്ഷരതയ്ക്ക് ആ ജില്ലയിലെ 6 പഞ്ചായത്ത് തെരഞ്ഞെടുത്തിട്ടുണ്ട്. കാസർകോട് ജില്ലയുടെ പിന്നോക്കാവസ്ഥ അദ്ദേഹം പറഞ്ഞതുപോലെ തന്നെ രാഷ്ട്രീയ പ്രശ്നമല്ല, എല്ലാവരും കൂട്ടായി ശ്രമിക്കേണ്ടതാണ്. കാസർകോട് ജില്ലയുടെ പിന്നോക്കാവസ്ഥ മാററിയെടുക്കണമെങ്കിൽ ഇവിടെ സൂചിപ്പിച്ചതുപോലെ പ്രത്യേക ചില പരിപാടികൾ വേണമെന്നാണ് ചന്ദ്രഭാനു കമ്മീഷൻ റെക്കമെൻറ് ചെയ്തിട്ടുള്ളത്. അതും കൂടി മനസ്സിൽ ഇരുത്തിക്കൊണ്ടാണ് ജില്ല ഉണ്ടാക്കിയതും, മററ് നടപടികൾ സ്വീകരിച്ചിട്ടുള്ളതും. കാസർകോട് ജില്ലയുടെ പിന്നോക്കാവസ്ഥ മാററിയെടുക്കുന്നതിന് ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെതന്നെ പിന്നോക്ക ജില്ലകളോടൊപ്പം തന്നെ അല്ലെങ്കിൽ അതിനേക്കാൾ കൂടുതൽ പരിഗണനയോടുകൂടി തന്നെ പദ്ധതികൾ മുന്നോട്ടുകൊണ്ടുപോകുക എന്നുള്ളതാണ് ഗവൺമെൻറിന്റെ ഉദ്ദേശം.

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) : ജില്ലയുടെ പിന്നോക്കാവസ്ഥ പരിഹരിക്കാൻ ഫണ്ട് അലോട്ടുമെൻറിൽ കാസർകോട് ജില്ലയ്ക്ക് അർഹമായ പരിഗണന ഇല്ലാത്തതുകൊണ്ടാണ് അതിന്റെ വികസനം

LIBRARY ARCHIVES Kerala Legislative Assembly

പൂർത്തിയാക്കാൻ കഴിയാത്തത് എന്നുള്ളതുകൊണ്ട് ഫണ്ട് അലോട്ടുമെൻറ് വരുമ്പോൾ കാസർകോട് ജില്ലയ്ക്ക് ആ ജില്ലയുടെ പ്രത്യേക പരിഗണന വച്ചുകൊണ്ട് ആവശ്യമായ ഫണ്ട് അലോട്ട് ചെയ്യാൻ ഗവൺമെൻറ് തയ്യാറാകുമോ ?

ശ്രീ. കെ. കരുണാകരൻ : സർ, 53 ലക്ഷം രൂപ കഴിഞ്ഞവർഷം പ്രത്യേകം വച്ചു. ഇക്കൊല്ലം 50 ലക്ഷം വച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പറുടെ ഇക്കാര്യത്തിലുള്ള താല്പര്യം മനസ്സിലാക്കാൻ സാധിക്കും, ഗവൺമെൻറിനും ഇക്കാര്യത്തിൽ അനുഭാവം ഉണ്ട്.

## (2) ബാങ്കുകളിലെ നിക്ഷേപ-വായ്പാ അനുപാതം

ശ്രീ. സി. എഫ്. തോമസ് : സർ, ഈ സംസ്ഥാനത്ത് നമ്മുടെ നിക്ഷേപങ്ങളെ അപേക്ഷിച്ച് ബാങ്ക് വായ്പയുടെ തോത് വളരെ

10 A.M.] കുറഞ്ഞുവരുന്ന ഒരു ഗുരുതരാവസ്ഥയുണ്ട്. നേരത്തെ ഈ സഭയിൽ പല പ്രാവശ്യം പറഞ്ഞിട്ടുള്ളതാണ്. പക്ഷേ അത് പിന്നേയും കുറയുന്നു. വളരെ ഗൗരവമായിട്ട് ഈ കാര്യത്തെക്കുറിച്ച് ചർച്ച ചെയ്യുകയും ആവശ്യമായ തീരുമാനങ്ങൾ എടുക്കുകയും വേണം. അതിനായിട്ടാണ് ഞാൻ ഈ വിഷയം വീണ്ടും അവതരിപ്പിക്കുന്നത്. 31-3-1993-ലെ, ഈ കഴിഞ്ഞ സാമ്പത്തിക വർഷാവസാനത്തിലെ കണക്ക് പരിശോധിച്ചാൽ നമ്മുടെ സംസ്ഥാനത്തെ ദേശസാൽകൃത ബാങ്കുകളിലെ മാത്രം ആകെ നിക്ഷേപം ഒൻപതു ലക്ഷത്തി രണ്ടായിരത്തി എണ്ണൂററി മുപ്പത്തിയാറ് ദശാംശം മൂന്ന് ഒന്ന് ലക്ഷം (9,02,836.31) രൂപയാണ്. പ്രൈവററ് ബാങ്കുകൾ വേറെ കിടക്കുന്നു. പക്ഷേ അവിടത്തെ വായ്പയുടെ കണക്ക് നോക്കുമ്പോൾ 4,02,198.64 ലക്ഷം രൂപ മാത്രം. എന്നു പറഞ്ഞാൽ സി. ഡി. റേഷ്യോ വരുന്നത് 46.64 ശതമാനമാണ്. 31-3-1993-ൽ അവസാനിച്ച സാമ്പത്തികവർഷത്തിൽ കേരളത്തിലെ ദേശസാൽകൃത ബാങ്കുകളുടെ സി. ഡി. റേഷ്യോ 46.64 ശതമാനം മാത്രമാണ്. അത് മററ് സംസ്ഥാനങ്ങളുമായി കമ്പെയർ ചെയ്യുമ്പോൾ ആണ് നമ്മുടെ സംസ്ഥാനത്തു വന്നിരിക്കുന്ന വലിയ അപകടം മനസ്സിലാകുന്നത്. ഇത് ഗവൺമെൻറ് വളരെ ഗൗരവമായി ചിന്തിക്കേണ്ടതുണ്ട്. നമ്മുടെ തൊട്ട് അയൽ സംസ്ഥാനമായ തമിഴ്നാട്ടിൽ അത് 96.4 ആണ്. കർണ്ണാടകത്തിൽ 80.8 ശതമാനം, ആന്ധ്രപ്രദേശിൽ 79.6 ശതമാനം 96-ം 80-ം ഒക്കെ നമ്മുടെ അയൽ സംസ്ഥാനങ്ങൾ വാങ്ങുമ്പോൾ നമ്മുടെ സംസ്ഥാനത്തിന് കിട്ടുന്നത് ആകെ നിക്ഷേപത്തിൻെറ 46.64 ശതമാനമാണ്. അയൽ സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ അയൽ സംസ്ഥാനങ്ങളിലെ ശതമാനത്തിൻെറ ഏതാണ്ട് പകുതി മാത്രമേ കേരളത്തിൽ വരുന്നുള്ളൂ. സാമ്പത്തികമായി ഏററവും പിന്നോക്കം നിൽക്കുന്ന കേരളത്തിൻെറ അവസ്ഥയാണിത്. ഗവൺമെൻറുകൾ പല ശ്രമങ്ങളും നടത്തുന്നുവെങ്കിൽ പോലും 46.64 എന്നുള്ളത് ഓരോ കൊല്ലവും കുറഞ്ഞുകൊണ്ടുവരികയാണ്. കഴിഞ്ഞകൊല്ലം 47.98 ആയിരുന്നുവെങ്കിൽ അത് കുറഞ്ഞ് ഇക്കൊല്ലം 46.64 ആയി. കഴിഞ്ഞതിൻെറ മുൻപത്തെ വർഷം 51 ശതമാനമായിരുന്നു. 1990-ൽ 58.69 ശതമാനം. 1989-ൽ 63.95 ശതമാനം 1988-ൽ 58.1 ശതമാനം. 1987-ൽ 58.8 ശതമാനം. ഓരോകൊല്ലവും കുറയുകയാണ്. നടപടിയെടുക്കുന്നുണ്ട് എന്നാണ് എപ്പോഴും ഗവൺമെൻറുകൾ പറയുന്നത്. മാറിമാറി വന്ന ഗവൺമെൻറുകൾ ഒക്കെ പറഞ്ഞത് നടപടികൾ സ്വീകരിക്കുന്നുണ്ട് എന്നാണ്, എങ്കിൽപോലും അയൽ സംസ്ഥാനങ്ങളേക്കാൾ വളരെ കുറവാണ്. നമ്മുടെ ബാങ്കുകളിൽ മൂന്നുകാററഗറിയാണ് കാണുന്നത്, നാഷണലൈസ്ഡ് ബാങ്കുകൾ, സ്റേററ് ബാങ്ക് ഗ്രൂപ്പ്

പ്രൈവററ് ബാങ്കുകൾ. എല്ലാ ബാങ്കുകളിലും ഈ അവസ്ഥയാണ്. ദേശസാൽകൃത ബാങ്കുകളിൽ മാത്രമല്ല, പ്രൈവററ് ബാങ്കുകളിൽ ഏററവും മോശമായിട്ട് കാണുന്നു. ഈ അവസ്ഥ മെച്ചമായിട്ട് കാണുന്നത് സ്റേററ് ബാങ്ക് ഗ്രൂപ്പാണ്. അവിടേയും കഴിഞ്ഞകൊല്ലത്തേക്കാൾ കുറയുന്ന ടെൻറൻസിയാണ് ഇപ്പോൾ കാണുന്നത്.

(അദ്ധ്യക്ഷവേദിയിൽ ശ്രീ. എം.ജെ. സക്കറിയ) :

ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മുൻകൈയെടുത്ത എസ്. ബി. ടി-യുടെ ഭാരവാഹികളുമായിട്ട് ചർച്ച നടത്തിയതായി അറിഞ്ഞു. എന്നാൽ ഈ ടെൻറൻസി പിടിച്ചുനിർത്താൻ സാധിക്കുന്നുണ്ടോ എന്ന് ആരായണം. ഇന്നൊരു അനുകൂല സാഹചര്യം നമുക്കുണ്ട്. എസ്. ബി. ടി. യുടെ എം. ഡി. ആയിട്ട് വന്നിരിക്കുന്നത് മലയാളി ആയിട്ടുള്ള ശ്രീ. കെ. രാമകൃഷ്ണനാണ്. നമുക്ക് അനുകൂല സാഹചര്യമാണ്. ഈ സാഹചര്യം മുതലാക്കി എസ്. ബി. ടി. ഗ്രൂപ്പുമായി വീണ്ടും ചർച്ച നടത്തണം. മാത്രമല്ല നാഷണലൈസ്ഡ് ബാങ്കിന്റെ ഈ കുറവ് ഗൗരവതരമായിട്ട് ചിന്തിക്കുകയും വേണം. പ്രൈവററ് ബാങ്കുകളുടെ അവസ്ഥയും ഈ രീതിയിൽ ഗൗരവമായി കാണേണ്ടതുണ്ട്. കേരളത്തെ സംബന്ധിച്ചിടത്തോളം 8-ാം പദ്ധതിയിൽ ആവിഷ്ക്കരിച്ചിരിക്കുന്നത് വായ്പാധിഷ്ഠിതമായ പദ്ധതികളാണ്. കാർഷിക-വ്യാവസായിക-ഭവന നിർമ്മാണ-ടൂറിസം-ഈ നാലു മേഖലകൾക്ക് ഊന്നൽ നല്കിയിരിക്കുന്നത് വായ്പകളിലാണ്. ഈ പണം കണ്ടെത്താൻ നമ്മുടെ ഖജനാവിന് നിവൃത്തിയില്ല. ബഡ്ജററിലെ വരവിനങ്ങൾകൊണ്ട് കേരളത്തിലെ ആവശ്യങ്ങൾ നിറവേററാൻ സാധിക്കുന്നുണ്ടോ ? ഇല്ല. ബഡ്ജററിന് വെളിയിലുള്ള റിസോഴ്സസ് ശേഖരിക്കേണ്ടതുണ്ട്. അപ്പോൾ വിഭവ സമാഹരണങ്ങളുടെ കേന്ദ്രമെന്നു പറയുന്നത് ബാങ്കുകൾ തന്നെയാണ്. വിഭവകമ്മീഷനും ധനകാര്യമന്ത്രിയും ഇവിടെ സൂചിപ്പിച്ചുകഴിഞ്ഞു, 1992 മുതൽ 1997 വരെയുള്ള 8-ാം പദ്ധതിക്കാലത്ത് കേരളത്തിന് 23,000 കോടി രൂപ വേണ്ടിവരുമെന്ന്. സംസ്ഥാനത്തിന്റെ വളർച്ച 5.6 എന്നുള്ളത് നേടണമെങ്കിൽ മൊത്തമായിട്ടുള്ള ഇൻവെസ്ററ്മെൻറ് മാത്രമല്ല എല്ലാ മേഖലകളുടേയും ഇൻവെസ്ററ്മെൻറ് 23,000 കോടി രൂപ വേണം. ഗവൺമെൻറിനെക്കൊണ്ടുമാത്രം ഇതു സാധിക്കുമോ ? സാധിക്കണമെങ്കിൽ ബാങ്കുകൾ മുന്നോട്ടുവരണം. ഈ ബാങ്കുകൾ കേരളത്തിൽനിന്നും സ്വീകരിക്കുന്ന ഡെപ്പോസിററുകൾ അങ്ങയുടെ ശ്രദ്ധയിൽ പെട്ടുകാണും. ഡെപ്പോസിററുകളുടെ കാര്യത്തിൽ കേരളം ഏററവും മുൻപന്തിയിൽ വന്നിരിക്കുന്നു. ഏററവും ഒടുവിൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ പ്രസിദ്ധീകരിച്ച കണക്കനുസരിച്ച് കേരളം ഡെപ്പോസിററുകളുടെ കാര്യത്തിൽ ഇന്ത്യയിൽ ഒന്നാം സ്ഥാനത്തേക്ക് വന്നുകൊണ്ടിരിക്കുന്നു. പക്ഷേ വായ്പ കൊടുക്കുന്ന കാര്യത്തിൽ ഏററവും പിന്നോക്കവും പോയിരിക്കുന്നു. ഈ അവഗണനയ്ക്കെതിരായി വളരെ ഗൗരവപൂർവ്വമായ ചർച്ചകൾ നടത്തേണ്ടതായിട്ടുണ്ട്. ദക്ഷിണേന്ത്യൻ കൺസൾട്ടേററീവ് കമ്മിററിയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ധനകാര്യമന്ത്രിയും പങ്കെടുക്കുകയും ഈ പ്രശ്നം ഉന്നയിക്കുകയും ചെയ്തതായി ഞാൻ മനസിലാക്കുന്നു. എന്നാൽ പ്രധാനമായിട്ടുള്ളത് അതിന്റെ ഫോളോ അപ് പ്രോഗ്രാമാണ്. ഇക്കാര്യത്തിൽ ഗൗരവതരമായ നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. ഇതു പറയുമ്പോൾ നമ്മുടെ ബാങ്കുകൾ എപ്പോഴും പറയുന്നത് നമുക്ക് പദ്ധതിക്ക് ആവശ്യമായിട്ടുള്ള വയബിൾ സ്കീംസ് കൊടുക്കുന്നില്ല എന്നുള്ളതാണ്. അങ്ങനെയാണെങ്കിൽ തീർച്ചയായിട്ടും വയബിൾ ആയിട്ടുള്ള സ്കീംസ് പ്രസൻറ് ചെയ്യാൻ ഗവൺമെൻറ് മുന്നോട്ട് വരണം. ഇക്കാര്യത്തിൽ വ്യവസായ വകുപ്പുമന്ത്രിയും മുൻകൈയെടുക്കേ

ണ്ടതുണ്ട്. സി. ഡി. റേഷ്യോ കുറയാനുള്ള ഏററവും പ്രധാനപ്പെട്ട കാരണമായി അവർ പറയുന്നത് ഇതാണ്. വയബിൾ സ്കീംസ് സമർപ്പിക്കുന്നതിനെക്കുറിച്ച് എസ്. ബി. ടി. കാർ എഴുതിചോദിച്ചപ്പോൾ ഗവൺമെൻറു നല്കിയ മറുപടി കിററ്കോയെക്കൊണ്ട് ഇക്കാര്യത്തിൽ ഒരു സർവ്വേ നടത്താനുള്ള നടപടികൾ എടുത്തു വരുന്നുവെന്നാണ്. അതനുസരിച്ച് കൊല്ലം, എറണാകുളം, കോഴിക്കോട്, കാസർകോഡ് എന്നീ നാലു ജില്ലകളിൽ മാത്രമേ ഇൻഡസ്ട്രിയൽ പൊട്ടൻഷ്യൽ സർവ്വേ കിററ്കോ നടത്തിയിട്ടുള്ളു എന്നാണറിയുന്നത്. വയബിൾ സ്കീംസ് നമുക്കില്ല എന്നു പറയുമ്പോൾത്തന്നെ അതിനു നേതൃത്വം കൊടുക്കേണ്ട കിററ്കോ നടപടികൾ സ്വീകരിക്കുന്നില്ല എന്നുവരുന്നത് സംസ്ഥാനത്തിന് ഗുണകരമല്ല. അതുകൊണ്ട് എത്രയും പെട്ടെന്ന് ബാക്കിയുള്ള പത്തു ജില്ലകളിൽക്കൂടി കിററ്കോയെക്കൊണ്ട് സർവ്വേ നടത്തിക്കണം.

മറെറാരുകാര്യം പറയാനുള്ളത് സെൽഫ് എംപ്ലോയ്മെൻറ് സ്കീം പ്രകാരം ലഭിക്കുന്ന തുക ശരിയായിട്ട് ചെലവഴിക്കുന്നുണ്ടോ, അതുകൊണ്ട് ചെറുപ്പക്കാർക്ക് തൊഴിലുണ്ടാക്കാൻ സാധിക്കുന്നുണ്ടോ, അവർ ഇൻഡസ്ട്രി നേരെകൊണ്ടുപോകുന്നുണ്ടോ എന്നു നോക്കൽ തുടങ്ങിയ കാര്യങ്ങളുടെ ചുമതലകൂടി കിററ്കോയെ ഏല്പിക്കേണ്ടതായിട്ടുണ്ട്. ഇക്കാര്യത്തിൽ ഒരു ഫോളോ അപ് കൂടി ഉണ്ടാക്കാനുള്ള നടപടികൾ വ്യവസായ വകുപ്പു സ്വീകരിക്കണം. അതുപോലെ പണം ലഭിക്കാനുള്ള നടപടിക്രമങ്ങൾ വളരെ ലഘൂകരിക്കണം. കേരളീയരായിട്ടുള്ള ആളുകൾ വളരെ സാഹസികരാണ്. പണം കിട്ടുന്ന സ്ഥലത്തുനിന്നെല്ലാം പോയി വാങ്ങുന്നുണ്ട്. ബ്ലേഡു കമ്പനികളെയാണ് പലരും ഇപ്പോൾ ആശ്രയിക്കുന്നത്. അതുകൊണ്ട് ബാങ്കുകൾ പണം നൽകുമ്പോൾ അതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കാൻ കൂടി ആവശ്യമായ നടപടികൾ സ്വീകരിക്കണം. എത്രയും വേഗം ഈ സി. ഡി. റേഷ്യോയിലുള്ള കുറവ് പരിഹരിക്കാനാവശ്യമായ നടപടികളും സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഏററവും പ്രധാനപ്പെട്ട ഒരു പ്രശ്നത്തിലേക്കാണ് ബഹുമാനപ്പെട്ട മെമ്പർ സഭയുടെ ശ്രദ്ധ ക്ഷണിച്ചത്. കഴിഞ്ഞ ജനുവരി 28-ന് ശ്രീ. എ. സി. ഷൺമുഖദാസ് ഇതേ പ്രശ്നം ഈ സഭയിൽ ഉന്നയിക്കുകയും അന്ന് ഞാൻ ഈ കാര്യങ്ങളെക്കുറിച്ച് ഇവിടെ പറയുകയും ചെയ്തിട്ടുള്ളതാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ എല്ലാ കാര്യങ്ങളോടും പൂർണ്ണമായി യോജിക്കുകയാണ്. സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന നമ്മുടെ സംസ്ഥാനത്തിൻെറ വികസനത്തിന് ബാങ്ക് ഫൈനാൻസിൻെറ സ്ഥാനം വളരെ പ്രധാനപ്പെട്ടതാണ്. നമ്മുടെ സംസ്ഥാനത്തിന് സ്വന്തമായ റിസോർസസ് ഉണ്ടായിരുന്നു എങ്കിൽ നമുക്ക് കുറേക്കൂടി ബാങ്ക് ഫൈനാൻസ് ആശ്രയിക്കാതെ മുമ്പോട്ടു പോകാമായിരുന്നു. 8-ാം പദ്ധതിക്കാലം സംസ്ഥാനത്തിൻെറ വളർച്ചയുടെ പ്രധാനപ്പെട്ട ഒരു ഘട്ടമാണ്. അതിൽ 23,000 കോടി രൂപയുടെ മൊത്തം പദ്ധതിക്ക് രൂപം നല്കിയിട്ടുള്ളതിൽ സ്റേററ് ഷെയർ 5460 കോടി രൂപയാണ്. ബാക്കിയുള്ളതു മുഴുവൻ സ്വകാര്യ മേഖലയുടേയും, ഇൻസ്ററിററ്യൂഷണൽ ഫൈനാൻസ്, ബാങ്ക് ഫൈനാൻസ് ഉൾപ്പെടെയുള്ള ഇൻസ്ററിററ്യൂഷണൽ ഫൈനാൻസിൻേറതുമാണ്. ഈ



LIBRARY ARCHIVES Kerala Legislative Assembly

സാഹചര്യത്തിലാണ് സി. ഡി. റേഷ്യോയുടെ പ്രാധാന്യത്തെക്കുറിച്ച് നാം ചിന്തിക്കേണ്ടത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുമായിട്ട് തട്ടിച്ചു നോക്കുമ്പോൾ നമ്മുടെ സംസ്ഥാനത്തിന്റെ റേഷ്യോ വളരെ കുറവാണ്. മററ് സംസ്ഥാനങ്ങളുടേത് 1992 സെപ്ററംബർ മാസംവരെയുള്ളത് എന്റെ കയ്യിലുണ്ട്. നമ്മുടേത് മാർച്ച് മാസംവരെയുള്ളതുമുണ്ട്. സി. ഡി. റേഷ്യോ ആന്ധ്രപ്രദേശ് 78.8 ശതമാനം, കർണാടകം 80.6 ശതമാനം, തമിഴ്നാട് 88.7 ശതമാനം, എന്നാൽ കേരളത്തിന്റേത് 49.58 ശതമാനം മാത്രമാണ്. നമ്മൾ ഏററവും പുറകിലാണെന്ന് മാത്രമല്ല, വളരെ പുറകിലാണ്, 50 ശതമാനത്തിലും താഴെയായിരിക്കുന്നു. എന്നാൽ നമ്മുടെ നിക്ഷേപത്തിന്റെ വർദ്ധനവ് 1991 മാർച്ചിൽ 7,857.67 കോടി രൂപ ആയിരുന്നത് 1993 മാർച്ച് മാസത്തിലേക്ക് വരുമ്പോൾ അത് 12,112.24 കോടി രൂപയായി വർദ്ധിച്ചു. അതായത് രണ്ടുവർഷംകൊണ്ട് 4254.57 കോടി രൂപയുടെ വർദ്ധനവ്. ഇതിൽ എൻ. ആർ. ഐ. നിക്ഷേപം ഈ രണ്ടുവർഷംകൊണ്ട് ഏതാണ്ട് ഇരട്ടിയായി. 1991 മാർച്ച് മാസത്തിൽ എൻ. ആർ. ഐ. നിക്ഷേപം 2304.35 കോടിയായിരുന്നത് മാർച്ച് 93 ആയപ്പോൾ 4498.91 കോടിയായി വർദ്ധിച്ചു. 2194.56 കോടി രൂപയുടെ വർദ്ധനവ്. മൊത്തം നിക്ഷേപം 4254 കോടിയായി വർദ്ധിക്കുകയും ചെയ്തു. എന്നാൽ ഈ കാലയളവിൽ ഇവിടെ വായ്പയായി നൽകിയത് 1179.8 കോടി രൂപ മാത്രമാണ്. രണ്ടുകൊല്ലം മുൻപുവരെ 4638 കോടി രൂപ ആയിരുന്നു. ആകെ വായ്പയായി നൽകിയിരുന്നതെങ്കിൽ ഇപ്പോഴത് 5217 കോടിയായി വർദ്ധിച്ചുവെന്നുമാത്രം. എന്നാൽ നിക്ഷേപ രംഗത്തുണ്ടായ വർദ്ധനവിനനുസരിച്ച് ഇവിടത്തെ ബാങ്കുകൾ റെസ്പോണ്ട് ചെയ്തില്ല. അതായത് കേരളത്തിലെ സി. ഡി. റേഷ്യോ ഇവിടത്തെ മൊത്തം ഡെപ്പോസിററിന്റെ 48.03 ശതമാനം മാത്രമാണ്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ) ;

അതായത്, കഴിഞ്ഞ സെപ്തംബറിലുണ്ടായിരുന്നതിനേക്കാൾ ഒന്നര ശതമാനം വീണ്ടും താഴോട്ടു പോയി. ഇതിനൊരു പരിഹാരമുണ്ടാകണം, ഈ പ്രശ്നങ്ങൾ ഈ ഗവൺമെന്റ് വന്ന അന്നുമുതൽ മുഖ്യമന്ത്രിയും ഞാനും കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിക്ക് കത്തയച്ച് അറിയിക്കുകയുണ്ടായി; ബാങ്കിംഗ് കോൺഫറൻസുകളിൽ ചർച്ച ചെയ്യുകയുണ്ടായി. മുഖ്യമന്ത്രി ഇതിനുവേണ്ടി മാർച്ച് 8-ാം തീയതി കോൺഫറൻസ് വിളിച്ചുകൂട്ടി. അങ്ങനെ നിരന്തരമായിട്ട് ഇതിനുവേണ്ടി ശമിച്ചു. കഴിഞ്ഞ ജൂൺ മാസം മൂന്നാം തീയതി ബാംഗ്ലൂരിൽ കേന്ദ്ര ധനകാര്യമന്ത്രി വിളിച്ചുകൂട്ടിയ കോൺഫറൻസിൽ കേരളം ഉന്നയിച്ച ഏററവും പ്രധാനപ്പെട്ട പ്രശ്നം ഇതായിരുന്നു. ആ പ്രശ്നം അവിടെ ഉന്നയിക്കുകയും കേന്ദ്ര ധനകാര്യമന്ത്രിയേയും റിസർവ്വ് ബാങ്കിനേയും കേരളത്തിന്റെ ഈ ഡിമാൻറ് ന്യായമാണെന്ന് ബോദ്ധ്യപ്പെടുത്താൻ സാധിക്കുകയും ചെയ്തു. അവിടെവച്ചുതന്നെ കേരളത്തിന്റെ ക്രെഡിററ് ഡെപ്പോസിററ് റേഷ്യോ കുറയാനുള്ള കാരണങ്ങൾ, അത് വർദ്ധിപ്പിച്ചുകൊണ്ട് കേരളത്തിന്റെ ആവശ്യങ്ങൾ എങ്ങനെ സാധിച്ചുകൊടുക്കാമെന്നുള്ളതിനെക്കുറിച്ച് പഠിക്കാൻവേണ്ടി ഒരു കമ്മിററിയെ നിയമിക്കാമെന്ന് ശ്രീ. മൻമോഹൻസിംഗ് പ്രഖ്യാപിക്കുകയുണ്ടായി. അതനുസരിച്ച് റിസർവ്വ് ബാങ്ക് 9 മെമ്പർമാർ അടങ്ങുന്ന ഒരു കമ്മിററിയെ മൂന്നു മാസത്തിനകം ഇതിനെക്കുറിച്ച് പഠിച്ച് പരിഹാര നിർദ്ദേശങ്ങൾ നൽകുന്നതിനു വേണ്ടി നിയമിച്ചിരിക്കുകയാണ്. Task Force on Credit Deposit Ratio in Kerala. എന്ന പേരിൽ രൂപീകരിച്ച ഈ കമ്മിററിയുടെ ചെയർമാൻ കാനറാബാങ്ക് എക്സിക്യൂട്ടീവ് ഡയറക്ടർ ഡി. ഡി. തിവാരിയാണ്. കേരളത്തെ പ്രതിനിധീകരിച്ചുകൊണ്ട് പ്ലാനിംഗ് സെക്രട്ടറി കെ. വി. നമ്പ്യാർ,

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവകുപ്പു സെക്രട്ടറി കെ. എൽ. ചന്ദ്രശേഖരൻ, കൃഷിവകുപ്പു സെക്രട്ടറി ശ്രീമതി നീലാഗംഗാധരൻ എന്നിവർ മെമ്പർമാരായിട്ടുണ്ട്. ഈ കമ്മിററിയുടെ കൺവീനർ കാനറാ ബാങ്കിന്റെ ഡെപ്യൂട്ടി ജനറൽ മാനേജരാണ്. ഇവിടെ ശ്രീ. സി. എഫ്. തോമസ് പ്രകടിപ്പിച്ച വികാരം പൂർണ്ണമായി ഉൾക്കൊണ്ടുകൊണ്ട് ഈ കമ്മിററി ഇതിന്റെ യഥാർത്ഥ കാര്യങ്ങൾ കണ്ടുപിടിക്കാനും ഇതിൽക്കൂടി പൂർണ്ണമായ പരിഹാരം കാണാനും വേണ്ടിയുള്ള ശ്രമങ്ങൾ ചെയ്യുമെന്ന് ഈ സഭയ്ക്ക് ഉറപ്പു നൽകുകയാണ്.

ബഹുമാനപ്പെട്ട മെമ്പർ മാററ് ചില കാര്യങ്ങൾ ഇവിടെ പറഞ്ഞു. കിഡ്കോ ചുരുക്കം ചില ജില്ലകളിൽ മാത്രമേ ഇതുസംബന്ധിച്ച് സ്ററഡി നടത്തിയിട്ടുള്ളുവെന്നു പറഞ്ഞു. വ്യവസായ വകുപ്പുമന്ത്രി ഇപ്പോൾത്തന്നെ പറഞ്ഞു, 14 ജില്ലകളിലും നമ്മുടെ ഗ്രീൻ ചാനൽ സിസ്ററത്തിന്റെ ഭാഗമായി കിററ്കോയുടെ പ്രവർത്തനത്തെക്കുറിച്ച് ഡീറെറയിൽഡായിട്ട് സ്ററഡി നടത്തുന്നതിനുവേണ്ടിയുള്ള നിർദ്ദേശം കൊടുത്തുകഴിഞ്ഞു. ഈ ഗവൺമെൻറിന്റെ വ്യവസായനയം വിജയകരമായി നടത്തുന്നതിന് എന്തെല്ലാം വിധത്തിലുള്ള കോ-ഓർഡിനേഷൻ വേണമോ ആ വിധത്തിലുള്ള എല്ലാ കോ-ഓർഡിനേഷനും നടത്തുന്നതിനു വേണ്ടിയുള്ള നടപടികൾ ഗവൺമെൻറ് കൂട്ടായി ചെയ്തുകൊണ്ടിരിക്കുകയാണ്. ഈ സംസ്ഥാനത്തെ സാമ്പത്തിക വളർച്ചയ്ക്ക് ഏററവും നിർണ്ണായകമായ ബാങ്ക് ഫിനാൻസിംഗിന്റെ കാര്യത്തിൽ ഇന്നുള്ള പോരായ്മകൾ നികത്തുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെൻറ് എല്ലാ നടപടികളും സ്വീകരിക്കുമെന്ന് ഉറപ്പ് നൽകുന്നു.

ശ്രീ. സി. എഫ്. തോമസ്: ദേശസാൽക്കൃത ബാങ്കുകളുടെ കാര്യമാണ് പ്രധാനമായിട്ടും ഇപ്പോൾ ചർച്ച ചെയ്യുന്നത്. പ്രൈവററ് ബാങ്കുകളിലെ ബന്ധപ്പെട്ടവരുമായിട്ട് കൂടി മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ചർച്ച ചെയ്ത് അതിന്റെ റേഷ്യോ വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. ഉമ്മൻ ചാണ്ടി: ഷെഡ്യൂൾഡ് ബാങ്കുകളെ ഉദ്ദേശിച്ചായിരിക്കും അങ്ങ് പറഞ്ഞത്. ഷെഡ്യൂൾഡ് ബാങ്കുകൾ നമ്മളെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ടതാണ്. അതും ഈ സ്ററഡിയുടെ ഭാഗമാക്കിക്കൊണ്ട് ക്രെഡിററ് ഡെപ്പോസിററ് വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമം നടത്തുന്നതാണ്.

# V സബ്മിഷൻ

## (1) കണ്ണൂരിൽ പാരലൽ കോളേജ് വിദ്യാർത്ഥികളെ മർദ്ദിച്ച സംഭവം

ശ്രീ. ഇ. പി. ജയരാജൻ: സർ, കണ്ണൂർ, കാസർകോട്, കോഴിക്കോട് വയനാട് ജില്ലകളിലെ വിദ്യാർത്ഥികളെ ബാധിക്കുന്ന ഗൗരവമേറിയ ഒരു പ്രശ്നമാണ് സഭയുടെ മുമ്പാകെ ഉന്നയിക്കാൻ ഞാൻ ഉദ്ദേശിക്കുന്നത്. വടക്കൻ ജില്ലകളിലെ റഗുലർ കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലഭിക്കുന്നതുപോലെ പാരലൽ കോളേജ് വിദ്യാർത്ഥികൾക്കും ഇതുവരെ ബസ് കൺസഷൻ കിട്ടിയിരുന്നു. എന്നാൽ പെട്ടെന്ന് ഈ

LIBRARY ARCHIVES Kerala Legislative Assembly

ആനുകൂല്യം റദ്ദ് ചെയ്തിരിക്കുകയാണ്. ഇതിൽ പ്രതിഷേധിച്ചു കൊണ്ട് ഈ മാസം 20-ാം തീയതി കണ്ണൂർ ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ വിദ്യാർത്ഥികൾ വഴിതടയൽ സമരത്തിലേർപ്പെട്ടു. സമരത്തിലേർപ്പെട്ട വിദ്യാർത്ഥികളെ അഴീക്കോട് മണ്ഡലത്തിലെ വളപട്ടണത്തെ ടോൾ എന്ന സ്ഥലത്തുവച്ച് ബി. എം. എസ്. കാരും ആർ. എസ്. എസ്. കാരും ആക്രമിക്കുകയുണ്ടായി. പോലീസ് ഒരു നടപടിയും കൈക്കൊണ്ടില്ല. ആ വിദ്യാർത്ഥികൾ സമരം അവസാനിപ്പിച്ച്, പ്രതിഷേധം പ്രകടിപ്പിച്ചുകൊണ്ട് പിരിഞ്ഞുപോകാൻ തയ്യാറെടുക്കുന്ന സമയത്താണ് ആക്രമിക്കപ്പെട്ടത്. ഇതിൽ പ്രതിഷേധിച്ചുകൊണ്ട് കണ്ണൂർ കോ-ഓപ്പറേറ്റീവ് കോളേജ് വിദ്യാർത്ഥികളുൾപ്പെടെയുള്ള വിദ്യാർത്ഥികൾ ഒരു പ്രതിഷേധ പ്രകടനം നടത്തി. ആ പ്രകടനം ചെട്ടിപ്പീടിക എന്നുപറയുന്ന സ്ഥലത്തെത്തിയപ്പോൾ രണ്ട് വണ്ടി പോലീസ് വരികയും ലാത്തിച്ചാർജ്ജ് നടത്തുകയും ചെയ്തു. അതിന്റെ ഫലമായിട്ട് എ. ഐ. എസ്. എഫ്.-ന്റെ ജില്ലാ സെക്രട്ടറിയായ ഷൈജനും എസ്. എഫ്. ഐ. നേതാക്കളായ രാജേഷ്, പങ്കജാക്ഷൻ എന്നിവർക്കും പരിക്കുപററി ഗവൺമെന്റ് ആശുപത്രിയിൽ കഴിയുകയാണ്. ഈ സംഭവത്തെ സംബന്ധിച്ച് പിറേറ ദിവസം ഒരു സബ്മിഷൻ ഉന്നയിക്കുന്നതിനുവേണ്ടി നോട്ടീസ് കൊടുത്തുവെങ്കിലും അത് ഇന്നാണ് തരുന്നത്. വിദ്യാർത്ഥി പ്രശ്നത്തെത്തുടർന്ന് കണ്ണൂർ ജില്ലയിൽ പ്രശ്നങ്ങൾ വ്യാപകമായി വളർന്നുവരുന്നു. കുട്ടികൾക്ക് ബസ്സിൽ കൺസഷൻ ലഭിക്കാതെ വരുന്നു. ബസ്ചാർജ്ജിൽ ചെറിയ വ്യത്യാസമല്ല, വലിയ വ്യത്യാസമുണ്ട്. വടക്ക് കോഴിക്കോട്, കണ്ണൂർ കാസർകോട് ജില്ലകളിലെ കുട്ടികൾക്ക് എത്രയോ വർഷങ്ങളായി ലഭിച്ചു കൊണ്ടിരുന്ന ആനുകൂല്യമായിരുന്നു ഇത്. പെട്ടെന്നാണ് അത് നിറുത്തലാക്കിയത്. അങ്ങനെ വന്നപ്പോൾ കുട്ടികളിൽ വ്യാപകമായി പ്രതിഷേധം വളർന്നുവന്നു. ആ വിദ്യാർത്ഥികൾ വഴിതടയൽ പോലുള്ള ശാന്തമായ സമരങ്ങൾ പല ജില്ലകളിലും തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിലും നടത്തി. ഇന്നലെ പയ്യന്നൂർ, തളിപ്പറമ്പ്, മട്ടന്നൂർ തുടങ്ങിയ സ്ഥലങ്ങളിൽ സമരം നടന്നു. സമരം ചെയ്ത വിദ്യാർത്ഥികളെ നിഷ്ഠൂരമായി ലാത്തിച്ചാർജ്ജ് നടത്തി പിരിച്ചുവിട്ടു. ഇപ്പോൾ പയ്യന്നൂർ, തളിപ്പറമ്പ് എന്നീ സ്ഥലങ്ങളിൽ പുസ്തകം കയ്യിൽ കണ്ടാൽ പോലീസുകാർ ഓടിച്ച് പിടിക്കുമെന്നാണ് മനസ്സിലാക്കുന്നത്. വിദ്യാർത്ഥിനികളെപ്പോലും ഓടിച്ചു പിടിച്ചുകൊണ്ടുപോവുകയാണ്. ഇന്നലെ വൈകുന്നേരംവരെയുള്ള വിവരമനുസരിച്ച്, പയ്യന്നൂരും തളിപ്പറമ്പിലും കണ്ണൂരിലുമുള്ള പോലീസ് സ്റ്റേഷനിൽ പിടിച്ചുവച്ചിരിക്കുന്ന വിദ്യാർത്ഥികളെ വിട്ടയച്ചിട്ടില്ലെന്നു മാത്രമല്ല, അതിമാരകമായ ചില കരിനിയമങ്ങൾ കാണിച്ചുകൊണ്ട് വിദ്യാർത്ഥികളുടെ പേരിൽ കള്ളക്കേസ് ഉണ്ടാക്കാനുള്ള ശ്രമങ്ങൾ നടത്തുന്നുണ്ടെന്നാണ് അറിയുന്നത്. ഇന്നലെ ചെട്ടിപ്പീടികയിലുണ്ടായ ലാത്തിച്ചാർജ്ജിനെത്തുടർന്ന് കുട്ടികൾ നാലുഭാഗത്തും ഓടി. കുറെ വിദ്യാർത്ഥികളെ പോലീസ് വളഞ്ഞുപിടിച്ച് മുണ്ടഴിച്ചുമാററിയിട്ട് നഗ്നരാക്കിയിട്ടാണ് പോലീസ് വണ്ടിയിൽ കയററിയത്. സാധാരണ പോലീസ് ലോക്കപ്പിൽ ഇങ്ങനെയിടുന്നത് കേട്ടിട്ടുണ്ട്. പോലീസ് വണ്ടിയിൽ വച്ചുതന്നെ ഉടുതുണിയഴിച്ച് വലിച്ചിഴച്ചുകൊണ്ട് പോവുകയാണുണ്ടായത്. പെൺകുട്ടികളേയും വലിച്ചിഴച്ച് വണ്ടിയിലേക്ക് കൊണ്ടുപോയി. ഇത് കണ്ടപ്പോൾ ജനങ്ങളാകെ പ്രതിഷേധിച്ചു. കണ്ണൂർ ടൗൺ പോലീസ് സ്റ്റേഷനിലേക്കാണ് കുട്ടികളെ കൊണ്ടുപോയത്. അങ്ങനെ വന്നപ്പോൾ കുട്ടികളെല്ലാം ചേർന്ന് പ്രതിഷേധവുമായിട്ട് അറസ്ററ് ചെയ്ത വിദ്യാർത്ഥികളെ വിട്ടയയ്ക്കണമെന്നും ന്യായമായി ഈ പ്രശ്നം

പരിഹരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് പ്രകടനം നടത്തി. ആ പ്രകടനത്തിലും പോലീസ് ലാത്തിച്ചാർജ്ജ് നടത്തി. അടുത്ത കടകളിൽ ഓടിക്കയറിയ പെൺകുട്ടികളെ പോലീസ് മുടിക്ക് ചുററിപ്പിടിച്ച് വലിച്ചുകൊണ്ട് പോയി ലോക്കപ്പിലിട്ടു. ഇന്നലെ ആറുമണിവരെ ആ പെൺകുട്ടികളെ വിട്ടയച്ചിട്ടില്ല. ഇന്നലെ പരിക്കുപററിയ റീന, ലിജി, രഞ്ജിനി, സുബൈദ, സുധീർ, സന്തോഷ് തുടങ്ങിയവരെയൊക്കെ ലാത്തിച്ചാർജ്ജിനെത്തുടർന്ന് ഓടി കടകളിൽ കയറിയപ്പോഠം പിന്നാലെ ചെന്ന് പോലീസ് പിടിച്ചുകൊണ്ടുപോകപ്പെട്ടവരാണ്. ഇപ്പോഠം കണ്ണൂർ ജില്ലയിലാകെ വല്ലാത്ത ഒരവസ്ഥയുണ്ടായിട്ടുണ്ട്. ഇന്ന് കണ്ണൂർ ജില്ലയിൽ ഒരു ബസ്സും ഓടുന്നില്ല. സ്വകാര്യ ബസ്സുകഠം മുഴുവൻ സർവ്വീസ് നിറുത്തിയിരിക്കുകയാണ്. വാഹന ഗതാഗതം നിശ്ചലമായിരിക്കുന്നു. സമരം വ്യാപകമായിക്കഴിഞ്ഞിരിക്കുകയാണ്. ഇത് വല്ലാത്ത ഒരവസ്ഥയിലേക്ക് കണ്ണൂർ ജില്ലയെ എത്തിച്ചിരിക്കുകയാണ്. ഇതിന് പരിഹാരം കാണാൻ ചെയ്യേണ്ട ഒരു കാര്യമുണ്ട്. അങ്ങനെയൊരു പ്രതിഷേധസമരമുണ്ടായ 20-ാം തീയതി തന്നെ ഈ പ്രശ്നം ഗവൺമെൻറിൻെറ മുമ്പാകെ എഴുതിത്തന്നതാണ്. ഇതുസംബന്ധിച്ച് കുട്ടികളുടെ നേതാക്കളെ വിളിച്ച് ചർച്ചചെയ്ത് ഗവൺമെൻറ് പ്രശ്നത്തിന് പരിഹാരം കാണേണ്ടതായിരുന്നു. സ്വകാര്യ ബസ് മുതലാളിമാരുമായിട്ട് സംസാരിച്ചപ്പോഠം അവർ പറയുന്നത്, ഈ ആനുകൂല്യം കുട്ടികഠംക്ക് കൊടുക്കാൻ തയ്യാറാണെന്നാണ്. അവരെ വിളിച്ച് ചർച്ചചെയ്ത് ഇത്തരമൊരു പ്രശ്നം വ്യാപകമാകാതിരിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. എന്നാൽ ഗവൺമെൻറ് ഭാഗത്തുനിന്ന് നടപടി സ്വീകരിച്ചില്ല. അതിൻെറ ഫലമായിട്ടാണ് പ്രശ്നം രൂക്ഷമായത്. കണ്ണൂർ ജില്ലയിൽ മാത്രമല്ല, കോഴിക്കോട്, പാലക്കാട് ജില്ലകഠംവരെ ഇത് വ്യാപകമാകാൻ പോകുന്നു. കണ്ണൂർ ജില്ലയിൽ മാത്രം 50000-ഓളം വിദ്യാർത്ഥികഠം പാരലൽ കോളേജിൽ പഠിക്കുന്നുണ്ട്. അവരുടെ ഗൗരവമായ പ്രശ്നമാണിത്. എസ്. എഫ്. ഐ. വിദ്യാർത്ഥികഠം മാത്രമല്ല, എല്ലാ വിദ്യാർത്ഥികളുമുണ്ട് സമരത്തിൽ അവർ വിദ്യാഭ്യാസ ബന്ദ് നടത്തുകയാണ്. മുഖ്യമന്ത്രിയുടെ വിദ്യാർത്ഥി സംഘടനയും ഇന്ന് വിദ്യാഭ്യാസ ബന്ദിന് ആഹ്വാനം ചെയ്തിരിക്കുകയാണ്. അത്രയും ഗുരുതരമായ അവസ്ഥയാണ് കണ്ണൂർ ജില്ലയിലുണ്ടായിട്ടുള്ളത്. അതുകൊണ്ട് ഈ പ്രശ്നത്തെ ഗൗരവമായി വീക്ഷിക്കാനും അടിയന്തിരമായി നടപടികളെടുക്കുന്നതിനുംവേണ്ടി കോൺഫറൻസ് വിളിച്ചുകൂട്ടി ചർച്ച ചെയ്ത് പരിഹാരമുണ്ടാക്കാനാവശ്യമായ നടപടികഠം ഗവൺമെൻറിൻെറ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, പാരലൽ കോളേജിലെ വിദ്യാർത്ഥികളുടെ സമരം ഒന്ന് സംഘടിതമാക്കാനുള്ള ശ്രമത്തിൻെറ ഭാഗമാണിത്. ബസ് ചാർജ്ജിനെ സംബന്ധിച്ച് ഞാൻ ഇപ്പോഠം വിശദമായിട്ട് സംസാരിക്കുന്നില്ല. അത് കുറെ നാളുകളായി നിലവിലുള്ളതും കഴിഞ്ഞ ഗവൺമെൻറിൻെറ കാലത്ത് വിദ്യാർത്ഥി പ്രതിനിധികളെ ഉഠംപ്പെടെ വിളിച്ചിരുത്തി അംഗീകരിച്ച കാര്യവുമാണ്. അതിനേക്കാഠം കുറച്ചാണ് ഇപ്പോഠം നിശ്ചയിച്ചിട്ടുള്ളത്. അത് പിന്നെ നമുക്ക് ആലോചിക്കാം. ഗവൺമെൻറ് എല്ലാ വിദ്യാർത്ഥി പ്രതിനിധികളേയും, പ്രതിപക്ഷ നേതാക്കൻമാരേയുമെല്ലാം ഒന്നിലധികം തവണ വിളിച്ച് ചർച്ചചെയ്തു. അതുപോലെതന്നെ ബസ്സ് ഉടമസ്ഥൻമാരുടെയൊക്കെ ഡിമാൻറ് എന്നെക്കാഠം കൂടുതലായിട്ട് അവർക്കൊക്കെ അറിയാം. എങ്കിലും സാമാന്യേന ഒരു തീരുമാനമെടുത്തു. ആ തീരുമാനമെടുത്തതിനുശേഷം ഒരു സമരവും ഒരു പ്രശ്നവും ഉണ്ടായിട്ടില്ല. നേരെമറിച്ച്

ഇടുക്കിയെ സംബന്ധിച്ചിടത്തോളം ഒരു പ്രത്യേക പ്രശ്നം ഉണ്ടായിരുന്നു. ആ പ്രശ്നം ശരിയാണെന്ന് തോന്നിയതുകൊണ്ട് അത് നടപ്പിലാക്കുന്നതിനുവേണ്ടി കുറച്ചു ദിവസം നിർത്തിവയ്ക്കണമെന്ന് പറഞ്ഞപ്പോൾ, ഇടുക്കിയിലെ നിർത്തിവച്ചാൽ ഈ പ്രയോഗം മററ് സ്ഥലത്ത് മെച്ചപ്പെടുമെന്നുതന്നെ കരുതിയിട്ടാണോ എന്ന് നിശ്ചയമില്ല. ഏതായാലും സമരത്തിന്റെ ഒരു ശ്രമമുണ്ടെന്ന് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞു, ശരിയാണ്. പക്ഷേ കണ്ണൂർ സംഭവത്തിൽ ഇവിടെ പറഞ്ഞത് ഏതായാലും ഗവൺമെന്റിന്റെ അഭിപ്രായവും പോലീസിന്റെ അഭിപ്രായവും തമ്മിൽ വലിയ വ്യത്യാസമൊന്നുമില്ല. ഗവൺമെന്റിന് കിട്ടിയ റിപ്പോർട്ട്മാത്രമേ ഞാൻ പറയുന്നുള്ളു. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇന്നലെ ഏതാണ്ട് രണ്ടേകാൽ മണിക്ക് പത്തുമുന്നൂറോളം പാരലൽ കോളേജ് വിദ്യാർത്ഥികൾ സമര കൺവീനർ എ. പി. അബ്ദുളളക്കുട്ടിയുടെ നേതൃത്വത്തിലാണ് വഴി തടഞ്ഞത്. പോലീസ് അവിടെനിന്ന് നാല് പേരെ നീക്കംചെയ്ത് സ്റേറഷനിൽ കൊണ്ടുവന്ന് അവരുടെ പേരിൽ കേസ് എടുത്തു. 406/93-ാം നമ്പരായി ഒരു കേസ് രജിസ്ററർചെയ്തു. അവരെ വിട്ടയയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പത്തിരുന്നൂററമ്പത് വിദ്യാർത്ഥികൾ കുറച്ച് പെൺകുട്ടികൾ ഉൾപ്പെടെ കണ്ണൂർ പോലീസ് സ്റേറഷനിലേക്ക് പ്രകടനമായി വന്നു. പ്രകടനക്കാരെ കണ്ണൂർ എ. ആർ. ക്യാമ്പിന്റെ സമീപം വച്ച് പോലീസ് തടഞ്ഞു. അവർ റോഡിൽ കുത്തിയിരുന്ന് മാർഗ്ഗതടസ്സം സൃഷ്ടിച്ചു. വളരെ സമാധാനപരമായിട്ട് വഴിതടഞ്ഞു എന്നാണ് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത്. ഈ സമയം എ. ഐ. എസ്. എഫ്. ജില്ലാ പ്രസിഡന്റ് സന്തോഷ് ജാഥാംഗങ്ങളെ അഭിസംബോധനചെയ്ത് പ്രസംഗിച്ചുകൊണ്ടിരിക്കെ പ്രകോപിതരായ ജാഥാംഗങ്ങളിൽ ചിലർ പോലീസിനു നേരെ കല്ലെറിഞ്ഞതായിട്ടാണ് റിപ്പോർട്ട്. കല്ലേറ് രൂക്ഷമായപ്പോൾ വിദ്യാർത്ഥികളെ പോലീസ് ലാത്തി ഉപയോഗിച്ചില്ലെന്ന് വ്യക്തമായിട്ട് അവർ അറിയിച്ചിട്ടുണ്ട്. ചൂരൽ ഉപയോഗിച്ച് വിരട്ടി ഓടിച്ചിട്ടുണ്ട് എന്നുളളത് ശരിയാണ്. വിദ്യാർത്ഥികൾ ഓടിപ്പോയി. കല്ലേറ് സംബന്ധിച്ച് കണ്ണൂർ ടൗൺ പോലീസ് ഒരു കേസ് രജിസ്ററർചെയ്തിട്ടുണ്ട്. ആ കേസ് രജിസ്ററർ ചെയ്ത് ഏഴ് പേരെ അറസ്ററ്ചെയ്തു. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ആ ഏഴ് പേരും സ്ത്രീകളാണ് എന്നാണ്. അറസ്ററ് ചെയ്തതിൽ ഒരാൾ അബ്ദുളളക്കുട്ടി എന്നുളളതായതുകൊണ്ട് സ്ത്രീയാണെന്ന് ഞാൻ കരുതുന്നില്ല, പുരുഷനാണെന്നാണ് ഞാൻ കരുതുന്നത്. അബ്ദുളളക്കുട്ടി, ശ്രീജിത്ത്, സന്തോഷ്, സെയ്ദ്, രജനി, റീന, ലിജി ഇവരെ അറസ്ററ് ചെയ്ത് സ്റേറഷനിൽ കൊണ്ടുവന്നശേഷം ജാമ്യത്തിൽ വിട്ടതുമാണ്. ഇതേത്തുടർന്ന് പ്രതിഷേധപ്രകടനം നടത്തിയ വിദ്യാർത്ഥികൾ ജില്ലാ പോലീസ് സൂപ്രണ്ടിന്റേയും ജില്ലാ കളക്ടറുടേയും വസതികൾക്ക് നേരെ കല്ലേറ് നടത്തി. കല്ലേറിൽ പോലീസ് സൂപ്രണ്ടിന്റെ വസതിയിലെ ജനലുകൾ തകർന്നിട്ടുണ്ട്. ഇതിലേക്ക് കണ്ടാലറിയാവുന്ന ഏതാനും വിദ്യാർത്ഥികളുടെ പേരിൽ കേസ്സെടുത്തിട്ടുണ്ട്. പോലീസ് സൂപ്രണ്ടിന്റേയും കളക്ടറുടേയുമൊക്കെ വീട് "സമാധാനപരമായി" കല്ലെറിഞ്ഞുടച്ച് ചില്ലൊക്കെ പൊട്ടിച്ചതൊക്കെ അവിടെ ചെന്നാൽ കാണാൻ സാധിക്കും. അതുകൊണ്ടാണ് കേസ്സെടുത്ത് അവരെ അവിടെനിന്ന് റിമൂവ് ചെയ്തിട്ടുളളത്. ഒരുകാര്യം എനിക്ക് അവരോട് പ്രത്യേകമായി അപേക്ഷിക്കാനുളളത് വിദ്യാർത്ഥികളെ തീർച്ചയായും വിളിച്ച് സംസാരിക്കാം. സംസാരിച്ചിട്ടാണ് ഈ തീരുമാനമെടുത്തിട്ടുളളത്. അതിനൊന്നും ഗവൺമെന്റിന് വിരോധമില്ല. പക്ഷേ ഇതിന് യാത്ര

LIBRARY ARCHIVES Kerala Legislative Assembly

പോകുന്ന ആളുകളെയൊക്കെ തടസ്സപ്പെടുത്തിക്കൊണ്ടുള്ള സമരങ്ങളുമൊക്കെ ആകുമ്പോൾ, അതിനേറതായ പ്രയാസങ്ങളുണ്ടാക്കാതെ സഹകരിച്ചാൽ ഗവൺമെൻറ് തീർച്ചയായും എല്ലാവരുമായിട്ട് സംസാരിക്കാം. സംസാരിച്ചാണ് തീരുമാനിച്ചത്. ഇനിയും സംസാരിക്കാൻ ഗവൺമെൻറിന് വിരോധമില്ല.

## (2) ഇടുക്കി ജില്ലയിലെ പട്ടയവിതരണം

ശ്രീ. മാത്യു സ്ററീഫൻ : സർ, മലയോര കർഷകരുടെ ചിരകാല സ്വപ്നമായിരുന്ന പട്ടയം ഒരു യാഥാർത്ഥ്യമാക്കി മാററാൻ ഐക്യജനാധിപത്യമുന്നണി ഗവൺമെൻറും റവന്യൂ വകുപ്പും കഠിനമായ അദ്ധ്വാനം നടത്തി വരികയാണ്. ഇരുപത്തെണ്ണായിരം ഹെക്ടർ ഭൂമിക്കാണ് ഇടുക്കിയിൽ പട്ടയം കൊടുക്കാനുള്ള ശ്രമം ഇപ്പോൾ ആരംഭിച്ചിരിക്കുന്നത്. അതിനായി പതിനാല് അസൈൻമെൻറ് ഓഫീസുകൾ അവിടെ ആരംഭിച്ചിട്ടുണ്ട്. പക്ഷേ ഈ പതിനാല് അസൈൻമെൻറ് ഓഫീസുകളിലും വേണ്ടത്ര സ്ററാഫ് ഇല്ലാത്തതുമൂലം ഇന്ന് അവിടത്തെ പ്രവർത്തനങ്ങൾ വളരെ മന്ദഗതിയിലാണ് നടന്നുവരുന്നത്. ഓഫീസിൻെറ പ്രവർത്തനങ്ങൾ നന്നായി നടക്കാതിരിക്കുന്നതുമൂലം ചെല്ലുന്ന കർഷകർക്ക് വേണ്ടത്ര പരിഹാരണം കിട്ടുന്നില്ല. അവർക്ക് വേണ്ടത്ര അറിവുകൾ അവിടെനിന്ന് ലഭിക്കാനോ രേഖകൾ കിട്ടാനോ ഫോറങ്ങൾ കിട്ടാനോ കഴിയാത്ത സ്ഥിതി ഉണ്ട്. അതുകൊണ്ട് അടിയന്തിരമായി വേണ്ടത്ര സ്ററാഫിനെ പതിനാല് അസൈൻമെൻറ് ഓഫീസുകളിലും നിയമിക്കണമെന്നാണ് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. അതുപോലെതന്നെ നമ്മൾ സമയബന്ധിതമായിട്ടാണ് പട്ടയം കൊടുക്കാൻ തീരുമാനിച്ചിരിക്കുന്നത്. ആറു മാസംകൊണ്ട് മുഴുവൻ പട്ടയങ്ങളും കൊടുത്തുതീർക്കണമെന്നാണ് ഉദ്ദേശിക്കുന്നത്. അതുകൊണ്ട് ഒരു റിവ്യൂ കമ്മിററി അടിയന്തിരമായി വിളിച്ചു കൂട്ടുകയും പട്ടയം കൊടുക്കുന്ന നടപടിക്രമത്തിൽ വന്നിരിക്കുന്ന പാകപ്പിഴകൾ എന്തെങ്കിലുമുണ്ടെങ്കിൽ ആ പാകപ്പിഴകൾ പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തുകയും ചെയ്യണം. ഞാൻ അവസാനിപ്പിക്കുകയാണ്. മൂന്നു മാസം കൂടുമ്പോഴെങ്കിലും ഇടുക്കിയിലെ റവന്യൂ ഉദ്യോഗസ്ഥന്മാരുടെ കോൺഫറൻസുകൾ വിളിച്ചുകൂട്ടി മലയോര കർഷകർക്ക് സമയബന്ധിതമായി പട്ടയം കൊടുക്കാനും ഐക്യജനാധിപത്യമുന്നണി ഗവൺമെൻറിൻെറ പ്രഖ്യാപിതമായ ലക്ഷ്യം പൂർണ്ണമായും സമയബന്ധിതമായി നേടി എടുക്കാനും ഒരു നിർദ്ദേശം ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്ന് കൊടുക്കണമെന്ന് വളരെ വിനയത്തോടുകൂടി ഞാൻ ഓർമ്മിപ്പിക്കുകയാണ്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ ഇടുക്കിയിൽ 14 അസൈൻമെൻറ് ഓഫീസുകൾ തുറക്കുകയുണ്ടായി. ഈ പതിനാല് അസൈൻമെൻറ് ഓഫീസുകൾ അവിടെ തുറന്നതിനു പുറമേ നമ്മുടെ സംസ്ഥാനത്തിൻെറ വിവിധ മേഖലകളിൽ നിന്നും റവന്യൂ ഉദ്യോഗസ്ഥന്മാരേയും സർവേ സ്ററാഫിനേയും അങ്ങോട്ട് നിയോഗിക്കുകയുണ്ടായി. അതായത് 411 ഉദ്യോഗസ്ഥന്മാരേയാണ് ആദ്യം ഗവൺമെൻറ് ഇടുക്കിയിലേക്ക് ട്രാൻസ്ഫർ ചെയ്തത്. ഈ 411 പേരിൽ 238 പേർ വന്ന് ചാർജ്ജ് എടുക്കുകയുണ്ടായി. 411 പേരെ ട്രാൻസ്ഫർ ചെയ്താലും കുറെ

LIBRARY ARCHIVES Kerala Legislative Assembly

ആളുകളൊക്കെ ജോയിൻ ചെയ്യാൻ താമസിക്കും, ജോയിനിംഗ് ടൈം എടുക്കും, കുറേപ്പേർ ലീവ് എടുക്കും, കുറേപ്പേർക്ക് ജന്യൂവിനായിട്ടുള്ള മെഡിക്കൽ ഗ്രൗണ്ടിൽ അവരുടെ ട്രാൻസ്ഫർ ചിലപ്പോൾ മാററി വച്ചു എന്നും വരും. ഇങ്ങനെയുള്ള സാങ്കേതികമായ ബുദ്ധിമുട്ടുകളൊക്കെ ഉണ്ടെങ്കിലും 238 ഉദ്യോഗസ്ഥന്മാർ ഇതിനോടകം അവിടെ ചാർജ്ജ് എടുക്കുകയുണ്ടായി. അവർ നടപടിക്രമങ്ങൾ പൂർത്തിയാക്കുകയാണ്. ഇതിനകത്ത് കുറെ പ്രായോഗിക ബുദ്ധിമുട്ടുകളുണ്ട്. മതിയായ വണ്ടികളില്ലാത്ത ബുദ്ധിമുട്ടുണ്ട്. മഴ സീസൺ ആയതിന്റെ ബുദ്ധിമുട്ടുണ്ട്. ഇടുക്കിയുടെ മലയോരങ്ങളെ സംബന്ധിച്ചിടത്തോളം അവിടെയൊക്കെ യാത്ര ചെയ്ത് സർവേ എടുക്കുക എന്നുപറയുന്നത് ശ്രമകരമായ ഒരു കാര്യമാണ്. എങ്കിൽത്തന്നെയും ഈ പരിമിതികൾക്കകത്തു നിന്നുകൊണ്ട് വളരെ ഇഫക്ടീവായിട്ടുള്ള പ്രവർത്തനങ്ങൾ ഇടുക്കിയിൽ നടക്കുന്നുണ്ട്. പോരായ്മകൾ എന്തെങ്കിലുമുണ്ടെങ്കിൽ അത് നീക്കുകയും ത്വരിതപ്പെടുത്തുകയും ചെയ്യണമെന്നുള്ളതിനോട് അഭിപ്രായ വ്യത്യാസമില്ല. നാളെ ഇടുക്കിയിൽ ഒരു കോൺഫറൻസ് വച്ചിരിക്കുകയാണ്. ഞാനുംകൂടി പോകുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചതുപോലെ ഇടുക്കിയിലെ റവന്യൂ ഓഫീസേഴ്സിനെ മുഴുവൻ വിളിക്കുന്നു. നാളെ രണ്ട് മണിക്ക് പൈനാവിൽ വച്ച് കൂടുന്ന ആ കോൺഫറൻസിൽ ബഹുമാനപ്പെട്ട ഇടുക്കിയിലെ എം. എൽ. എ. മാരും കൂടി സംബന്ധിക്കുന്നുവെങ്കിൽ അത് വളരെ വളരെ സന്തോഷകരമായ ഒരു കാര്യമായിരിക്കും. നമുക്ക് അവിടെവച്ച് പട്ടയത്തെ സംബന്ധിച്ചിടത്തോളം അവ കൊടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ എത്രത്തോളമായി എന്ന് റിവ്യൂ ചെയ്യുന്നതിനും പോരാത്ത കാര്യങ്ങൾക്ക് ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുന്നതിനും അത് സഹായകമായിരിക്കും. ഏതായാലും ഒററ കാര്യം, ഗവൺമെന്റിന്റെ പ്രഖ്യാപനം നടപ്പിലാക്കുന്നതിൽ സമയപരിധിക്കകം മുഴുവൻ കർഷകർക്കും പട്ടയം കൊടുക്കുന്നതിനാവശ്യമായ നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിൽ ഒരു ഉത്ക്കണ്ഠയും ആവശ്യമില്ലെന്ന് പ്രത്യേകിച്ച് ഞാൻ ഓർമ്മിപ്പിക്കുക ആണ്.

## (3) സമരംചെയ്ത കാർഷിക സർവകലാശാല അദ്ധ്യാപകരുടെ ശമ്പളം

ശ്രീ. പിണറായി വിജയൻ: സർ, കാർഷിക സർവ്വകലാശാലയിലെ അദ്ധ്യാപകരുടെ ഒരു പ്രശ്നമാണ് എനിക്ക് ഇവിടെ ഉന്നയിക്കാനുള്ളത്. നമ്മുടെ കോളേജുകളിൽ യു. ജി. സി. പദ്ധതി നടപ്പിലാക്കിയെങ്കിലും കാർഷിക സർവ്വകലാശാലയിലെ അർഹതയുള്ള 75 ശതമാനം അദ്ധ്യാപകർക്കും ഇതേവരെ ആ പദ്ധതിയുടെ ആനുകൂല്യങ്ങൾ കിട്ടിയിട്ടില്ല. അവിടെ യു. ജി. സി. പദ്ധതി നടപ്പിലാക്കുന്നതിന് ലഭിക്കേണ്ട കേന്ദ്ര വിഹിതം സർവ്വകലാശാലയ്ക്ക് ലഭിക്കുകയും ചെയ്തിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇത്തരം ഒരു പ്രശ്നത്തിൽ അവിടെയുള്ള അദ്ധ്യാപകരുടെ സംഘടനയായ ടീച്ചേഴ്സ് അസോസിയേഷൻ ഓഫ് കേരളാ അഗ്രിക്കൾച്ചറൽ യൂണിവേഴ്സിററിയുടെ ആഭിമുഖ്യത്തിൽ അദ്ധ്യാപകർ കഴിഞ്ഞ ജൂൺ 25-ാം തീയതി സെക്രട്ടേറിയററ് പടിക്കൽ ഒരു സത്യാഗ്രഹം നടത്തി. കാഷ്വൽ ലീവ് എടുത്തുകൊണ്ടാണ് അവർ സത്യാഗ്രഹത്തിന് വന്നത്. മൂന്നു വർഷമായി പരിഹരിക്കപ്പെടാതെ കിടക്കുന്ന ഈ പ്രശ്നത്തിൽ ഒരു സമരം നടത്തിയപ്പോൾ സമരത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

പങ്കെടുത്തവരുടെ ശമ്പളം തടഞ്ഞു വച്ചിരിക്കുകയാണ്. അവർ അർഹതപ്പെട്ട കാഷ്വൽ ലീവ് എടുത്തെങ്കിലും അത് ഡയസ്നോൺ ആക്കുന്ന സ്ഥിതിയാണുണ്ടായിട്ടുള്ളത് എന്നർത്ഥം. ഇത് അങ്ങേയററം തെററായ നടപടിയാണ്. ന്യായമായ പ്രക്ഷോഭണത്തിനു നേരെയുള്ള കടന്നാക്രമണമാണ്. ആ ശമ്പളം വിട്ടുകൊടുക്കുന്നതിനുള്ള നിലപാട് സ്വീകരിക്കുന്നതിന് യൂണിവേഴ്സിററിയെ പ്രേരിപ്പിക്കാൻ അങ്ങ് തയ്യാറാകണമെന്നു കൂടി ഞാൻ അഭ്യർത്ഥിക്കുകയാണ്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പി. ജോർജ്) : സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ കാര്യത്തെസംബന്ധിച്ച് യൂണിവേഴ്സിററിയിൽ നിന്ന് വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. അതനുസരിച്ച് ജൂൺ മാസം 25-ാം തീയതി കൂട്ട കാഷ്വൽ ലീവ് എടുത്ത് സമരത്തിന്റെ ഭാഗമായി സെക്രട്ടറിയേററിന് മുന്നിൽ സമരം ചെയ്യുന്നമെന്നുള്ള ടീച്ചേഴ്സ് ഓർഗനൈസേഷന്റെ നോട്ടീസ് ജൂൺ മാസം 17-ാം തീയതി യൂണിവേഴ്സിററിയിൽ കിട്ടി. അപ്പോൾ തക്കതായ കാരണങ്ങൾ കൂടാതെ ഇങ്ങനെ അനധികൃതമായിട്ട് ഹാജരാകാതിരിക്കുന്നത് ശരിയല്ലെന്ന് പറഞ്ഞ് ഡിപ്പാർട്ടുമെൻറ് ഹെഡിന് നോട്ടീസ് നൽകിയിരുന്നു. അതനുസരിച്ച് നിലവിലുള്ള വ്യവസ്ഥ പ്രകാരമാണ് ഈ ശമ്പളം തടഞ്ഞുവയ്ക്കലുണ്ടായിട്ടുള്ളത്. എന്നാൽ, യൂണിവേഴ്സിററിയുടെ ജനറൽ കൗൺസിൽ യോഗത്തിൽ ഈ ഒരു വ്യവസ്ഥ പുനഃപരിശോധിക്കണമെന്ന ഒരാവശ്യം വന്നതിന്റെ അടിസ്ഥാനത്തിൽ യൂണിവേഴ്സിററി അത് പുനഃപരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. യു. ജി. സി. യുടെ കാര്യത്തെ സംബന്ധിച്ച് അദ്ധ്യാപകർക്കുണ്ടായിട്ടുള്ള വിഷമതകൾ പരിഹരിക്കുന്നതിനുവേണ്ടി ഗവൺമെൻറ് തലത്തിൽ അനുകൂലമായ നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഇക്കാര്യത്തെക്കുറിച്ച് വൈസ്-ചാൻസലറും ഗവൺമെൻറിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരും ധനകാര്യവകുപ്പുമന്ത്രിയും ഞാനും ചേർന്ന് ഈ അടുത്തദിവസം ഒരു കോൺഫറൻസ് കൂടുകയുണ്ടായി. അതിന്റെ വിവരങ്ങൾ അടുത്തുതന്നെ പ്രഖ്യാപിക്കുന്നതാണ്.

ശ്രീ. പിണറായി വിജയൻ : സർ, അവർക്ക് കാഷ്വൽ ലീവ് കൊടുക്കുമോ ?

ശ്രീ. പി. പി. ജോർജ് : സർ, അത് ആലോചിച്ചു കൊണ്ടിരിക്കുന്നു.

(4) തൃശ്ശൂരിൽ പെൻഷൻകാർക്കു മാത്രമായി സബ്ട്രഷറി

ശ്രീ. തോമ്പിൽ രാമകൃഷ്ണൻ : സർ, തൃശ്ശൂരിൽ പെൻഷൻകാർക്കു മാത്രമായി ഒരു സബ്ട്രഷറി ആരംഭിക്കണമെന്ന ദീർഘകാല ആവശ്യത്തിലേക്ക് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുകയാണ്. 1983-ൽ തന്നെ ഇക്കാര്യം തത്വത്തിൽ അംഗീകരിച്ചിട്ടുള്ളതാണ്. 1983-ൽ തിരുവനന്തപുരത്തും 1989-ൽ എറണാകുളത്തും 1992-ൽ കോഴിക്കോട്ടും ഇതുപോലുള്ള ട്രഷറികൾ ആരംഭിച്ചിട്ടുണ്ട്. 4200 പെൻഷൻകാർ മാത്രമുള്ള കൊല്ലത്തും 3200 പെൻഷൻകാരുള്ള ആലപ്പുഴയിലും ഇതുപോലുള്ള ട്രഷറികൾ ആരംഭിച്ചിട്ട് വർഷങ്ങളായിട്ടും 4000-ഓളം പെൻഷൻകാരുള്ള തൃശ്ശൂരിൽ ഒരു സബ് ട്രഷറി ആരംഭിക്കാത്തതിന് യാതൊരു ന്യായീകരണവുമില്ല. തൃശ്ശൂർ ജില്ലയിൽ ഒരു ജില്ലാ ട്രഷറിയും രണ്ട് സബ് ട്രഷറികളുമുണ്ടെങ്കിലും സ്ഥലപരിമിതിയും തിരക്കും മററും മൂലം തൃശ്ശൂരിലെ പെൻഷൻകാർ വളരെയധികം



LIBRARY ARCHIVES Kerala Legislative Assembly

കഷ്ടപ്പെടുന്നു. കുനിൻമേൽ കുരു എന്നോണം ദിവസേന 200 പേർക്ക് മാത്രമേ പെൻഷൻ നൽകുകയുള്ളുവെന്ന ട്രഷറി അധികൃതരുടെ നിലപാട് മൂലം മാസാവസാനംവരെ പെൻഷൻ ലഭിക്കാൻ കാത്തിരിക്കേണ്ട ദുഃസ്ഥിതിയാണ് ഇന്ന് അവിടെയുള്ളത്. ഈ സ്ഥിതിക്ക് പരിഹാരം കാണാൻവേണ്ടി അടിയന്തിരമായി തൃശ്ശൂരിൽ പെൻഷൻകാർക്ക് മാത്രമായി ഒരു സബ്ട്രഷറി ആരംഭിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി) : സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ച പ്രശ്നം വളരെ നാളുകളായിട്ട് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിക്കുന്നതാണ്. അത് അവിടത്തെ ഒരാവശ്യമാണ്. അതിന്റെ പ്രാധാന്യവും ഗൗരവവും ഗവൺമെന്റ് മനസിലാക്കുന്നുണ്ട്. സാമ്പത്തിക ബുദ്ധിമുട്ടുകൊണ്ട് പുതിയ ട്രഷറികളൊന്നും ആരംഭിക്കുന്നില്ലെന്നുള്ള തീരുമാനത്തിന്റെ ഭാഗമായിട്ടാണ് അവിടെ അത് തുടങ്ങാൻ സാധിക്കാതെ പോയത്. ജില്ലാ ട്രഷറിക്ക് പുറമേ അവിടെ രണ്ട് സബ് ട്രഷറികളും കൂടിയുണ്ട്. ഏതായാലും ബഹുമാനപ്പെട്ട മെമ്പർ അവിടെ പ്രധാനപ്പെട്ട ഒരു പ്രശ്നം പറഞ്ഞു. 200 പേർക്ക് മാത്രമേ ട്രഷറിയിൽനിന്ന് ഒരു ദിവസം പെൻഷൻ കൊടുക്കൂ എന്നും അതാതു മാസത്തിന്റെ അവസാനംവരെ കാത്തിരുന്നാലും പെൻഷൻ കിട്ടുകയില്ലെന്നും പറഞ്ഞു. ആ പറഞ്ഞ പ്രശ്നം ഗവൺമെന്റ് പ്രത്യേകം പരിശോധിക്കും. ആ പ്രശ്നം പരിഹരിക്കുന്നതിന് പുതിയ പെൻഷൻ ട്രഷറി തുടങ്ങിയാൽ മാത്രമേ സാധിക്കുവെങ്കിൽ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം വളരെ ഗൗരവത്തോടുകൂടി ഗവൺമെന്റ് പരിഗണിക്കും. അതല്ലെങ്കിൽ സാമ്പത്തിക സ്ഥിതി അൽപ്പം കൂടി മെച്ചപ്പെടുന്ന സാഹചര്യത്തിനുവേണ്ടി കാത്തിരിക്കേണ്ടിവരും. ഏതായാലും ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ച കാര്യം വളരെ ഗൗരവത്തോടുകൂടി ഗവൺമെന്റ് പരിഗണിക്കും.

### (6) ടെലഫോൺ വരിക്കാരുടെ ബുദ്ധിമുട്ടുകൾ

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, നമ്മുടെ നാട്ടിലെ പതിനായിരക്കണക്കിനുള്ള ടെലഫോൺ വരിക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ സഭയുടെ ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ ഈ സബ്മിഷൻകൊണ്ട് ഉദ്ദേശിക്കുന്നത്. ഇവിടെ ടെലിഫോൺ സൗകര്യം വർദ്ധിച്ചുവെന്നാണ് അവകാശവാദം. എന്നാൽ നമ്മുടെ ടെലിഫോണുകൾ പലതും നിശ്ചലമായിട്ട് ദിവസങ്ങളായി. ക്രമാതീതമായ വർദ്ധനവിലാണ് ബില്ലുകൾ വരുന്നത്. ഇതൊരു വലിയ ദുഃസ്സഹമായ അനുഭവമായിത്തീർന്നിട്ടുണ്ട്. ഞാൻ പ്രതിനിധാനം ചെയ്യുന്ന വർക്കലയിലും ഫോൺ നിശ്ചലമായിട്ട് ആഴ്ചകളായി. അവിടെയുള്ള എല്ലാ വീടുകളിലും രണ്ടും മൂന്നും ആളുകൾ ഗൾഫിൽ ജോലി ചെയ്യുന്നവരുണ്ട്. ഇന്റർനാഷണൽ കാൾസ് ഒന്നും കിട്ടുന്നില്ല. അഥവാ കിട്ടുന്നുവെങ്കിൽ നമ്പർ മാറിയാണ് കിട്ടുന്നത്. ഇതൊരു ദുരിതപൂർണ്ണമായ അനുഭവമായിത്തീർന്നിട്ടുണ്ട്. ജീവിതത്തിൽ ഇതൊരു അനുപേക്ഷണീയമായ കാര്യമാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ പരിഹാരമുണ്ടാകണം. ഇങ്ങനെയൊരു സബ്മിഷൻ കൊടുത്തതുകൊണ്ട് ഒരു കാര്യം മനസ്സിലാക്കാൻ കഴിഞ്ഞു. ഇതിന്റെ ചുമതല നമ്മുടെ ആരോഗ്യ വകുപ്പുമന്ത്രിക്കാണുപോലും. ബഹുമാനപ്പെട്ട മന്ത്രിയും ഞാനും ഇക്കാര്യത്തിൽ തുല്യ ദുഃഖിതരാണ്. ഞാൻ ടെലഫോൺ ജനറൽ മാനേജരെ വിളിക്കും, അദ്ദേഹവും വിളിക്കും, അതല്ല പ്രശ്നം. ഈ സഭയിൽ നിന്നുതന്നെ അവരുടെ ശ്രദ്ധയിൽപ്പെടുത്തണമെന്നാണ് ഞാൻ പറയുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ ആരോഗ്യ വകുപ്പുമന്ത്രി തൊടുന്നതെല്ലാം നിശ്ചലമാകുമെന്നാണ് പറയുന്നത്. അദ്ദേഹം തൊട്ടതുകൊണ്ട് ഇതും നിശ്ചലമായിപ്പോയോ എന്നറിയില്ല. പണ്ട് ഒരാളിന് തൊട്ടാൽ എല്ലാം സ്വർണ്ണമാകണമെന്ന് വരം കൊടുത്തിട്ടുണ്ട്. ഒടുവിൽ തിന്നുന്ന ചോറുപോലും സ്വർണ്ണമായിപ്പോയി. അതുപോലെ ഒരനുഭവമാണ് നമുക്ക് ഉണ്ടായിരിക്കുന്നത്. ഇതൊരു ശാപദോഷമാണോയെന്ന് അറിയില്ല. ആരോഗ്യമന്ത്രിക്കാണ് പോസ്റ്റ് ആൻറ് ടെലഗ്രാഫ് മന്ത്രിയാക്കി വച്ചിരിക്കുന്നത്. അദ്ദേഹം തൊട്ടതെല്ലാം നിശ്ചലമാണ്. ഇദ്ദേഹം തൊട്ടില്ലെങ്കിലും അടുത്തുപോയാലും നിശ്ചലമാകുന്ന ഒരു സ്ഥിതിയാണുള്ളത്. അതുകൊണ്ട് എനിക്ക് ഈ സഭയോട് അഭ്യർത്ഥിക്കാനുള്ളത് ഈ ടെലിഫോൺ വരിക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ട് ഒഴിവാക്കാൻവേണ്ടി നമ്മുടെ സഭയിൽനിന്നുതന്നെ ഒരു വിവരം, അതിൻെറ ചുമതലപ്പെട്ട കേന്ദ്ര അധികാരികളെ അറിയിക്കണമെന്നാണ്. ടെലഫോൺ ജനറൽ മാനേജരെ ഞാൻ നിരവധി തവണ വിളിച്ചുപറഞ്ഞതാണ്; ബന്ധപ്പെട്ടതാണ്. നമ്മുടെ നാട്ടിലെ ടെലിഫോൺ എക്സ്ചേഞ്ചുകൾ വളരെ യൂസ്‌ലസായിട്ടിരിക്കുന്ന എക്സ്ചേഞ്ചുകളാണ്. അദ്ദേഹംതന്നെ പറഞ്ഞു ഉപയോഗമില്ലാത്തതാണ് കൊണ്ടുവച്ചിരിക്കുന്നതെന്ന്. ഉപയോഗമില്ലാത്ത ടെലഫോൺ യന്ത്രങ്ങൾ കൊണ്ടുവച്ചതിൻെറ ദുരിതമാണ് ഇന്ന് അനുഭവിക്കുന്നത്. നമ്മുടെ പത്രക്കാർക്കും ബുദ്ധിമുട്ടുണ്ട്. പൊതുപ്രവർത്തകർക്കെല്ലാം ബുദ്ധിമുട്ടുണ്ട്. വിദേശത്ത് പണിയെടുക്കുന്നവർക്കും പ്രയാസമുണ്ട്. ഇതെല്ലാം പരിഹരിക്കാൻ നമ്മുടെ ബഹുമാനപ്പെട്ട ചുമതലപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ഊർജ്ജസ്വലനായി ചലിച്ചാൽ എന്തെങ്കിലും നടക്കുമോയെന്ന് അറിയട്ടെ. ഏതായാലും അങ്ങ് ഇതിൻെറ ചുമതലക്കാരനാണെന്ന് അറിഞ്ഞിരുന്നുവെങ്കിൽ ഞാൻ ഇങ്ങനെയൊരു സബ്മിഷൻ കൊടുക്കില്ലായിരുന്നു. ഉള്ളകാര്യം പറയുകയാണ്. ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കാണ് എഴുതിക്കൊടുത്തത്. എഴുതി വന്നപ്പോൾ ആരോഗ്യ വകുപ്പുമന്ത്രി എന്നാണ് എഴുതിയിരിക്കുന്നത്. ഞാൻ അന്തംവിട്ടുപോയി. വാസ്തവത്തിൽ അങ്ങ് മറുപടി പറഞ്ഞില്ലെങ്കിലും ദയവുചെയ്ത് ഒന്ന് എഴുതി അയയ്ക്കണം. അങ്ങ് ആണെന്നറിഞ്ഞതുകൊണ്ട് എനിക്ക് വളരെ സങ്കടവും അതേസമയം അൽഭുതവും തോന്നിയെങ്കിലും അങ്ങ് ഈ വിവരം ഒന്ന് അറിയിക്കണമെന്ന് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. ആർ. രാമചന്ദ്രൻ നായർ): സർ, ശ്രീ. വർക്കലയുടെ ദുഃഖത്തോടും സങ്കടത്തോടും ഞാനും പങ്കുചേരുകയാണ്. ഈ രാജ്യത്തെ പല ടെലഫോണുകളും വർഷകാലമാകുമ്പോൾ കാററും കോളും വരുമ്പോഴൊക്കെ ചിലപ്പോൾ ഡിസ്കണക്ടാകാറുണ്ട്, കേടാകാറുണ്ട്. അത് സ്വാഭാവികമായി നടക്കുന്നതാണ്. വർക്കലയിൽ ഇത് കുറച്ച് കൂടുതലുണ്ടെന്നുള്ളത് ശരിയാണ്. പക്ഷേ, അദ്ദേഹം പറഞ്ഞതുപോലെ എക്സ്ചേഞ്ച് വർക്കുചെയ്യാതിരിക്കുന്നില്ല. ഈ പ്രശ്നം സംബന്ധിച്ച് ഞാൻ ഇന്നലെ ഇവിടത്തെ ടെലികോം ജനറൽ മാനേജരുമായിട്ട് ബന്ധപ്പെട്ടു. അപ്പോൾ അദ്ദേഹം വർക്കലയിൽ ചില ഫോണുകൾക്ക് കേടുണ്ടെന്നു പറഞ്ഞു. മഴക്കാലത്ത് വെള്ളപ്പൊക്കം വരുമ്പോൾ ചില സ്ഥലങ്ങളിൽ ഫോൺ തകരാറാകാറുണ്ട്. അതിൽ കൂടുതലായിട്ട് ഒന്നുമില്ല. അവിടെ റിപ്പയർ ചെയ്യാൻ ആളിനെ വിട്ടിട്ടുണ്ട്. അവിടെയുള്ള എക്സ്ചേഞ്ച് വർക്ക് ചെയ്യുന്നില്ലെന്നു പറഞ്ഞത് ശരിയല്ല. സ്ഥിരമായി വർക്ക് ചെയ്യുന്നുണ്ട്. വർക്കലയിൽ 1400 ലൈനുള്ള ഒരു പുതിയ പദ്ധതിക്ക് അവർ രൂപം കൊടുത്തുകൊണ്ടിരിക്കുകയാണ്. അത് വരുമ്പോൾ വർക്കലയുടെ സങ്കടം മുഴുവൻ തീരും. എല്ലാ ലൈനുകളും ശരിയായി പ്രവർത്തിക്കുമെന്ന് അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## (6) തൃക്കണ്ണമംഗൽ സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് തെരഞ്ഞെടുപ്പ്

ശ്രീ. ഇ. രാജേന്ദ്രൻ: സർ, സഹകരണ ജനാധിപത്യത്തെ കശാപ്പ് ചെയ്യുന്നതിന്റെ മകുടോദാഹരണമായ ഒരു സംഭവമാണ ഞാൻ ശ്രദ്ധയിൽപ്പെടുത്തുന്നത്. കൊട്ടാരക്കര തൃക്കണ്ണമംഗൽ സർവ്വീസ് സഹകരണ ബാങ്കിന്റെ തെരഞ്ഞെടുപ്പ് 31-1-1993-ൽ നടന്നു. എൽ. ഡി. എഫ്.-ലെ ആറ് സ്ഥാനാർത്ഥികളും യു. ഡി. എഫ്-ന്റെ 3 സ്ഥാനാർത്ഥികളും വിജയിച്ചു. എൽ. ഡി. എഫ്. സ്ഥാനാർത്ഥിക്ക് കിട്ടിയ ഏറ്റവും കൂടിയ വോട്ട് 2042-ം. യു. ഡി. എഫ്. സ്ഥാനാർത്ഥിക്ക് കിട്ടിയ ഏറ്റവും കൂടിയ വോട്ട് 1777-ം ആയിരുന്നു. എൽ. ഡി. എഫ്. അധികാരമേറ്റെടുക്കുകയും ചെയ്തു. ഫലപ്രഖ്യാപനം ഔദ്യോഗികമായി പ്രഖ്യാപിക്കുമ്പോഴും ഒരു പരാതിയുമുണ്ടായിരുന്നില്ല. മാസങ്ങൾ കഴിഞ്ഞിട്ട് തോറ്റ ഒരു സ്ഥാനാർത്ഥിയുടെ പരാതിയുടെ അടിസ്ഥാനത്തിൽ 16-7-1993-ന് റീകൗണ്ടിംഗിന് തീരുമാനിക്കുകയും സർക്കിൾ ഇൻസ്പെക്ടറുടെ സാന്നിദ്ധ്യത്തിൽ പോലീസുകാരുടെ അകമ്പടിയോടുകൂടി, വൻ പോലീസ് സന്നാഹത്തോടുകൂടി, റീകൗണ്ടിംഗിൽ വമ്പിച്ച കൃത്രിമവും തിരിമറിയും നടത്തുകയും ചെയ്തു. എൽ. ഡി. എഫ് ന്റെ രണ്ട് സ്ഥാനാർത്ഥികളെ തോൽപ്പിക്കുകയും ചെയ്തു. 19-7-1993-ന് ഡി. വൈ. എസ്. പി. അടക്കം 4 സർക്കിൾ ഇൻസ്പെക്ടർമാരുടേയും നൂറുകണക്കിന് പോലീസുകാരുടേയും സന്നാഹം ഉപയോഗിച്ച് യു. ഡി. എഫ്. അധികാരം തിരിച്ച് ഏറ്റെടുത്തു. അവിടത്തെ പ്രസിഡന്റ് സ്ഥാനം ഏറ്റെടുക്കുകയും ചെയ്തു. ഇതിനെതിരായി ഞങ്ങൾ പരാതി കൊടുത്തിട്ടുമുണ്ട്. ഈ റീ കൗണ്ടിംഗ് റദ്ദു ചെയ്യണമെന്നും ധാർമ്മികമായി അധികാരമില്ലാത്ത ഭരണ സമിതി പിരിച്ചുവിടണമെന്നും ഹീനമായ നടപടിക്ക് കൂട്ടുനിന്ന ഉദ്യോഗസ്ഥൻമാർക്കെതിരായി അന്വേഷണം നടത്തണമെന്നും ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് ആവശ്യപ്പെടുന്നു.

സഹകരണ വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ): സർ, കൊട്ടാരക്കര തൃക്കണ്ണമംഗൽ സർവ്വീസ് സഹകരണ ബാങ്കിന്റെ തെരഞ്ഞെടുപ്പ് 31-1-1993-ൽ നടന്നു. 19 പേരാണ് മത്സരിച്ചത്. പ്രധാന മത്സരം രണ്ട് പാനലുകൾ തമ്മിലായിരുന്നു. വോട്ട് എണ്ണിയപ്പോൾ എൽ. ഡി. എഫ്-ന്റെ പാനലിലെ 6 പേരും യു. ഡി. എഫ്-ന്റെ പാനലിലെ 3 പേരും വിജയിച്ചു. വോട്ട് എണ്ണിയതിനെ സംബന്ധിച്ച് പരാതികളൊന്നും ഫലപ്രഖ്യാപന വേളയിൽ ഉണ്ടായില്ല. എന്നാൽ പരാജയപ്പെട്ട 5 സ്ഥാനാർത്ഥികൾ ചേർന്ന് കൊട്ടാരക്കര ജനറൽ വിഭാഗം അസിസ്റ്റന്റ് രജിസ്ട്രാറുടെ കോടതിയിൽ 24-2-1993-ന് വോട്ട് എണ്ണൽ ആവശ്യപ്പെടുന്നത് ഉൾപ്പെടെയുള്ള കേസ് കൊടുത്തു. അതു സംബന്ധിച്ച് 12-7-1993-ന് തീർപ്പ് കൽപ്പിച്ചു. 16 സിറ്റിംഗുകൾ നടത്തിയതിനുശേഷമാണ് തീർപ്പുകൽപ്പിച്ചത്. അതിനെ തുടർന്നാണ് വോട്ടെണ്ണൽ പ്രഖ്യാപിച്ചത്. എല്ലാ സ്ഥാനാർത്ഥികളേയും അറിയിച്ചുകൊണ്ടാണ് വോട്ട് എണ്ണിയത്. അങ്ങനെ വോട്ട് എണ്ണിയപ്പോൾ മുമ്പ് തോറ്റ രണ്ട് സ്ഥാനാർത്ഥികൾ വിജയിക്കുകയും മുമ്പ് ജയിച്ച രണ്ട് സ്ഥാനാർത്ഥികൾ തോൽക്കുകയും ചെയ്തു. വോട്ടിന്റെ കാര്യത്തിൽ പല ഡിഫറൻസും കാണാൻ സാധിച്ചു. അങ്ങനെയാണ് വോട്ടെണ്ണൽ നടത്തിയത്. രണ്ടാമത്തെ വോട്ടെണ്ണലിനുശേഷം യാതൊരു ആക്ഷേപവും ഗവൺമെന്റിന് തന്നിട്ടില്ല. എനിക്ക് ഇപ്പോൾ ഓറലായിട്ട് കിട്ടിയ ഒറിവ് ട്രിബ്യൂണലിൽ സ്റ്റേ ചെയ്തിട്ടുണ്ടെന്നാണ്. അത്രയേ ഇപ്പോൾ ഗവൺമെന്റിന് അറിയാവൂ. ഒരു പരാതിയും ഇതുവരെ ഗവൺമെന്റിന് കിട്ടിയിട്ടില്ല.

## (7) റോഡുവക്കിലെ പെട്ടിക്കടകൾ

ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : സർ, പൊതുമരാമത്ത് വകുപ്പ് സംസ്ഥാനത്താകമാനമുള്ള പുറമ്പോക്കു സ്ഥലങ്ങളിലും മററുമുള്ള പെട്ടികടകളും ബൂത്തുകളും, ബങ്കുകളുമൊക്കെത്തന്നെ പൊളിച്ചുമാററിക്കൊണ്ടിരിക്കുകയാണ്. ആയിരക്കണക്കിന് കുടുംബങ്ങളാണ് ഇതിന്റെ ഭാഗമായി വഴിയാധാരമായി മാറിക്കൊണ്ടിരിക്കുന്നത്. നമുക്കറിയാം, നമ്മുടെ സംസ്ഥാനത്തിന്റെ ഗവൺമെന്റ് സോഴ്സ് ഉപയോഗിച്ചുകൊണ്ട് എല്ലാവർക്കും തൊഴിലുണ്ടാക്കിക്കൊടുക്കാനുള്ള സാഹചര്യമില്ല. അതുകൊണ്ട് സ്വന്തം കുടുംബങ്ങളെ പോററുന്നതിനുവേണ്ടി ജീവിക്കാൻ വേണ്ടിയാണ് ഈ പാവങ്ങൾ ഇത്തരത്തിൽ പെട്ടിക്കടകളും, ബൂത്തുകളും, ബങ്കുകളും നടത്തുന്നത്. അവിടെ പഴം, മിഠായി, ബിസ്ക്കററ്, ബീഡി, സിഗരററ് എന്നിവ കച്ചവടം ചെയ്ത് പത്തും മുപ്പതും രൂപ കിട്ടുന്നതുകൊണ്ടാണ് അവർ കുടുംബം പോററുന്നത്. ആ പാവപ്പെട്ട ആളുകളുടെ പള്ളയിലടിക്കുന്ന സമീപനമാണ് ഇപ്പോൾ ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഇപ്പോൾ ഓണം അടുക്കാറായിരിക്കുകയാണ്. ഗവൺമെന്റ് ഈ നടപടികൾ കൈക്കൊള്ളുന്നതിന്റെ ഫലമായി നൂറുകണക്കിന് കുടുംബങ്ങൾ തെരുവാധാരമായിരിക്കുകയാണ്. അവർ ഗവൺമെന്റിനോട് അവകാശം പതിച്ചുകൊടുക്കണമെന്ന് പറയുന്നില്ല. അവരോട് ഔദാര്യം കാണിക്കണം, എന്തിന്റെ പേരിലാണ് അവരെ ഇങ്ങനെ ദ്രോഹിക്കുന്നതെന്നാണ് മനസ്സിലാകാത്തത്? സർ, അടുത്തകാലത്ത് ബോംബെ സിററിയിൽ ബോംബെ മെട്രോപോളിററൻ കൗൺസിൽ അവിടെയുള്ള വഴിയോര പെട്ടിക്കടക്കാരെ ഒഴിപ്പിക്കാൻ തീരുമാനിച്ചപ്പോൾ അവർ ഒന്നടങ്കം കോടതിയിൽ പോയി. ബോംബെ ഹൈക്കോടതി പോലും അവരോട് ജീവകാരുണ്യപരമായിട്ടുള്ള ഒരു സമീപനം സ്വീകരിക്കണമെന്നും അവർക്ക് എന്തെങ്കിലും സംവിധാനമുണ്ടാക്കണമെന്നും ജീവിക്കാൻവേണ്ടിയാണ് അവർ ഈ തൊഴിൽ ചെയ്യുന്നതെന്നുമാണ് വിലയിരുത്തിയത്. ആ രൂപത്തിൽ ജീവിക്കാൻവേണ്ടി ചെയ്യുന്ന ഈ തൊഴിൽ ഇല്ലാതാക്കിക്കൊണ്ടിരിക്കുന്ന ഗവൺമെന്റ് അവരോട് ദയ കാണിക്കണം. പുതിയ കടകൾ വരുന്നതിനോട് ഞാൻ അനുകൂലമല്ല. പക്ഷെ ഉള്ള സ്ഥാപനങ്ങൾ എന്തെങ്കിലും മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ നിലനിറുത്താനും അവരോട് ഇപ്പോൾ സ്വീകരിച്ചുകൊണ്ടിരിക്കുന്ന ദ്രോഹനടപടികൾ നിറുത്തിവയ്ക്കാനും ഗവൺമെന്റ് തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി. കെ. കെ. ബാവ) : സർ, ഗവൺമെന്റിന് ആരോടും ദ്രോഹ നടപടി സ്വീകരിക്കണമെന്ന് ആഗ്രഹമില്ല. പക്ഷേ നമ്മുടെ റോഡുകളുടെ സ്ഥിതി നന്നാകണമെന്നാണ് എം. എൽ. എ. മാരൊക്കെത്തന്നെ പറയുന്നത്. എന്നും ആക്സിഡൻറാണ്. അതിന് പ്രധാനമായിട്ടുള്ള കാരണം പല സ്ഥലങ്ങളിലും റോഡിന്റെ ടാർഭാഗം മാത്രമേ അവശേഷിക്കുന്നുള്ളു. ബാക്കി ഭാഗങ്ങളൊക്കെ കച്ചവടക്കാരും താമസക്കാരുമൊക്കെ കയ്യടക്കിയിരിക്കുകയാണ്. അങ്ങനെ വരുമ്പോൾ സ്ത്രീകൾക്കും കുട്ടികൾക്കും ബസ് കാത്ത് നിൽക്കാൻപോലും പ്രയാസമാണെന്നുള്ള ഒട്ടേറെ ആക്ഷേപങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നു മാത്രമല്ല ദിനംപ്രതി ആക്സിഡൻറ് വർദ്ധിച്ചുകൊണ്ടിരിക്കുകയുമാണ്. റോഡ് പഴയതാണ്, ഒരു മാററവുമുണ്ടായിട്ടില്ല. പക്ഷേ നമ്മുടെ വാഹനങ്ങളും ജനങ്ങളും കച്ചവടക്കാരും വർദ്ധിക്കുന്നു. റോഡ് പരിരക്ഷിക്കണമെന്ന് പറഞ്ഞാൽ നമ്മുടെ സംസ്ഥാനത്തിന്റെ സ്ഥിതിതന്നെ മോശമാകും. എന്നാലും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യവും ആലോചിക്കേണ്ടതാണ്. എനിക്ക് അഭിപ്രാ

LIBRARY ARCHIVES Kerala Legislative Assembly

വ്യത്യാസമില്ല. പക്ഷേ റോഡിൽ മാത്രമേ ഇത് പാടുള്ളു എന്ന ഒരു സമീപനമെടുക്കാൻ ഗവൺമെന്റിന് കഴിയുകയില്ല. അതുകൊണ്ട് റോഡിലുള്ള ഈ സ്ഥാപനങ്ങളെല്ലാം മാറ്റണമെന്ന് കർശനമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതേസമയം ബന്ധപ്പെട്ട പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ, റവന്യൂ ഡിപ്പാർട്ടുമെന്റ് എന്നിവയുടെ അധികൃതരുമായി ആലോചിച്ച് ഇവരെ വേറെയെവിടെയെങ്കിലും കുടിയിരുത്താൻ കഴിയുമോ എന്നുള്ള തിനെക്കുറിച്ച് പൊതുപ്രവർത്തകരായ നാമെല്ലാവരും ആലോചിക്കേണ്ടതാണ്. പി. ഡബ്ല്യു. ഡി.യെ സംബന്ധിച്ചിടത്തോളം ഈ കാര്യത്തിൽ മറ്റു നടപടികളൊന്നും സ്വീകരിക്കാൻ കഴിയുകയില്ല.

(8) അടൂർ നിയോജക മണ്ഡലത്തിലെ ഏനാത്ത് പാലം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട ഏനാത്ത് പാലത്തിന്റെ അപകടസ്ഥിതി ബഹുമാനപ്പെട്ട ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് വേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. 19 3-ൽ കല്ലട ആറിനു കുറുകെ പണിത ഈ പാലത്തിന്റെ ഒരു ഭാഗം നമ്മുടെ ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രിയുടെ നിയോജക മണ്ഡലത്തിൽപ്പെട്ടതാണ്. ഈ പാലം ഇപ്പോൾ അപകടസ്ഥിതിയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. ഇരുമ്പ് കാഡറിലാണ് ഈ പാലം നിർമ്മിച്ചിട്ടുള്ളത്. കഴിഞ്ഞ വെള്ളപ്പൊക്കത്തിൽ ഇതിന്റെ രണ്ട് കാഡറുകൾ കേടായിപ്പോയി. തക്കസമയത്ത് ഗവൺമെന്റ് ഇടപ്പെട്ടതുകൊണ്ട് ഒരു വൻ ദുരന്തം ഒഴിവാകുകയാണുണ്ടായത്. ആറ് ലക്ഷം രൂപ മുടക്കി ഈ കാഡർ നന്നാക്കുന്നതിനുവേണ്ടി അന്ന് ഒരു നടപടി എടുത്തിരുന്നു. പക്ഷേ ഈ പാലം പണിയാൻ 196 ലക്ഷം രൂപ ഗവൺമെന്റ് കൊടുത്തിട്ടുള്ളതാണ്. ഇതിനുവേണ്ടി പ്രീ-ക്വാളിഫിക്കേഷൻ ടെണ്ടർ വിളിച്ചുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പക്ഷേ എന്തോ സാങ്കേതിക കാരണത്താൽ ആ പ്രീ-ക്വാളിഫിക്കേഷൻ ടെണ്ടർ ഉറപ്പിക്കാൻ കഴിഞ്ഞില്ല. ഈ പാലത്തിന്റെ പണി നീണ്ടുപോകുകയാണ്. കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗത്തിൽ ധനകാര്യമന്ത്രി എം. സി. റോഡിലെ സിംഗിൾലൈൻ ട്രാഫിക്കായ ഏഴ് പാലങ്ങൾ ഡബിൾ ലൈൻ ട്രാഫിക്കാക്കാൻവേണ്ടിയുള്ള നടപടിയെടുക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. അതിനുവേണ്ടിയുള്ള പണവും നീക്കിവച്ചിരുന്നതാണ്. ആ പാലങ്ങളിൽ ഏറ്റവും വലിയ പാലമാണ് ഏനാത്ത് പാലം. ഇതിന്റെ പ്രാധാന്യം മനസ്സിലാക്കി ഈ പാലത്തിന് അപകടമുണ്ടായാൽ അങ്ങ് അപകടത്തിലാകും. എം. സി. റോഡുവഴി പോകുന്ന എല്ലാ അംഗങ്ങളും അപകടത്തിലാകും. വൻ ദുരന്തമുണ്ടാകും. ഒരു ദുരന്തമുണ്ടാകുന്നതുവരെ കാത്തുനിൽക്കാതെ ഈ പാലം പുതുക്കിപ്പണിയുന്നതിനുവേണ്ടിയുള്ള നടപടി അടിയന്തിരമായി ഉണ്ടാകണം. അതോടൊപ്പം തന്നെ എം. സി. റോഡിലെ ഏഴ് സിംഗിൾ ലൈൻ പാലങ്ങൾ ഡബിൾ ലൈനാക്കുന്നതിനുവേണ്ടിയുള്ള ഗവൺമെന്റിന്റെ പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിനുവേണ്ടിയുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി. കെ. കെ. ബാവ) : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ഏനാത്ത് പാലം പുതുക്കിപ്പണിയുന്നതിന് ഏതാണ്ട് രണ്ടേകാൽ കോടി രൂപയുടെ ഭരണാനുമതി ഗവൺമെന്റ് കൊടുത്തിട്ടുണ്ട്. പ്രത്യേകാനുമതിയും നൽകിക്കഴിഞ്ഞിരിക്കുന്നു. പക്ഷെ സ്ഥലം ഗവൺമെന്റിന് കിട്ടിയിട്ടില്ല. സ്ഥലമെടുക്കുന്ന നടപടി നടന്നുകൊണ്ടിരിക്കുകയാണ്. സ്ഥലം കിട്ടിക്കഴിഞ്ഞാൽ എത്രയുംവേഗം അതിന്റെ പുനർനിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

ത്തോടൊപ്പം ബഹുമാനപ്പെട്ട ധനകാര്യമന്ത്രി പറഞ്ഞ എം. സി. റോഡിലെ സിംഗിൾ പാലങ്ങളായിട്ടുള്ള എല്ലാറ്റും പുതുക്കി രണ്ടു നിരയാക്കി പണിയുന്നതിനാവശ്യമായ നടപടിക്കും ഗവൺമെന്റ് തുടക്കം കുറിച്ചു കഴിഞ്ഞിട്ടുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സ്ഥലം കൊടുക്കുന്ന കാര്യം ഞാനും ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട് വകുപ്പുമന്ത്രിയും കൂടെ ശ്രമിച്ച് എടുത്തുതരാം.

ശ്രീ. പി. കെ. കെ. ബാവ: സ്ഥലം തരാമെന്നു പറഞ്ഞാൽ പോരാ, ഗവൺമെന്റിന് സ്ഥലം കിട്ടണം. സ്ഥലം തരാമെന്നു പറഞ്ഞു കഴിഞ്ഞാൽ അവിടെ പാലം പണിയാൻ കഴിയുകയില്ല. സ്ഥലം കിട്ടിക്കഴിഞ്ഞാൽ ആ നിമിഷം ടെണ്ടർ ചെയ്യുകയും അനന്തര നടപടികൾ സ്വീകരിക്കുകയും ചെയ്യും.

## (9) ചേലക്കര നിയോജക മണ്ഡലത്തിലെ പി. ഡബ്ല്യു. ഡി. റോഡുകൾ

ശ്രീ. എം. പി. താമി: സർ, എന്റെ നിയോജകമണ്ഡലമായ ചേലക്കരയിലുള്ള പി. ഡബ്ല്യു. ഡി. റോഡുകളിൽ 90 ശതമാനവും അഞ്ചും ആറും വർഷമായി റിപ്പയർ ചെയ്യാതെ കിടക്കുന്നതുകൊണ്ട് വാഹന ഗതാഗതത്തിന് യാതൊരു മാർഗ്ഗവുമില്ലാത്ത സ്ഥിതി വന്നിരിക്കുന്നു. എന്നു മാത്രമല്ല 1981-ൽ സാംഗ്ഷൻ ചെയ്ത എം. എൽ. എ. റോഡായ വാണിയംപാറ റോഡുംപാലും നന്നാക്കാൻ യാതൊരുവിധ ഫണ്ടും കൊടുത്തിട്ടില്ല. സ്പെഷ്യൽ സാംഗ്ഷൻ കൊടുത്തു. ടെക്നിക്കൽ സാംഗ്ഷൻ കൊടുത്തു. ഇതുവരെ ഫണ്ട് കൊടുക്കാത്തതുകൊണ്ട് അതിന്റെ പണിയും നടന്നിട്ടില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷം ഒരു എം. എൽ. എ. റോഡ് പ്രഖ്യാപിച്ചു. ആ റോഡിന്റെ പണിയും തുടങ്ങാൻ ഗവൺമെന്റ് യാതൊരു നിർദ്ദേശവും കൊടുത്തിട്ടില്ല. എന്റെ നിയോജകമണ്ഡലത്തിലെ കറുകക്കടവ്-മുതലമട റോഡ്, കൊണ്ടായി-മായന്നൂർ റോഡ, പഴയന്നൂർ റോഡ്, ചേലക്കര-എളനാട് റോഡ്, മല്ലേശമംഗലം റോഡ്, പാമ്പാടി റോഡ്, മുള്ളൂർക്കര-പരവൂർ റോഡ് ഇവയെല്ലാം പി. ഡബ്ല്യു. ഡി. റോഡുകളാണ്. ആറു വർഷമായി റിപ്പയർ പോലും ചെയ്യാത്തതുകൊണ്ട് വാഹന ഗതാഗതത്തിന് പറ്റാത്ത സ്ഥിതി വന്നിരിക്കുന്നു. അടിയന്തിരമായി ഫണ്ടു കൊടുത്ത് ഇതു നേരെയാക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അതുപോലെതന്നെ 1981-ൽ സാംഗ്ഷൻ ചെയ്ത എം. എൽ. എ. റോഡിന്റെയും പണി ഇതുവരെ തുടങ്ങിയിട്ടില്ല. ടെക്നിക്കൽ സാംഗ്ഷൻ, സ്പെഷ്യൽ സാംഗ്ഷൻ ഇവ എല്ലാം കൊടുത്തു കഴിഞ്ഞിരിക്കുന്നു. അതിനുവേണ്ട ഫണ്ടും കൊടുക്കണം. ചേലക്കര നിയോജക മണ്ഡലം സംവരണ മണ്ഡലമാണ്. അവിടെ ഹരിജനങ്ങൾ മാത്രമേയുള്ളൂ. വേറെ ഒരു ജാതിയുമില്ല. അതുകൊണ്ടായിരിക്കാം ആ നിയോജകമണ്ഡലത്തിലെ റോഡുകൾ റിപ്പയർ ചെയ്യണ്ടെന്ന് ഗവൺമെന്റ് തീരുമാനിച്ചത്. അവ ആറുവർഷമായി നിശ്ചലമായി കിടക്കുന്നു. അതിന്റെ എല്ലാം പണി വേഗം തുടങ്ങാനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി. കെ. കെ. ബാവ): സർ, ഞാൻ ആദ്യമായി ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ അവഗണന നിഷേധിക്കുകയാണ്. അത് ഒരു സംവരണ മണ്ഡലമാണെന്നുള്ളതുകൊണ്ട് ഒരിക്കലും അവഗണിച്ചിട്ടില്ല. എന്റെ കയ്യിലിരിക്കുന്ന ഫയൽവച്ച് സംസാരിച്ചാൽ ഒട്ടേറെ പരിഗണന ആ നിയോജക മണ്ഡലത്തിനും ബഹുമാനപ്പെട്ട മെമ്പർ പറയാത്ത

LIBRARY ARCHIVES Kerala Legislative Assembly

റോഡുകൾക്കും നൽകിയിട്ടുണ്ടെന്നു മാത്രമല്ല, ഏതെങ്കിലും റോഡുകൾ റിപ്പയർ ചെയ്തിട്ടില്ലെങ്കിൽ ഉടനെ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുമുണ്ട്. മഴ മാറിക്കഴിഞ്ഞാലേ റോഡിലിറങ്ങി പണിയെടുക്കാൻ കഴിയുകയുള്ളുവെന്ന തടസ്സമാണുള്ളത്. ഏതായാലും ഭാഗികമായി ഇതെല്ലാം ചെയ്തിട്ടുണ്ട്.

സർ, എളനാട്-വാണിയംപാറ റോഡിനെക്കുറിച്ച് അദ്ദേഹം പറഞ്ഞു. അത് എം. എൽ. എ. റോഡാണ്. നേരത്തെ സാംഗ്ഷൻ കൊടുത്തിട്ടുള്ളത് ശരിയാണ്. ഈ ഗവൺമെൻറ് വന്നപ്പോൾ നടപടികൾ പൂർത്തിയായിരുന്നില്ല. ഗവൺമെൻറ് വളരെ കാര്യമായ പരിഗണന എം. എൽ. എ. റോഡ് എന്നുള്ള നിലയിൽ അതിനാവശ്യമായ എല്ലാ നടപടിയും സ്വീകരിച്ചു. വകുപ്പുതലത്തിൽ ഇനി അതിൻെറ പണി ആരംഭിക്കുന്നതിനെക്കുറിച്ച് പരിശോധിച്ചു വരികയാണ്, പരിശോധന കഴിഞ്ഞാലുടൻ പണിയാരംഭിക്കും.

ശ്രീ. സത്യൻ മൊകേരി : ആദ്യമായി ഒരു കാര്യം ചെയറിൻെറ ശ്രദ്ധയിൽപ്പെടുത്താനുണ്ട്. സബ്മിഷൻ ലിസ്റ്റിൽ ഒൻപതാമത്തെ

11 A.M.] പേരു കഴിഞ്ഞ് പത്താമത്തെ പേര് എൻേറതാണ്. തിരുവഞ്ചൂർ രാധാകൃഷ്ണൻ കഴിഞ്ഞാൽ അടുത്തത് എൻെറ പേരാണ് വിളിക്കേണ്ടിയിരുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ : ഈ സമയംകൊണ്ട് മെമ്പർക്ക് പറയാനുള്ളതു പറയാം. ഈ ലിസ്റ്റിൽ അഡ്ജസ്റ്റുമെൻറ് വരുത്തിയിട്ടുണ്ട്.

(10) മൊകേരി-കായക്കൊടി പാലൊളി തൊട്ടിൽപാലം റോഡിൻെറ പണി.

ശ്രീ. സത്യൻ മൊകേരി : എൻെറ നിയോജക മണ്ഡലത്തിലെ പഴയ എം. എൽ. എ. റോഡ് സ്കീമിൽപ്പെട്ട ഒരു റോഡാണ് മൊകേരി കായക്കൊടി പാലൊളി തൊട്ടിൽപാലം റോഡ്. ഈ റോഡിൻെറ ഒന്നാം ഘട്ടം പ്രവൃത്തി ഇതിനകം പൂർത്തിയായിട്ടുണ്ട്. ഒന്നാം ഘട്ടം പൂർത്തിയായപ്പോൾ ബഹുമാനപ്പെട്ട മന്ത്രി അവിടെ വരികയും അതിൻെറ ഉദ്ഘാടന കർമ്മം നിർവ്വഹിക്കുകയും ചെയ്തു. ഒന്നാംഘട്ടം പ്രവൃത്തി പൂർത്തിയാക്കി. രണ്ടാംഘട്ടം പ്രവൃത്തി തുടങ്ങുന്നതിനുള്ള പ്രത്യേകാനുമതി ഈ റോഡിന് ഇതുവരെ ലഭിച്ചിട്ടില്ല. മൊത്തം റോഡിന് നേരത്തെ തന്നെ ഭരണാനുമതി ലഭിച്ചിട്ടുള്ളതാണ്. പക്ഷേ രണ്ടാം ഘട്ടത്തിന് സ്പെഷ്യൽ സാംഗ്ഷൻ ലഭിക്കുന്നതിനാവശ്യമായിട്ടുള്ള എല്ലാവിധ സാങ്കേതിക ഉപദേശങ്ങളും ഡിപ്പാർട്ടുമെൻറിൽ നിന്ന് ഗവൺമെൻറിന് നൽകിയിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അത് വളരെ പിന്നോക്കം നിൽക്കുന്ന ഒരു പ്രദേശമാണ്. എം. എൽ. എ. ആയ എനിക്ക് ആ പ്രദേശത്ത് പോകാൻ പററുന്നില്ല. അങ്ങോട്ട് വരണ്ട എന്നാണ് ആളുകൾ പറയുന്നത്. ബഹുമാനപ്പെട്ട മന്ത്രിക്ക് ഇതൊക്കെ അറിയാവുന്നതാണ്. സ്പെഷ്യൽ സാംഗ്ഷൻ നൽകുന്നതിനും സാങ്കേതിക അനുമതി നൽകുന്നതിനും ടെണ്ടർ വിളിക്കുന്നതിനും അനുവാദം നൽകാൻ അങ്ങ് പ്രത്യേകം ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. പി. കെ. കെ. ബാവ) : ബഹുമാനപ്പെട്ട മെമ്പർ പറയുന്നതുപോലെ വളരെ പിന്നോക്കം നിൽക്കുന്ന ഒരു പ്രദേശമാണ് അത്. നാദാപുരത്തിൻെറ പിന്നോക്കാവസ്ഥ മാററിയെടുക്കുന്നതിന് ഈ ഗവൺമെൻറ് വന്നതിനുശേഷം വളരെ കാര്യമായ പങ്കുവഹിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

എന്നുള്ള വസ്തുത ബഹുമാനപ്പെട്ട മെമ്പറെ ഓർമ്മപ്പെടുത്തുകയാണ്. ഇതു എം. എൽ. എ. റോഡാണ്. എം. എൽ. എ. റോഡിനെ സംബന്ധിച്ചിട ത്തോളം ഒരു റീച്ച് പൂർത്തിയായിക്കഴിഞ്ഞാലേ അടുത്ത റീച്ചിനു സ്പെഷ്യൽ സാംഗ്ഷൻ നൽകൂ. ഏതായാലും അതു പൂർത്തിയാകും. ഇപ്പോൾ സ്പെഷ്യൽ സാംഗ്ഷനുള്ള പ്രൊപ്പോസൽ വന്നു കഴിഞ്ഞിരിക്കുന്നു. അതു ഗവൺമെൻറ് തലത്തിൽ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. പരിശോധന കഴിഞ്ഞാലുടൻ പണി ആരംഭിക്കും.

പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രി (ശ്രീ. പന്തളം സുധാകരൻ) : സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. റൂൾ 304 അനുസരിച്ചാണ് അങ്ങ് സബ്മിഷൻസ് അനുവദിക്കുന്നത്. സബ്മിഷൻ അനുവദിക്കുന്നതിന് അങ്ങേക്ക് സബ്മിഷൻ ലിസ്റ്റിൽ എവിടെ നിന്നും, മുകളിൽ നിന്നും താഴെനിന്നും എങ്ങനെ വേണമെങ്കിലും എപ്പോൾ വേണമെങ്കിലും അംഗങ്ങളെ വിളിക്കാൻ നിയമപരമായി അധികാരമുണ്ട്. അതിനെ ചോദ്യം ചെയ്യുന്നത് ഉചിതമല്ല.

## (11) കൊട്ടിയൂർ ബോയ്സ് ടൗൺ റോഡിന്റെ പണി

ശ്രീ. കെ. രാഘവൻ മാസ്ററർ : സർ, കൊട്ടിയൂർ ക്ഷേത്രം വളരെ പ്രസിദ്ധമാണ്. ആ കൊട്ടിയൂർ ക്ഷേത്രത്തിൽ പോകുന്നതിനും അതുപോലെ പ്രധാനപ്പെട്ട രണ്ടു ജില്ലകളായ വയനാട്, കണ്ണൂർ ജില്ലകളെ ബന്ധപ്പെടുത്തുന്നതുമാണ് എന്റെ എം. എൽ. എ. റോഡായ കൊട്ടിയൂർ ബോയിസ് ടൗൺ റോഡ്. ഈ റോഡിന്റെ ആദ്യഘട്ടം മൂന്നു കിലോമീററർ 1988-ൽ തന്നെ പൂർത്തിയാക്കി. ആ മൂന്നു കിലോമീററർ പണി കഴിഞ്ഞതിനുശേഷം ബഹുമാനപ്പെട്ട ടി. കെ. ഹംസ സാഹിബ് മന്ത്രിയായിരുന്നപ്പോൾ ആ നാലു കൊല്ലവും ഒരിഞ്ചുപോലും റോഡ് ഉണ്ടാക്കിയിട്ടില്ല. ഇപ്പോൾ ആ റോഡിന്റെ ബാക്കിയുള്ള മൂന്നു കിലോമീറററിന്റെ പണി വളരെ ത്വരിതഗതിയിൽ ആരംഭിച്ചിട്ടുണ്ട്. ആ റോഡിൽ 3 കിലോമീററർ പണി ചെയ്യാൻ 5 കോടി രൂപ എസ്ററിമേററ് ഇട്ടിരിക്കുന്നു. അത് എവിടെയെങ്കിലും കേട്ടിട്ടുണ്ടോ? ആ മൂന്നു കിലോമീറററിന് 5 കോടി രൂപ എസ്ററിമേററുണ്ടാക്കിയാൽ എങ്ങനെയാണ് പ്രാവർത്തികമാക്കാൻ സാധിക്കുക. ബഹുമാനപ്പെട്ട മന്ത്രിക്ക് ആ കാര്യത്തിൽ വളരെ താൽപ്പര്യമുണ്ടെന്ന് എനിക്കറിയാം. മാനന്തവാടിയിൽ നിന്ന് കൊട്ടിയൂരേക്ക് ഒന്നരമണിക്കൂർ യാത്ര ചെയ്യണം. പക്ഷേ ഈ റോഡ് പൂർത്തിയായി വന്നുകഴിഞ്ഞാൽ അര മണിക്കൂർ കൊണ്ട് എത്താം. ഒരു ചുരം പോലെ അഗാധതയിൽനിന്നും കെട്ടിപ്പൊക്കാനാണ് ഈ 5 കോടി രൂപ വേണ്ടി വരുന്നത്. കുറച്ചുകൂടി വീതി കൂട്ടി കർവ് കുറച്ച് റോഡ് നിർമ്മിച്ചാൽ ഒരു കോടിയിൽ താഴെയുള്ള തുകയിൽ ആ റോഡിന്റെ എസ്ററിമേററ് തയ്യാറാക്കാൻ സാധിക്കും. ഈ ഗവൺമെൻറിന്റെ കാലത്ത് നിർബന്ധമായും ഈ റോഡിന്റെ പണി പൂർത്തിയാക്കുന്നതിനുവേണ്ടി നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി. കെ. കെ. ബാവ) : സർ, ഇത് ഒരു എം. എൽ. എ. റോഡ് എന്നുള്ള നിലയിൽ ഗവൺമെൻറ് എല്ലാ പരിഗണനയും നൽകിയിട്ടുണ്ട്. മെമ്പർ പറഞ്ഞതുപോലെ ഇതിന്റെ ആദ്യ റീച്ചിന്റെ പണി പൂർത്തിയായിക്കഴിഞ്ഞു. രണ്ടാം റീച്ചിന്റെ പ്രശ്നം എന്താണെന്നു പറഞ്ഞാൽ അവിടെ നേരത്തെ നിശ്ചയിച്ച അലൈൻമെൻറ് അനുസരിച്ചു വലിയ ഉയരമുണ്ട്. കൂട്ടത്തിൽ കൊടും വളവുകളാണ്.



LIBRARY ARCHIVES Kerala Legislative Assembly

അങ്ങനെയാണ് ഒരു പ്രത്യേക സാഹചര്യത്തിൽ അലൈൻമെൻറ് മാററുന്നതിനെ കുറിച്ച് ആലോചിക്കേണ്ടിവന്നത്. അലൈമെൻറ് മാററി. പക്ഷെ അതു വനഭൂമിയിലൂടെയാണ് കടന്നുപോകേണ്ടിയിരിക്കുന്നത്. വനഭൂമി ഇതുവരെ പി. ഡബ്ലിയു. ഡി. ക്ക് ലഭ്യമായിട്ടില്ല. അതുകൊണ്ടു പണിതുടങ്ങാൻ സാധിച്ചിട്ടില്ല. ഭൂമിയില്ലാതെ അന്തരീക്ഷത്തിലൂടെ റോഡ് പണിയുന്ന ഏർപ്പാട് ഇപ്പോൾ ഇല്ലന്നുള്ളതുകൊണ്ട് ഭൂമി ലഭ്യമാക്കുന്നതിനുള്ള എല്ലാ നടപടിയും ബഹുമാനപ്പെട്ട എം. എൽ. എ. യുടെ കൂടെ സഹകരണത്തോടു കൂടി ഗവൺമെൻറ് നടത്തുന്നതാണ്.

## (12) വാമനപുരം വെള്ളുമണ്ണടി പാലം

ശ്രീ. കൊലിയക്കോട് എൻ. കൃഷ്ണൻ നായർ : സർ, എൻെറ നിയോജകമണ്ഡലത്തിലെ എം. എൽ. എ. റോഡാണ് ആറാന്താനം-വെള്ളുമണ്ണടി-കുററിമൂട്-പിരപ്പൻകോട് റോഡ്. 1983-ൽ അതിനു എ. എസ്. കൊടുത്തതാണ്. ആ എ എസ് കൊടുത്തിട്ട് 1991-ൽ ആ റോഡിൻെറ പണി തീർന്നു. ആ റോഡിലുള്ള പാലമാണ് വെള്ളുമണ്ണടിപാലം. പാലം പണി ചെയ്യാത്തതുകൊണ്ട് ആ റോഡ് ചെയ്തിട്ട് യാതൊരു പ്രയോജനവുമില്ല. അതു നിരവധിതവണ മന്ത്രിയോടു പറഞ്ഞു മെമ്മോറാണ്ടം കൊടുത്തു. ഇതുവരെ ആ പാലം പണിതുടങ്ങാനുള്ള യാതൊരു നടപടിയും മന്ത്രിയുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല. ഫുട്ബാൾ കമൻററി പറയുന്നതുപോലെ മന്ത്രി പറയും. പണമില്ല പണത്തിൻെറ ലഭ്യതയനുസരിച്ചു ചെയ്യും എന്ന്. പല പാലങ്ങളും ചെയ്തിട്ടുണ്ട് എന്നൊക്കെ പറയും. എം. എൽ. എ. റോഡിനു മുൻഗണന ഉണ്ടെന്നാണ് മന്ത്രി ഇവിടെ പറഞ്ഞത്. 1983-ൽ എ എസ് കൊടുത്ത് 1991-ൽ പണി തീർന്ന ആ റോഡിലുള്ള പാലത്തിൻെറ പണി തുടങ്ങാൻ ഇതുവരെ മന്ത്രി നടപടി എടുത്തിട്ടില്ല എന്നു പറഞ്ഞാൽ ഇവിടെ പറഞ്ഞിട്ടു യാതൊരു കാര്യവുമില്ല. ഈ റോഡ് ഗതാഗതയോഗ്യമായാൽ കല്ലറയ്ക്ക് വെഞ്ഞാറമൂട്ടിൽ നിന്നും തിരുവനന്തപുരത്തുനിന്നും വളരെ എളുപ്പത്തിൽ എത്താൻ കഴിയും ഇതൊരു പ്രധാനപ്പെട്ട റോഡാണ്. തിരുവഞ്ചൂർ രാധാകൃഷ്ണൻ കല്യാണം കഴിച്ചിരിക്കുന്നത് അവിടെനിന്നാണ്. ശ്രീ. പാലോടു രവിയുടെ വീട് അവിടെയാണ്. ശ്രീ. ആർ. ബാലകൃഷ്ണപിള്ള ആ വഴിയാണ് പോകുന്നത്. അത്രയധികം പ്രാധാന്യമുള്ള ഒരു റോഡാണ്. ആ എം. എൽ. എ. റോഡിലെ പാലം പണി അടിയന്തിരമായി തുടങ്ങാൻ വല്ല ഏർപ്പാടുമുണ്ടോ ബഹുമാനപ്പെട്ട മന്ത്രിക്ക് അതു സംബന്ധിച്ച് എന്താണു പറയാനുള്ളത്. ആ പണി തുടങ്ങുമോ ഇല്ലയോ ഇല്ലെങ്കിൽ ഇല്ലെന്നു പറഞ്ഞാൽ മതി. തുടങ്ങുമെന്നുപറഞ്ഞിട്ട് നീട്ടിക്കൊണ്ടു പോകേണ്ട. മന്ത്രിയുടെ മറുപടി അറിയാൻ ആഗ്രഹിക്കുന്നു

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. പി. കെ. കെ. ബാവ) : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതു ശരിയാണ്. അത് എം. എൽ. എ. റോഡാണ്. അതിനാവശ്യമായ പരിഗണനയും ഈ ഗവൺമെൻറ് കൊടുക്കുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ കാശ് പ്രശ്നം തന്നെയാണ് ഇതിനു ഒരു കോടി പന്ത്രണ്ടരലക്ഷം രൂപ കണ്ടെത്തണം. ബഡ്ജററിൽ 100 രൂപ ടോക്കൺ പ്രൊവിഷൻ മാത്രമേ വച്ചിട്ടുള്ളൂ. കഴിഞ്ഞ ഗവൻമെൻറിൻെറ കാലത്ത് ഇതു ചെയ്യാൻ ശ്രമിച്ചതാണ്. പക്ഷെ ഭീമമായ തുകവേണമെന്നുള്ളതുകൊണ്ട് ഈ റോഡ് പൂർത്തിയായിട്ടും അന്ന് പാലത്തിൻെറ പണി ചെയ്യാൻ സാധിച്ചില്ല. അതുകൊണ്ടുതന്നെയാണ് ഇപ്പോഴും ചെയ്യാൻ സാധിക്കാത്തത്, ഏതായാലും ഞാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഈ സീസണിൽ ആ പാലത്തിനു ഭരണാനുമതി കൊടുക്കാം. അടുത്ത വർഷം കാശ് വന്നതിനുശേഷം വർക്കുചെയ്യുന്നതിനു നടപടി സ്വീകരിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

(13) ഷൊർണ്ണൂർ ഗവൺമെൻറ് പ്രസ്സിൻെറ ശോച്യാവസ്ഥ

ശ്രീ. കെ. ഇ. ഇസ്മയിൽ : സർ, പട്ടാമ്പി മണ്ഡലത്തിൽ പ്രവർത്തിക്കുന്ന ഗവൺമെൻറ് പ്രസ്സിനെകുറിച്ചാണ് എനിക്കു പറയാനുള്ളത്. ആ പ്രസ്സ് പാഠപുസ്തകത്തിൻെറ അച്ചടിക്കുവേണ്ടി സ്ഥാപിച്ചതാണ്. മുപ്പതുകൊല്ലത്തിലേറെയായി പ്രവർത്തിക്കുന്ന ആ പ്രസിൽ മുന്നൂറിൽപ്പരം തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്. ആ പ്രസ്സിൻെറ സ്ഥിതി ഇന്നു വളരെ ശോചനീയമാണ്. ഈ പ്രശ്നം ചർച്ച ചെയ്യുന്നതിനു വേണ്ടി ബഹുമാനപ്പെട്ട മന്ത്രിയും ഞാനും ബഹുമാനപ്പെട്ട ചന്ദ്രമോഹനനും അടക്കം പങ്കെടുത്തു ചർച്ച ചെയ്തു. ഞങ്ങൾ രണ്ടുപേരും യൂണിയൻെറ പ്രതിനിധികളും കൂടിയാണ്. അടിയന്തിരമായി ചില പരിഹാരമുണ്ടാക്കുമെന്നു ഞങ്ങൾക്കു ഉറപ്പുകിട്ടി. അവിടെ ഈ വർഷംതന്നെ രണ്ട് ഓഫ്സെററ് മെഷീൻ സ്ഥാപിക്കുന്നതിനുവേണ്ടി ബന്ധപ്പെട്ട യൂണിററും നാലു ലററർ പ്രസ്സ് മെഷീനും സ്ഥാപിക്കുന്നതിനുവേണ്ടി 50 ലക്ഷം രൂപ അനുവദിക്കാം എന്നും അടിയന്തിരമായി ആ പ്രവർത്തനം നടത്താമെന്നും 29-1-1993-ൽ ഉറപ്പുതന്നിരുന്നു. ആ ഉറപ്പുതന്നതനുസരിച്ച് ആ ജോലി അടിയന്തിരമായി പൂർത്തിയാക്കണം. അവിടെ ഫോറങ്ങൾ വർഷങ്ങളായി കെട്ടിക്കിടക്കുന്നു എന്നുള്ളതുകൊണ്ട് അടിയന്തിരമായി അതു മാററണമെന്ന് എത്രയോ പ്രാവശ്യം ഞാൻ ഈ സഭയിൽ ഉന്നയിച്ചിട്ടുണ്ട്. ഒരു പ്രത്യേക ഘട്ടത്തിൽ നാട്ടുകാർതന്നെ നടത്തിയ പ്രക്ഷോഭണത്തിൻെറ ഫലമായി ആ ഫോറങ്ങൾ എടുത്തു മാററുന്നില്ലെങ്കിൽ അതു മുഴുവൻ ജനങ്ങൾ തീവച്ചു നശിപ്പിക്കുമെന്ന നിലയിൽ വന്നതാണ്. ഇപ്പോഴും ആ ഫോറങ്ങൾ അവിടെനിന്നും മാററാൻ സാധിച്ചിട്ടില്ല. ആ ഫോംസ് അടിയന്തിരമായി എടുത്തുമാററുന്നതിനുവേണ്ടി ഒരു പുതിയ ലോറി അനുവദിക്കാമെന്നു മന്ത്രി പറഞ്ഞതാണ്. ആ ലോറി എത്രയുംവേഗം മന്ത്രി അനുവദിക്കണം.

സർ, അവിടെ ജീവനക്കാർ താമസിക്കുന്ന ക്വാർട്ടേഴ്സ് ചോർന്ന് ഒലിക്കുന്നു. അതുകൊണ്ട് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേററ് പറഞ്ഞു ഇനി കണക്ഷൻ അവിടെ പററുകയില്ലെന്ന്. കണക്ഷൻ കട്ടുചെയ്യുന്നതിനുവേണ്ടി ഇപ്പോൾ ഇലക്ട്രിസിററി ഡിപ്പാർട്ടുമെൻറ് ഉത്തരവു നൽകിയിരിക്കുകയാണ്. ക്വാർട്ടേഴ്സിൻെറ ചോർന്നൊലിക്കുന്ന നിലയും പ്രസ്സിലെ കെട്ടിടങ്ങൾ നശിപ്പിക്കുന്ന നിലയിലുള്ള ചോർച്ചയും അവസാനിപ്പിക്കാൻ അററകുററപ്പണികൾ നടത്തണം. അവിടെ ഒന്നുരണ്ടു എഗ്രിമെൻറുണ്ടായത് നാളിതുവരെ നടപ്പിലാക്കിയിട്ടില്ല' നടപ്പിലാക്കണം. അവിടെ കാലപ്പഴക്കം ചെന്ന മെഷീനാണുള്ളത്. ആ മെഷീൻെറ out-turn പുനർനിർണ്ണയം ചെയ്യാം എന്ന് ഗവൺമെൻറു ബന്ധപ്പെട്ട ഡിപ്പാർട്ടുമെൻറും സമ്മതിച്ചതാണ്. ഇതുവരെ ഉണ്ടായിട്ടില്ല. അതുപോലെതന്നെ ഷിഫ്ററ് സംപ്രദായം ഏർപ്പെടുത്തുമെന്ന ഉറപ്പ് പാലിക്കപ്പെട്ടിട്ടില്ല. അവിടെ ചില ഒഴിവുകൾ നികത്താനുണ്ട്. ഗവൺമെൻറ് ജീവനക്കാർക്ക് നൽകുന്നതുപോലെ പ്രസിലെ ജോലിഭാരവും അദ്ധ്വാനഭാരവും കണക്കിലെടുത്ത് പ്രസിലെ ജീവനക്കാർക്കും ബോണസ് നൽകുന്നതിനുവേണ്ടി ഗവൺമെൻറ് തയ്യാറാകണം. ഇത്രയും കാര്യങ്ങളാണ് എനിക്കു പറയാനുള്ളത്.

എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ആർ. രഘുചന്ദ്രബാൽ) : സർ, ബഹുമാനപ്പെട്ട മെമ്പർ ഇസ്മയിൽ പറഞ്ഞത് പൂർണ്ണമായും ശരിയാണ്. ബഹുമാനപ്പെട്ട ഇസ്മയിലും ചന്ദ്രമോഹനനും ആവശ്യപ്പെട്ടതിൻെറ അടിസ്ഥാനത്തിൽ സ്ഥലത്തുപോയി പരിശോധിച്ചതാണ്. അദ്ദേഹം പറഞ്ഞ ബുദ്ധിമുട്ടുകൾ ശരിക്കും യാഥാർത്ഥ്യമാണ്. ഒന്നു രണ്ടു പുതിയ മെഷീനുകൾ വേണമെന്നും കൂടാതെ അവിടെ കെട്ടിക്കിടക്കുന്ന പേപ്പറുകൾ റിമൂവ്

ചെയ്യാൻ ലോറിവേണമെന്നും പറയുകയുണ്ടായി. അവിടെ കാർട്ടേഴ്സ് കൈകാര്യം ചെയ്യാൻ ലോറി കഷ്ടിച്ചാണ്. അതിനുള്ള മെയിൻറനൻസ് നടത്തണം, തുടങ്ങിയ നിരവധി കാര്യങ്ങൾ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിക്കുകയുണ്ടായി. അദ്ദേഹം 50 ലക്ഷം രൂപ ഈ പ്രസ്സിനുവേണ്ടി അനുവദിച്ചുവെന്ന് പറഞ്ഞത് ശരിയല്ല. കേരളത്തിലെ എല്ലാ ഗവൺമെൻറ് പ്രസ്സിൻേറയും പുതിയ മെഷീനറി വാങ്ങിക്കുന്നതിനുവേണ്ടി 50 ലക്ഷം രൂപയാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. പക്ഷേ ഞാൻ അവിടെ നേരിട്ടുപോയി മനസ്സിലാക്കി, അവിടെയുള്ള പ്രായോഗിക ബുദ്ധിമുട്ട് ബോദ്ധ്യപ്പെട്ടു. 50 ലക്ഷം രൂപ എല്ലാ പ്രസ്സിനുംകൂടി ചെലവഴിക്കേണ്ടിവന്നാൽ ഒരു ചെറിയ എമൗണ്ടു മാത്രമേ ഷൊർണ്ണൂർ പ്രസ്സിൽ യൂട്ടിലൈസ് ചെയ്യാൻ കഴിയുകയുള്ളൂ. പക്ഷേ അവിടെയുള്ള ബുദ്ധിമുട്ട് പരിഗണിച്ച് അവ ബോദ്ധ്യപ്പെട്ടതിൻെറയും അടിസ്ഥാനത്തിൽ 20.15 ലക്ഷം രൂപ, അതായത് മേജർ പോർഷൻ എമൗണ്ട് ചെലവഴിച്ചുകൊണ്ട് ഓഫ്സെററ് മെഷീനുകളും അനുബന്ധയൂണിററുകളും സ്ഥാപിക്കാനുള്ള നടപടികൾ വളരെ പെട്ടെന്നു സ്വീകരിക്കുന്നതാണ്. ഗവൺമെൻറ് പ്രസ്സിൻെറ വകയായി രണ്ടു ലോറികളാണുള്ളത്. ഒരു ലോറി വർക്കുഷോപ്പിലായിരുന്നു. മറെറാന്നു ഓടാത്ത നിലയിലായിരുന്നു. ഫൈനാൻസിൻെറ അനുവാദം കിട്ടാത്തതുകൊണ്ടുള്ള സാമ്പത്തിക ബുദ്ധിമുട്ടുകളാണുണ്ടായിരിക്കുന്നത്. ഒരിക്കൽ ഒരു ലോറി അയച്ചു അത് പകുതിവഴിവന്നപ്പോൾ കിടന്നുപോയി. ഇപ്പോൾ ഒരു ലോറി മെയിൻറനൻസ് പൂർത്തിയായി അവിടെയുള്ള പേപ്പർ റീമൂവുചെയ്യുന്നതിനുവേണ്ടി പ്രത്യേകമായി അയച്ചുകൊടുത്തിട്ടുണ്ട്. പെട്ടെന്ന് അവ റീമൂവു ചെയ്യുന്നതാണ്.

അതുപോലെതന്നെ കാർട്ടേഴ്സിൻെറ കാര്യം പറഞ്ഞു. കാർട്ടേഴ്സിൻെറ കാര്യത്തിൽ നാലുലക്ഷം രൂപയുടെ എസ്ററിമേററാക്കെ തയ്യാറാക്കിയിട്ടുണ്ട്. അതിൻെറ അനുമതിക്കുവേണ്ടിയുള്ള ശ്രമം ആരംഭിക്കുകയാണ്. വേറെ നിരവധി പ്രശ്നം അദ്ദേഹം സൂചിപ്പിക്കുകയുണ്ടായി. ഞാൻ അദ്ദേഹത്തേയും കൂടിയിരുത്തി ഒരു കോൺഫറൻസ് നടത്തിയതാണ്. പക്ഷേ ഇതിൽ എന്തെങ്കിലും നടപടികൾക്ക് കാലതാമസമുണ്ടാകുകയാണെങ്കിൽ അത് ചൂണ്ടിക്കാണിച്ചാൽ രണ്ട് എം. എൽ. എ. മാരേയും ഇരുത്തി ഇതിൽ എന്തെങ്കിലും ഡിലേ വന്നിട്ടുണ്ടോയെന്നു പരിശോധിച്ച് വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

## (14) കുണ്ടറ ലക്ഷ്മി സ്റ്റാർച്ച് ഫാക്ടറി

**ശ്രീമതി അൽഫോൺസാ ജോൺ :** സർ, 50 വർഷത്തിലേറെ പ്രവർത്തന പാരമ്പര്യമുള്ള കുണ്ടറയിലെ ലക്ഷ്മി സ്ററാർച്ച് ഫാക്ടറി കമ്പനിയുടെ ദൗർലഭ്യം മൂലം 10-7-1992 മുതൽ ലോക്കൗട്ടിലായിരുന്നു. പലവട്ട ചർച്ചകൾക്കുശേഷം ഇന്നലെ ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടന്ന ചർച്ചയിൽ മാനേജുമെൻറ് സി. എൽ. ആർ. ൻെറ നേതൃത്വത്തിൽ വെജിററബിൾ റാനിൻ ആൻറ് എക്സ്ട്രാക്ഷൻ പ്ലാൻറ് തുടങ്ങാമെന്ന് സമ്മതിച്ചിട്ടുണ്ട്. അതിനാവശ്യമായ അസംസ്കൃത പദാർത്ഥം നൽകാൻ ഗവൺമെൻറിൻെറ ഭാഗത്തുനിന്ന് നടപടിയുണ്ടാകണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

**തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. എൻ. രാമകൃഷ്ണൻ) :** സർ, കുണ്ടറയിലെ ലക്ഷ്മി സ്ററാർച്ച് ഫാക്ടറി കുറെ വർഷങ്ങളായി അടഞ്ഞുകിടക്കുക

ആയിരുന്നു. അവിടെ ഗ്ലൂക്കോസാണു നേരത്തെ ഉൽപ്പാദിപ്പിച്ചുകൊണ്ടിരുന്നത്. അതിനാവശ്യമായ കപ്പ നമുക്ക് ലഭ്യമല്ലാത്തതുകൊണ്ട് അത് ലാഭകരമായി പ്രവർത്തിക്കാൻ കഴിയുന്നില്ലെന്നു പറഞ്ഞുകൊണ്ടാണ് അടച്ചുപൂട്ടിയത്. മാനേജുമെൻറ് പുതിയ ഒരു പ്രൊപ്പോസൽ തൊഴിലാളികളുടെ മുൻപിൽവച്ചു, ഗ്ലൂക്കോസ് ഉൽപ്പാദനം മാററി സസ്യ ടാനിൻ ഉല്പാദിപ്പിക്കാനുള്ള നിർദ്ദേശമാണ് മാനേജുമെൻറ് തൊഴിലാളിയുടെ മുൻപിൽ സമർപ്പിച്ചത്. ആ നിർദ്ദേശം തൊഴിലാളികൾ അംഗീകരിക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ ഇന്നലെ ഈ പ്രശ്നം ഒത്തുതീർന്നിട്ടുണ്ട്. ഈ തിങ്കളാഴ്ചയോട്ട് ഈ ഫാക്ടറി തുറന്നു പ്രവർത്തനം ആരംഭിക്കും.

(15) കനോലി കനാലിൽനിന്നും മണ്ണു വാരുന്നതു സംബന്ധിച്ച്

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : സർ, തൃശ്ശൂർ ജില്ലയിൽപ്പെട്ട മാള, കൊടുങ്ങല്ലൂർ നാട്ടിക, ചേർപ്പ്, മണലൂർ, ഗുരുവായൂർ മണ്ഡലങ്ങളുമായി ബന്ധപ്പെട്ടു കിടക്കുന്നതാണ് കനോലി കനാൽ. അതിൽനിന്നു വർഷങ്ങളായി ചെളിയും മണൽമട്ടും വാരി വളത്തിന്റെ ആവശ്യത്തിനു കൃഷിക്കാർക്ക് നൽകി നൂറുകണക്കിനു കുടുംബങ്ങൾ ഉപജീവനം കഴിച്ചുവരുന്നു. വർഷകാലത്ത് വെള്ളം ഒഴുകിവരുമ്പോൾ ഉണ്ടാകുന്നതാണ് മണൽമട്ട്. അത് തെങ്ങ് കൃഷിക്ക് ഏററവും പ്രധാനപ്പെട്ട വളമാണ്. എന്നാൽ കൊടുങ്ങല്ലൂരുള്ള ഒരു മൽസ്യവലവ്യാപാരി തൃശ്ശൂർ ആർ.ഡി.ഒ. ക്ക് ഒരു പരാതി കൊടുത്തു, മണൽമട്ട് വാരുന്നതു നിരോധിക്കണമെന്ന് പറഞ്ഞുകൊണ്ട്. തൃശ്ശൂർ ആർ.ഡി.ഒ. മി. സിംഗ് എന്നു പറയുന്ന ആളിനു ചെളിയും മണൽമട്ടും എന്താണെന്നു അറിയില്ല അദ്ദേഹം ബീഹാറിയാണ്. ഉടൻ അദ്ദേഹം താല്ക്കാലികമായി സ്റേറാ ചെയ്തു സ്റേറാകിട്ടിയ ഉടനെ തന്നെ മത്സ്യ വ്യാപാരി ഹൈക്കോടതിയിൽ പോയി. ഹൈക്കോടതിയോട് പറഞ്ഞു രാഷ്ട്രീയ സ്വാധീനമുപയോഗിച്ച് ആർ.ഡി.ഒ. യുടെ സ്റേറാ ഉത്തരവ് പിൻവലിക്കാൻ സാദ്ധ്യതയുണ്ട്. കോടതി ഇടപെടണമെന്ന്. അപ്പോൾ കോടതി പറഞ്ഞു താൽക്കാലികമായി ആർ. ഡി. ഒ. യുടെ സ്റേറാ ഉത്തരവ് നിലനിൽക്കട്ടെയെന്ന്. ഇതിന്റെ ഫലമായി ചെളിയും മണൽമട്ടും വാരാൻ കഴിയുന്നില്ല. ആ തൊഴിലാളികൾ പട്ടിണിയിലാണ്. കൃഷിക്കാർക്കാണെങ്കിൽ അത് വളമായി ലഭിക്കുന്നുമില്ല. നമ്മുടെ ഇറിഗേഷൻ ഡിപ്പാർട്ടുമെൻറ് മണൽ വാരുന്നതു നിരോധിച്ചതിൽ കനോലികനാൽ ഉൾപ്പെടുന്നില്ല. ഇതു ഒരു ദേശീയ ജലപാതയാണ്. ദേശീയ ജലപാതയായി അംഗീകരിച്ച് കനോലി കനാലിന്റെ ആഴവും വീതിയും വർദ്ധിപ്പിക്കണം. അത് കനാലായി വരുമ്പോൾ, ഇതിൽ പ്രത്യേകിച്ച് ബഹുമാനപ്പെട്ട ഇറിഗേഷൻ വകുപ്പുമന്ത്രി ഇടപെട്ട് ഹൈക്കോടതിയുടെ സ്റേറാ ഒഴിവാക്കുകയും ചെളിയും അതുപോലെതന്നെ മണൽമട്ടും വാരുന്നതിനു ഈ തൊഴിലാളികളെ അനുവദിക്കുന്ന നടപടിയുണ്ടാകണം. ആ കുടുംബങ്ങളെ രക്ഷിക്കണം. കൃഷിക്കാരെ സഹായിക്കണമെന്നാണ് ബഹുമാനപ്പെട്ട ഇറിഗേഷൻ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

ജലസേചന വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ, പൊന്നാനി-കൊച്ചിൻ കനാലിന്റെ ഒരു ഭാഗമാണ് കനോലി കനാൽ എന്നു പറയുന്നത്. അവിടെനിന്നു ചെളിയും മണലും പലപ്പോഴായി വാരുന്നുണ്ട്. അതുകൊണ്ട് കൃഷിക്കാർക്ക് വളരെയധികം ബുദ്ധിമുട്ടുണ്ടാകുന്നുവെന്നാണ് എനിക്കു കിട്ടിയിരിക്കുന്ന റിപ്പോർട്ട്. ഈ കനാലിന്റെ പല പ്രദേശങ്ങളിലും ആഴം കൂടുന്നതുകൊണ്ട് ജലവിതാനം താഴുന്നു. ഉപ്പുവെള്ളം കയറുന്നതിനു ആക്കം കൂട്ടുകയും ചെയ്യുന്നുണ്ട്. മാത്രമല്ല, കനാലിന്റെ കര

ഇടിഞ്ഞു തീരപ്രദേശങ്ങൾക്ക് നാശനഷ്ടം സംഭവിക്കുകയും ചെയ്യുന്നുണ്ട്, അതാണു അവർ തന്നിരിക്കുന്ന റിപ്പോർട്ടിൽ പറയുന്നത്. ഇവിടെ ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ പറഞ്ഞതുപോലെ ആർ.ഡി.ഒ. അതിനകത്ത് ഒരു ജുഡീഷ്യൽ നടപടി സ്വീകരിച്ചിട്ടുണ്ട്. ക്രിമിനൽ പ്രൊസീഡ്യൂവർ കോഡനുസരിച്ചാണ് അദ്ദേഹം നടപടി സ്വീകരിച്ചിരിക്കുന്നത്. ഇപ്പോൾ അതിന്റെ വിറ്റ്നസിനെ എക്സാമിൻ ചെയ്തുകൊണ്ടിരിക്കുകയാണെന്നാണ് കഴിഞ്ഞദിവസം ആർ ഡി.ഒ. യെ ടെലിഫോണിൽ വിളിച്ചപ്പോൾ അറിയാൻ കഴിഞ്ഞത്. മണലും ചെളിയും വാരുന്നത് പൂർണ്ണമായും നിരോധിക്കാൻ ഉദ്ദേശിക്കുന്നില്ല. ഞാൻ ഇറിഗേഷൻ വകുപ്പിലെ ഉദ്യോഗസ്ഥൻമാരോട് പറഞ്ഞിരിക്കുന്നത് ഏതെല്ലാം പ്രദേശങ്ങളിൽ നിന്ന് മണൽ വാരാൻ കഴിയുമെന്നുള്ളത് പ്രത്യേകമായി ഐഡന്റിഫൈ ചെയ്യണമെന്നാണ്. അവർ ഐഡന്റിഫൈ ചെയ്തുകഴിഞ്ഞാൽ ഉടനെതന്നെ ബന്ധപ്പെട്ട നടപടികൾ പൂർത്തിയാക്കി അതിനു പരിഹാരമാർഗ്ഗമുണ്ടാക്കാം.

## (16) കൊല്ലംകോട് പലകപ്പാണ്ടി ചെക്ക്ഡാം

ശ്രീ. ടി. ചാത്തു : സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട ഊരലമട കൊല്ലംകോട്, ഇലവഞ്ചേരി എന്നീ പഞ്ചായത്തുകളിൽ താമസിക്കുന്ന ഒരു ലക്ഷത്തോളം ആളുകൾ കുടിവെള്ളത്തിനും കൃഷിക്കും ആവശ്യമുള്ള വെള്ളത്തിനുവേണ്ടി 11 വർഷമായി പ്രക്ഷോഭസമരം നടത്തുകയാണ്. 11 വർഷമായി ആ പ്രദേശം രൂക്ഷമായ വരൾച്ചയെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയാണ്. അതിന്റെ അടിസ്ഥാനത്തിൽ 1991—92ലെ ബഡ്ജററിൽ അവിടെ പലകപ്പാണ്ടി ചെക്ക് ഡാം നിർമ്മിക്കുന്നതിനുവേണ്ടി പത്തു ലക്ഷം രൂപ വകയിരുത്തുകയുണ്ടായി. എന്നാൽ ആ വർഷം പണി തുടങ്ങിയില്ല. ഈ വർഷവും അവിടെ മഴ കുറവാണ്. അതുകൊണ്ടു രൂക്ഷമായ വരൾച്ച വരാൻ പോകുകയാണ്. മുൻഗവൺമെന്റ് തുക ബഡ്ജററിൽ ഉൾക്കൊള്ളിച്ചു എന്നുള്ളതുകൊണ്ട് അവിടത്തെ ജനങ്ങളോട് പക പോക്കരുതെന്നാണ് എനിക്കു അഭ്യർത്ഥിക്കാനുള്ളത്. അതിനാവശ്യമായ ഫണ്ട് തരാമെന്ന് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി എന്നോട് ഉറപ്പുനൽകിയിട്ടുണ്ട്. അദ്ദേഹം തരുമെന്നു ഞാൻ വിശ്വസിക്കുകയാണ്. അതിന്റെ അടിസ്ഥാനത്തിൽ ഈ വർഷം തന്നെ അതിന്റെ പണി തുടങ്ങണമെന്ന് ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രിയോടു അഭ്യർത്ഥിക്കുകയാണ്.

ജലസേചന വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ, അങ്ങനെ പക കാണിക്കാറില്ല എന്നു ബഹുമാനപ്പെട്ട മെമ്പർക്കറിയാം. അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിലെ പല കാര്യങ്ങളും ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്. പലകപ്പാണ്ടി ചെക്കുഡാമിന്റെ കാര്യത്തിൽ നേരത്തെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലായെന്നാണ് ഫയലിൽ നിന്നും എനിക്കു മനസ്സിലാകുന്നത്. എനിക്കു ലഭിച്ച മെമ്മോറാണ്ടം സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് കൊടുത്തതിന്റെ അടിസ്ഥാനത്തിൽ അവർ അതിനു ഇൻവെസ്റ്റിഗേഷൻ നടത്തിക്കൊണ്ടിരിക്കുകയാണ്. ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് കിട്ടിയ ശേഷം മാത്രമേ അനന്തര നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ. ഈ വർഷം സംസ്ഥാനത്ത് ഏററവും അത്യാവശ്യമുള്ള 44 സ്ഥലങ്ങളിൽ ചെക്കു ഡാം നിർമ്മിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു. റിപ്പോർട്ടു കിട്ടുന്ന മുറയ്ക്ക് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

# VI റിപ്പോർട്ട് സമർപ്പണം

## (1) 1993-ലെ കേരള ധനകാര്യബില്ലിനെപ്പററിയുള്ള സബ്ജക്ട്കമ്മിററി

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി) : സർ, 8-ാം സബ്ജക്ട് കമ്മിററിയുടെ ചെയർമാനായ ഞാൻ 1993-ലെ കേരള ധനകാര്യബില്ലിനെപ്പററിയുള്ള സബ്ജക്ട് കമ്മിററി റിപ്പോർട്ടും കമ്മിററി റിപ്പോർട്ടുചെയ്ത പ്രകാരമുള്ള ബില്ലും സമർപ്പിക്കുന്നു.

ശ്രീ. വർക്കല രാധാകൃഷ്ണൻ : ഈ റിപ്പോർട്ടിൻമേൽ അമൻറുമെൻറ് കൊടുക്കാനുള്ള സമയം വളരെ കുറവാണ്. ടാക്സ് പ്രൊപ്പോസൽസ് അടങ്ങുന്ന ഫിനാൻസ് ബില്ലാണ്. അതുകൊണ്ട് അമൻറുമെൻറു കൊടുക്കാനുള്ള സമയം ദീർഘിപ്പിച്ചു തരണമെന്നു അഭ്യർത്ഥിക്കുന്നു.

ശ്രീ. ഉമ്മൻചാണ്ടി : ഇത് കഴിഞ്ഞ നാലുമാസമായി നമ്മുടെ കയ്യിൽ ഉള്ള ബിൽ ആണ്. അതിലെ ക്ലാസ് എല്ലാം നമുക്കറിയാം. അതുകൊണ്ടു ദയവുചെയ്തു നിങ്ങൾ സഹകരിക്കണം. അല്ലെങ്കിൽ ഇതെല്ലാം പ്രോസസ് ചെയ്യാൻ ബുദ്ധിമുട്ടുവരും.

ശ്രീ. വർക്കല രാധാകൃഷ്ണൻ : ഇതിനകത്ത് ഒരു ചെറിയ പ്രശ്നം ഉണ്ട്. ഈ ബിൽ ഇവിടെ സർക്കുലേററ് ചെയ്തതാണ്. സർക്കുലേററ് ചെയ്തു സബ്ജക്ട് കമ്മിററിക്കുപോയി. സബ്ജക്ട് കമ്മിററിയിൽ ആൾട്ടറേഷനും ഭേദഗതിയും വന്നിട്ടുണ്ട്. ഭേദഗതിയിൻമേൽ ഡിസെൻറ് ഉണ്ട്. ഇതെല്ലാം നോക്കിയിട്ടുവേണം അമെൻറുമെൻറ് കൊടുക്കാൻ. ധനകാര്യമന്ത്രി പറഞ്ഞതുപോലെ അത്ര സിംപിൾ അല്ല മാററർ. നാലുമാസമായി സർക്കുലേഷനിലിരുന്ന ബിൽ അല്ല ഇപ്പോൾ വരുന്നത്. ഇപ്പോൾ വരുന്ന ബില്ലിൽ കാര്യമായ പല മാററങ്ങളുമുണ്ട്. ഉദാഹരണമായി ട്രേഡ് രജിസ്ട്രേഷനെ സംബന്ധിച്ചും സെയിൽസ് ടാക്സിനെ സംബന്ധിച്ചും ഡിസ്പ്യൂട്ട് ഉള്ളതാണ്. ഇതെല്ലാം ക്രോഡീകരിച്ച് അമെൻറുമെൻറ് കൊടുക്കണം.

ജലസേചന വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ, സബ്ജക്ററ് കമ്മിററി റിപ്പോർട്ട് ചെയ്തിരുന്ന ബില്ലിനകത്ത് അമൻറുമെൻറ് വളരെ കുറച്ചുമാത്രമേ ഉള്ളൂ. ബാക്കി മുഴുവൻ ഏപ്രിൽമാസം സർക്കുലേററ് ചെയ്ത ബില്ലിനകത്തുള്ളതുതന്നെയാണ്. നിയമനിർമ്മാണ നടപടികൾ പൂർത്തീകരിക്കാനുള്ള സമയം വേണ്ടത്ര ആവശ്യമായതുകൊണ്ടാണ് ധനകാര്യ മന്ത്രി ഇങ്ങനെ പറഞ്ഞത്. മെമ്പർമാർക്കു രണ്ടുമണിക്കൂർകൊണ്ട് എഴുതി കൊടുക്കാവുന്നതേ ഉള്ളൂ. ഇതിൽ ആദ്യത്തെപേജിൽ മാത്രമേ അമൻറുമെൻറ് ഉള്ളൂ. കൂടുതൽ സമയത്തിൻെറ ആവശ്യമുണ്ടെന്നു എനിക്കു തോന്നുന്നില്ല.

ശ്രീ. ഉമ്മൻചാണ്ടി : പത്തുമണിവരെ എന്നുള്ളതു അംഗീകരിച്ചാൽ കൊള്ളാം. അല്ലെങ്കിൽ അങ്ങു പറഞ്ഞതിൻെറ പേരിൽ നാളെ പതിനൊന്നു മണിവരെ സമയം കൊടുക്കാം.

മി: ഡെപ്യൂട്ടി സ്പീക്കർ : തെരഞ്ഞെടുക്കുന്നതു പതിനൊന്നു മണിക്കാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വർക്കല രാധാകൃഷ്ണൻ : പതിനൊന്നു മണിവരെ എന്നു പറയുന്നത് നറുക്കെടുപ്പാണ്. ഇതു നറുക്കെടുപ്പുള്ള ബിൽ അല്ല. ക്ലാസ് ബൈ ക്ലാസിൽ നറുക്കെടുപ്പില്ല. കൊടുക്കുന്ന എല്ലാ അമെൻറുമെൻറും സ്വീകരിക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ : എല്ലാം മനസ്സിലാക്കിക്കൊണ്ടാണ് പറഞ്ഞത്. പതിനൊന്നുമണിവരെ സമയം തരാം.

ശ്രീ. വർക്കല രാധാകൃഷ്ണൻ : പതിനൊന്നുമണിക്കു നറുക്കെടുപ്പാണ്.

ശ്രീ. ഉമ്മൻ ചാണ്ടി : അല്ലല്ല. മൂന്നുമണിക്കാണു നറുക്കെടുപ്പ്. ജനറൽ അമൻറുമെൻറു മൂന്നു മണിവരെ കൊടുക്കാം. ക്ലാസ് ബൈ ക്ലാസിൽ ആണ് പത്തുമണി എന്നുള്ളത് പതിനൊന്നുമണിവരെ. ദയവു ചെയ്തു സഹകരിക്കണം.

## (2) തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തെക്കുറിച്ച് അന്വേഷിച്ച നിയമസഭാ സമിതിയുടെ ഇടക്കാല റിപ്പോർട്ട്

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. ആർ. രാമചന്ദ്രൻ നായർ) :തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തെക്കുറിച്ച് അന്വേഷിക്കുന്നതിന് നിയുക്തമായ നിയമസഭാ സമിതിയുടെ ഇടക്കാല റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

ശ്രീ. സത്യൻ മൊകേരി : സർ, ആരോഗ്യ വകുപ്പുമന്ത്രി ഇടക്കാല റിപ്പോർട്ടാണു സമർപ്പിച്ചത്. ഈ സഭയിൽ നടന്നിട്ടുള്ള ചർച്ചയുടെ അടിസ്ഥാനത്തിൽ ഏറ്റവും പ്രധാനപ്പെട്ട വിഷയമെന്നുള്ള നിലയിലാണ് നിയമസഭാ കമ്മിററിയെക്കൊണ്ട് അന്വേഷിപ്പിച്ചത്. ഈ സഭയിൽ ഒരുപാട് റിപ്പോർട്ടുകൾ വയ്ക്കാറുണ്ട്. ആ റിപ്പോർട്ടുകൾ പോലെ ഈ റിപ്പോർട്ടും ആകാൻ പാടില്ല. ഈ ഇടക്കാല റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ തന്നെ നടപടികളുണ്ടാകേണ്ടതായിട്ടുണ്ട്. അതുപോലെതന്നെ കോഴിക്കോട് മാനസികരോഗാശുപത്രിയുടെ സ്ഥിതിയും പരാമർശിച്ചിട്ടുള്ളതാണ്. അത് വളരെ ശ്രദ്ധയോടുകൂടി കൈകാര്യം ചെയ്യേണ്ടതായിട്ടുണ്ട്. അതുകൊണ്ട് അടിയന്തിര നടപടികൾ സ്വീകരിക്കണമെന്നു ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയോടു അഭ്യർത്ഥിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള) : ഈ സഭയിലൊരു കീഴ്വഴക്കമുണ്ട്. ഒരു റിപ്പോർട്ടും ഇങ്ങനെ ഈ സഭയിൽ ചർച്ച ചെയ്യാറില്ല. ബി.എ.സി. ഇത് ചർച്ച ചെയ്യാൻ സമയം നിശ്ചയിച്ചാൽ ചർച്ച ചെയ്യാം. ഈ സഭയിൽ സമർപ്പിക്കുന്ന ഏതു റിപ്പോർട്ടും ചർച്ച ചെയ്യാം. പക്ഷെ സമയം കണ്ടുപിടിക്കേണ്ടത് ബി.എ.സി. ആണ്. ബി.എ.സി. സമയം നിശ്ചയിക്കുമെങ്കിൽ ചർച്ച ചെയ്യാം. അതാണ് നമ്മുടെ കീഴ്വഴക്കം.

## (3) പബ്ലിക് അക്കൗണ്ട്സ് കമ്മിററി റിപ്പോർട്ട്

ശ്രീ. ടി. കെ. ഹംസ : പി. എസ്. സി. യുടെ ചെയർമാനായ ഞാൻ സമിതിയുടെ 65 മുതൽ 72 വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

## VII ധനകാര്യം

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): 1993–94 സാമ്പത്തിക വർഷത്തേക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റുമെന്റ് ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

## VIII അനൗദ്യോഗികാംഗങ്ങളുടെ കാര്യം

(1) റിപ്പോർട്ട് പരിഗണന അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ പത്തൊൻപതാമത് റിപ്പോർട്ട്

ശ്രീ. കെ. സി. ജോസഫ്: സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ പത്തൊൻപതാമത് റിപ്പോർട്ട് പരിഗണിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. സി. ചെറിയാൻ: ഞാൻ പിന്താങ്ങുന്നു.

(റിപ്പോർട്ട് സഭ അംഗീകരിച്ചു)

(2) പ്രമേയങ്ങൾ:

(i) മയക്കുമരുന്നുവിരുദ്ധ ബോധവൽക്കരണം (1993 ജൂലായ് 9-ാം തീയതി ശ്രീ. ടി. വി. ചന്ദ്രമോഹൻ അവതരിപ്പിച്ചത്)

(ചർച്ച തുടർച്ച)

ശ്രീ. എം. ജെ. സക്കറിയ: ശ്രീ. ടി. വി. ചന്ദ്രമോഹൻ ഇവിടെ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു. മയക്കുമരുന്നിന്റെ സ്വാധീനവും അതിന്റെ ഉപയോഗവും മററു ഒരു ഘട്ടത്തിലും ഇല്ലാത്തവണ്ണം വളരെ വിപുലമായിരിക്കുകയാണ്. ഇതിനു പ്രധാനമായും അടിമപ്പെട്ടിരിക്കുന്നതു നമ്മുടെ ചെറുപ്പക്കാരാണ്. കോളേജു കാമ്പസുകളിലും അതുപോലെതന്നെ തൊഴിൽ മേഖലകളിലും ഇന്ന് മയക്കുമരുന്നിന്റെ വ്യാപാരം വളരെ വിപുലമായ തോതിൽ നടക്കുന്നുണ്ട്. ഇതിനു അടിമപ്പെട്ട ആളുകൾ പ്രാകൃതരായ മനുഷ്യരായി മാറുന്ന ഒരു സ്ഥിതിവിശേഷമാണ് ഇന്ന് സംജാതമായിട്ടുള്ളത്. സംസ്ഥാനത്ത് ഇന്നു Narcotic Drugs and Psychotropic substances Act നിലവിലുണ്ട്. പക്ഷേ ഈ നിയമം വളരെ കർശനമായി പാലിക്കപ്പെടുന്നില്ല എന്നതാണ് ഏറെ ദുഃഖകരമായ ഒരു വസ്തുത. ഇപ്പോൾ കഞ്ചാവു ചെടി നടുന്നത് നോക്കേണ്ട ചുമതല ഫോറസ്ററ് അധികാരികൾക്കാണ്. അത് കൊണ്ടുപോകുന്നത് തടയേണ്ട ചുമതല എക്സൈസ് വകുപ്പിനാണ്. ഇതിന്റെ വ്യാപനം തടയേണ്ട ചുമതല പോലീസുകാർക്കാണ്. ഇതിന് അഡിക്ററ് ആയി വീണാൽ അവരെ സംരക്ഷിക്കേണ്ട ബാദ്ധ്യത സാമൂഹ്യ പ്രവർത്തകർക്കാണ് എന്ന രീതിയിലാണ് ഇന്ന് നമ്മുടെ സംസ്ഥാനത്തിന്റെ സംവിധാനം നിലവിലുള്ളത്. ചെറുപ്പക്കാരുടെ ഇടയിൽ മയക്കുമരുന്നിന്റെ ഉപയോഗംമൂലം ഉണ്ടാകുന്ന ഭവിഷ്യത്തുകളെക്കുറിച്ച് ബോധവൽക്കരിക്കാനുള്ള ശ്രമം ഇന്നു നമ്മുടെ സംസ്ഥാനത്ത് വലിയ അളവോളം നടക്കുന്നില്ല എന്നത് നിർഭാഗ്യകരമാണ്. നമ്മുടെ സ്കൂൾ



LIBRARY ARCHIVES Kerala Legislative Assembly

വിദ്യാർത്ഥികളുടെ ഇടയിൽ ഏറെ സ്വാധീനം ചെലുത്തുന്ന മയക്കുമരുന്നുകളുടെ അപകടാവസ്ഥയെക്കുറിച്ച് സ്കൂൾ കോളേജ് കാമ്പസുകളിൽ അവരെ ബോധവൽക്കരിക്കാനുള്ള ശ്രമം നമ്മുടെ സംസ്ഥാനത്ത് ഉണ്ടാകേണ്ടതായിട്ടുണ്ട്. അതുപോലെ പെതഡിൻ, ഹെറോയിൻ, ബ്രൗൺഷുഗർ എന്നിവ വ്യാപകമായി കിട്ടുന്നുണ്ട്. വലിയ വലിയ സ്റ്റാർ ഹോട്ടലുകളുടെ മുൻപിലുള്ള ബീഡി, പാൻബീഡി കടകളിൽതന്നെ ഇത് ഇന്നു ലഭ്യമാകുന്ന ഒരു സ്ഥിതിവിശേഷമാണുള്ളത്. ഇപ്പോൾ ഒരു പുതിയസാധനം ഇറക്കുന്നുണ്ട് ചൈന വൈററ്. അതിന്റെ ഗന്ധം ശ്വസിച്ചാൽ സപ്തനാഡികളും തളർന്നുപോകും. അബോധാവസ്ഥയിൽ ആകും. പ്രാകൃതമായ ചേഷ്ടകൾ ഒക്കെ കാണിക്കുമെന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. അത്രയ്ക്ക് മാരകമായ മയക്കുമരുന്നാണ് ഇന്ന് നമ്മുടെ സംസ്ഥാനത്ത് വിപുലമായിട്ടുള്ളതു. ഇത് മയക്കുമരുന്നിന്റെ വ്യാപാരം നടത്തുന്നത് അധോലോകശക്തികളും ഒരു വിഭാഗം പോലീസ് അധികാരികളുമാണെന്നാണ് മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്. എവിടെയെല്ലാം മയക്കു മരുന്നിന്റെ വ്യാപനം ഉണ്ടോ അതിന്റെ പിന്നിലൊക്കെ വളരെ അധികൃതമായ സ്വഭാവമുള്ള ചില ഏജൻസികൾ ഉണ്ടെന്ന കാര്യം ആർക്കും മറച്ചുവയ്ക്കാൻ സാധ്യമല്ല. അത്രയ്ക്കു അപകടകരമായ സ്ഥിതിയാണ്. ഡിഅഡിക്ഷൻ സെന്ററുകൾ നമ്മുടെ സംസ്ഥാനത്ത് ഉടനീളം ആവശ്യമായി തീർന്നിരിക്കുകയാണ്. അതുപോലെ ആശുപത്രികളിൽ സൈക്യാട്രിസ്റ്റുകൾ വളരെ കുറവാണ്. പത്തു ബെഡ്ഡുകൾ എങ്കിലും ഇത്തരം മയക്കുമരുന്നിനം അടിമപ്പെട്ടിട്ടുള്ള ആളുകളെ ചികിൽസിക്കുന്നതിനുവേണ്ടി നീക്കിവയ്ക്കുകയും അവിടെ വിദഗ്ദ്ധരായ സൈക്യാട്രിസ്റ്റുകളുടെ സേവനം ലഭ്യമാക്കുകയും ചെയ്യണം. വിദേശരാജ്യങ്ങളിൽനിന്ന് ഇപ്പോൾ മയക്കുമരുന്ന് വരുന്നത് ഒരു പ്രത്യേക രൂപത്തിലാണ്. ഒരു ഡ്രോപ്പ് ബ്ലോട്ടിംഗ് പേപ്പറിൽ ഇട്ടിട്ട് ആ ബ്ലോട്ടിംഗ് പേപ്പർ ഒരു കവറിലിട്ട് ഇങ്ങോട്ടയയ്ക്കും. ആ ബ്ലോട്ടിംഗ് പേപ്പർ ദ്രവിപ്പിച്ച് പൗഡർ ആക്കി എടുത്തിട്ട് അതിനെ മയക്കുമരുന്നാക്കി മാററി അത് ആസ്വദിക്കുന്ന ഒരു വലിയവിഭാഗം ആളുകളും നമ്മുടെ സംസ്ഥാനത്തുണ്ട്. ഇതു കണ്ടുപിടിച്ച് ഇതിന്റെ ഉപയോഗം തടഞ്ഞ് നമ്മുടെ യുവാക്കളെ സംരക്ഷിക്കാനുള്ള ബാദ്ധ്യത ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഉണ്ട്. ചില പ്രദേശങ്ങൾ പ്രത്യേകിച്ച് മട്ടാഞ്ചേരി അടുത്തകാലത്തായി മയക്കുമരുന്നുവേട്ട വ്യാപകമായി നടന്ന സ്ഥലമാണ്. ഈ മയക്കുമരുന്നു നിരോധനം വന്നപ്പോൾ, അത് കിട്ടാതായപ്പോൾ ധാരാളം ചെറുപ്പക്കാർ ആത്മഹത്യ ചെയ്യാൻ ശ്രമിച്ച സംഭവം വരെ ഉണ്ടായിട്ടുണ്ട്. ചിലർ മണ്ണെണ്ണ ഒഴിച്ചു കത്തിച്ചു, ചിലർ ബ്ലേഡ്കൊണ്ട് ശരീരം വലിച്ചു കീറി, ചിലർ വണ്ടിയുടെ മുൻപിൽ എടുത്തുചാടി. അത്ര പ്രാകൃതമായ സ്ഥിതിയിൽ മനുഷ്യർ മാറുന്നു. ഈ മയക്കുമരുന്നിന് അടിമപ്പെട്ട യുവാക്കളെ ഏതു സാഹസിക പ്രവർത്തിക്കും പ്രേരിപ്പിക്കുന്ന നിലയിലാണ് കാര്യങ്ങൾ എത്തിയിരിക്കുന്നത്. ഈ യുവാക്കൾ അപകടകരമായ പ്രവർത്തനങ്ങളിൽ അല്ലെങ്കിൽ അപകടകരമായ രംഗത്തേക്ക് എത്തി ചാടാനുള്ള പ്രവണത വളർന്നുവരികയാണ്. അവരുടെ മുതുകത്ത് ഒരു ടൈം ബോംബ് വച്ചുകെട്ടി പറഞ്ഞുവിട്ടാൽ അവർ ഏതു സാഹസവും ചെയ്യും. ഇന്ത്യയിൽത്തന്നെ അത്തരം സന്ദർഭങ്ങൾ ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് വളരെ ഗൗരവമായിതന്നെ ഈ പ്രശ്നം കൈകാര്യം ചെയ്യണം. ബഹുമാനപ്പെട്ട മെമ്പർ ശ്രീ. ടി. വി. ചന്ദ്രമോഹനൻ പറഞ്ഞതുപോലെ നാർകോട്ടിക് കൺട്രോൾ ബ്യൂറോയുടെ മാതൃകയിൽ ഒരു സംവിധാനം നമ്മുടെ സംസ്ഥാനക്ക് ഏർപ്പെടുത്താനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കണം എന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ: സർ, ഇതു വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഞാൻ ഈ പ്രമേയത്തിന്റെ ഉള്ളടക്കത്തോട് പൂർണ്ണമായും യോജിക്കുന്നു. ഈ പ്രമേയത്തിൽ പറയുന്നതുപോലെ കേരളത്തിലെ ജനങ്ങളിൽ അവബോധം ഉണ്ടാക്കാൻ, ബോധവൽക്കരണ പ്രവർത്തനങ്ങൾ കൊണ്ടോ പ്രചരണ പരിപാടികൾ കൊണ്ടോ മാത്രം മയക്കുമരുന്നിന്റെ സ്വാധീനം തടയാൻ സാധ്യമല്ല. മയക്കുമരുന്നിന്റെ മേഖലയെ സംബന്ധിച്ച് പരിശോധിക്കുമ്പോഴാണ് ആപൽക്കരമായിട്ടുള്ള ഇതിന്റെ സ്ഥിതിവിശേഷം കൂടുതൽ കൂടുതൽ പുറത്തു വരുന്നത്. ഇതിന്റെ വിതരണമേഖല എന്നു പറഞ്ഞാൽ രാജ്യത്തിന്റെ, രാഷ്ട്രീയത്തിന്റെ ഉന്നത അധികാര കേന്ദ്രങ്ങളിൽ പോലും വലിയ സ്വാധീനം ചെലുത്താൻ കഴിയുന്നവരാണ് ഇത് നടത്തിക്കൊണ്ടിരിക്കുന്നത്. ഇതിന് ഒരു ഉദാഹരണമാണ് ഇൻഡ്യൻ എക്സ്പ്രസ്സിൽ വന്ന വാർത്ത. നമ്മുടെ പ്രധാനമന്ത്രി വിദേശപര്യടനത്തിനുവേണ്ടി പോകാനുള്ള വിമാനം യൂറോപ്യൻ രാജ്യങ്ങളിൽ പര്യടനം നടത്തിയതിനുശേഷം ബോംബെയിൽ തിരിച്ചെത്തിയ വിമാനമാണത്. ആ വിമാനത്തിലാണ് നമ്മുടെ പ്രധാനമന്ത്രി ശ്രീ. നരസിംഹറാവുവിന് വിദേശപര്യടനം നടത്താൻ പോകേണ്ടത്. പ്രധാനമന്ത്രി പോകുന്ന വിമാനം എന്ന് പറഞ്ഞാൽ ഏറെ പരിശോധനാ സംവിധാനങ്ങൾ ഉണ്ട്. അതിന് ലക്ഷക്കണക്കിന് രൂപ നമ്മൾ ചെലവഴിക്കുന്നുണ്ട്. ആ വിമാനം, ബോയിംഗ് 747 ബോംബെയിൽ വന്നു.

* * * * * * * *

* * * * * * * *

ഞാൻ ഇത് ചൂണ്ടിക്കാണിച്ചത് ആ കേന്ദ്രങ്ങളിലെ സ്വാധീനം കൂടി മനസ്സിലാക്കേണ്ടതുണ്ട് എന്നുള്ളതുകൊണ്ടാണ്. കേരളത്തിലെ 20 ശതമാനം ചെറുപ്പക്കാർ ഈ മയക്കുമരുന്നിന് അടിമപ്പെട്ടിരിക്കുന്നു എന്നാണ് ഒരു പഠന റിപ്പോർട്ടിൽ പറയുന്നത്.

ശ്രീ. കെ. ഇ. ഇസ്മയിൽ: തമിഴ്നാട് അതിർത്തിയായ പാലക്കാട് ജില്ലയിലെ വാളയാർ മേഖലയിലൂടെ പോലീസ് ഉദ്യോഗസ്ഥൻമാരുടെ സർക്കാർ വാഹനങ്ങളിൽ മയക്കുമരുന്നും കഞ്ചാവും ചാരായവും കടത്തിക്കൊണ്ടുപോകുന്നുവെന്ന് മാതൃഭൂമി, മലയാള മനോരമ, കേരളകൗമുദി തുടങ്ങിയ പത്രങ്ങളിൽ പല ദിവസങ്ങളിലായി വന്ന വാർത്തകൾ ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വേലി തന്നെ വിളവു തിന്നാൻ തുടങ്ങിയാൽ ഇത് നിയന്ത്രിക്കാൻ പററുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വളരെ ശരിയാണ്. ആ പത്രവാർത്തയുടെ ഫോട്ടോസ്ററാററ് കോപ്പികളാണ് എന്റെ കൈവശമുള്ളത്. ഇലക്ട്രിസിററി ബോർഡിന്റെ വാഹനങ്ങളിലും എക്സൈസ് വകുപ്പിന്റെ വാഹനങ്ങളിലുമാണ് കഞ്ചാവ്, ചരസ്സ് ഇതെല്ലാം കടത്തിക്കൊണ്ട് പോകുന്നതെന്നാണ് പത്രവാർത്തകൾ പറയുന്നത്.

.................................(ബഹളം).................................

ശ്രീ. എം. സി. ചെറിയാൻ: സർ, പോയിൻറ് ഓഫ് ഓർഡർ.........

.................................(ബഹളം).................................

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ: ഒരു മെമ്പർ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ പോയിൻറ് ഓഫ് ഓർഡർ ഉന്നയിക്കാൻ പാടില്ല എന്ന് അങ്ങു

---

*** ബഹു. സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം സഭാനടപടികളിൽ നിന്നും നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

തന്നെ ആ ചെയറിൽ ഇരുന്ന് റൂളിംഗ് നൽകിയിട്ടുണ്ട്..................
(ബഹളം)......................................................................

മി. ഡെപ്യൂട്ടി സ്പീക്കർ : ഇത് കഴിഞ്ഞ ഉടനെ വിളിക്കാം.

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : ഇടുക്കി ജില്ലയിലെ കഞ്ചാവ്, ചരസ്സ് എന്നിവയാണ് നമ്മുടെ സംസ്ഥാനത്ത് ഇന്ന് വ്യാപകമായി വിററുവരുന്നത്. സർ, പ്രധാനപ്പെട്ട പട്ടണങ്ങളിലെ പല ഹോട്ടലുകളുമായി ബന്ധപ്പെട്ട ഐസൊലേഷൻ ബാറുകളിൽ പോലും ഇന്ന് മയക്കുമരുന്ന് സുലഭമായി ലഭിക്കുന്നതിനുളള സാദ്ധ്യത ഉയർന്ന് വന്നിട്ടുണ്ട്. ഞാൻ ചൂണ്ടിക്കാണിക്കുന്നത് ഗവൺമെൻറിന്റെ വാഹനങ്ങൾ പോലും ഇതിനുവേണ്ടി വിനിയോഗിക്കുന്നു. മാതൃഭൂമി പത്രത്തിലെ ഒരു വാർത്ത ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. 'ഇടുക്കി ജില്ലയിലെ ഏററവും ഉന്നതനായ പോലീസുദ്യോഗസ്ഥൻ ഏക്കർ കണക്കിന് കഞ്ചാവ് കൃഷി ചെയ്യുന്നു. എന്നു മാത്രമല്ല ഒരേക്കർ കഞ്ചാവ് കൃഷിക്ക് 60,000 രൂപ ചെലവ് വരും. ആറ് മാസം കഴിയുമ്പോൾ വിളവെടുക്കാം. വിളവെടുക്കുമ്പോൾ ഒരേക്കറിൽ ആറു ലക്ഷം രൂപ വരുമാനമുണ്ടാകും' എന്നാണ്. എത്ര ഭീമമായ സംഖ്യയാണ് ഈ രംഗത്തെ ലാഭം ? ഇത് മാതൃഭൂമി പത്രം പറഞ്ഞതാണ്.

ശ്രീ. മാത്യു സ്ററീഫൻ : സർ, മൂന്നു വർഷം മുൻപാണ് ഈ പോലീസ് ഓഫീസർക്ക് ഇടുക്കിയിൽ കഞ്ചാവ് കൃഷി ഉണ്ടായിരുന്നത്. ആ കഞ്ചാവ് കൃഷി മുഴുവൻ ഇപ്പോൾ നശിപ്പിച്ചു എന്നുളള വിവരം ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : സർ, ബഹുമാനപ്പെട്ട മാത്യു സ്ററീഫൻ പറഞ്ഞത് ശരിയല്ല. ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം കഞ്ചാവ് മറിച്ച് വിററതിന് ഒരു ഡി.വൈ.എസ്.പി., ഒരു സി.ഐ., ഒരു എസ്.ഐ. എന്നിവരെ സസ്പെൻറ് ചെയ്യാൻ ഗവൺമെൻറ് തീരുമാനിച്ചപ്പോൾ അവരെ സംരക്ഷിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് അവർ ഇടുക്കിയിലെ ഒരു എം.എൽ.എ.യുടെ റൂമിലാണ് വന്നിരുന്നത്. ഞാൻ ഈ കാര്യം സഭയിൽ ഉന്നയിച്ചതാണ്. അല്ലാതെ മൂന്നു വർഷം മുൻപല്ല. ഐക്യജനാധിപത്യ മുന്നണി ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷമാണ് കഞ്ചാവ് കൃഷി ഇടുക്കിയിൽ വ്യാപകമായിട്ടുള്ളത് എന്നതിന് പത്രവാർത്തകൾ തന്നെ സാക്ഷിയാണ്. അതുകൊണ്ട് ഒരു പ്രമേയത്തിൽ ഒരു വാചകമെഴുതിയതുകൊണ്ടൊന്നും ഇത് പരിഹരിക്കാൻ കഴിയില്ല. ഇതിന് നടപടിയെടുക്കേണ്ടത് എക്സൈസ് വകുപ്പുമന്ത്രിയാണ്. എനിക്ക് അദ്ദേഹത്തോട് സഹതാപമുണ്ട്. അതുകൊണ്ട് എക്സൈസ് വകുപ്പു മന്ത്രിയാണ് ഇതിന്റെ ചുമതല വഹിക്കേണ്ടത്. ഞാൻ പറഞ്ഞുവരുന്നത് ഇത് പരിപൂർണ്ണമായി തടയണം. ലൈസൻസുളള ചാരായഷാപ്പുകളിൽ പോലും കഞ്ചാവ് ചേർന്ന ചാരായം നമ്മുടെ സംസ്ഥാനത്ത് വിതരണം ചെയ്യുന്നു. എക്സൈസ് ഡിപ്പാർട്ടുമെൻറിലെ ഉന്നതൻമാരായ ഉദ്യോഗസ്ഥൻമാരുടെ സഹായത്തോടും സഹകരണത്തോടും കൂടിയാണ് ഇത് ചെയ്യുന്നത്. ഞാൻ ചൂണ്ടിക്കാണിക്കുന്നത്, എക്സൈസ് ഉദ്യോഗസ്ഥൻമാർക്ക് ശമ്പളം കൊടുക്കുന്നുണ്ട്. ഒരു വർഷത്തിൽ 12 മാസത്തെ ശമ്പളമാണ് കൊടുക്കുന്നത്. കോൺട്രാക്ടർമാർ 16 മാസത്തെ ശമ്പളം അവർക്ക് കൊടുക്കുന്നു. അപ്പോൾ 16 മാസത്തെ ശമ്പളം കൊടുക്കുന്നവരോടാണോ കൂറ്, 12 മാസത്തെ ശമ്പളം കൊടുക്കുന്ന ഗവൺമെൻറിനോടാണോ അവർക്ക് കൂറ് എന്ന് മന്ത്രി ആലോചിക്കണം. അതുകൊണ്ട് ഈ രംഗത്ത് ധീരമായ നടപടി സ്വീകരിക്കാൻ കഴിവുളള എക്സൈസ് ഓഫീസർമാരിൽ സത്യസന്ധരായിട്ടുളളവരെ

LIBRARY ARCHIVES Kerala Legislative Assembly

ഈ ചുമതല ഏൽപ്പിച്ച് ഈ വിപത്തിൽ നിന്ന് നമ്മുടെ സമൂഹത്തെ, ചെറുപ്പക്കാരെ, പുതിയ തലമുറയെ സംരക്ഷിക്കാനാവശ്യമായ സത്വര നടപടിയുണ്ടാകണമെന്ന് പറഞ്ഞുകൊണ്ട് ഞാനവസാനിപ്പിക്കുന്നു.

ശ്രീ. എം. സി. ചെറിയാൻ: സർ, പോയിന്റ് ഓഫ് ഓർഡർ. യഥാർത്ഥത്തിൽ അങ്ങ് ഇവിടെ പറയാത്ത ഒരു റൂളിംഗാണ് അദ്ദേഹം ഇവിടെ ക്വാട്ട് ചെയ്തത്. അദ്ദേഹം പ്രസക്തമായ ഒരു കാര്യം ഇവിടെ പറഞ്ഞപ്പോൾ സഭയെ തെററിദ്ധരിപ്പിക്കുന്നതാണെന്ന് സഭയെ ബോദ്ധ്യപ്പെടുത്താൻ വേണ്ടിയാണ് ഞാനിത് ഉന്നയിക്കാൻ ശ്രമിച്ചത്. അങ്ങ് പറയാത്ത ഒരു റൂളിംഗിന്റെ പേരിൽ അദ്ദേഹം രക്ഷപെട്ടു. ഞാനിവിടെ പറയാനുദ്ദേശിക്കുന്നത്. നമ്മുടെ * * * * * * * * * * * * * അത് ഏത് പത്രത്തിലാണെന്നും ഏത് തീയതിയിലാണെന്നും ഒരു ബഹുമാനപ്പെട്ട മെമ്പർ ചോദിച്ചു. പക്ഷേ അത് എന്താണെന്ന് പറയാതെ, സമയമില്ലെന്ന് പറഞ്ഞുകൊണ്ട് അദ്ദേഹം രക്ഷപ്പെട്ടു. സഭാരേഖകളിൽ ഇങ്ങനെയുള്ള പരാമർശം വരുന്നത് ശരിയല്ല. അതുകൊണ്ട് അദ്ദേഹം പറഞ്ഞ ആ പ്രസക്തമായ ഭാഗം ഏതാണെന്ന് സഭയെ ബോദ്ധ്യപ്പെടുത്താനുള്ള ചുമതലയുണ്ട്. തെററാണെന്ന് ചെയറിന് ബോദ്ധ്യമുണ്ടെങ്കിൽ അത് പത്രത്തിൽ പ്രസിദ്ധീകരിക്കാനും പാടില്ല. ഇതാണ് എനിക്ക് പറയുവാനുള്ളത്.

മി. ഡെപ്യൂട്ടി സ്പീക്കർ: അദ്ദേഹം പറഞ്ഞ പേപ്പർ മേശപ്പുറത്ത് വയ്ക്കാമെന്ന് അദ്ദേഹം സമ്മതിച്ചിട്ടുണ്ട്. അത് മേശപ്പുറത്ത് വയ്ക്കും. അത് പരിശോധിക്കും.

ശ്രീ. എം. സി. ചെറിയാൻ: അത് തെററായ ഒരു പരാമർശമാണ്. അത് പത്രത്തിൽ വരാൻ പാടില്ല. ഇൻഡ്യൻ പ്രധാനമന്ത്രി സഞ്ചരിച്ചിരുന്ന വാഹനത്തിലെ കാര്യമാണ് അദ്ദേഹം പറഞ്ഞത്.

മി. ഡെപ്യൂട്ടി സ്പീക്കർ: അത് പരിശോധിച്ചിട്ട് തെററാണെന്ന് കണ്ടാൽ അത് രേഖയിൽ കാണുകയില്ല.

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ: സർ,............

മി. ഡെപ്യൂട്ടി സ്പീക്കർ: പേപ്പർ മേശപ്പുറത്ത് വച്ചാൽ മതി. ഇനി പ്രസംഗിക്കേണ്ട. പറഞ്ഞത് ഇവിടെ വച്ചാൽ മതി.

ശ്രീ. പാലോട് രവി: I am raising a point of order.

296. (1) A paper or document to be laid on the Table shall be duly authenticated by the member presenting it.

അദ്ദേഹം സമ്മതിച്ചിട്ടില്ല. പേപ്പർ എടുത്ത് കാണിച്ചിട്ടാണ് അദ്ദേഹം സംസാരിച്ചത്. അത് രേഖയിലുണ്ടാകാൻ പാടില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: അദ്ദേഹം പേപ്പർ വയ്ക്കാമെന്ന് പറഞ്ഞു.

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ: സർ, ഇവിടെ ഗവൺമെന്റ് ഫയലിൽ നിന്ന് ക്വാട്ട് ചെയ്ത്, കഴിഞ്ഞ രണ്ട് ദിവസങ്ങളിൽ സംസാരിച്ചിട്ട് ഞങ്ങൾ അതെല്ലാം മേശപ്പുറത്ത് വയ്ക്കണമെന്ന് പറഞ്ഞപ്പോൾ അതൊന്നും വയ്ക്കേണ്ടതില്ലെന്ന് ചെയറിന്റെ റൂളിംഗ് ഉണ്ടായിട്ടുണ്ട്.

** ബഹു. സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം സഭാ നടപടികളിൽ നിന്നും നീക്കംചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

രണ്ട് തരം പൗരൻമാർ സഭയ്ക്കകത്തില്ലായെന്ന് പറഞ്ഞത് ബഹുമാനപ്പെട്ട ചെയറിനറിയാമല്ലോ. അതുകൊണ്ട് ഈ പറയുന്നതൊന്നും സ്വീകരിക്കാൻ കഴിയുന്ന ഒന്നല്ല. അങ്ങനെയൊന്നും വയ്ക്കേണ്ടതുമില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : നിങ്ങാം മേശപ്പുറത്ത് വയ്ക്കാമെന്ന് പറഞ്ഞുകൊണ്ടാണ് അത് മേശപ്പുറത്ത് വയ്ക്കണമെന്നാവശ്യപ്പെടുന്നത്.

ശ്രീ. പാലോട് രവി : സഭയിൽ എന്തും പറയാമോ? രണ്ട് തരം പൗരൻമാരെ ഉണ്ടാക്കുന്നു എന്നാണ് പറഞ്ഞത്. ചെയറിനെതിരെയുള്ള അലിഗേഷനാണ്. അത് രേഖയിലുണ്ടാക്കാൻ പാടില്ല. ഈ സഭയ്ക്കകത്ത് രണ്ട് തരം പൗരൻമാരെ അങ്ങ് സൃഷ്ടിക്കുന്നു എന്നാണ് അദ്ദേഹം പറഞ്ഞത്. അത് രേഖയിലുണ്ടാകാൻ പാടില്ല(......ബഹളം)............

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : സഭയിൽ രണ്ട് തരം പൗരൻമാർ ഇല്ലായെന്നാണ് ഞാൻ പറഞ്ഞത്.

മി. ഡെപ്യൂട്ടി സ്പീക്കർ : എന്ത് സാമർത്ഥ്യമാണ് കാണിക്കുന്നത്? You place the paper here. I will examine it. അതിനാവശ്യമുള്ളത് ചെയ്യാം.

ജലസേചന വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): ഞാനൊരു കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ വായിച്ച പേപ്പറിനെ കുറിച്ചാണ് തർക്കം. അങ്ങ് അത് മേശപ്പുറത്ത് വയ്ക്കാൻ പറഞ്ഞു. അത് അവിടെ വച്ച് അവസാനിക്കുന്നു. പക്ഷേ ഇതിനകത്തെ പ്രസക്തമായ ഒരു സംഗതി. * * * * * * അങ്ങനെയൊരു പരാമർശം ഉണ്ടെങ്കിൽ അത് സഭാരേഖകളിൽ നിന്ന് നീക്കം ചെയ്യേണ്ടതാണ്. അത് സഭയുടെ അന്തസ്സിന് ചേർന്നതല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : അങ്ങനെയുള്ള പരാമർശങ്ങളൊന്നും രേഖയിൽ കാണുന്നില്ല. * * * * * * * * അങ്ങനെ പറഞ്ഞിട്ടുണ്ടെങ്കിൽ അത് രേഖയിൽ കാണുകയില്ലായെന്നേ പറഞ്ഞുള്ളു.

ശ്രീ. കെ. ഇ. ഇസ്മയിൽ : സർ, സഭയിൽ ഒരു മെമ്പർക്ക് ഒരു പേപ്പർ ഉദ്ധരിച്ചുകൊണ്ട് സംസാരിച്ചു കൂടേ? ഇൻഡ്യൻ പ്രധാനമന്ത്രിയെക്കുറിച്ചാണെങ്കിൽ പറയാൻ പാടില്ലെന്നാണോ ? ഏപ്രിൽമാസം ഇൻഡ്യൻ എക്സ്പ്രസ്സിൽ വന്ന വാർത്ത ഉദ്ധരിച്ചുകൊണ്ടാണ് ശ്രീമാൻ കൃഷ്ണൻ കണിയാംപറമ്പിൽ ഇവിടെ സംസാരിച്ചത്. പ്രധാനമന്ത്രിയെക്കുറിച്ചാണെങ്കിൽ പറയാൻ പാടില്ലെന്ന് റൂളിംഗ് ഉണ്ടോ?

മി. ഡെപ്യൂട്ടി സ്പീക്കർ : അങ്ങനെയൊരു റൂളിംഗില്ല. അദ്ദേഹം പറഞ്ഞത് ആധികാരികമായ പത്ര വാർത്തയാണ്. അത് ഇവിടെ വയ്ക്കാമെന്ന് പറഞ്ഞിരുന്നു. അത് പരിശോധിച്ചിട്ട് വ്യക്തിപരമായ ദുഃസ്സൂചനയാണെങ്കിൽ അത് നീക്കം ചെയ്യുമെന്നേ പറഞ്ഞുള്ളു.

ശ്രീ. കെ. ബാബു : അങ്ങ് രേഖ പരിശോധിക്കാമെന്ന് പറഞ്ഞു. പക്ഷേ പന്ത്രണ്ടര മണിക്കു മുൻപ് പരിശോധിച്ചിട്ട് ഇതിനെക്കുറിച്ച് റൂളിംഗ് ഉണ്ടായില്ലെങ്കിൽ ഈ പരാമർശം പത്രത്തിൽ വരും. അതുകൊണ്ട് പന്ത്രണ്ടര മണിക്ക് മുൻപ് ഇതിനെക്കുറിച്ച് റൂളിംഗുണ്ടാകണം.

---

** ബഹു: സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം സഭാനടപടികളിൽ നിന്നും നീക്കംചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. എം. മാത്യു : സർ, ടി. വി. ചന്ദ്രമോഹൻ ഇവിടെ അവതരിപ്പിച്ച പ്രമേയത്തോട് ഞാൻ പൂർണ്ണമായി യോജിക്കുന്നു. നാട്ടിലൊരു പഴഞ്ചൊല്ലുണ്ട്. 'അമ്മയെ തല്ലിയാലും രണ്ടുണ്ട് പക്ഷമെന്ന്'. പാവപ്പെട്ട യുവതലമുറയുടെ രക്ഷയെക്കുറിച്ചുള്ള ഒരു പ്രമേയം വരുമ്പോഴും അതിനകത്തും രാഷ്ട്രീയം കണ്ടെത്തുക. കുടിക്കുന്ന വെള്ളത്തിലും കഴിക്കുന്ന ആഹാരത്തിലും ശയിക്കുന്ന പായിലും രാഷ്ട്രീയം മാത്രം കാണുന്ന ശ്രീ. കൃഷ്ണൻ കണിയാംപറമ്പിലിന് * * * * * * ആ ഒരു വാക്കു തന്നെ എത്ര വിലകുറഞ്ഞ കാഴ്ചപ്പാടാണ് ഈ പ്രമേയത്തിന്റെ അന്തസത്തയോട് അദ്ദേഹത്തിനുള്ളത് എന്നതിന്റെ തെളിവാണ്. അതുകൊണ്ട് ഞാൻ ആ വാദത്തോട് യോജിക്കുന്നില്ല. നമ്മുടെ ആരോഗ്യ പരിപാലന രംഗത്തും കുടുംബക്ഷേമ രംഗത്തും ശാസ്ത്ര-സാങ്കേതിക രംഗത്തും അതുപോലെ സാക്ഷരതയിലും നാം നേടിയ നേട്ടങ്ങളെല്ലാം നമ്മുടെ വളരുന്ന തലമുറയ്ക്കുവേണ്ടി ആയിരുന്നുവെങ്കിൽ ആ തലമുറയെക്കുറിച്ച് കടുത്ത ആശങ്ക ഉളവാക്കുന്ന രീതിയിലാണ് മയക്കുമരുന്നുകളുടെ ഉപയോഗവും വിപണനവും ഇന്ന് വർദ്ധിച്ചു വരുന്നത്. അതുകൊണ്ട് ഈ രംഗത്ത് പ്രവർത്തിക്കുന്ന എല്ലാ ഏജൻസികളും അതായത് പോലീസ്, എക്സൈസ്, ആരോഗ്യ വകുപ്പ്, ധനകാര്യവകുപ്പ് എല്ലാം ചേർന്ന് ഒരു സംവിധാനമുണ്ടാക്കിക്കൊണ്ട് കർശനമായ നിയന്ത്രണം ഈ രംഗത്ത് കൊണ്ടുവരണം. നമ്മുടെ നാട്ടിലിറങ്ങുന്ന സിനിമകളിലും ടി.വി. സീരിയലുകളിലും ഒരഞ്ചുമിനിട്ടെങ്കിലും മയക്കുമരുന്നിന്റെ അപകടത്തെ ബോദ്ധ്യപ്പെടുത്തുന്ന രീതിയിലുള്ള ഭാഗം ഉൾപ്പെടുത്തണമെന്ന് അപേക്ഷയുണ്ട്. ടി.വി. യിലും റേഡിയോയിലും പ്രചരണം നടത്തണം. ഇത് നിരോധിക്കുന്നതിന് സന്നദ്ധ സംഘടനകൾ വലിയ പങ്ക് വഹിക്കേണ്ടതായിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്ത് പഞ്ചായത്ത് തലം വരെ വ്യാപകമായി ലൈബ്രറി സംവിധാനമുണ്ട്. വോളന്ററി ഓർഗനൈസേഷൻ, ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാലിററികൾ ഇവരെയെല്ലാം ഏകോപിപ്പിച്ചുകൊണ്ട് നമ്മുടെ വളർന്നുവരുന്ന ചെറുപ്പക്കാരെ ആകർഷിക്കത്തക്ക രീതിയിലുള്ള സെമിനാറുകളും ചർച്ചകളും പ്രചരണ പരിപാടികളും ഈ രംഗത്ത് ഒരു അവബോധം ഉണ്ടാക്കുന്നതിനുവേണ്ടി ഉൾപ്പെടുത്തണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതോടൊപ്പംതന്നെ രാഷ്ട്രീയ പാർട്ടികളെ സംബന്ധിച്ചിടത്തോളം യുവജനസംഘടനകൾക്ക് ഈ രാജ്യത്ത് നിർണ്ണായകമായ സ്വാധീനമുണ്ട്. അവിടെ യുവജന സംഘടനകളുടെ നേതാക്കൻമാർക്ക് മാതൃകയെന്ന നിലയിൽ ഈ രംഗത്ത് വ്യാപകമായ പ്രചരണം നടത്തുന്നതിന് കഴിയണം. എല്ലാ യുവജനസംഘടനകളേയും ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ വിളിച്ചുകൂട്ടി ഒരു പെരുമാററച്ചട്ടം ഉണ്ടാക്കി നമ്മുടെ അടുത്ത തലമുറയെ രക്ഷിക്കുവാനുള്ള നടപടികൾ സത്വരമായി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ശ്രീ. ചന്ദ്രമോഹൻ അവതരിപ്പിച്ച പ്രമേയത്തോട് യോജിക്കുന്നു.

ശ്രീ. പി.ടി. തോമസ് : സർ, ഇവിടെ എന്റെ സ്നേഹിതൻ ബഹുമാന്യനായ ചന്ദ്രമോഹൻ അവതരിപ്പിച്ച, നർക്കോട്ടിക്ക് കൺട്രോൾ ബ്യൂറോയുടെ മാതൃകയിൽ ഒരു സ്ഥാപനം നമ്മുടെ സംസ്ഥാനത്ത് ആരംഭിക്കണമെന്ന പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. മദ്യാസക്തിയിൽ കേരളം വളരെ മുന്നിലാണെന്ന് മയക്കുമരുന്നു വിരുദ്ധ സംഘടനയായ NEC Family in Action Executive Director Dorothy Hasthavathi പ്രസ്താവിക്കുകയുണ്ടായി. മദ്യപാനവും മയക്കുമരുന്നും മാന്യതയുടെ പ്രതീകമായി ഇന്ന്

---

*** സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം രേഖയിൽ നിന്നും നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ നാട്ടിൽ നിലനിൽക്കുകയാണ്. ആ മാന്യത മാററിയെടുത്തെങ്കിൽ മാത്രമേ മദ്യപാനത്തെ സംബന്ധിച്ചും മയക്കുമരുന്നിനെ സംബന്ധിച്ചുമുള്ള സമീപനം മാററിയെടുക്കാൻ നമുക്ക് കഴിയുകയുള്ളൂ. മയക്കുമരുന്ന്, കറുപ്പ്, ബ്രൗൺഷുഗർ, എൽ.എസ്.ഡി. തുടങ്ങിയവ ഗുളിക രൂപത്തിൽ സുലഭമാണ്. ചിലത് പൊടികളാണ്. അത് ഭക്ഷണത്തിൽ ചേർത്തും കഴിക്കുന്നുണ്ട്. Chasing the dragon എന്ന ആദിവലിയാണ് ബ്രൗൺഷുഗർ ഉപയോഗിക്കുന്നത്. രക്തത്തിൽ കുത്തിവയ്പ് നടത്തുന്നതിന് സിറിഞ്ചും സൂചിയും വരെ ഇന്ന് നമ്മുടെ നാട്ടിൽ പ്രചരിച്ചിരിക്കുകയാണ്. De-Addiction സെൻററുകൾ ശക്തിപ്പെടുത്തിക്കൊണ്ടു മാത്രമേ നമുക്ക് ഇത് പരിഹരിക്കാൻ കഴിയൂ. ജില്ലാശുപത്രികളോട് അനുബന്ധിച്ച് De-Addiction സെൻററുകൾ കൂടുതലായി ഉണ്ടാകണം. സ്കൂളുകളിൽ പുകവലി കർശനമായി നിരോധിക്കണം. ഇടുക്കി ജില്ലയിൽ സുലഭമായി ലഭിക്കുന്ന നഞ്ച് എന്നുപറയുന്ന ചെടിയുടെ തൊലി ചെത്തിയെടുത്തു കൊണ്ടുവന്ന് തിരുവനന്തപുരം പട്ടണത്തിൽ വ്യാപകമായി അനധികൃത വാററു നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് തടയാനുള്ള നടപടിയുണ്ടാകണം. വെള്ളത്തിൽ കലക്കിയാൽ മീനുകൾപോലും ചത്തുപോകുന്ന ഈ നഞ്ച് ഉപയോഗിച്ചാണ് തിരുവനന്തപുരം ജില്ലയിൽ ചില അബ്കാരികൾ വാററ് നടത്തിക്കൊണ്ടിരിക്കുന്നത്. വിദേശത്തുള്ള രക്ഷകർത്താക്കളുടെ കുട്ടികളെ അവർ ഹോസ്ററലിൽ നിറുത്തിയാണ് പഠിപ്പിക്കുന്നത്. ഇങ്ങനെ ഹോസ്ററലിൽ താമസിക്കുന്ന കുട്ടികളാണ് പലപ്പോഴും മയക്കുമരുന്നിന് അടിമപ്പെടുന്നത് എന്നുള്ള മനശാസ്ത്രജ്ഞൻമാരുടെ പഠനം നമ്മൾ ശ്രദ്ധാപൂർവം കണക്കിലെടുക്കേണ്ടതാണ്. കേരളത്തിലെ പല വനിതാ ഹോസ്ററലുകളിലുള്ള പെൺകുട്ടികൾ പോലും മയക്കുമരുന്നിന് അടിമകളാണെന്നുള്ളത് അടുത്തകാലത്തുള്ള കണക്കുകൾ കണ്ടുപിടിച്ചിട്ടുണ്ട്. കഴിഞ്ഞ രണ്ടുമൂന്നു വർഷങ്ങൾക്കുള്ളിൽ അത്യൽഭുതപൂർവമായി വളർന്നുവരുന്ന ചില സീ-ഫുഡ് വ്യവസായങ്ങളുടെ മറവിൽ വ്യാപകമായി മയക്കുമരുന്ന് കള്ളക്കടത്ത് നടത്തുന്നതായിട്ടുള്ള സംശയം കേരളത്തിൽ വളർന്നുകൊണ്ടിരിക്കുകയാണ്. അതേപ്പററി സമഗ്രമായി അന്വേഷണം നടത്തണം. കഞ്ചാവിന്റെ നാടാണ് ഞാൻ കടന്നുവരുന്ന ഇടുക്കി ജില്ല. ഇടുക്കി ജില്ലയിൽ കഞ്ചാവ് നശിപ്പിക്കുവാനുള്ള ശക്തമായ നടപടികൾ എല്ലാ ഡിപ്പാർട്ടുമെൻറിനെയും ഏകോപിപ്പിച്ചുകൊണ്ട് ഉണ്ടാക്കണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. മയക്കുമരുന്നു വിരുദ്ധ സമരങ്ങളുടെ മറവിൽ പണം തട്ടുന്ന ധാരാളം സംഘടനകളുണ്ട്. അതുകൊണ്ട് നെല്ലേത് പതിരേതെന്ന് തിരിച്ചറിയാനും അത്മാർത്ഥതയോടുകൂടി പ്രവർത്തിക്കുന്ന മയക്കുമരുന്ന് വിരുദ്ധ സമിതികളെ മനസ്സിലാക്കാനും ഉള്ള നടപടിയുണ്ടാകണം. മയക്കുമരുന്ന് അർബുദം പോലെ നമ്മുടെ സമൂഹത്തെ ബാധിച്ചിരിക്കുന്നത് തടയാൻ സമൂഹത്തിൽ അതിനുള്ള മാന്യത അവസാനിപ്പിച്ചുകൊണ്ട് വളർന്നുവരുന്ന കുട്ടികളിൽ പുകവലിശീലം കർക്കശമായി നിരുൽസാഹപ്പെടുത്താനുള്ള നടപടിക്രമങ്ങൾ പാഠ്യപദ്ധതിയുടെ ഭാഗമായി വളർത്തിയെടുത്തുകൊണ്ട് അതിനെതിരായി പൊതുജനാഭിപ്രായം രൂപീകരിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് എന്റെ സ്നേഹിതൻ ചന്ദ്രമോഹൻ അവതരിപ്പിച്ച നർക്കോട്ടിക് കൺട്രോൾ ബ്യൂറോ മാതൃകയിലുള്ള യൂണിററുകൾ കേരളത്തിൽ ഉണ്ടാക്കണമെന്ന പ്രമേയത്തെ ഞാൻ സർവാത്മനാ പിന്തുണയ്ക്കുകയാണ്.

<u>ശ്രീ. വി.കെ. ബാബു</u>: സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുകയാണ്. നമ്മുടെ ഭാവി തലമുറയെ ഇരുട്ടിലാക്കുന്ന ഭൂർഭൂതമാണ് മയക്കുമരുന്ന്. മയക്കുമരുന്നുശീലം സ്കൂളുകളിലും കോളേജുകളിലും

വർദ്ധിച്ചുവരികയാണ്. സ്ക്കൂളുകളിൽ വിദ്യാർത്ഥികൾ മാത്രമല്ല അദ്ധ്യാപകരും ഇന്ന് മയക്കുമരുന്നിന് അടിമകളാണ്. നമ്മുടെ വിദ്യാലയങ്ങളിൽ—സ്ക്കൂളുകളിലും, കോളേജുകളിലും—അദ്ധ്യാപകരും വിദ്യാർത്ഥികളും ഒരുമിച്ചിരുന്നുകൊണ്ട് മദ്യപിക്കുന്ന കാഴ്ചയാണ് കാണുന്നത്. മിക്കവാറും കോളേജുകളിൽ അദ്ധ്യാപകർ വിദ്യാർത്ഥികളുടെ കൈയിൽ നിന്നും പണം കടം വാങ്ങിവരെ മദ്യപിക്കുന്നു. അത്രയേറെ മാരകമായ ഈ വിപത്തിനെപ്പററി വ്യക്തമായ പഠനമോ അല്ലെങ്കിൽ വ്യക്തമായ ബോധവൽക്കരണമോ നടത്താൻ സർക്കാർ തയ്യാറാകുന്നില്ല. നമ്മുടെ സർക്കാർ ഓഫീസുകളുടെ സ്ഥിതിയും ഇതുതന്നെയാണ്. സർക്കാർ ഓഫീസുകളിൽ മിക്കവാറും നേർപകുതി ഉദ്യോഗസ്ഥൻമാരും നന്നേ രാവിലെ തന്നെ മദ്യപിച്ച് ഓഫീസിൽ വരികയാണ്. ഒരു സ്മാരം കഴിച്ചാൽ മാത്രമേ ഫയലിന്റെ കുരുക്ക് അഴിയുകയുള്ളുവെന്നാണ് ഇന്നത്തെ അവസ്ഥ. ഈ സമൂഹത്തെ ബാധിച്ചിരിക്കുന്ന ഈ ദുരവസ്ഥക്ക് മാററം വരുത്തണം, അതിന് ശക്തമായ പ്രചരണം ഉണ്ടാകണം. ഈ സെക്രട്ടേറിയററിനകത്ത് നമ്മുടെ സംസ്ഥാനത്തെ ഭരണസിരാകേന്ദ്രത്തിനകത്ത്— പുകവലിയാണ്. സെക്രട്ടേറിയററിനകത്തുള്ള വരാന്തയിൽക്കൂടി നടന്നാൽ എപ്പോഴും പുകമഞ്ഞാണ്. സെക്രട്ടേറിയററിലെ എല്ലാ ഓഫീസിനകത്തും പുകവലി കർശനമായി നിരോധിക്കണം. പുകവലി പാടില്ലായെന്ന് ബോർഡുണ്ട്. ബോർഡില്ലാതെ എല്ലാ ഓഫീസുകളിലും എല്ലാ ഉദ്യോഗസ്ഥൻമാരും സിഗരററ് വലിച്ച് നിൽക്കുന്നത് കാണാം. അത് നിരോധിക്കണം. കോളേജുകളുടെ സമീപത്തുള്ള പെട്ടിക്കടകളിൽ പലതും മയക്കുമരുന്നിന്റെ കേന്ദ്രമാണ്. കോളേജിനടുത്തുള്ള പെട്ടിക്കടകൾ പരിശോധിച്ച് മയക്കുമരുന്ന് കണ്ടെത്തി ശക്തമായ നടപടി സ്വീകരിച്ചുകൊണ്ട് മയക്കുമരുന്ന് എന്ന ദുർഭൂതത്തെ അകററുവാൻ എല്ലാ വിഭാഗം ജനങ്ങളും യുവാക്കളും ശക്തമായി ഈ രംഗത്തേക്ക് വരണമെന്ന് അഭ്യർത്ഥിക്കുന്നു.

എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ആർ. രഘുചന്ദ്രബാൽ) : സർ, മയക്കുമരുന്നിന്റെ ഉപയോഗം കൊണ്ട് സമൂഹത്തിൽ ഉണ്ടാകുന്ന

12 NOON] വിപത്തിന്റെ പ്രധാന്യത്തെക്കുറിച്ച് ശ്രീ. ചന്ദ്രമോഹൻ ഇവിടെ അവതരിപ്പിച്ച പ്രമേയത്തിൻമേൽ നിരവധി മെമ്പർമാർ അവരുടെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുകയുണ്ടായി. അതിന്റെ സീരിയസ്നസ്സും അവർ ബോദ്ധ്യപ്പെടുത്തുകയുണ്ടായി. സമൂഹത്തിൽ ഇന്നു മയക്കുമരുന്നിന്റെ ഉപയോഗം വളരെ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. പ്രത്യേകിച്ച് ചെറുപ്പക്കാരുടെയും കുട്ടികളുടെയും ഒക്കെ ഇടയിൽ. അതിനെതിരായി ഡബ്ലിയു.എച്ച്.ഒ.-ന്റെയും യുണൈറഡ് നേഷൻസിന്റെയും ഒക്കെ ആഭിമുഖ്യത്തിൽ ബോധവൽക്കരണ പരിപാടിയിലൂടെയും അല്ലാതെയും ഉള്ള നിയമനിർമ്മാണത്തിലൂടെയും ഇത് അവസാനിപ്പിക്കാനുള്ള നടപടിക്രമങ്ങളൊക്കെ നടന്നുകൊണ്ടിരിക്കുകയാണ്. വേൾഡ് ഹെൽത്ത് ഓർഗനൈസേഷന്റെയും യു.എൻ.ന്റെയും ആഭിമുഖ്യത്തിലുള്ള നടപടികളുണ്ടായിട്ടും പൂർണ്ണമായും ഇതിനൊരു പരിഹാരം കാണാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. അതിനുള്ള ശ്രമങ്ങളുമായി മുന്നോട്ടു പോകുന്നതേയുള്ളു. അവരുടെയൊക്കെ അഭിപ്രായത്തിൽത്തന്നെ നിയമം നടപ്പിലാക്കുന്നതുകൊണ്ട് മാത്രം ഈ പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയില്ല എന്നുള്ളതാണ്. ഒരു ബോധവൽക്കരണത്തിലൂടെയോ ഒരു മാനസിക പരിവർത്തനത്തിലൂടെയോ മാത്രമേ ഈ വിപത്തിൽ നിന്ന് ജനതയെ സംരക്ഷിക്കാൻ കഴിയൂ എന്നുള്ളതാണ് അവരുടെയും അഭിപ്രായം. ഇന്ത്യയിലും ഇതിനെതിരെ ഒരു പ്രത്യേക ഡിപ്പാർട്ടുമെന്റ് കേന്ദ്ര ഗവൺമെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

നർക്കോട്ടിക് കൺട്രോൾ ബ്യൂറോ എന്നു പറയുന്ന ഒരു സ്ഥാപനം കേന്ദ്ര ഗവൺമെൻറിൻെറ കീഴിലും പ്രവർത്തിക്കുന്നുണ്ട്. അതിൻെറ പ്രവർത്തനവും പൂർണ്ണമല്ല. ഡബ്ലിയു.എച്ച്.ഒ.യും യുണൈറഡ് നേഷനുമൊക്കെ ചില ധനസഹായങ്ങൾ ഈ ഡിപ്പാർട്ടുമെൻറിന് ചെയ്യുന്നുണ്ട്. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ ഈ വിപത്തിനെതിരെ ചാനലൈസ് ചെയ്യുന്ന ഒരു നടപടി മാത്രമാണ് ഈ ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചിടത്തോളമുള്ളത്. കേന്ദ്ര ഗവൺമെൻറിൻെറ 1985-ലെ പാർലമെൻറ് പാസ്സാക്കിയ നർക്കോട്ടിക് ഡ്രഗ്സ് ആൻറ് സൈക്കോട്രോപ്പിക് സബ്സ്റ്റൻസസ് (എൻ.ഡി.പി.എസ്.) ആക്ട് പ്രകാരം മയക്കുമരുന്നു കേസുകൾ അന്വേഷിക്കുന്നതിനും കേസെടുക്കുന്നതിനും കുററവാളികളെ അറസ്ററു ചെയ്യുന്നതിനും പ്രോസിക്യൂട്ടു ചെയ്യുന്നതിനും ഓരോ സംസ്ഥാനത്തെയും പോലീസ് എക്സൈസ് ഉദ്യോഗസ്ഥൻമാരെയും കസ്ററംസ് സെൻട്രൽ എക്സൈസ് എന്നീ കേന്ദ്ര ഏജൻസികളിലെ ഉദ്യോഗസ്ഥൻമാരെയും അധികാരപ്പെടുത്തിയിട്ടുണ്ട്. നിലവിലുള്ള സംവിധാനങ്ങൾ അതാണ്. മേൽപ്പറഞ്ഞ വിവിധ എൻഫോഴ്സ്മെൻറ് ഏജൻസികളുടെ പ്രവർത്തനങ്ങൾ കോ-ഓർഡിനേററ് ചെയ്ത് നടത്തുന്നതിന് എൻ.ഡി.പി.എസ്. ആക്ടിൻെറ വകുപ്പ് 1 സബ് (1) പ്രകാരം ഓരോ സംസ്ഥാനത്തും ഓരോ നോഡൽ ഓഫീസറെ അധികാരപ്പെടുത്തിയിട്ടുണ്ട്. നർക്കോട്ടിക് കൺട്രോൾ ബ്യൂറോയുടെ പ്രവർത്തനത്തിന് വിധേയമായി എല്ലാ സംസ്ഥാനങ്ങളിലും ചാനലൈസ് ചെയ്തിട്ടുള്ള ഒരു മെഷീനറിയാണ്. ഓരോ സംസ്ഥാനത്തെയും സംബന്ധിച്ചിടത്തോളം അതിനൊരു നോഡൽ ഓഫീസറെ അധികാരപ്പെടുത്തിയിട്ടുണ്ട്. കേരളത്തെ സംബന്ധിച്ചിടത്തോളം കുററാന്വേഷണ വിഭാഗം അഡീഷണൽ ഡി.ജി.പി. യാണ് നോഡൽ ആഫീസറായി പ്രവർത്തിക്കുന്നത്. കൂടാതെ പോലീസ് വകുപ്പിൽ തിരുവനന്തപുരത്ത് ഒരു ഡി.വൈ.എസ്.പി.യും ഒരു സർക്കിൾ ഇൻസ്പെക്ടറുമടങ്ങുന്ന ഒരു നർക്കോട്ടിക് സെല്ലും എക്സൈസ് വകുപ്പിൻെറ കീഴിൽ ഇടുക്കിയിലെ അടിമാലിയിൽ ഒരു സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ ഒരു നർക്കോട്ടിക് എൻഫോഴ്സ്മെൻറ് സ്ക്വാഡും മയക്കുമരുന്നു കേസുകൾ കൈകാര്യം ചെയ്യുന്നതിനുവേണ്ടി കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്. കേരളത്തിൽ വന പ്രദേശങ്ങളിൽ ഇന്ന് വ്യാപകമായിക്കൊണ്ടിരിക്കുന്ന കഞ്ചാവ്കൃഷി അവസാനിപ്പിക്കുന്നതിനുള്ള നടപടികളും എടുത്തിട്ടുണ്ട്. കേരളത്തെ സംബന്ധിച്ചിടത്തോളം മയക്കുമരുന്ന് കുററങ്ങൾക്ക് എതിരെ എൻഫോഴ്സ്മെൻറ് പ്രവർത്തനങ്ങളോടൊപ്പം തന്നെ കഞ്ചാവ് നശീകരണ പ്രവർത്തനങ്ങളും ഊർജ്ജിതമായി നടന്നുവരുന്നുണ്ട്. വിവിധ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിച്ചുകൊണ്ട് കഞ്ചാവ് നശീകരണ പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തുന്നതിന് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി രൂപീകരിച്ച ഒരു സംസ്ഥാനതല ആക്ഷൻ കമ്മിററി ഇന്ന് നിലവിലുണ്ട്. അതിൻെറ അടിസ്ഥാനത്തിൽ കഞ്ചാവ് നശീകരണ പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിന് ജോയിൻറ് എക്സൈസ് കമ്മീഷണർ ചീഫ് കോ-ഓർഡിനേററായും ഇടുക്കി ജില്ലാ കളക്ടർ, പോലീസ് സൂപ്രണ്ട് എന്നിവർ അടങ്ങുന്ന ഒരു സമിതി ഇടുക്കിയിലും പ്രവർത്തിക്കുന്നുണ്ട്. ഞാൻ നേരത്തെ പറഞ്ഞു, ഇത് ചീഫ് സെക്രട്ടറിയുടെ കൺട്രോളിൽ നടക്കുന്ന സ്റേററ്-വൈഡായിട്ടുള്ള സംവിധാനമാണ്, ഇടുക്കിയിൽ പോലീസ്, എക്സൈസ്, ഫോറസ്ററ്, റവന്യു തുടങ്ങിയ എല്ലാ ഡിപ്പാർട്ടുമെൻ കളെയും ഏകോപിപ്പിച്ചുകൊണ്ടുള്ള ഒരു നടപടിക്രമമാണുള്ളത്.

ഇനി നിലവിലുളള സംവിധാനങ്ങളെക്കുറിച്ചാണ്. പോലീസ്, എക്സൈസ്, വനം, റവന്യൂ എന്നീ വകുപ്പുകൾ സംയുക്തമായും അല്ലാതെയും നിരന്തരമായി റെയിഡുകൾ നടത്തിയിട്ടുണ്ട്. ഈ റെയിഡുകളൊക്കെ നടത്തിയതുകൊണ്ട് ഇതു പൂർണ്ണമായി അവസാനിപ്പിക്കാൻ കഴിഞ്ഞുവെന്നുള്ള വിശ്വാസം എനിക്കില്ല. അങ്ങനെ കേരളത്തിൽ നിലവിൽ ചില മെഷിനറികളുണ്ട്. ഇതു അവസാനിപ്പിക്കണമെങ്കിൽ നമുക്ക് എൻഫോഴ്സ്മെൻറ് ശക്തമാക്കണം. മറെറാന്ന് ബോധവൽക്കരണ പരിപാടികൾ ഉണ്ടാക്കണം. ഇതാണ് നമുക്ക് ഇതിനുള്ള സൊല്യൂഷൻ. നിലവിലുള്ള സംവിധാനങ്ങൾ കോ-ഓർഡിനേററ് ചെയ്തുകൊണ്ട് വിവിധ ഡിപ്പാർട്ടുമെൻറുകളാണ് ഇതിലൊക്കെ പ്രവർത്തിക്കുന്നത്. അതിനെല്ലാം ഒരു കോ-ഓർഡിനേഷൻ വേണം. വിവിധ ഡിപ്പാർട്ടുമെൻറുകളെ കോ-ഓർഡിനേററു ചെയ്തുകൊണ്ടുള്ള ഒരു മെഷിനറിയാണ് ചീഫ് സെക്രട്ടറിയുടെ മേൽനോട്ടത്തിൽ കേരളത്തിലുള്ളത്. ഇടുക്കിയിൽ അവിടത്തെ കളക്ടറുടെയും എക്സൈസ് ജോയിൻറ് കമ്മീഷണറുടെയും നേതൃത്വത്തിൽ ഉള്ള ഒരു സംവിധാനമാണ് നിലവിലുള്ളത്. മാത്രവുമല്ല ഈ കേസുകൾ കണ്ടുപിടിക്കുന്നതിന്, അതിന് ഇൻഫർമേഷൻ നൽകുന്നവർക്ക്, പാരിതോഷികം നൽകുന്നതിനുള്ള ഒരു നടപടിയും സ്വീകരിക്കുന്നുണ്ട്. കുററകൃത്യങ്ങൾ കണ്ടുപിടിക്കുന്നവർക്ക് പാരിതോഷികം കൊടുക്കുക മയക്കുമരുന്നിനെതിരെ ഇൻഫർമേഷൻ കൊടുക്കുന്നവർക്ക് പാരിതോഷികം കൊടുക്കുന്നതിനുമുള്ള ഒരു മെഷിനറിയുണ്ട്. മയക്കുമരുന്നു കുററങ്ങൾ കണ്ടുപിടിച്ച് കേസെടുക്കുന്ന ഉദ്യോഗസ്ഥൻമാർക്കും അതിന് സഹായം നൽകുന്ന പൊതുജനങ്ങൾക്കും പാരിതോഷികം നൽകുന്നതിനുളള ഒരു പദ്ധതി ഈ ഗവൺമെൻറ് അടുത്ത കാലത്ത് നടപ്പിലാക്കിയിട്ടുണ്ട്. കേരളത്തിലെ വിവിധ ഡിപ്പാർട്ടുമെൻറ് ഹെഡ്ഡുകൾ അടങ്ങുന്ന ഒരു കമ്മിററിയാണ് ഈ പാരിതോഷികം കൊടുക്കാനുള്ള നടപടി സ്വീകരിച്ചിരിക്കുന്നത്. കേന്ദ്രത്തിൽ ധനമന്ത്രാലയത്തിൻെറ കീഴിലാണ് നർക്കോട്ടിക് കൺട്രോൾ ബ്യൂറോ പ്രവർത്തിക്കുന്നത്. ദേശീയതലത്തിൽ മയക്കുമരുന്നു വിരുദ്ധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നുണ്ട്. എൻ.സി.ബി.യുടെ ആസ്ഥാനം ഡൽഹിയിലാണ്. അവർക്ക് ബോംബെ ഹാരിസ്പൂർ, മദ്രാസ് എന്നിവിടങ്ങളിലെല്ലാം മേഖലാ ഓഫീസുകളുണ്ട്. ഇവരുടെ പ്രവർത്തനങ്ങളെന്നു പറഞ്ഞാൽ മുഖ്യമായും സംസ്ഥാനത്തുള്ള എൻഫോഴ്സ്മെൻറ് വിംഗിന് ആവശ്യമുള്ള ട്രെയിനിംഗ് നൽകുക, പരിമിതമായ ചില സൗകര്യങ്ങൾ നൽകുക, വിദേശത്തു നിന്ന് ഈ പ്രവർത്തനങ്ങൾക്കു കിട്ടുന്ന ധനസഹായം ചാനലൈസ് ചെയ്ത് കൊടുക്കുക, ഇങ്ങനെ ഒരു നടപടിക്രമം മാത്രമാണുള്ളത്. പൂർണ്ണമായും ഇത് നടപ്പിലാക്കാനുള്ള അധികാരം ഈ ഡിപ്പാർട്ടുമെൻറിനു മാത്രമായിട്ടില്ല. സംസ്ഥാനത്തുള്ള മെഷിനറികൾക്ക് സഹായം ചാനലൈസ് ചെയ്യുന്ന ഒരു സംവിധാനം മാത്രമാണ് ഈ നർക്കോട്ടിക് കൺട്രോൾ ബ്യൂറോ എന്നു പറയുന്നത്. അല്ലാതെ അതിനകത്ത് അത്ര വലിയ അധികാരവും സാമ്പത്തിക സൗകര്യങ്ങളൊന്നും ഇല്ലായെന്നാണ് മനസ്സിലാക്കിയിട്ടുള്ളത്. ഇപ്പോൾ എൻ.ഡി.പി.എസ്. ആക്ററ് അനുസരിച്ച് ശക്തമായ നടപടി നടത്തുകയാണ്. പോലീസ്, എക്സൈസ്, കസ്ററംസ്, സെൻട്രൽ എക്സൈസ് മുതലായവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക, അവർക്ക് ട്രെയിനിംഗ് നൽകുക, അവർക്കുവേണ്ട സെമിനാറുകൾ സംഘടിപ്പിക്കുക എന്നീ ജോലികളാണ് നർക്കോട്ടിക് കൺട്രോൾ ബ്യൂറോ നടത്തിക്കൊണ്ടിരിക്കുന്നത്. മാത്രമല്ല ഈ ബോധവൽക്കരണത്തിന് കേന്ദ്രഗവൺമെൻറുമായി ബന്ധപ്പെട്ട് ഒരു സംവിധാനമുണ്ട്. മയക്കുമരുന്ന് വിപത്തിനെതിരെ ബോധവൽക്കരണ പരിപാടികൾ നടത്തുന്നതിനും ഡി അഡിക്ഷൻ സെൻററുകൾ, കൗൺസിലിംഗ് സെൻററുകൾ എന്നിവ

LIBRARY ARCHIVES Kerala Legislative Assembly

നടത്തുന്നതിനും സന്നദ്ധ സംഘടനകൾക്ക് ചില ധനസഹായങ്ങളൊക്കെ ഈ വിംഗിൽ നിന്ന് ലഭിക്കുന്നുണ്ട്. കേരളത്തിൽ മാത്രം വിവിധ സന്നദ്ധ സംഘടനകൾക്ക് ഏതാണ്ട് 53 ലക്ഷം രൂപ മയക്കുമരുന്നിനെതിരെ ബോധവൽക്കരണം നടത്തുന്നതിനും ഡി അഡിക്ഷൻ സെന്ററുകൾ നടത്തുന്നതിനും ബോധവൽക്കരണത്തിന് പ്രയോജനം ചെയ്യുന്ന നിലയിലുള്ള വർക്ക് ഷോപ്പുകൾ, കോൺഫറൻസുകൾ എന്നിവ സംഘടിപ്പിക്കുന്നതിനുമൊക്കെ കേരളത്തിനും ലഭിച്ചിട്ടുണ്ട്. അതുപോലെതന്നെ ലഹരികൾക്കെതിരെ ബോധവൽക്കരണം നടത്തുന്നതിനും സോഷ്യൽ വെൽഫെയർ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ ചില നടപടികളുണ്ട്. ഇതിന്റെ ആഭിമുഖ്യത്തിൽ പല ഗവൺമെന്റ് ആശുപത്രികളിലും ഡി അഡിക്ഷൻ വാർഡുകൾ പണിതിട്ടുണ്ട്. വ്യാപകമായിട്ടില്ലായെങ്കിലും ചില ആശുപത്രികളിൽ ഡി അഡിക്ഷൻ വാർഡ് അതായത് അതിന് അടിമപ്പെട്ടവരെ ചികിത്സിക്കാനുള്ള സംവിധാനമുണ്ട്. സന്നദ്ധ സംഘടനകളുടെ കീഴിലും ഇവരെ ചികിത്സിക്കുന്നതിനും ഇവർക്ക് അഭയം നൽകുന്നതിനുമുള്ള ചില നടപടികളൊക്കെ നടന്നുകൊണ്ടിരിക്കുകയാണ്. ഇതൊക്കെ പറഞ്ഞാലും ബോധവൽക്കരണ രംഗത്ത് ഇങ്ങനെയുള്ള ചില മെഷിനറികൾ കേരള സംസ്ഥാനത്തുണ്ട് എന്നു തന്നെ പലരും അറിയുന്നത് ഇപ്പോഴാണ്. അതിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കിക്കഴിഞ്ഞിട്ടില്ല എന്നുള്ളത് ഒരു സത്യമാണ്. അതു കാര്യക്ഷമമാക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. എല്ലാ ഡിപ്പാർട്ടുമെന്റുകളെയും കോ-ഓർഡിനേററു ചെയ്തുകൊണ്ട്, ഒരു നെററ്‌വർക്ക് ഉണ്ടാക്കിക്കൊണ്ട് ഫലപ്രദമായി ഇതിനെതിരെ എൻഫോഴ്സ്മെന്റ് നടപ്പിലാക്കാനും ഇതിനെതിരെ ബോധവൽക്കരണം നടത്താനുമുള്ള നടപടികളൊക്കെ ആരംഭിച്ചിട്ടുണ്ട്.

ശ്രീ. പാലോട് രവി : സർ, ഈ പ്രമേയത്തിന്റെ ഉള്ളടക്കം സഭ പൂർണ്ണമായും ഉൾക്കൊണ്ടിരിക്കുകയാണ്. നർക്കോട്ടിക് കൺട്രോൾ ബ്യൂറോയുടെ മാതൃകയിൽ ഇതെല്ലാം കൂടി കോ-ഓർഡിനേററ് ചെയ്യുന്ന സംസ്ഥാനതല സംവിധാനം ഉണ്ടാകണം എന്നാണ് ഈ പ്രമേയത്തിൽ പറഞ്ഞിരിക്കുന്നത്. നർക്കോട്ടിക് കൺട്രോൾ ബ്യൂറോയുടെ റീജിയണൽ ഓഫീസാണ് മദ്രാസിൽ ഉള്ളത്. റീജിയണൽ ഓഫീസാണ് കേരളത്തിന് ആവശ്യമായ ഇൻവെസ്ററിഗേഷനും കോ-ഓർഡിനേഷനും നടത്തുന്നത്. കേരളത്തിൽ ചെറിയ ഒരു സോണൽ ഓഫീസ് മാത്രമേ ഉള്ളു. എന്റെ ചോദ്യം ഈ സഭയുടെ വികാരം ഉൾക്കൊണ്ടുകൊണ്ട് ഇത് ഫലപ്രദമായി തടയുന്നതിന് ധനമന്ത്രാലയത്തിന്റെയും സോഷ്യൽ വെൽഫെയറിന്റെയും മററ് ബന്ധപ്പെട്ട വകുപ്പുകളുടെയും മദ്രാസിലെ റീജിയണൽ ഓഫീസിന്റെയും സഹകരണത്തോടെ ഒരു കോൺഫറൻസ് വിളിച്ചുകൂട്ടുവാൻ ഗവൺമെന്റ് മുൻകൈ എടുക്കുമോ ?

ശ്രീ. എം. ആർ. രഘുചന്ദ്രബാൽ : സർ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചത് പൂർണ്ണമായും ശരിയല്ല. നർക്കോട്ടിക് കൺട്രോൾ ബ്യൂറോ എന്ന് പറയുന്നത് കേന്ദ്രഗവൺമെന്റിന്റെ ഒരു ഏജൻസിയാണ്. അവർ ഓരോ സംസ്ഥാനത്തും നിലവിലുള്ള എൻഫോഴ്സ്മെന്റ് വിംഗിലൂടെയാണ് ഇത് ഓപ്പറേററ് ചെയ്യുന്നത്. അദ്ദേഹം പറഞ്ഞ ഒരു നിർദ്ദേശം നല്ലതാണ്. ഒരു സമ്മേളനം വിളിച്ചു കൂട്ടുന്നത് നല്ലതാണ്. അതിനെക്കുറിച്ച് പരിഗണിക്കാവുന്നതാണ്.

ശ്രീ. നാലകത്ത് സൂപ്പി : സർ, സന്നദ്ധസംഘടനകൾക്ക് അൻപത്തിമൂന്ന് ലക്ഷം രൂപ de-addiction-നുവേണ്ടി കൊടുത്തു എന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഈ കൊടുത്ത സംഖ്യ അതിന്റെ ഉദ്ദേശം അനുസരിച്ച് ചെലവഴിച്ചിട്ടുണ്ടോ ; അതിനെക്കുറിച്ച് പരിശോധിക്കാൻ വല്ല സംവിധാനവും

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടോ ? അതുപോലെതന്നെ ബോധവൽക്കരണം ഒരു ഭാഗത്ത് നടക്കട്ടെ. ഈ ലഹരി വസ്തുക്കൾ തിരുവനന്തപുരം ജില്ലയിൽ പല ഭാഗത്തുമായി പിടിക്കപ്പെടുകയുണ്ടായി. അതിന്റെ കേസുകളുടെ സ്ഥിതി എന്താണ് എന്ന് കൂടി സൂചിപ്പിക്കണം,

ശ്രീ. എം. ആർ. രഘുചന്ദ്രബാൽ : സർ, ശക്തമായ നിയമങ്ങൾ നിലവിലുണ്ട്. ഇപ്പോൾത്തന്നെ കോടതികളിൽ നിരവധി കേസുകൾ നിലവിലുണ്ട്. അവയുടെ നടപടികൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ഈ രംഗത്ത് ഇതെല്ലാംകൂടി കോ-ഓർഡിനേററ് ചെയ്യുന്നതിനുള്ള ചില സംവിധാനങ്ങൾ ഞങ്ങൾ ആലോചിക്കുന്നുണ്ട്. മയക്കുമരുന്ന് വിരുദ്ധ ബോധവൽക്കരണ പരിപാടികൾ എൻ. സി. ബി. യുടെ മാതൃകയിലുള്ള സംവിധാനം—കേരളത്തിൽ അതേപോലെ ഒരു സംവിധാനംതന്നെ പെർഫെക്ട് അല്ല. It is only an agency. ആ ഏജൻസിക്ക് കേസ് എടുക്കാനുള്ള അധികാരമൊന്നുമില്ല, നിലവിലുള്ള മെഷിനറിവച്ച് മാത്രമേ ഇത് നടപ്പിലാക്കാൻ കഴിയുകയുള്ളൂ. അങ്ങനെ ഒരു സംവിധാനം ഇവിടെ ഉണ്ടാകുന്നതുകൊണ്ട് വലിയ പ്രയോജനമുണ്ട് എന്ന് എനിക്ക് തോന്നുന്നില്ല, പക്ഷേ ഇതിനെയെല്ലാംകൂടി കോ-ഓർഡിനേററ് ചെയ്തുകൊണ്ട് ഒരു മെഷിനറി ശക്തമാക്കാനും അതിന് ഒരു സ്ഥിരം നെററ് വർക്ക് ഉണ്ടാക്കാനുമൊക്കെ തയ്യാറാകുന്നത് നല്ലതായിരിക്കും. അതിനുള്ള നടപടികൾ നമ്മൾ എടുത്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. എം. മുരളി : സർ, നേരത്തെ ശ്രീ. കേശവൻ ഒരു ചർച്ചയിലൂടെ അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവന്ന കാര്യം ഉണ്ട്. നമ്മുടെ സംസ്ഥാനത്തെ പല പ്രീ-പ്രൈമറി സ്കൂളുകളിലും നേഴ്സറി വിദ്യാലയങ്ങളിലും രാവിലെ വിദ്യാലയത്തിലാക്കുന്ന കുഞ്ഞുങ്ങൾ വൈകുന്നേരം വരെ ആ വിദ്യാലയങ്ങളിൽ കഴിയാൻവേണ്ടി ഉച്ചയ്ക്കുള്ള ആഹാരത്തോടൊപ്പം അവർക്ക് ചെറിയ തോതിൽ മയക്കുമരുന്നുകൾ നൽകുന്നുണ്ട്. ഇത് കർശനമായി തടയണം. മറെറാരു കാര്യംകൂടി മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. പഴയ മഹാരാജാക്കൻമാരുടെ കാലത്തുണ്ടായിരുന്നതുപോലെയുള്ള വിഷകന്യകകൾപോലെ നമ്മുടെ സംസ്ഥാനത്തെ ചില കേന്ദ്രങ്ങളിൽ മയക്കു മരുന്നുകളുടെ ലഹരി പോരാഞ്ഞിട്ട് വിഷകന്യകകളുടെ മാതൃകയിൽ നാഗങ്ങളെ പരിശീലിപ്പിച്ചെടുത്ത് ഈ ലഹരിക്ക് അടിമയാകാൻ ആഗ്രഹിക്കുന്ന ചെറുപ്പക്കാരെ ആ നാഗങ്ങളെക്കൊണ്ട് കൊത്തിപ്പിച്ച്, അങ്ങനെ ചില കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. അങ്ങനെ ചില സ്ഥലങ്ങളിൽ അപകടമരണം ഉണ്ടായി. നാഗങ്ങളെ കൊണ്ട് കൊത്തിപ്പിക്കുക, തലയ്ക്ക് ലഹരി പിടിപ്പിക്കുക എന്നിവ ഈ സംസ്ഥാനത്തിലെ ചില കേന്ദ്രങ്ങളിൽ വ്യവസായമായി മാററിയിരിക്കുകയാണ്. ഇത് വളരെ ഗൗരവമായ കാര്യമാണ്. സാക്ഷരതയിൽ മുൻപന്തിയിൽ നിൽക്കുന്ന നമ്മുടെ സംസ്ഥാനത്ത് ഈ നാഗകന്യകകളുടെ മാതൃകയിൽ നാഗങ്ങളെക്കൊണ്ട് കൊത്തിച്ച് ലഹരി പിടിപ്പിക്കുന്ന ചില കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനായി ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. കെ. സി. ജോസഫ് : സർ, ഇവിടെ സ്വകാര്യ മെമ്പർമാർക്ക് രണ്ടര മണിക്കൂറാണ് ഉള്ളത്. ഇന്നത്തെ സബ്മിഷൻസ് ആ സമയം മുഴുവൻ കയ്യേറി. ഇത്തവണ തീരുമാനിച്ച ഒരു പ്രമേയം പോലും എടുത്തിട്ടില്ല. ഈ പ്രവണത ശരിയല്ല. സ്വകാര്യ മെമ്പർമാരുടെ രണ്ടര മണിക്കൂർ സമയം മുഴുവനും കയ്യേറി. സബ്മിഷൻസ് എല്ലാംകൂടി ആ ദിവസം ഫിക്സ് ചെയ്ത് പിന്നെ പതിനഞ്ച് മിനിട്ടാണ് അവശേഷിക്കുന്നത് ഇപ്പോൾ അര മണിക്കൂർ എടുത്തു. ഒരു പ്രമേയം പോലും എടുക്കാൻ സാധിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ :ബഹുമാനപ്പെട്ട മെമ്പർമാരോട് സൽബുദ്ധിയോടുകൂടി അപേക്ഷിക്കാനല്ലാതെ അവരെ പിടിച്ചിരുത്താനുള്ള അനുവാദം ചെയറിന് ഇല്ലല്ലോ. ഇവിടെ എല്ലാ മെമ്പർമാരോടും ആയിരം പ്രാവശ്യം പറഞ്ഞാലും അനുസരിക്കാറില്ല, അവർ സ്വയം അത് ആലോചിച്ച് നിയന്ത്രിക്കേണ്ടതാണ്.

ശ്രീ. എം. ആർ. രഘുചന്ദ്രബാൽ : സർ, ബഹുമാനപ്പെട്ട മുരളി ഇവിടെ സൂചിപ്പിച്ച പാമ്പിനെക്കൊണ്ട് കൊത്തിപ്പിക്കുന്നകാര്യം അതിനെക്കുറിച്ച് അന്വേഷിച്ച് വേണ്ട നടപടി സ്വീകരിക്കാനുള്ള ഏർപ്പാട് ഉണ്ടാക്കാവുന്നതാണ്. ഇപ്പോൾ എക്സൈസ് ഡിപ്പാർട്ടുമെൻറിൽ തന്നെ നിലവിലുള്ള സ്പെഷ്യൽ സ്ക്വാഡുകളെ ആൻറീനർക്കോട്ടിംഗ് വിംഗുകളായി മാററിക്കൊണ്ട് എൻഫോഴ്സ്മെൻറ് ശക്തിപ്പെടുത്താനുള്ള ഒരു തീരുമാനം എടുത്തിട്ടുണ്ട്. പോലീസിലെ എക്സൈസ് ഉദ്യോഗസ്ഥൻമാർക്ക് മയക്കുമരുന്നു കേസുകൾ കുററമററ നിലയിൽ കൈകാര്യം ചെയ്യുന്നതിനുള്ള ഒരു ട്രെയിനിംഗ് കൊടുക്കാനുള്ള പദ്ധതിക്ക് രൂപകൽപ്പന നൽകിയിട്ടുണ്ട്. നോഡൽ ഓഫീസറായിട്ട് പ്രവർത്തിക്കുന്ന കുററാന്വേഷണ വിഭാഗം, അഡീഷണൽ ഡി. ജി. പി. ഈ ട്രെയിനിംഗ് പദ്ധതിക്കുള്ള ടീമുകളെ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. അത് നടപ്പിലാക്കാൻ നടപടി സ്വീകരിക്കാവുന്നതാണ്. എല്ലാ ഡിപ്പാർട്ടുമെൻറുകളേയും ക്രോഡീകരിച്ചുകൊണ്ട് ഈ മെഷിനറി ശക്തമാക്കി, എൻഫോഴ്സ്മെൻറ് വിംഗ് ശക്തമാക്കി, ബോധവൽക്കരണ പരിപാടി ശക്തമാക്കി നമ്മുടെ ഭാവിതലമുറയിൽ ഉണ്ടാകാവുന്ന ഈ വിപത്തിനെ തടയുന്നതിനുള്ള, മനുഷ്യ നിർമ്മിതമായ എല്ലാ പുരോഗതിയേയും തടയുന്ന ഈ മയക്കുമരുന്നിൻെറ ഉപയോഗം തടയുന്നതിനുള്ള, ഈ മയക്കു മരുന്നിൻെറ ഉപയോഗം അവസാനിപ്പിക്കാനുള്ള ഫലപ്രദമായ നടപടികൾ ഗവൺമെൻറ് സ്വീകരിക്കുന്നതാണ്. നർക്കോട്ടിക് കൺട്രോൾ ബ്യൂറോ പോലെയുള്ള ഒരു സ്ഥാപനം ഉണ്ടാക്കുന്നത് കൊണ്ട് വലിയ പ്രയോജനം ഉണ്ട് എന്ന് എനിക്ക് തോന്നുന്നില്ല. കാരണം കേന്ദ്രത്തിൽതന്നെ ഈ വിംഗിന് ആവശ്യമുള്ള സൗകര്യങ്ങളില്ല. അങ്ങനെ ഒരു പ്രമേയം നർക്കോട്ടിക് വിംഗ് ആരംഭിക്കണം എന്നുള്ളത് പ്രായോഗികമല്ല. അതുകൊണ്ട് വലിയ പ്രയോജനമുണ്ട് എന്ന് തോന്നുന്നില്ല. പ്രമേയത്തിൻെറ പ്രസക്തി ഉണ്ടെന്ന് എനിക്ക് തോന്നുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. ടി. വി. ചന്ദ്രമോഹൻ അവതരിപ്പിച്ച പ്രമേയം സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : സർ, അനുമതി ആവശ്യപ്പെടണം. ആ നടപടിക്രമം പൂർത്തിയായിട്ടില്ല. അതിൽ ഞങ്ങൾക്ക് ചില നിലപാടുകൾ ഉണ്ട്. അതുകൊണ്ട് സഭയുടെ അഭിപ്രായം അങ്ങ് ആരായണം. അപ്പോൾ ഞങ്ങളുടെ നിലപാട് വ്യക്തമാക്കാം.

ശ്രീ. എം. ആർ. രഘുചന്ദ്രബാൽ : സർ, ഒരു നർക്കോട്ടിക് കൺട്രോൾ ബ്യൂറോ പോലെയുള്ള ഒരു സംവിധാനം എന്നു പറയുന്നതിൽ പ്രസക്തിയില്ല. അങ്ങനെ ഒരു സംവിധാനത്തിൻെറ ആവശ്യമില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : പ്രമേയം അവതരിപ്പിച്ച ആള് സീററിലില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : സർ, ഇത് സഭയുടെ മുമ്പിലുള്ള പ്രമേയമാണ്. അവതാരകൻ പിൻവലിച്ചാലും സഭയുടെ അനുമതി വേണം. അവതാരകൻ ഇല്ലെങ്കിൽ തന്നെയും പ്രമേയം ചർച്ച ചെയ്തു. ഇപ്പോൾ ഇവിടെ പ്രമേയം ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ: അവതാരകൻ ഇല്ല. അവതാരകൻ ചുമതലപ്പെടുത്തിയ ആള് ഇവിടെ എഴുതി തന്നിട്ടില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, അവതാരകൻ ഇല്ലാത്ത പ്രമേയങ്ങൾ ചർച്ച ചെയ്തുകൂടാ. ഇപ്പോൾ പ്രമേയം സഭയുടെ മുൻപിലുണ്ട്.......... ................(ബഹളം)................

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, പ്രമേയം സഭയുടെ മുൻപിലുള്ളതാണ്. അത് പിൻവലിക്കുന്ന കാര്യത്തിൽ ആർക്കെങ്കിലും എതിർപ്പുണ്ടെങ്കിൽ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചാൽ മതി. അതിൽ വിരോധമില്ല.

ശ്രീ. കെ. പി. എ. മജീദ്: സർ, ബഹുമാനപ്പെട്ട ചന്ദ്രമോഹൻ അവതരിപ്പിച്ച പ്രമേയമാണ്. ഇന്ന് മെമ്പർ ഇല്ല. മെമ്പർ ഇല്ലെങ്കിലും ഇത് സഭയുടെ പ്രോപ്പർട്ടിയാണ്; സഭയുടെ മുമ്പിലുള്ള പ്രമേയമാണ്. സഭയാണ് തീരുമാനിക്കേണ്ടത്. സഭയുടെ അഭിപ്രായം ചോദിക്കണം................ ..............(ബഹളം)..............

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ: പ്രമേയത്തിന്റെ ചർച്ച നടക്കുമ്പോൾ പ്രമേയാവതാരകൻ ഒളിച്ചോടുന്നത് കൃത്യവിലോപമാണ്; അനാദരവാണ്. ..............(ബഹളം). ........

ശ്രീ. ഉമ്മൻചാണ്ടി: പ്രതിപക്ഷത്തിന് എന്താണ് വേണ്ടത്? എന്തിനും ഞങ്ങൾ തയ്യാറാണ്. പ്രമേയം സഭയുടെ അനുമതിയോടുകൂടി പിൻവലിക്കണമെന്നു പറഞ്ഞാൽ അതിനും തയ്യാറാണ്; അതല്ല വേറെ എന്തെങ്കിലുമാണെങ്കിൽ അതിനും തയ്യാറാണ്. പ്രതിപക്ഷം അതിനെ സംബന്ധിച്ച് എന്തു പറയുന്നുവോ അത് സ്വീകരിക്കാൻ ഞങ്ങൾ തയ്യാറാണ്.............. (ബഹളം)...........

ശ്രീ. പിണറായി വിജയൻ: ഇവിടെ ഒരു മെമ്പർ ഒരു പ്രമേയം മൂവ് ചെയ്തു കഴിഞ്ഞു. എന്നാൽ പ്രമേയം മൂവ് ചെയ്ത മെമ്പർ പ്രമേയം പിൻവലിക്കുന്നു എന്ന് എഴുതിത്തന്നിട്ടുമില്ല, പറഞ്ഞിട്ടുമില്ല. അതുകൊണ്ടുതന്നെ ഈ പ്രമേയം പിൻവലിക്കുക എന്നുള്ളത് ഇപ്പോൾ സാദ്ധ്യമാകുന്നതല്ല. ഈ പ്രമേയം സഭയുടെ മുമ്പിലുണ്ട്. പ്രമേയം മൂവ് ചെയ്ത മെമ്പർ പ്രമേയം പിൻവലിക്കുന്നതിനുവേണ്ടി അങ്ങേക്ക് എഴുതിത്തന്നിട്ടില്ല. അദ്ദേഹം ഇവിടെ ഹാജരായി പ്രമേയം പിൻവലിക്കുന്നു എന്ന് പറയുന്നുമില്ല. അത് എഴുതിത്തന്നാലും ഹാജരായി പറഞ്ഞാലും സഭയുടെ അനുമതി ഉണ്ടെങ്കിലേ പിൻവലിക്കാൻ കഴിയൂ. ഇത് പിൻവലിക്കുക എന്നുള്ള പ്രശ്നമേ വരുന്നില്ല...........(ബഹളം)..........

മി. ഡെപ്യൂട്ടി സ്പീക്കർ: സഭയുടെ അനുമതി തേടിയിട്ടേ ചെയ്യുന്നുള്ളൂ...........(ബഹളം)............

ശ്രീ. പിണറായി വിജയൻ: അങ്ങേക്ക് സഭയുടെ അനുമതി തേടാൻ പററില്ല എന്നതാണ് എന്റെ പ്രശ്നം. പ്രമേയത്തെ വോട്ടിനിടാനെ അങ്ങേക്ക് പററൂ. പ്രമേയം പിൻവലിക്കണമോ വേണ്ടയോ എന്നുള്ള പ്രശ്നം വോട്ടിനിടാൻ പററില്ല. കാരണം പ്രമേയം അവതരിപ്പിച്ച മെമ്പർ ഇവിടെ ഇല്ല; അദ്ദേഹം എഴുതിക്കൊടുത്തിട്ടുമില്ല. അതുകൊണ്ട് പ്രമേയം പിൻവലിക്കണമോ വേണ്ടയോ എന്നുള്ള പ്രശ്നം വോട്ടിനിടാൻ പററില്ല... ........... ..........(ബഹളം)..........

ശ്രീ. കെ. പി. എ. മജീദ് : സഭയുടെ മുമ്പിലുള്ള ഒരു പ്രമേയമാണ്. ഈ പ്രമേയം സഭയുടെ പ്രോപ്പർട്ടി ആണ്. അത് ഡിസ്പോസ് ചെയ്യേണ്ടത് ഈ സഭയാണ്. പ്രമേയം സ്വീകരിക്കാനും സ്വീകരിക്കാതിരിക്കാനും സഭയുടെ അനുമതി ചോദിക്കണം. സഭയുടെ അഭിപ്രായം തേടണം.

മി. ഡെപ്യൂട്ടി സ്പീക്കർ : സഭയുടെ അനുമതിപോലെ പ്രവർത്തിക്കും.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : സഭയുടെ അനുമതി തേടാൻ പോകുന്നത് എന്തിനാണ്?

മി. ഡെപ്യൂട്ടി സ്പീക്കർ : പ്രമേയം പിൻവലിക്കണമോ വേണ്ടയോ എന്നുള്ളതിനെ സംബന്ധിച്ച് സഭയുടെ അനുമതി തേടാൻ പോകുന്നു.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : പ്രമേയം അവതരിപ്പിച്ച ആൾ ഇല്ലാതെ എങ്ങനെയാണ് പ്രമേയം പിൻവലിക്കണമോ വേണ്ടയോ എന്ന് തീരുമാനിക്കുന്നത്?

മി. ഡെപ്യൂട്ടി സ്പീക്കർ : സഭയുടെ മുമ്പിൽ പ്രമേയം ഉള്ളതുകൊണ്ട് സഭയ്ക്ക് അതിന് അവകാശമില്ലേ? സഭയ്ക്ക് അവകാശം ഉണ്ട്.......... (ബഹളം).............. സഭയുടെ മുമ്പിലുള്ള പ്രമേയമാണ്. പ്രമേയാവതാരകൻ സ്ഥലത്തില്ലാത്തതുകൊണ്ട് ഓൺ ലീവ് ആയതുകൊണ്ട് അത് പിൻവലിക്കാനുള്ള അഭ്യർത്ഥനയാണ് വേണ്ടത്. അതില്ലാത്തതുകൊണ്ട് സഭയുടെ അനുമതിതേടി പ്രമേയം പിൻവലിക്കണമോ വേണ്ടയോ എന്ന് തീരുമാനിക്കാൻ പോകുന്നു...........(ബഹളം).............

ശ്രീ. ടി. കെ. രാമകൃഷ്ണൻ : സർ, അത് തെററാണ്. പ്രമേയം സഭയുടെ മുമ്പിലുണ്ട്. ആ പ്രമേയം വോട്ടിനിടണം.................. (ബഹളം).............

ശ്രീ. പിണറായി വിജയൻ : സർ, സഭയെ തെററിലേക്ക് നയിക്കരുത്. പ്രമേയം മൂവ് ചെയ്ത മെമ്പർ സഭയിൽ ഹാജരില്ലാതിരുന്നാൽ പ്രമേയം പിൻവലിക്കാൻ കഴിയുകയില്ല. ഇപ്പോൾ പ്രമേയം സഭയുടെ മുമ്പിലാണ്. പ്രമേയം പിൻവലിക്കാൻവേണ്ടി വോട്ടിനിട്ടാൽ അത് അങ്ങേയററം തെററായ നടപടി ഈ സഭയെക്കൊണ്ട് ചെയ്യിക്കുന്നതായിരിക്കും.

ശ്രീ. ആര്യാടൻ മുഹമ്മദ് : ഒരു പ്രമേയം ഒരു മെമ്പർക്ക് കിട്ടിയാൽ അത് അവതരിപ്പിക്കാനോ ഒരാളെ ആതറൈസ് ചെയ്യാനോ ഉള്ള അധികാരം ഉണ്ട്. അതുപോലെതന്നെ ഒരു പ്രമേയം പിൻവലിക്കണമെങ്കിലും ഒരാളെ ആതറൈസ് ചെയ്യാം. ഇവിടെ ആതറൈസേഷൻ ഉണ്ട്. ആതറൈസേഷൻ ഉണ്ടെങ്കിലും മെമ്പർ ഹാജരുണ്ടെങ്കിലും സഭയുടെ അനുവാദത്തോടുകൂടി മാത്രമേ പ്രമേയം പിൻവലിക്കാൻ കഴിയുകയുള്ളു. അതുകൊണ്ട് ആതറൈസ് ചെയ്ത മെമ്പർ പ്രമേയം പിൻവലിക്കണമെന്നു പറയുന്നതുകൊണ്ട് സഭയുടെ അനുവാദത്തോടുകൂടി പിൻവലിക്കാവുന്നതാണ്. സഭയുടെ അനുവാദം വാങ്ങിക്കണമെന്നു മാത്രമേയുള്ളൂ.........(ബഹളം)..........

ശ്രീ. ടി. കെ. രാമകൃഷ്ണൻ : സഭയോടു ചെയ്യുന്ന ഏററവും വലിയ അവഹേളനമാണ്. ശ്രീ. ആര്യാടൻ ഇപ്പോൾ ഒരു കടലാസ് എഴുതിവച്ചിട്ട് ആതറൈസ് ചെയ്യുന്നു എന്നു പറഞ്ഞാൽ പററില്ല. ഇത്രയും നേരം ഈ തർക്കം ഉണ്ടായിരുന്നിട്ടും ആതറൈസ് ചെയ്തിരിക്കുന്നുവെന്ന് ആരും പറഞ്ഞില്ലല്ലോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. കെ. ചന്ദ്രപ്പൻ : സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. ഇവിടെ സംഭവിച്ചത് എന്താണെന്നു പറഞ്ഞാൽ ഇവിടെ ഒരു പ്രമേയത്തിന് അവതരണാനുമതി തേടിയ മെമ്പർ ആ പ്രമേയം ചർച്ച ചെയ്തു കൊണ്ടി രുന്ന സമയത്ത് സഭയിൽ ഹാജരില്ല. വാസ്തവത്തിൽ ഇത് സഭയോടുള്ള അനാദരവാണ്; നിരുത്തരവാദപരമായ ഒരു നടപടിയാണ്. എന്നാൽ ഈ സഭയ്ക്ക് ഒരുകാര്യം ചെയ്യാൻ കഴിയും. അതായത് ഈ പ്രമേയത്തിന്റെ തീരുമാനമെടുക്കുന്ന കാര്യം അടുത്ത അനൗദ്യോഗിക പ്രമേയങ്ങളുടെ ദിവസ ത്തേക്ക് മാററിവച്ചുകൊണ്ട് അടുത്ത പ്രമേയം ചർച്ചയ്ക്ക് എടുക്കാം. പാർല മെൻറിൽ ഇത്തരം നടപടിയാണ് സ്വീകരിക്കാറുള്ളത്.

മി. ഡെപ്യൂട്ടി സ്പീക്കർ : സാധാരണഗതിയിൽ ഒരു പ്രമേയം അവതരി പ്പിച്ചാൽ അത് പ്രസ് ചെയ്തെങ്കിലേ അടുത്ത നടപടിയിലേക്ക് എനിക്ക് കടക്കാൻ പററുള്ളൂ. ഇവിടെ പ്രസ് ചെയ്യാൻ ആളില്ലാത്ത സാഹചര്യത്തി ലാണ് ഹൗസിന്റെ സെൻസ് അറിഞ്ഞു പ്രവർത്തിക്കാൻ തീരുമാനിച്ചത്. പ്രസ് ചെയ്യാൻ ആളില്ലാത്ത പ്രമേയം വോട്ടിനിട്ട് പരാജയപ്പെടുത്താനോ വിജയിപ്പിക്കാനോ കഴിയുകയില്ല. അതുകൊണ്ട് അടുത്ത വെള്ളിയാഴ്ച ത്തേക്ക് ഇത് മാററാം.

ശ്രീ. ഉമ്മൻചാണ്ടി : സഭയുടെ സെൻസ് എന്താണെന്ന് അറിഞ്ഞിട്ട് അതിൻമേൽ തീരുമാനം എടുക്കണം.

ശ്രീ. സി. കെ. ചന്ദ്രപ്പൻ : ഗവൺമെൻറ് എന്തിനാണ് ഇങ്ങനെയൊക്കെ വാശി പിടിക്കുന്നത്? ഈ പ്രമേയം അടുത്ത പ്രൈവററ് മെമ്പേഴ്സ് ദിന ത്തിൽ ഡിസ്പോസ് ചെയ്താൽ മതി. ഇന്ന് വേറെ പ്രമേയം ചർച്ചയ്ക്ക് എടുക്കാവുന്നതാണ്. ഇത് പാർലമെൻററി നടപടിക്രമമാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : അടുത്ത പ്രൈവററ് മെമ്പേഴ്സ് ദിനത്തി ലേക്ക് ഈ പ്രമേയം മാററിവയ്ക്കുന്നു. അടുത്ത പ്രമേയം മൂവ് ചെയ്യാ വുന്നതാണ്.

(പ്രമേയാവതാരകൻ സഭയിൽ ഇല്ലാതിരുന്നതിനാൽ അനന്തര ഘട്ടങ്ങരം അടുത്ത അനൗദ്യോഗിക പ്രമേയ ദിവസത്തേക്ക് മാററിവച്ചു.)

## (ii) 1976-ലെ കേന്ദ്ര വിൽപ്പന നികുതി ഭേദഗതി നിയമംമൂലം സംസ്ഥാനത്തിനുണ്ടായ നഷ്ടം

ശ്രീ. കെ. ബാബു : സർ, 1976-ലെ കേന്ദ്ര വിൽപ്പന നികുതി ഭേദഗതി നിയമത്തെ തുടർന്ന് കേരളത്തിന് സെയിൽസ്ടാക്സ് ഇനത്തിൽ ഉണ്ടാ യിട്ടുള്ള റവന്യൂ നഷ്ടം പൂർവ്വകാല പ്രാബല്യത്തോടെ നികത്തിത്തരണമെന്ന് ഈ സഭ കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിക്കുന്നു എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. സുജനപാൽ : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. ബാബു : സർ, 1956-ലെ സെൻട്രൽ സെയിൽസ്ടാക്സ് ആക്ടിൽ 1976-ൽ കേന്ദ്ര ഗവൺമെൻറ് വരുത്തിയ നിയമഭേദഗതിമൂലം സംസ്ഥാനത്തിന്റെ വരുമാനത്തിൽ ഭീമമായ നഷ്ടം വരുന്നു. സെൻട്രൽ സെയിൽസ്ടാക്സ് അമെൻറുമെൻറ് ആക്ട് 1976 എന്ന പേരിൽ ഒരു



LIBRARY ARCHIVES Kerala Legislative Assembly

ഭേദഗതി നിയമത്തിൽ വരുത്തുകയാണ് ചെയ്തത്. പ്രധാനപ്പെട്ട രണ്ടു ഭേദഗതികളാണ് വിൽപ്പന നികുതിയിനത്തിൽ ലഭിച്ചു കൊണ്ടിരുന്ന വരുമാനത്തിൽ ഗണ്യമായ കുറവു വരുത്തിയത്. സി. എസ്. ടി. ആക്ട് 103 സെക്ഷൻ 2 സബ്ക്ലാസ് (എ) (ബി) 1976 സെപ്തംബറർ 7-ാം തീയതി പ്രാബല്യത്തിൽ വന്നതോടെ Custom frontiers of India എന്ന നിർവചനത്തിന്റെ പരിധി ചുരുങ്ങി. സബ്ക്ലാസ് (എ) (ബി) സെക്ഷൻ 3. 1-4-1976 മുതൽ മുൻകാല പ്രാബല്യത്തോടുകൂടി നിലവിൽ വന്നു. ഇന്ത്യയിൽനിന്ന് വിദേശത്തേക്ക് കയററുമതി ചെയ്യുന്ന സാധനങ്ങളുടെ അവസാന വിൽപ്പന രംഗത്ത് നികുതി ഇളവ് കേന്ദ്ര വിൽപ്പന നികുതി നിയമത്തിൽ അനുവദിച്ചിരുന്നു. എന്നാൽ കയററുമതി പ്രോൽസാഹിപ്പിക്കുന്നതിനു വേണ്ടി കയററുമതി ചെയ്യാവുന്ന ചരക്കുകളിൻമേലുള്ള വിൽപ്പന നികുതി ഇളവ് ബാധകമാക്കി. സമുദ്രോൽപ്പന്നങ്ങൾ. കാർഷിക വിഭവങ്ങൾ, നാണ്യ വിളകൾ.........(ചർച്ച തുടരും.)

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർക്ക് അടുത്ത ആഴ്ച പ്രസംഗം തുടരാം.

(സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 8.30 ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.)

1993 ജൂലായ് 26-ാം തീയതി തിങ്കളാഴ്ച വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു]

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം—I

[23-7-1993-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 16 (3121) കാണുക]

പട്ടികജാതി വിദ്യാർത്ഥികൾ

| | വർഷം | വകകൊള്ളിച്ച തുക (രൂപ) | ചെലവഴിച്ച തുക (രൂപ) |
|---|---|---|---|
| പ്രീ-മെട്രിക് | 1991-92 | 515 ലക്ഷം | 573.580 ലക്ഷം |
| പോസ്റ്റ് മെട്രിക് | 1991-92 | 1050 ,, | 1047.363 ,, |
| പ്രീ-മെട്രിക് | 1992-93 | 540 ലക്ഷം | 592.144 ലക്ഷം |
| പോസ്റ്റ് മെട്രിക് | 1992-93 | 1070 ലക്ഷം | 1180.285 ലക്ഷം |

പട്ടികവർഗ്ഗ വിദ്യാർത്ഥികൾ

| | വർഷം | വകകൊള്ളിച്ച തുക (രൂപ) | ചെലവഴിച്ച തുക (രൂപ) |
|---|---|---|---|
| പോസ്റ്റ് മെട്രിക് | 1991-92 | 67,00,000 | 69,62,400 |
| പ്രീ-മെട്രിക് | 1991-92 | 1,85,00,000 | 1,66,04,000 |
| പോസ്റ്റ് മെട്രിക് | 1992-93 | 74,00,000 | 74,58,819 |
| പ്രീ-മെട്രിക് | 1992-93 | 1,60,97,500 | 1,60,54,645 |

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly



അനുബന്ധം—II

[23-7-1993-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 53(3161) കാണുക]

CHAPTER—I

## PROJECT AT A GLANCE

### Summary of Schemes

| *Sl. No.* | *Sectors* | *Total Finance Outlay (Rs. in Crores)* | *Scheme Code* | *Title of the Scheme* |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | Rescue & Relief | 25.927 | REV. I | Strengthening of Relief Machinaries |
| | | | REV. II | Strengthening of advance warning system |
| 2 | Agriculture | 729.00 | AG. I | Engineering measures for Soil and Water Conservation. |
| | | | AG. II | Agronomic Measures for Soil Conser- |
| | | | AG. III | vation Forestry, Farm Forestry and Social Forestry. |
| | | | AG. IV | Other Measures as per local needs. |
| | | | AG. V | Extension Management. |
| | | | AG. VI | Hydrologic/Sediment studies and maintenance of works. |
| | | | AG. VII | Strengthening the Soil conservation organisation in the State. |
| 3 | Housing | 300.00 | HSG. I | Durable houses for economically weaker sections. |
| | | | HSG. II | Building Production Centres. |

LIBRARY ARCHIVES Kerala Legislative Assembly



| | | | | |
|---|---|---|---|---|
| 4 | Forest | 293.625 | FST. I | Water & Soil conservation through controlling surface runoff & regulating flow of water in streams in Forest area. |
| | | | FST. II | Stabilisation of stream and river banks by planting bamboos prevention of silting up and flow of vegitative parts into reservoirs by planting bamboos, along reservoir fringes and free distribution of bamboo seedlings for planting along stream and river banks under private holding. |
| | | | FST. III | Improving drainage facilities in forest roads, side drain, catch waterdrain and constructing culverts, retaining walls, breast walls, etc. |
| | | | FST. IV | Afforestation of coastal areas. |
| 5 | Irrigation | 804.65 | IRG. I | Strengthening of the existing flood banks and construction of new flood banks |
| | | | IRG. II | Anti-sea erosion projects. |
| | | | IRG. III | Construction of storage Dams in rivers for flood moderation |
| | | | IRG. IV | Strengthening sides of Padashekharms and to prevent breaches |
| 6 | Rural Development | 63.17 | RD. I | Repairs to damaged roads. |
| | | | RD. II | Minor Irrigation works. |
| | | | RD. III | Construction of Houses for SC/ST families. |
| | | | RD. IV | Land Development & Soil Conservation in Tribal areas of Attappady & Wayanad |
| 7 | Power & Electricity | 76.61 | ECT. I | Generation works |
| | | | ECT. II | Transmission works |
| | | | ECT. III | Distribution works |

LIBRARY ARCHIVES Kerala Legislative Assembly



| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 8 | Roads & Bridges | 713.43 | RB. I | Improvements to State Highways. |
| | | | RB. II | Improvements to Major district roads. |
| | | | RB. III | Improvements to other district road/village roads. |
| | | | R & B. IV | Coastal Road from Kappad Beach resort to Beypore |
| | | | R & B. V | Road, Over Bridges in Between Cannanore and Kozhikode in NH 17 |
| | | | R & B. VI | Alternate Road to Wayanad |
| | | | R & B VII | Coastal Road from Kollam to Varkala |
| 9 | School Buildings | 187.10 | BG. I | Schools Buildings. |
| 10 | Fisheries | 210.00 | FSY. I | Fishing Harbours and landing centres. |
| | | | FSY. II | Housing and Relief centres in coastal areas. |
| | | | FSY. III | Fishery roads including cross drainage works. |
| | | | FSY. IV | Strenthening of bunds and improvements to ponds, in fish farms. |
| 11 | Water Supply Works | 57.70 | KWA. I | Water Supply scheme to Kuttanadu. |
| 12 | Municipal Works | 45.77 | AMN. I | Road works. |
| | | | AMN. II | Drain works. |
| | | | AMN. III | Retaining walls Works. |
| | | | AMN. IV | Canal works |
| | | | AMN. V | Culvert works. |
| | | | AMN. VI | Desilting Works. |

LIBRARY ARCHIVES Kerala Legislative Assembly



| | | | | |
|---|---|---|---|---|
| 13. | SC/ST Development | 61.84 | SCT. I | Project for protecting Sch. Tribes on Wayanad District vulnerable to floods. |
| | | | SCT. II | Project for Flood reconstruction in Attappady in Palakkad District. |
| | | | SCT. III | Project for other utilities. |
| | | | SCT. IV | Scheme for Scheduled Caste Development. |
| 14. | Research & Development works | 10.00 | R & D I | Project to analyse the factories leading to large scale land slides. |
| 15. | Health Services | 4.33 | HLT I | Minimising effect of direct impact |
| | | | HLT II | Containment of Consequential ailments |
| | | | HLT III | Maintaining Satisfactory environments |
| 16. | Ports & Harbour works | 90.00 | PRT I | Azhikkal Port IV Neendakara Port VII Procruement of Sand Pump |
| | | | PRT II | Beypore Port V Procurement of Predger |
| | | | PRT III | Ponnani Port VI Procurement of Tugs ch |
| 17. | Panchayath works | 334.70 | PCT I to VII | |
| 18. | Credit Stabilization and Crop Insurance Scheme | 100.00 | CDP I | |
| | Total | 4107.20 | | |

## അനുബന്ധം—III

[23-7-1993-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 84 (3230) കാണുക]

### തിരുവനന്തപുരം

| | | |
|---|---|---|
| അതിയന്നൂർ | .. | 10 |
| നേമം | .. | 10 |
| പാറശാല | .. | 10 |
| തിരുവനന്തപുരം റൂറൽ | .. | 10 |
| ചിറയിൻകീഴ് | .. | 9 |
| കിളിമാനൂർ | .. | 9 |
| കഴക്കൂട്ടം | .. | 9 |
| നെടുമങ്ങാട് | .. | 9 |
| പെരുങ്കടവിള | .. | 9 |
| വെള്ളനാട് | .. | 9 |
| വർക്കല | .. | 9 |
| വാമനപുരം | .. | 9 |

### കൊല്ലം

| | | |
|---|---|---|
| ചവറ | .. | 10 |
| കൊട്ടാരക്കര | .. | 10 |
| ശാസ്താംകോട്ട | .. | 10 |
| അഞ്ചാലുംമൂട് | .. | 10 |
| കരുനാഗപ്പള്ളി | .. | 10 |
| പത്തനാപുരം | .. | 10 |
| ചിററുമല | .. | 10 |
| വെട്ടിക്കവല | .. | 10 |
| ചടയമംഗലം | .. | 10 |
| ഇത്തിക്കര | .. | 10 |
| ഓച്ചിറ | .. | 10 |
| മുഖത്തല | .. | 10 |
| അഞ്ചൽ | .. | 10 |

### പത്തനംതിട്ട

| | | |
|---|---|---|
| റാന്നി | .. | 10 |
| മല്ലപ്പള്ളി | .. | 10 |
| കൊയ്പുരം | .. | 10 |
| കോന്നി | .. | 10 |
| പുളികീഴ് | .. | 10 |
| കുളനട | .. | 9 |
| എളന്നൂർ | .. | 9 |
| പറക്കോട് | .. | 9 |
| പന്തളം | .. | 9 |

LIBRARY ARCHIVES Kerala Legislative Assembly

**ആലപ്പുഴ :**

| | |
|---|---|
| കഞ്ഞിക്കുഴി | .. 10 |
| ആര്യാട് | .. 10 |
| ചമ്പക്കുളം | .. 10 |
| വെളിയനാട് | .. 10 |
| അമ്പലപ്പുഴ | .. 10 |
| മാവേലിക്കര | .. 10 |
| ചെങ്ങന്നൂർ | .. 10 |
| തയ്ക്കാട്ടുശ്ശേരി | .. 9 |
| പട്ടണക്കാട് | .. 9 |
| ഹരിപ്പാട് | .. 9 |
| മുതുകുളം | .. 9 |
| ഭരണിക്കാവ് | .. 9 |

**കോട്ടയം :**

| | |
|---|---|
| കടുത്തുരുത്തി | .. 10 |
| കാഞ്ഞിരപ്പള്ളി | .. 10 |
| മാടപ്പള്ളി | .. 10 |
| പള്ളം | .. 10 |
| പാമ്പാടി | .. 10 |
| ഉഴവൂർ | .. 10 |
| ഈരാറ്റുപേട്ട | .. 9 |
| ഏറ്റുമാനൂർ | .. 9 |
| ളാലം | .. 9 |
| വൈക്കം | .. 9 |
| പാഴൂർ | .. 9 |

**ഇടുക്കി :**

| | |
|---|---|
| അഴുത | .. 10 |
| ദേവികുളം | .. 10 |
| അടിമാലി | .. 9 |
| ഇളംദേശം | .. 9 |
| ഇടുക്കി | .. 9 |
| കട്ടപ്പന | .. 9 |
| നെടുങ്കണ്ടം | .. 9 |
| തൊടുപുഴ | .. 9 |

LIBRARY ARCHIVES Kerala Legislative Assembly

എറണാകുളം :

| | | |
|---|---|---|
| ആലങ്ങാട് | .. | 10 |
| അങ്കമാലി | .. | 10 |
| കൂവപ്പടി | .. | 10 |
| കോതമംഗലം | .. | 10 |
| മൂവാററുപുഴ | .. | 10 |
| പള്ളുരുത്തി | .. | 10 |
| പാമ്പാക്കുട | .. | 10 |
| പരവൂർ | .. | 10 |
| വൈപ്പിൻ | .. | 10 |
| ഇടപ്പള്ളി | .. | 9 |
| മുളന്തുരുത്തി | .. | 9 |
| പാറക്കടവ് | .. | 9 |
| വടവുകോട് | .. | 9 |
| വാഴക്കുളം | .. | 9 |
| വൈററില | .. | 9 |

തൃശ്ശൂർ :

| | | |
|---|---|---|
| ചാലക്കുടി | .. | 10 |
| കൊടുങ്ങല്ലൂർ | .. | 10 |
| മാള | .. | 10 |
| മതിലകം | .. | 10 |
| മുല്ലശ്ശേരി | .. | 10 |
| ഒല്ലൂക്കര | .. | 10 |
| പഴയന്നൂർ | .. | 10 |
| തളിക്കുളം | .. | 10 |
| വെള്ളാങ്ങല്ലൂർ | .. | 10 |
| വടക്കാഞ്ചേരി | .. | 10 |
| അന്തിക്കാട് | .. | 9 |
| ചേർപ്പ് | .. | 9 |
| ചാവക്കാട് | .. | 9 |
| ചൊവ്വന്നൂർ | .. | 9 |
| ഇരിഞ്ഞാലക്കുട | .. | 9 |
| കൊടകര | .. | 9 |
| പുഴയ്ക്കൽ | .. | 9 |

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പാലക്കാട് :

| | |
|---|---|
| ആലത്തൂര് | .. 10 |
| ചിററൂർ | .. 10 |
| കൊയൽമന്ദം | .. 10 |
| കൊല്ലങ്കോട് | .. 10 |
| നെമ്മാറ | . 10 |
| പാലക്കാട് | .. 10 |
| അട്ടപ്പാടി | .. 10 |
| ഐ. ററി. ഡി. പി. മലമ്പുഴ | .. 10 |
| തൃത്താല | .. 9 |
| ഒററപ്പാലം | .. 9 |
| പട്ടാമ്പി | .. 9 |
| ശ്രീകൃഷ്ണപുരം | .. 9 |
| മണ്ണാർക്കാട് | .. 9 |

മലപ്പുറം :

| | |
|---|---|
| കൊണ്ടോട്ടി | .. 10 |
| വണ്ടൂർ | .. 10 |
| മങ്കട | .. 10 |
| പെരിന്തൽമണ്ണ | .. 10 |
| പൊന്നാനി | .. 10 |
| തിരൂരങ്ങാടി | .. 10 |
| മലപ്പുറം | .. 9 |
| മഞ്ചേരി | .. 9 |
| നിലമ്പൂർ | .. 9 |
| കുററിപ്പുറം | .. 9 |
| തിരൂർ | .. 9 |
| താന്നൂർ | .. 9 |
| വേങ്ങര | .. 9 |
| അണ്ടത്തോട് | .. 6 |

കോഴിക്കോട് :

| | |
|---|---|
| കുന്നമംഗലം | .. 10 |
| ബാലുശ്ശേരി | .. 10 |
| പേരാമ്പ്ര | .. 10 |
| കുന്നുമ്മൽ | .. 10 |
| തൂണേരി | .. 10 |
| തോടന്നൂർ | .. 10 |
| കോഴിക്കോട് | .. 9 |
| ചേളന്നൂർ | .. 9 |
| കൊടുവള്ളി | .. 9 |
| ബടഗര | .. 9 |
| മേലടി | .. 9 |
| പന്തലായനി | .. 9 |

കണ്ണൂർ :

| | | |
|---|---|---|
| പയ്യന്നൂർ | .. | 10 |
| തളിപ്പറമ്പ് | .. | 10 |
| ഇരിക്കൂർ | .. | 10 |
| തലശ്ശേരി | .. | 10 |
| കൂത്തുപറമ്പ് | .. | 10 |
| കണ്ണൂർ | .. | 9 |
| ഇടക്കാട് | .. | 9 |
| ഇരിട്ടി | .. | 9 |
| പേരാവൂർ | .. | 9 |

വയനാട് :

| | | |
|---|---|---|
| മാനന്തവാടി | .. | 10 |
| കൽപ്പെറ്റ | .. | 10 |
| സുൽത്താൻബത്തേരി | .. | 10 |

കാസറഗോഡ് :

| | | |
|---|---|---|
| മഞ്ചേശ്വരം | .. | 10 |
| നീലേശ്വരം | .. | 10 |
| കാസറഗോഡ് | .. | 9 |
| കാഞ്ഞങ്ങാട് | .. | 9 |

LIBRARY ARCHIVES Kerala Legislative Assembly